കാഴ്ചയുടെ രാഷ്ട്രീയ മാനങ്ങൾ | ഒറ്റയാന്റെ കഥാപ്രപഞ്ചം | സൈനികൻ ദൈവമായ കഥ | ഇന്നിന്റെ മുഖങ്ങൾ | ഭൂമിയിലെ വാടകക്കാരൻ | അതിജീവിക്കുന്ന ഇര

SEPTEMBER | VOL.05 | ISSUE 09


# മലയാളി.com magazine 2026




# പകരക്കാരനില്ലാത്ത രാഹുൽ

## ദേവരാജ സംഗീത സാമ്രാജ്യം

## അച്യുത മേനോനും കെ ദാമോദരനും


SWAYAMVARA
SILKS
30 Years
of Tradition
One Destination
For Every Occasion
Swayamvara Silks
Our Collections
Bridal & Wedding Sarees
Ethnic & Festive Wear
Designer Studio (Cannes)
Menswear & Suit Pieces
Kids & Teens Wear
SWAYAMVARA
SILKS
Kerala's Favourite Wedding Store
Kottayam (Opp. CMS College) Kochi (Edapally)
| Kottarakkara | Attingal | Parippally | Varkala | Kodungallur | Palakkad | Kondotty |
Follow us on :
www.swayamvarasilks.com
Customer Care : 9072 88 5599

മലയാളി.com Magazine
DIGITAL MAGAZINE
2026
SEPTEMBER
VOL/05
ISSUE/9
Contact: mag@emalayalee.com | www.emalayalee.com

# പുനർനിർണയം എന്ന പൊല്ലാപ്പ്

അഭൂതപൂർവമായ രാഷ്ട്രീയ മാറ്റങ്ങൾ ഉണ്ടാക്കുന്ന നിയമനിർമ്മാണങ്ങൾ നടത്തുന്നതിൽ കേന്ദ്രം ഭരിക്കുന്ന ബി ജെ പി സർക്കാർ ഒരു മടിയും  കാട്ടാറില്ല.രാഷ്ട്രീയമായി തങ്ങൾക്കു ഗുണകരമായ മാറ്റങ്ങൾ നടപ്പാക്കാൻ ആണ് അവർ ശ്രമിക്കുന്നത് .എഫ് സി ആർ ഏ നിയമം ആയാലും തൊഴിലുറപ്പ് പദ്ധതി ആയാലും അവർ തങ്ങളുടെ കാഴ്ചപ്പാടുകളിൽ നിന്ന് തുലോം വ്യതിചലിക്കില്ല .നിയമസഭയിലേക്കും ലോക സഭയിലേക്കും ഒരേ സമയം തെരഞ്ഞെടുപ്പു നടത്തുക എന്നതാണ് അവരുടെ ഒരു ലക്ഷ്യം.മണ്ഡല പുനർനിര്ണയമാണ് ഇപ്പോഴത്തെ പ്രധാന ലക്ഷ്യം . .അതാകട്ടെ ഫെഡറലിസത്തിന്റെ ശക്തി തകർത്തു  വിഭജനത്തിൻറെ വിത്തുകൾ വിതക്കും. താരതമ്യേന മെച്ചപ്പെട്ട ജി ഡി പിയും സാമ്പത്തിക വളർച്ചയും ഉള്ള തെക്കൻ സംസ്ഥാനങ്ങളും പിന്നോക്കം നൽക്കുന്ന വടക്കൻ സംസ്ഥാനങ്ങളും തമ്മിൽ ഒരു വിടവ് സൃഷ്ടിക്കാൻ ആണ് ഇത്തരം നടപടികൾ സഹായിക്കുന്നത്.കഴിഞ്ഞ പാർലമെണ്ട് സമ്മേളനത്തിൽ പരാജയപ്പെട്ട പാർലമെണ്ട് മണ്ഡലങ്ങളെ വിഭജിക്കാനുള്ള ബിൽ ആണ് ഇപ്പോൾ സവിശേഷ ശ്രദ്ധ ആകർഷിക്കുന്നത്.വനിത സംവരണവുമായി  ചേർത്തു അവതരിപ്പിച്ച ഈ ബിൽ ലോക്സഭയുടെ പടി കടന്നില്ല .362പേരുടെ പിന്തുണ വേണ്ട ഇടത്തു 298 പേർ  മാത്രമാണ് ബില്ലിനെ അനുകൂലിച്ചതു.230 പേര് എതിർത്തു   അങ്ങനെ ബി ജെ പി പിൻവാങ്ങില്ല എന്ന് പിൽക്കാല സംഭവങ്ങൾ വ്യക്തമാക്കുന്നു.തോറ്റു  വിജയിക്കുക എന്നതാകാം അവരുടെ നയം .ജെൻസി പ്രക്ഷോഭവുമായി ബന്ധപ്പെട്ട വിഷയങ്ങൾ  ഉയർത്തി പ്രതിപക്ഷം നടത്തിയ പ്രക്ഷോഭം മൂലം പിരിഞ്ഞ ഇരു സഭകളും ഇത് വരെ  പ്രോറോഗ് ചെയ്യപ്പെട്ടിട്ടില്ല .അനിശ്ചിതകാലത്തേക്ക് സഭകൾ പിരിയാത്ത സാഹചര്യത്തിൽ മണ്ഡല പുനർ നിർണ്ണയ ബിൽ സഭയിൽ ഉടനെ അവതരിപ്പിക്കുമെന്നാണ് പ്രതിപക്ഷം ഭയക്കുന്നത് .പ്രൊറോഗ് ചെയ്താലും അടുത്ത സമ്മേളനത്തിൽ ഈ ബിൽ വീണ്ടും പരിഗണനക്ക് എത്തും എന്ന് ഉറപ്പ്.അത്രമേൽ ശ്രദ്ധയാണ് ഈ കാര്യത്തിൽ ബി ജെ പിക്ക്  ഉള്ളത് . അതിനു അവർ എല്ലാ കരുക്കളും ശ്രദ്ധയോടെ നീക്കുകയും ചെയ്യുന്നു .മണ്ഡലങ്ങളെ  ബി ജെപിക്കു അനുകൂലമായി വിഭജിക്കാൻ വഴിതെളിക്കുമെന്നതാണ്  ഇതിന്റെ നേട്ടം .

ബിൽ പരാജയപ്പെട്ടതിനു പിന്നാലെ ഉണ്ടായ രാഷ്ട്രീയ ചേരിതിരിവുകൾ തങ്ങൾക്ക് അനുകൂലമാക്കി മാറ്റിയാണ് ബി ജെ പി സർക്കാർ  ഇപ്പോൾ മൂന്നിൽ രണ്ടു ഭൂരിപക്ഷം നേടാൻ ശ്രമിക്കുന്നത്.ഇരു സഭകളിലും മൂന്നിൽ രണ്ടു ഭൂരിപക്ഷവും സംസ്ഥാനങ്ങളുടെ ഭൂരിപക്ഷ പിന്തുണയും ഉണ്ടെങ്കിലെ ബിൽ നിയമമാകൂ. ആപ്പിന്റെ 7 രാജ്യസഭാ എം പി മാരെ ബി ജെ പിയിൽ ചേർത്തായിരുന്നു വലിയ അട്ടിമറി തുടങ്ങിയത്. പശ്ചിമ ബംഗാളിലെ നിയമസഭ പിടിച്ചടക്കുകയും തൃണമൂൽ കോൺഗ്രസ്സിനെയും എൻ സി പിയെയും സമർഥമായി പിളർത്തുകയും ചെയ്ത ബി ജെ പിക്ക് ഇപ്പോൾ മൂന്നിൽ രണ്ടു ലക്ഷ്യം അടുത്തു വന്നിരിക്കുന്നു .തമിഴ് നാട്ടിൽ  വിജയ് സർക്കാർ അധികാരത്തിൽ  വന്നതോടെ ബി ജെപിക്ക് ഡി എം കെ ഉൾപ്പടെയുള്ള കക്ഷികളിലും വലിയ പ്രതീക്ഷയുണ്ട് .എസ്  പി യിൽ ഒരു പൊട്ടിത്തെറിയും അവർ പ്രതീക്ഷിക്കുന്നു എല്ലാം  ഒത്തു വന്നാൽ പുനർ നിർണ്ണയം യാഥാർത്ഥ്യമാകും എന്നവർ കണക്കു കൂട്ടുന്നു .ലക്ഷ്യം വിജയിച്ചാൽ രാഷ്ട്രീയമായി വലിയ അട്ടിമറിയാകും ഉണ്ടാകുക .നിലവിലുള്ള 543 സീറ്റ് 850  ആകുമെന്ന് മാത്രമല്ല പാതി സീറ്റുകളിൽ സ്ത്രീ സംവരണവും ഉണ്ടാകും .

സ്ത്രീസംവരണം മുൻപേ പാസ്സാക്കിയ നിയമമാണ് എന്ന് കോൺഗ്രസ് ചൂണ്ടിക്കാട്ടുന്നു .അത് നടപ്പാക്കാൻ  രാഷ്ട്രീയ ഇച്ഛാശക്തിയാണ് വേണ്ടത് .പകരം പുനർ നിര്ന്നയവുമായി അത് ബന്ധപ്പെടുത്തുന്നത് പ്രശ്നം വഷളാക്കുകയെ ഉള്ളൂ. മാത്രമല്ല ഉയർന്നതോതിൽ ജനസംഖ്യ ഉള്ള വടക്കെ ഇന്ത്യൻ സംസ്ഥാനങ്ങളിൽ  സീറ്റ് കൂടും .എല്ലാ സംസ്ഥാനങ്ങളിലും  ആനുപാതികമായി സീറ്റ് വർദ്ധിപ്പിക്കാം എന്ന പറയുന്നുവെങ്കിലും അതിനു  മുൻപും പിൻപും രേഖാ മൂലം ഉറപ്പു നൽകാൻ സർക്കാർ തയ്യാറല്ല.എൻ ഡി എയിൽ ഉള്ള തെലുഗു ദേശത്തെ പോലും ഇത് ആശങ്കപ്പെടുത്തുന്നു. സെൻസസ് അനുസരിച്ചു പുനർനിർണ്ണയം നടന്നാൽ  തെന്നിന്ത്യൻ സംസ്ഥാനങ്ങൾക്കായിരിക്കും വലിയ അടി കിട്ടുക.ബി ജെ പിക്ക്തെരഞ്ഞെടുപ്പിൽ അത് സഹായകമാകുകയും ചെയ്യും. അത്  സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ വലുതായിരിക്കും. സഭ പക്വമായി ചിന്തിക്കും എന്ന് പ്രതീക്ഷിക്കുകയെ  നമുക്ക് വഴിയുള്ളൂ.



*സ്നേഹത്തോടെ,*

ഇ-മലയാളി പത്രാധിപസമിതി

## EDITORIAL BOARD

**George Joseph** Editor-in-Chief | **Sunil Tristar** Managing Editor | **P.S. Joseph** Executive Editor | **Antony Kanayamplackal** Senior Editor | **Anju** Design | **Abhi** Cover

# CONTENTS


05 കോളം / കാഴ്ചപ്പാടുകൾ
പകരക്കാരനില്ലാത്ത രാഹുൽ
എം കെ നാരായണ മൂർത്തി

09 അച്യുതം 12
അച്യുത മേനോനും
കെ ദാമോദരനും
മാങ്ങാട് രത്നാകരൻ

13 സിനിമ സംഗീതം
ദേവരാജ സംഗീത സാമ്രാജ്യം
എസ് രാജേന്ദ്ര ബാബു

21 പ്രത്യേക അഭിമുഖം
കാഴ്ചയുടെ മാനങ്ങൾ
കെ എ ബീന / പ്രദീപ് പനങ്ങാട്

29 ചെറുകഥ
മേരിയമ്മ
ശ്രീകുമാരൻ ഭാസ്കരൻ

37 ചെറുകഥ
കുടത്തിലെ ഭൂതം
സാംജീവ്

45 സാഹിത്യം / വ്യക്തിരേഖ
ശ്രീകൃഷ്ണൻ പുത്തൂർ
ഒറ്റയാന്റെ കഥാപ്രപഞ്ചം
ഡി പ്രദീപ് കുമാർ

49 ചെറുകഥ
പിൻശീലക്കും പിന്നിൽ
വിജയകുമാർ കളരിക്കൽ

55 ചെറുകഥ
ജേക്കബ്ബിന്റെ പൊന്നുമോൾ
അനിൽകുമാർ സി പി

61 നോവൽ – 6
നിഗൂഢതകളുടെ തടവറ
പി എസ് ജോസഫ്

69 യാത്ര
സിക്കിം 10
സൈനികനു ക്ഷേത്രം

73 ഗീതാവ്യഖ്യാനം – 11
വിശ്വരൂപദർശനയോഗം
സുധീർ പണിക്കവീട്ടിൽ

79 ചെറുകഥ
ഇവരൊക്കെ ആരാ
സ്വാതി കൃഷ്ണ



83 കോളം / സ്ത്രീ
ഇന്നിന്റെ മുഖങ്ങൾ
സ്വപ്ന അനു ബി ജോർജ്

87 ചെറുകഥ
ഇടം
ഡോ കിരൺ വിൻസെന്റ്

91 സിനിമ
ഭൂമിയിലെ വാടകക്കാർ
മാത്യൂ സണ്ണി കെ

94 പുസ്തകലോകം: ഊറാറ
അതിജീവിക്കുന്ന ഇര
ഷിനോജ് മഞ്ചേരി

96 കാർട്ടൂൺ
ചുവരെഴുത്തുകൾ
ജോഷി ജോർജ്

കോളം/കാഴ്ചപ്പാടുകൾ




# പകരക്കാരനില്ലാത്ത രാഹുൽ

**മാറ്റങ്ങളെ വായിച്ചെടുത്ത് രാഷ്ട്രീയ പരിപാടികളാക്കുകയാണ് രാഹുൽഗാന്ധി ചെയ്യുന്നത്. കോൺഗ്രസ്സിലെ മറ്റ് നേതാക്കൾക്ക് ഇത് ഇപ്പോഴും പിടികിട്ടിയിട്ടില്ല.**

**എം.കെ നാരായണമൂർത്തി**



ഏതൊരു ജനാധിപത്യസംവിധാനത്തിന്റേയും സൗന്ദര്യവും ശക്തിയും അതിന്റെ പ്രതിപക്ഷമാണ്.പ്രതിപക്ഷത്തിന്റെ സൂക്ഷ്മമായ നിരീക്ഷണത്തിലും തിരുത്താനുള്ള ശ്രമങ്ങളിലുമാണ് ജനാധിപത്യം അർത്ഥവത്താകുന്നത്.ഇന്നത്തെ ഇന്ത്യയിൽ ആ ജോലി അതിന്റെ ഉത്തരവാദിത്വത്തോടെ ചെയ്യുന്നത് ലോക്സഭയിലെ പ്രതിപക്ഷനേതാവ് രാഹുൽഗാന്ധി മാത്രമാണ്.താൻ വിശ്വസിക്കുന്ന പ്രത്യയശാസ്ത്രത്തിന്റെ അടിത്തറയിൽ നിന്നു കൊണ്ട് മോഡി സർക്കാർ കാട്ടിക്കൂട്ടുന്ന കൊള്ളരുതായ്മകളെ വെറുതെ വിമർശിക്കുക മാത്രമല്ല അദ്ദേഹം ചെയ്യുന്നത്.ഇടപെടാവുന്നയിടങ്ങളിലെല്ലാം വ്യക്തിപരമായി തന്നെ ഇടപെട്ടു കൊണ്ടാണ് രാഹുൽ ഗാന്ധി രാഷ്ട്രീയ പ്രവർത്തനം നടത്തുന്നത്.പെല്ലറ്റ് തറച്ച് കണ്ണിന്റെ കാഴ്ചശക്തി ഭാഗികമായി നഷ്ടപ്പെട്ട ചെറുപ്പക്കാരനേയും കൂട്ടി പാർലമെന്റ് സ്ട്രീറ്റിലെ പോലീസ് സ്റ്റേഷനിൽ ചെന്ന് ആറു മണിക്കൂർ കുത്തിയിരുപ്പ് ,സമരം

**ഇന്നത്തെ ഇന്ത്യയിൽ പ്രതിപക്ഷത്തിൻറെ ജോലി അതിന്റെ ഉത്തരവാദിത്വത്തോടെ ചെയ്യുന്നത് ലോക്സഭയിലെ പ്രതിപക്ഷനേതാവ് രാഹുൽഗാന്ധി മാത്രമാണ്. താൻ വിശ്വസിക്കുന്ന പ്രത്യയശാസ്ത്രത്തിന്റെ അടിത്തറയിൽ നിന്നു കൊണ്ട് മോഡി സർക്കാർ കാട്ടിക്കൂട്ടുന്ന കൊള്ളരുതായ്മകളെ വെറുതെ വിമർശിക്കുക മാത്രമല്ല അദ്ദേഹം ചെയ്യുന്നത്. ഇടപെടാവുന്നയിടങ്ങളിലെല്ലാം വ്യക്തിപരമായി തന്നെ ഇടപെട്ടു കൊണ്ടാണ് രാഹുൽ ഗാന്ധി രാഷ്ട്രീയ പ്രവർത്തനം നടത്തുന്നത്.**

നടത്താൻ രാഹുൽഗാന്ധിയുടെ ഉന്നതമായ ജനാധിപത്യബോധം കൊണ്ടും കർമ്മശേഷി കൊണ്ടുമാണ്.രാജ്യത്തെ പ്രതിപക്ഷ നേതാവിന് വേറെ ജോലിയില്ലേയെന്ന ബാലിശമായ ചോദ്യമാണ് ജനാധിപത്യബോധം തീരെയില്ലാത്ത സംഘപരിവാരം ചോദിച്ചത്.രാജ്യത്തെ പ്രതിപക്ഷ നേതാവിന് ഇത്തരത്തിൽ ഇടപെടാനുള്ള സമയം കണ്ടെത്താനാകുമെന്ന് രാജ്യത്തിന് കാണിച്ചു കൊടുക്കാൻ രാഹുൽഗാന്ധിക്ക് കഴിഞ്ഞുവെന്നത് ഒട്ടും കുറച്ച് കാണേണ്ട കാര്യമല്ല.ബി.ജെ.പി ഭരണത്തിൽ വന്നിട്ട് കേവലം പന്ത്രണ്ട് വർഷങ്ങളേ ആയിട്ടുള്ളൂ.അതിന്റേതായ പോരായ്മകൾ അതിന്റെ നേതാക്കൾക്കും അണികൾക്കും വേണ്ടുവോളം ഉണ്ട്.രാഷ്ട്രീയ പ്രവർത്തനം,രാജ്യതന്ത്രം,ജനങ്ങളോടുള്ള കടമ മുതലായവയൊന്നും ശരിയായി മനസ്സിലാക്കാൻ ബി.ജെ.പിയുടെ ജനപ്രതിനിധികൾക്ക് ഇനിയും കഴിഞ്ഞിട്ടില്ല.അതുകൊണ്ട് അവർ ഇത്തരം ജൽപ്പനങ്ങൾ നടത്തിക്കൊണ്ടേയിരിക്കും.

വനിതാസംവരണ ബില്ലിനെ വളച്ചൊടിച്ച് അവതരിപ്പിച്ച് പാർലമെന്റിൽ പരാജയപ്പെട്ടതിന്റെ ഉത്തരവാദിത്വം രാഹുൽഗാന്ധി ഏറ്റെടുക്കണമെന്നാണ് ബി.ജെ.പി വക്താവ് സമൃതി ഇറാനി ആവശ്യപ്പെട്ടിരിക്കുന്നത്.വിദ്യാർഥി  സമൂഹവുമായി രാഹുൽ ഗാന്ധി നേരിട്ടു സംവദിക്കുന്നത് മോഡിയുടെ പരീക്ഷ പേ ചർച്ച പോലെ ആകാതിരിക്കുന്നത് ആ പരിപാടിയിൽ അദ്ദേഹം കാണിക്കുന്ന ആത്മാർത്ഥത കൊണ്ടാണ്.

രാജ്യത്തെ യുവതലമുറയെ കൈയ്യിലെടുക്കാൻ ബി.ജെ.പി ചുമതലപ്പെടുത്തിയിരിക്കുന്നവരിൽ കേരളത്തിന്റെ ബി.ജെ.പി പ്രസിഡന്റ് രാജീവ് ചന്ദ്രശേറും ഉണ്ടെന്ന് കാണുമ്പോഴാണ് എത്ര അപഹാസ്യമായ രീതിയിലാണ് ഓരോ വിഷയത്തേയും ബി.ജെ.പി നേതൃത്വം സമീപിക്കുന്നതെന്ന് ബോധ്യമാകുന്നത്.കേരളത്തിലെ സ്വന്തം അണികളുമായി പോലും ശരിയായി ആശയവിനിമയം ചെയ്യാൻ സാധിക്കാത്തയാളാണ് രാജീവ് ചന്ദ്രശേഖറെന്നത് പലവുരു തെളിയിക്കപ്പെട്ടു കഴിഞ്ഞതാണ്.

തങ്ങളുടെ കഴിവുകേടുകളെ കുറിച്ച് മതിയായ ധാരണയില്ലാത്തതാണ് സംഘപരിവാരത്തിന്റെ എല്ലാക്കാലത്തേയും പ്രശ്നം.നിരവധി തവണ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന് മാപ്പെഴുതിയ സവർക്കറേയും മഹാത്മാഗാന്ധിയുടെ നെഞ്ചിലേക്ക് നാണമില്ലാതെ നിറയൊഴി

**സി.ജെ.പി സമരം വിജയിച്ചതിന്റെ മറ്റൊരു പ്രധാന കാരണം കൂടിയുണ്ട്. ജെൻസീയുടെ മാതാപിതാക്കളുടെ നിലപാടിലുണ്ടായ മാറ്റമാണത്. കഴിഞ്ഞ പ്രാവശ്യം ബി.ജെ.പിക്ക് വോട്ടു ചെയ്ത ആ തലമുറയും മാറി ചിന്തിച്ചു തുടങ്ങിയെന്നതിന്റെ വ്യക്തമായ തെളിവാണ് ബീഹാറിലെ ബങ്കൂര അസംബ്ളി മണ്ഡലത്തിൽ പ്രശാന്ത് കിഷോർ നേടിയ വിജയം**

ക്കാൻ കഴിഞ്ഞ ഗോഡ്സേയേയും ആരാധിക്കാൻ മാത്രമുള്ള ബൗദ്ധികശേഷിയെ സംഘപരിവാരത്തിനുള്ളൂ.മനുസ്മൃതിയിലെ സ്ത്രീവിരുദ്ധ പ്രരാമർശങ്ങളെ നിശിതമായി വിമർശിച്ച രാഹുൽഗാന്ധി മറ്റു മതങ്ങളിലെ സ്ത്രീകളെ കുറിച്ച് പറയാത്തത് എന്തുകൊണ്ടാണെന്നാണ് വിശ്വഹിന്ദുപരിഷത്തിന്റെ ഒരു നേതാവ് വിലപിക്കുന്നത്. രാജ്യം നേരിടുന്ന വിലക്കയറ്റം,തൊഴിലില്ലായ്മ,സ്കൂളുകളുടെ ശോച്യാവസ്ഥ തുടങ്ങിയവയെ കുറിച്ച് പറയുമ്പോൾ ഏറ്റവും വിഷലിപ്തമായ ഹിന്ദുത്വ രാഷ്ട്രീയം പറഞ്ഞാണ് ഇത്രകാലം സംഘപരിവാരം പിടിച്ചു നിന്നത്.പുതിയ കാലത്ത് ഇനിയത് നടക്കുമെന്ന് തോന്നുന്നില്ല.ജെൻസീ-ആൽഫാ ജനറേഷനുകളോട് മതം പറഞ്ഞും കൈയ്യിൽ ചരടു കെട്ടിയും ഇടപെടാൻ അവർ നിന്നു കൊടുക്കില്ല. അവരുടെ ലോകം ഡിജിറ്റലാണ്.അവരുടെ മുന്നിൽ പുരോഗമനപരമായ ഒരു പാട് പ്രത്യയശാസ്ത്രങ്ങളും ശാസ്ത്രത്തിന്റേതായ ലോകവും തുറന്ന് കിടപ്പുണ്ട്.ഗോമൂത്രത്തിന്റെ വൈശഷ്യം പറയുമ്പോൾ അവർ ഉള്ളിൽ ചിരിക്കും.

സി.ജെ.പി സമരം വിജയിച്ചതിന്റെ മറ്റൊരു പ്രധാന കാരണം കൂടിയുണ്ട്.ജെൻസീയുടെ മാതാപിതാക്കളുടെ നിലപാടിലുണ്ടായ മാറ്റമാണത്.കഴിഞ്ഞ പ്രാവശ്യം ബി.ജെ.പിക്ക് വോട്ടു ചെയ്ത ആ തലമുറയും മാറി ചിന്തിച്ചു തുടങ്ങിയെന്നതിന്റെ വ്യക്തമായ തെളിവാണ് ബീഹാറിലെ ബങ്കൂര അസംബ്ളി മണ്ഡലത്തിൽ പ്രശാന്ത് കിഷോർ നേടിയ വിജയം.ബി.ജെ .പി ശക്തി കേന്ദ്രമാണെന്ന് അവർ വിശ്വസിച്ചിരുന്ന മണ്ഡലമാണ് ബങ്കൂര.ഇത്തരം മാറ്റങ്ങളെ വായിച്ചെടുത്ത് രാഷ്ട്രീയ പരിപാടികളാക്കുകയാണ് രാഹുൽഗാന്ധി ചെയ്യുന്നത്.കോൺഗ്രസ്സിലെ മറ്റ് നേതാക്കൾക്ക് ഇത് ഇപ്പോഴും പിടികിട്ടിയിട്ടില്ല.കോൺഗ്രസ്സ് പ്രവർത്തക സമിതിയിൽ എത്ര നേതാക്കൾ ജന്തർമന്തറിലെ സമരസ്ഥലത്തേയ്ക്ക് പോയി എന്ന് രാഹുലിന് തന്നെ ചോദിക്കേണ്ടി വന്നതും ഈ ഘട്ടത്തിലാണ്.

മല്ലികാർജ്ജുൻ ഖാർഗ്ഗേ പ്രസംഗിച്ച സ്ഥലത്ത് പുണ്യവെള്ളം തളിച്ചതിനെതിരെ കോൺഗ്രസ്സിലെ ഒരു നേതാവും വേണ്ടവിധത്തിൽ പ്രതികരിക്കാത്തതിൽ തനിക്ക് ദുഖമുണ്ടെന്ന് ഖാർഗ്ഗേയ്ക്ക് തന്നെ തുറന്നു പറയേണ്ടി വന്നു.രാഹുൽ തെളിക്കുന്ന വഴിയിലൂടെ സഞ്ചരിക്കാൻ കേരളത്തിലുൾപ്പടെയുള്ള നേതാക്കൾ തയ്യാറായാൽ ബി.ജെ.പി അധികം താമസിയാതെ ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലേക്ക് തുടച്ചെറിയപ്പെടും.

കേരളത്തിലെ സി.പി.എമ്മിനെ



രക്ഷപ്പെടാൻ അനുവദിക്കില്ലെന്ന് ശപഥം എടുത്തിരിക്കുകയാണ് പിണറായി വിജയൻ.അഹങ്കാരത്തിന്റേയും ധാർഷ്ട്യത്തിന്റേയും സ്വരം വെടിയാൻ പിണറായി വിജയന് സാധിക്കില്ലെന്നതാണ് സി.പി.ഐയ്ക്ക് നേരെയുള്ള അദ്ദേഹത്തിന്റെ കടന്നാക്രമണം.എൽ.ഡി.എഫ് അല്ല താനൊപ്പിട്ടാൽ വേറൊരു സി.പി.എമ്മുകാരൻ നിയമസഭയിലെ പ്രതിപക്ഷ ഉപപദവിയിലേക്ക് വരുമെന്നൊക്കെ തെരഞ്ഞെടുപ്പിന് മുമ്പ് പറയുമ്പോൾ കേൾക്കാനുള്ള സുഖമൊന്നും ഇപ്പോൾ പറയുമ്പോഴില്ല.

പിണറായിയുടെ താൻ പോരിമയും എം.വി ഗോവിന്ദന്റെ വിദൂഷകവേഷവുമാണ് തെരഞ്ഞെടുപ്പിൽ സ്വന്തം അണികൾ പോലും വോട്ടു എതിർചേരിയിലേക്ക് മാറ്റി ചെയ്തതിന്റെ കാരണമെന്ന് മനസ്സിലാക്കാൻ പാഴൂർ പടിപ്പുര വരെയൊന്നും പോകേണ്ടതില്ല. എൽ.ഡി.എഫിലെ വലിയകക്ഷി സി.പി.എമ്മാണ്.പക്ഷേ പിണറായി വിജയനല്ല.കേവലമൊരു പാർട്ടി മെമ്പർ എന്നതിനപ്പുറം മറ്റൊന്നുമല്ലാത്ത പിണറായി വിജയനെ ഇരിക്കുന്ന കൊമ്പ് മുറിക്കാനുള്ള ഉദ്യമത്തിൽ നിന്നും പിന്തിരിപ്പിക്കാൻ മറ്റു സംസ്ഥാനങ്ങളിലെ ത്യാഗ പൂർണ്ണമായ ജീവിതം നയിക്കുന്ന ഇടതു നേതാക്കൾ ഇടപെടേണ്ടി വന്നേക്കാം.ബംഗാളിൽ ഇപ്പോൾ യുജനനേതാക്കൾ പാർട്ടി സംഘടിപ്പിക്കുന്ന പരിപാടികളിൽ തങ്ങളുടെ മുൻഗാമികൾ ചെയ്ത തെറ്റുകൾക്ക് മാപ്പു ചോദിച്ചു കൊണ്ടാണ് പ്രസംഗം ആരംഭിക്കുന്നത്.അതൊരു തുറന്നു പറച്ചിലും സത്യസന്ധമായ രാഷ്ട്രീയ സമീപനവുമാണ്.തങ്ങളെ ആരും പിടിച്ചു തിന്നാൻ പോകുന്നില്ലെന്ന് അവർ മനസ്സിലാക്കി കഴിഞ്ഞിരിക്കുന്നു.മാത്രമല്ല അവർ സംസാരിക്കുന്നത് സാധാരണക്കാരന്റെ ഭാഷയിലാണ്.ഇന്ത്യയിൽ ഇടതുപക്ഷ രാഷ്ട്രീയ പാർട്ടികളുടെ കൂടുതൽ ഏകോപനം ആവശ്യമാണെന്ന് ഒരു അഭിമുഖത്തിൽ സി.പി,എമ്മിന്റെ ദേശീയ ജനറൽ സെക്രട്ടറി എം.എ ബേബി ഈ ലേഖകനോട് തന്നെ പറഞ്ഞതാണ്.അത്തരമൊരു ഏകോപനത്തിന് തുരങ്കം വയ്ക്കുന്ന സമീപനം പിണറായി വിജയനിൽ നിന്നും ഉണ്ടാകാൻ പാടില്ലാത്തതാണ്.നാണവും മാനവും ഉണ്ടെങ്കിൽ സി.പി.ഐ കേരളത്തിലെ എൽ.ഡി.എഫ് ബാന്ധവം ഉപേക്ഷിക്കണം.ഭരണപരമായി യാതൊരു പ്രസക്തിയുമില്ലാത്ത പ്രതിപക്ഷപദവി ആലങ്കാരികമായി മാത്രം ആവശ്യപ്പെടുമ്പോൾ അതിനെ തൃണവൽഗണിക്കുന്ന പിണറായിയുടെ നിലപാട് കേരളസംസ്ഥാനത്തിന്റെ സെക്രട്ടറിയ്ക്ക് താങ്ങാൻ കഴിയുമായിരിക്കാം.പക്ഷേ അതിനെതിരെ ശക്തമായി പ്രതികരിച്ചില്ലെങ്കിൽ ആ പാർട്ടിയെ സ്നേഹിക്കുന്ന സാധാരണ പ്രവർത്തകന് നേതൃത്വത്തോടുള്ള താൽപര്യം ഇല്ലാതാക്കും.

**കോൺഗ്രസ്സ് പ്രവർത്തക സമിതിയിൽ എത്ര നേതാക്കൾ ജന്തർമന്തറിലെ സമരസ്ഥലത്തേയ്ക്ക് പോയി എന്ന് രാഹുലിന് തന്നെ ചോദിക്കേണ്ടി വന്നതും ഈ ഘട്ടത്തിലാണ്. മല്ലികാർജ്ജുൻ ഖാർഗ്ഗേ പ്രസംഗിച്ച സ്ഥലത്ത് പുണ്യവെള്ളം തളിച്ചതിനെതിരെ കോൺഗ്രസ്സിലെ ഒരു നേതാവും വേണ്ടവിധത്തിൽ പ്രതികരിക്കാത്തതിൽ തനിക്ക് ദുഖമുണ്ടെന്ന് ഖാർഗ്ഗേയ്ക്ക് തന്നെ തുറന്നു പറയേണ്ടി വന്നു.**

സ്വതവേ സാത്വിക സ്വഭാവം പുലർത്തുന്ന ബിനോയിശ്വത്തിനോട് എനിക്ക് പറയാനുള്ളത് ഇത്രയേയുള്ളൂ. ചില തീരുമാനങ്ങൾ കടുത്തതാണെങ്കിൽ പോലും സ്വീകരിക്കുക തന്നെ വേണം. വെളിയം ഭാർഗ്ഗവനും സി.കെ.ചന്ദ്രപ്പനുമൊക്കെ അത് കാണിച്ചു തന്നതാണ്. നിങ്ങൾ സി.പി.എമ്മുമായി നല്ല ബന്ധത്തിൽ പോകണ

മെന്നത് ഇന്നിന്റെ ആവശ്യമാണ്. അത് സി.പി.എമ്മിലെ ബഹുഭൂരി പക്ഷത്തിനും അറിയാം.എന്നാൽ അതിന്റെ അർത്ഥം രാഷ്ട്രീയത്തിൽ സമ്പൂർണ്ണ പരാജയമായി നിൽക്കുന്ന പിണറായി വിജയന്റെ വ്യത്തികെട്ട ധാർഷ്ട്യത്തിന് അടിയറവ് പറയണമെന്നല്ല.

പിണറായിയും ഗോവിന്ദനും ഒക്കെ നരേന്ദ്രമോഡിയെ പോലെ വൃദ്ധരാഷ്ട്രീയത്തിന്റെ വക്താക്കൾ മാത്രമാണ്.മറ്റൊരു തൊഴിലും അറിയാത്തത് കൊണ്ട് ഇപ്പോഴും അധികാര ചിഹ്നങ്ങളിൽ രമിക്കുന്നവരാണ് അവർ.ആ രോഗത്തിന് ഷോക്ക് ചികിൽസയാണ് ആവശ്യമെങ്കിൽ അത് നൽകാൻ സി.പി.ഐയുടെ കേരളഘടകം തയ്യാറാകണം.

അതുപോലെ സി.പി.എം പത്രസ്വാതന്ത്ര്യത്തെ കുറിച്ച് ഇനിയധികം പറയരുത്.തൊഴിൽ സ്വാതന്ത്ര്യത്തെ കുറിച്ചും.ഒരുതരത്തിലും ഉപദ്രവകരമല്ലാത്ത ഒരു ലേഖനത്തിന്റെ പേരിലാണ് ദേശാഭിമാനി പത്രത്തിന്റെ ഞായറാഴ്ച പേജിന്റെ ചുമതലക്കാരനായിരുന്ന വളരെ സീനിയറായ മാധ്യമപ്രവർത്തകൻ കെ.ആർ അജയന്റെ രാജി ദേശാഭിമാനി ചോദിച്ചു വാങ്ങിയത്. കള്ളൻ വിജയനെന്ന് തലക്കെട്ട് വന്ന ലേഖനം അത് എഴുതിയ ആൾ സമൂഹമാധ്യമത്തിലൂടെ പുറത്തുവിട്ട് നമ്മളെല്ലാവരും വായിച്ചതാണ്. ആ ലേഖനം നൽകാൻ തീരുമാനിച്ചതാണ് അജയൻ ചെയ്ത തെറ്റ്. ഒരാൾക്ക് സ്വയം കള്ളനെന്ന് തോന്നിയാൽ പിന്നെയാർക്കും ഒന്നും ചെയ്യാൻ കഴിയില്ല.പിണറായി ഭക്തരുടെ ഈ മൗഢ്യത്തിന് ഒരു പ്രസ്ഥാനം കാലത്തോട് കണക്കു പറയേണ്ടി വരും. എന്നെ കണ്ടാൽ കിണ്ണം കട്ടവനാണോ എന്ന് തോന്നി തുടങ്ങിയെങ്കിൽ അതിന് വേണ്ടത് തൊലിപ്പുറത്തെ അഭ്യാസങ്ങളല്ല.ഒരു മുതിർന്ന മാധ്യമപ്രവർത്തകനെ അവഹേളിച്ചു കൊണ്ടുമല്ല.നാണംകെട്ട ന്യായങ്ങൾ നിരത്തി കേരളത്തിലെ പൊതുസമൂഹത്തെ വിഡ്ഢികളാക്കാൻ എം.സ്വരാജിനെ പോലുള്ളവരെ രംഗത്തിറക്കി അയാളുടെ രാഷ്ട്രീയ ജീവിതത്തിൽ കൂടി കരിവാരി തേച്ചിരിക്കുകയാണ് ഇപ്പോൾ പിണറായിയും കൂട്ടരുമെന്നത് പറയാതെ വയ്യ.

ദിമാഗി നക്സലുകൾ എന്ന നമ്മുടെ പ്രധാനമന്ത്രിയുടെ പദപ്രയോഗത്തിലെ വീണ്ടുവിചാരമില്ലായ്മ കൂടി പറഞ്ഞ് ഈ കുറിപ്പ് അവസാനിപ്പിക്കാം. മാവോ ചിന്തകളുള്ള നാട്ടിൽ ജീവിക്കുന്നവരെയാണ് നരേന്ദ്രമോഡി ദിമാഗി നക്സലുകൾ എന്ന് വിളിച്ചിരിക്കുന്നത്. ഈ വാക്കു തന്നെ അദ്ദേഹത്തിന്റെ കണ്ടുപിടുത്തമാണ്. ഇന്ത്യയിൽ ജീവിക്കുന്നവർ എന്തുചിന്തിക്കണമെന്ന് നാഗ്പൂരിൽ തീരുമാനിക്കുമെന്ന വിളിച്ചു പറയലാണിത്. ഇതിലെ വളരെ രസകരമായ ഒരു വശമുണ്ട്.

**എൽ.ഡി.എഫ് അല്ല താനൊപ്പിട്ടാൽ വേറൊരു സി.പി.എമ്മുകാരൻ നിയമസഭയിലെ പ്രതിപക്ഷ ഉപപദവിയിലേക്ക് വരുമെന്നൊക്കെ തെരഞ്ഞെടുപ്പിന് മുമ്പ് പറയുമ്പോൾ കേൾക്കാനുള്ള സുഖമൊന്നും ഇപ്പോൾ പറയുമ്പോഴില്ല.പിണറായിയുടെ താൻ പോരിമയും എം.വി ഗോവിന്ദന്റെ വിദൂഷകവേഷവുമാണ് തെരഞ്ഞെടുപ്പിൽ സ്വന്തം അണികൾ പോലും വോട്ടു എതിർചേരിയിലേക്ക് മാറ്റി ചെയ്തതിന്റെ കാരണമെന്ന് മനസ്സിലാക്കാൻ പാഴൂർ പടിപ്പുര വരെയൊന്നും പോകേണ്ടതില്ല. എൽ.ഡി.എഫിലെ വലിയകക്ഷി സി.പി.എമ്മാണ്.പക്ഷേ പിണറായി വിജയനല്ല.**

മാവോയുടെ ആശയങ്ങൾ പിൻപറ്റുന്ന ചൈനീസ് ഭരണകൂടം നമ്മുടെ വടക്കുകിഴക്കൻ അതിർത്തിയിൽ കൂടുതൽ സ്ഥലങ്ങൾ കൈയ്യേറി കൊണ്ടിരിക്കുന്നു. ന്യൂഡൽഹിയ്ക്ക് യാതൊരു മിണ്ടാട്ടവും ഇക്കാര്യത്തിൽ ഇല്ല. ഈ മാസം ചൈനീസ് പ്രസിഡണ്ട് ഇന്ത്യ സന്ദർശിക്കുന്നുമുണ്ട്. അതിർത്തിയിൽ ചൈനീസ് പട്ടാളം നമ്മുടെ ഭൂപ്രദേശം കൈയ്യേറി കൊണ്ടിരിക്കുമ്പോൾ നയതന്ത്ര തലത്തിലെങ്കിലും ചർച്ചകൾ നടത്താൻ ഇന്ത്യൻ സർക്കാരിന് കഴിയുന്നില്ലെന്ന പരിഹാസം അന്താരാഷ്ട്ര മാധ്യമങ്ങൾ പരിഹാസപൂർവ്വം ഉയർത്തി കഴിഞ്ഞു.രാജ്യം പ്രധാന പ്രശ്നങ്ങൾ നേരിടുമ്പോൾ ഇത്തരം ഉണ്ടയില്ലാവെടി പൊട്ടിക്കുന്നത് മോഡിയുടെ ഒരു രീതിയാണ്. സി.ജെ.പി പ്രതിഷേധങ്ങൾക്കിടയിൽ അർദ്ധരാത്രി വന്ന് വീഡിയോ റീൽസിട്ടതും കോളേജ് കുട്ടികൾ ക്ളാസ്സ് കട്ടു ചെയ്ത് നടക്കുന്നത് പോലെ പാർലമെന്റിൽ കയറാതെ ഒളിക്കുന്നതും നരേന്ദ്ര മോഡിയെന്ന സ്വയം പ്രഖ്യാപിത വിശ്വഗുരുവിനെ എത്രത്തോളം ഭയം കീഴടക്കിയിരിക്കുന്നു എന്ന് വ്യക്തമാക്കുന്നുണ്ട്.അമിത്ഷായേയും മോഡിയേയും ഇപ്പോൾ ഭരിക്കുന്നത് ഭയമാണ്.

സ്വന്തം ജനതയെ അഭിമുഖീകരിക്കാനുള്ള ഭയം. ഏതുഘട്ടത്തിലും പാർലമെന്റിൽ ഉത്തരം പറയാൻ ബാധ്യതയുള്ള ഭരണഘടനാ പദവിയിൽ ഇരിക്കുന്നവരാണിവർ,രാജ്യത്തെ പ്രതിനിധികരിക്കുന്ന എം,പിമാരുടെ ചോദ്യങ്ങൾക്ക് ഇവർ ഉത്തരം പറഞ്ഞെ മതിയാകൂ.

ഭരണഘടന അതു അനുശാസിക്കുന്നു.ഇതൊന്നും തങ്ങൾക്ക് ബാധകമല്ലെന്ന മട്ടിൽ താരതമ്യേന ജൂനിയറായ കിരൺ റിജ്ജുവിനെ കാര്യങ്ങൾ ഏൽപ്പിച്ച് ഇവർ രണ്ടു പേരും മുങ്ങിയപ്പോൾ കളിയാക്കപ്പെട്ടത് പാർലമെന്ററി ജനാധിപത്യമാണ്. എല്ലാപേരെയും എല്ലാക്കാലവും പറ്റിക്കാമെന്ന് ഇനിയെങ്കിലും മോഡിയും അമിത്ഷായും മോഹൻ ഭാഗവതും മനസ്സിലാക്കണം.അല്ലെങ്കിൽ ശിഷ്ടകാലം ദുരിതമയമായിരിക്കും.

# അച്യുതമേനോനും ദാമോദരനും

*ഫോട്ടോ:* പുനലൂർ രാജൻ
*എഴുത്ത്:* മാങ്ങാട് രത്നാകരൻ

അച്യുതനും ദാമോദരനും ശ്രീകൃഷ്ണന്റെ പര്യായമാണ്. ഈശ്വരവിശ്വാസികളല്ലാത്ത സി.അച്യുതമേനോനും (1913 –1991) കെ.ദാമോദരനും (1912–1976) അന്നത്തെ കാലത്തിന്റെ വിശേഷമനുസരിച്ച് അങ്ങനെ പേരുകൾ വീണു എന്നല്ലാതെ അക്കാര്യത്തിൽ വിശേഷിച്ചൊന്നും പറയാനില്ല. ദാമോദരന് ഒരു വർഷം മൂപ്പു കൂടും. അച്യുതമേനോൻ ദാമോദരനെക്കാൾ പതിന്നാലു വർഷം കൂടുതൽ ജീവിച്ചു, ആദ്യ കമ്യൂണിസ്റ്റ് മന്ത്രിസഭയിൽ മന്ത്രിയും പിന്നീട് മുഖ്യമന്ത്രിയുമായി. രാജ്യസഭാംഗം (1964– 1971) ആയിരുന്നുവെങ്കിലും ദാമോദരന്റെ പാത

**അച്യുതമേനോനും ദാമോദരനും സർഗ്ഗാത്മക സാഹിത്യകാരന്മാരായിട്ടായിരുന്നു രംഗത്തുവന്നത്. കെ. ദാമോദരൻ കവിതയും ചെറുകഥയും എഴുതി, കണ്ണുനീർ എന്ന പേരിൽ ഒരു ചെറുകഥാസമാഹാരം പ്രസിദ്ധീകരിച്ചു. കമ്യൂണിസ്റ്റ് പാർട്ടിയുടെ നിർദ്ദേശപ്രകാരം, ഒരു പ്രചാരണ നാടകം എഴുതി: പാട്ടബാക്കി. ആ നാടകം പ്രചാരണത്തിന്റെ സീമകളെ അതിലംഘിച്ച് മനുഷ്യകഥാനുഗായിയായ ഒരു കലാസൃഷ്ടിയായിത്തീർന്നു.**





അതായിരുന്നില്ല, 'കേരള മാർക്സ്' എന്ന് അറിയപ്പെട്ട ബുദ്ധിജീവിയും പ്രക്ഷോഭകാരിയുമായ കെ.ദാമോദരൻ, കേരളത്തിലെ ആദ്യത്തെ കമ്യൂണിസ്റ്റായാണ് ഗണിക്കപ്പെടുന്നത്. കമ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യപഥികനെന്നു വിശേഷിപ്പിക്കപ്പെടുന്ന പി.കൃഷ്ണപിള്ളയെക്കാൾ മുമ്പ്, കാശി വിദ്യാപീഠത്തിലെ പഠനകാലത്ത് ദാമോദരൻ കമ്യൂണിസ്റ്റായിരുന്നു. ഒരർത്ഥത്തിൽ അച്യുതമേനോനും ദാമോദരനും സമാന്തരപാതകളിലൂടെയാണ് സഞ്ചരിച്ചത്. എങ്കിലോ, അവർ കൂടിച്ചേരുന്ന ഇടങ്ങളും ഉണ്ടായിരുന്നു. അതിൽ പ്രധാനം,

> **ക്രൂഷ്ച്ചേവ് സ്റ്റാലിനെ തള്ളിപ്പറഞ്ഞെങ്കിലും സോവിയറ്റ് യൂണിയന്റെ സ്റ്റാലിനിസ്റ്റ് ഏകാധിപത്യപ്രവണതയ്ക്ക് ദാമോദരൻ സാക്ഷിയായി. ഹംഗറിയിലെ യുവാക്കളുടെ കലാപത്തെ (1956) സോവിയറ്റ് യൂണിയൻ നിഷ്ഠുരമായി അടിച്ചമർത്തി. ഒരു വ്യാഴവട്ടത്തിനുശേഷം (1968) ചെക്കോസ്ലാവാക്യയിലെ പ്രാഗ് വസന്തത്തെയും. ഹംഗറി പ്രശ്നത്തിൽ യാഥാസ്ഥിതിക നിലപാട് സ്വീകരിച്ച ദാമോദരൻ ചെക്കോസ്ലോവാക്യ പ്രശ്നത്തിൽ പാർട്ടിക്കകത്ത് സോവിയറ്റ് വിരുദ്ധചേരിയിലാണ് നിലകൊണ്ടത്. പാർട്ടിക്കകത്ത് ഭൂരിപക്ഷം നേടാനായെങ്കിലും പാർട്ടി ദാമോദരനെ പരസ്യമായി ശാസിക്കുകയാണുണ്ടായത്.**

ഇന്ത്യൻ കമ്മ്യൂണിസം പിന്തുടർന്ന വഴി എത്രമാത്രം 'ഇന്ത്യ'നായിരുന്നു എന്ന അന്വേഷണത്തിൽ അവർ മുഴുകിയിരുന്നു എന്നതാണ്. ദാമോദരന്റെ മരണത്തിന്റെ അമ്പതാം വർഷത്തിൽ ഒരു തിരിഞ്ഞുനോട്ടത്തിനു പ്രത്യേക പ്രസക്തിയുണ്ട്.

വളരെ കൗതുകകരമായ ഒരു കാര്യം, ഇരുവരുടെയും ആദ്യകാല ജീവചരിത്രത്തിൽ നിന്നു നാം മനസ്സിലാക്കും. അച്യുതമേനോനും ദാമോദരനും സർഗ്ഗാത്മക സാഹിത്യകാരന്മാരായിട്ടായിരുന്നു രംഗത്തുവന്നത്. കെ.ദാമോദരൻ കവിതയും ചെറുകഥയും എഴുതി, കണ്ണുനീർ എന്ന പേരിൽ ഒരു ചെറുകഥാസമാഹാരം പ്രസിദ്ധീകരിച്ചു.

കമ്യൂണിസ്റ്റ് പാർട്ടിയുടെ നിർദ്ദേശപ്രകാരം, ഒരു പ്രചാരണനാടകം എഴുതി: പാട്ടബാക്കി. ആ നാടകം പ്രചാരണത്തിന്റെ സീമകളെ അതിലംഘിച്ച് മനുഷ്യകഥാനുഗായിയായ ഒരു കലാസൃഷ്ടിയായി ത്തീർന്നു. നാടകകൃത്തും കലാമർമ്മജ്ഞനുമായിരുന്ന സി.ജെ. തോമസ് ഈ നാടകത്തെ വാഴ്ത്തിയിട്ടുണ്ടെന്ന് ഓർക്കാവുന്നതാണ്. ദാമോദരൻ സർഗ്ഗാത്മക സാഹിത്യത്തെ കൈവിട്ടെങ്കിലും. സാഹിത്യനിരൂപണങ്ങൾ ധാരാളമായി എഴുതി. പിന്നെ, സ്വന്തമായ മേഖല കണ്ടെത്തി. അത് തത്ത്വചിന്തയായിരുന്നു. ഭാരതീയചിന്തയെക്കുറിച്ച് ദാമോദരൻ ആഴത്തിൽ അന്വേഷിച്ചു. മാർക്സിസ്റ്റ് വീക്ഷണത്തിന്റെ വെളിച്ചത്തിൽ ഇന്ത്യൻ ദർശനത്തെ വ്യാഖ്യാനിക്കുകയായിരുന്നു ദാമോദരൻ. അച്യുതമേനോൻ ചെറുകഥയിലും നാടകത്തിലും പയറ്റി, തന്നെക്കാൾ കേമന്മാർ ആ രംഗത്തുണ്ടെന്നു തിരിച്ചറിഞ്ഞ് പിൻവാങ്ങി. ദർശനമോ സിദ്ധാന്തമോ അച്യുതമേനോന്റെ മുൻഗണനയായിരുന്നില്ല . പക്ഷേ സാഹിത്യനിരൂപണത്തെ പാടേ കൈയൊഴിഞ്ഞതുമില്ല.

ലോക കമ്യൂണിസത്തിന്റെ ആരാധ്യബിംബമായിരുന്ന ജോസഫ് സ്റ്റാലിൻ മരിച്ച് (1953) മൂന്നുവർഷം കഴിഞ്ഞ് (1956) സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ഇരുപതാം കോൺഗ്രസ്സിൽ, സ്റ്റാലിനുശേഷം അനിഷേധ്യ നേതാവായിത്തീർന്ന നികിത ക്രൂഷ്ച്ചേവ്, സ്റ്റാലിന്റെ സ്വേച്ഛാധിപത്യത്തെക്കുറിച്ചും അതിക്രമങ്ങളെക്കുറിച്ചും വെളിപ്പെടുത്തിയപ്പോൾ, പാശ്ചാത്യലോകത്തിൽ ഉണ്ടായ കോളിളക്കങ്ങളും പിളർപ്പുകളും ഉണ്ടായി. എന്നാൽ സ്റ്റാലിൻ ഭക്തിയിൽ മതിമറന്ന ഇന്ത്യൻ കമ്യൂണിസ്റ്റുകാർക്കിടയിൽ കാര്യമായ ചാഞ്ചല്യമൊന്നും ഉണ്ടായില്ല, അച്യുതമേനോനു പക്ഷേ ഈ വിധേയത്വത്തോട് പൊരുത്തപ്പെടാൻ കഴിഞ്ഞില്ല.

''കുറേ ദിവസത്തെ ആലോചനയ്ക്കുശേഷം അദ്ദേഹം പാർട്ടിയിൽ നിന്നു രാജിവച്ചുപോകാൻതന്നെ തീരുമാനിച്ചു. രാജിക്കത്ത് പാർട്ടിയുടെ സംസ്ഥാന കമ്മിറ്റിയാഫീസിൽ നൽകിയതിനുശേഷം മനസ്സമാധാനത്തിനും വിശ്രമത്തിനുമായി അദ്ദേഹം കൊടുങ്ങല്ലൂരിലെ ഭാര്യാഗൃഹത്തിലേക്കു പോയി... ഉൾപ്പാർട്ടി സമരങ്ങളിൽ അച്യുതമേനോന്റെ മിതവാദനിലപാടുകളോട് യോജിപ്പുള്ള ആളായിരുന്നു ദാമോദരൻ എന്നു പറഞ്ഞിട്ടുണ്ടല്ലോ... അച്യുതമേനോനെ തിരികെ കൊണ്ടുവരാൻ ഏറ്റവും കഴിവുള്ളയാൾ അദ്ദേഹം തന്നെയായിരുന്നു. ദാമോദരൻ നേരെ കൊടുങ്ങല്ലൂരിലേക്കു പോയി, അച്യുതമേനോനുമായി ഒരുദിവസം മുഴുവനും സംവാദം നടത്തി. ഒടുവിൽ അച്യുതമേനോൻ ദാമോദരനോടു യോജിക്കുകയും പാർട്ടി സംസ്ഥാന കമ്മിറ്റിയിൽ തിരിച്ചെത്തി രാജിക്കത്ത് പിൻവലിക്കുകയും ചെയ്തു,'' കെ.ദാ





മോദരന്റെ അപ്രഗ്രഥനാത്മക ജീവചരിത്രത്തിൽ (കെ.ദാമോദരൻ പോരും പൊരുളും, എസ്.പി.സി.എസ്, 2011) പി.ഗോവിന്ദപ്പിള്ള എഴുതുന്നു. ക്രൂഷ്ച്ചേവിന്റെ സ്റ്റാലിൻ വിമർശനം വലിയ ആഘാതമാണ് ദാമോദരനിൽ ഉണ്ടാക്കിയത്, സ്റ്റാലിൻ അനുകൂലികൾക്കെതിരെ ക്രൂഷ്ച്ചേവിനെ ഉയർത്തിക്കാട്ടുകയും ചെയ്തു.

ക്രൂഷ്ച്ചേവ് സ്റ്റാലിനെ തള്ളിപ്പറഞ്ഞെങ്കിലും സോവിയറ്റ് യൂണിയന്റെ സ്റ്റാലിനിസ്റ്റ് ഏകാധിപത്യപ്രവണതയ്ക്ക് ദാമോദരൻ സാക്ഷിയായി. ഹംഗറിയിലെ യുവാക്കളുടെ കലാപത്തെ (1956) സോവിയറ്റ് യൂണിയൻ നിഷ്ഠുരമായി അടിച്ചമർത്തി. ഒരു വ്യാഴവട്ടത്തിനുശേഷം (1968) ചെക്കോസ്ലാവാക്യയിലെ പ്രാഗ് വസന്തത്തെയും. ഹംഗറി പ്രശ്നത്തിൽ യാഥാസ്ഥിതിക നിലപാട് സ്വീകരിച്ച ദാമോദരൻ ചെക്കോസ്ലോവാക്യ പ്രശ്നത്തിൽ പാർട്ടിക്കകത്ത് സോവിയറ്റ് വിരുദ്ധചേരിയിലാണ് നിലകൊണ്ടത്.

പാർട്ടിക്കകത്ത് ഭൂരിപക്ഷം നേടാനായെങ്കിലും പാർട്ടി ദാമോദരനെ പരസ്യമായി ശാസിക്കുകയാണുണ്ടായത്. മരണത്തിനു മുമ്പുള്ള വർഷങ്ങളിൽ, പാർട്ടിയുടെ ആദ്യകാല ജനറൽ സെക്രട്ടറിയായിരുന്ന (1935–1947) പി.സി.ജോഷിയുമായി ചേർന്ന് കമ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രവുമായി ബന്ധപ്പെട്ട രേഖകളുടെ സമാഹരണത്തിലും ഗവേഷണത്തിലുമായിരുന്നു ദാമോദരൻ. അടിയന്തരാവസ്ഥയ്ക്കു തൊട്ടുമുമ്പ് ബ്രിട്ടണിലെ ന്യൂ ലഫ്റ്റ് റിവ്യൂവിലെ ഉശിരൻ കമ്യൂണിസ്റ്റ് താരിഖ് അലിക്കനുവദിച്ച അഭിമുഖത്തിൽ കെ.ദാമോദരൻ കേരളത്തിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രത്തെ നിശിതമായി വിശലനം ചെയ്യുന്നുണ്ട്. (ഒരു ഇന്ത്യൻ കമ്യൂണിസ്റ്റിന്റെ സ്മരണകൾ, എഡിറ്റർ: ടി.ടി. ശ്രീകുമാർ, പ്രസക്തി ബുക് ഹൗസ്, പത്തനംതിട്ട, 2026).

അച്യുതമേനോന് മുഖ്യമന്ത്രിയായിരിക്കെ അധികാരരാഷ്ട്രീയവുമായി സമരസപ്പെടേണ്ടി വന്നു. അടിയന്തരാവസ്ഥക്കാലത്ത് അദ്ദേഹം നൈതികജാഗ്രത പാലിച്ചില്ല. മുഖ്യമന്ത്രിയെ നോക്കുകുത്തിയാക്കി, ആഭ്യന്തരമന്ത്രിയായിരുന്ന കെ.കരുണാകരനാണ് ഭരണം കയ്യാളിയത് എന്നുപോലും പറയാം. രാജൻ സംഭവവും മറ്റു നിരവധി മനുഷ്യാവകാശ ലംഘനങ്ങളും അക്കാലത്തു നടന്നു. അടിയന്തരാവസ്ഥയ്ക്കുശേഷം അച്യുതമേനോൻ സജീവരാഷ്ട്രീയത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കുകയും ചെയ്തു.

**അച്യുതമേനോന് മുഖ്യമന്ത്രിയായിരിക്കെ അധികാരരാഷ്ട്രീയവുമായി സമരസപ്പെടേണ്ടിവന്നു. അടിയന്തരാവസ്ഥക്കാലത്ത് അദ്ദേഹം നൈതികജാഗ്രത പാലിച്ചില്ല. മുഖ്യമന്ത്രിയെ നോക്കുകുത്തിയാക്കി, ആഭ്യന്തരമന്ത്രിയായിരുന്ന കെ.കരുണാകരനാണ് ഭരണം കയ്യാളിയത് എന്നുപോലും പറയാം. രാജൻ സംഭവവും മറ്റു നിരവധി മനുഷ്യാവകാശ ലംഘനങ്ങളും അക്കാലത്തു നടന്നു. അടിയന്തരാവസ്ഥയ്ക്കുശേഷം അച്യുതമേനോൻ സജീവരാഷ്ട്രീയത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കുകയും ചെയ്തു.**

അച്യുതമേനോന് നാലു വയസ്സുള്ളപ്പോഴാണ് മഹത്തായ ഒക്ടോബർ വിപ്ലവം നടക്കുന്നത്. അച്യുതമേനോൻ ചരിത്രത്തിൽ ലയിച്ച വർഷത്തിൽത്തന്നെ (1991) മാനവരാശിയുടെ ചരിത്രത്തിലെ മഹാസംഭവമായ ഒക്ടോബർ വിപ്ലവം ജന്മം നൽകിയ സോവിയറ്റ് യൂണിയനും ഭൂപടത്തിൽ നിന്ന് എന്നേയ്ക്കുമായി മാഞ്ഞു.


അച്ചായൻസിൽ
സ്വർണ്ണം വിൽക്കാം
ഇരട്ടി
വിശ്വാസത്തോടെ
50+ BRANCHES
22 Year Legacy of Trust & Quality
TONY YARKICHAN
ACHAYANS GROUP
SINCE 2005
KERALA'S NO.1 GOLD BUYER
അച്ചായൻസ്
ഗോൾഡ്
916 HALLMARKED JEWELLERY
www.achayansgold.in
എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട
ഇടുക്കി, കൊല്ലം, ദുബായ്, ഷാർജ
90613 50 916 | 85900 46 916



# ദേവരാജ സംഗീത സാമ്രാജ്യം

**2026 സെപ്തംബർ 27 – ന് തൊണ്ണൂറ്റി ഒമ്പത് വയസ് കടന്ന് ശതാബ്ദിയിലേക്ക് കടക്കുകയാണ് പ്രമുഖ സംഗീത സംവിധായകൻ ദേവരാജൻ മാസ്റ്റർ . അദ്ദേഹത്തിന്റെ പേരിൽ കൊല്ലത്ത് ഉയർന്ന ഒരു സ്മാരകത്തെ പറ്റി ശിഷ്യൻ എഴുതുന്നു**

**എസ് രാജേന്ദ്ര ബാബു**

ഒരു ഗവേഷണ പ്രബന്ധത്തിലോ പാഠപുസ്തകത്തിലോ ഒതുങ്ങുന്നതല്ല ദേവരാജൻ മാസ്റ്ററുടെ സംഗീത സപര്യ. സംഗീതജീവിതത്തിൻറെ ഓരോ ഘട്ടത്തിലും അദ്ദേഹം സ്വീകരിച്ചിരുന്ന ഉറച്ച നിലപാടുകളും യുക്തിഭദ്രമായ നിരീക്ഷണങ്ങളും കാലാനുസൃതമായ പരിഷ്കാരങ്ങളും അത് വ്യക്തമാക്കുന്നു. കാൽ നൂറ്റാണ്ടിലേറെ പഴക്കമുള്ള ഹൃദയ ബന്ധത്തിൽ മദിരാശിയിലെ കാംദാർ നഗറിലെ അദ്ദേഹത്തിൻറെ വീട്ടിൽ ഞാൻ പതിവായി കണ്ടിരുന്ന ചിത്രങ്ങളും സംഗീതോപകരണങ്ങളും പുരസ്കാര ബിംബങ്ങളും പുസ്തകങ്ങളുമെല്ലാം ആ ബോധ്യത്തിൻറെ അടയാളങ്ങളായിരുന്നു.

കൊല്ലം പരവൂരിലെ ഫൈൻ ആർട്ട്സ് സൊസൈറ്റിയുടെ കെട്ടിടത്തിൻറെ രണ്ടാം നിലയിൽ അവയെല്ലാം മനോഹരമായി പ്രദർശിപ്പിച്ചിരിക്കുന്നത് ഒരിക്കൽ കൂടി കാണാനിടയായി. ദേവരാജൻ മാസ്റ്ററുടെ സുദീർഘമായ സംഗീതയാത്രയുടെ ഓരോ നാഴികക്കല്ലും അവിടെ നിരനിരയായി കാണാം. അവയുടെ വിശദാംശങ്ങൾ ഒന്നൊന്നായി സന്ദർശകർക്കു



സ്മാരകത്തിന്റെ പ്രവേശന കവാടം

പകർന്നു നൽകാൻ വളരെക്കാലം മാസ്റ്ററുടെ നിഴൽപോലെ ഒപ്പമുണ്ടായിരുന്ന മധു സദാ സന്നദ്ധനായി നിൽക്കുന്നു. ഫോട്ടോഗ്രാഫർ സുനിൽ ഭാസ്കർ ക്യാമറക്കണ്ണിൽ അവയോരോന്നും ഒപ്പിയെടുക്കുമ്പോൾ അതിനു വേണ്ട സഹായങ്ങൾ ഒരുക്കാൻ ഫൈൻ ആർട്ട്സ് സൊസൈറ്റിയുടെ സെക്രട്ടറി രാജു കൂടെയുണ്ട്. സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ മാസ്റ്റർ സജീവമായി പങ്കെടുത്തിരുന്നത് രാജു അനുസ്മരിക്കുന്നു. ഓരോ വർഷവും മാസ്റ്ററുടെ ജ?ദിനത്തോടനുബന്ധിച്ച് മാതാപിതാക്കളുടെ ഓർ



ദേവരാജൻ സ്മരണകൾ

**ഫോട്ടോ ഗാലറിയിലെ ഓരോ ഫ്രെയിമിനും പറയാൻ കഥകളേറെ. മാസ്റ്ററുടെ സുദീർഘമായ സംഗീതയാത്രയിലെ അസുലഭ മുഹൂർത്തങ്ങൾ നിരവധി അവിടെ കാണാം. മറ്റൊരു വശത്ത് അടുക്കിവച്ചിരിക്കുന്നത് ജെസി ഡാനിയേൽ അവാർഡ് ഉൾപ്പെടെയുള്ള ഉന്നത ബഹുമതികളും മെമൻറോകളുമാണ്. ഓരോന്നിനും വ്യത്യസ്ത കഥകളാണ്**

മ്മയ്ക്കായി സംഘടിപ്പിക്കുന്ന മത്സരങ്ങളിൽ കർണാടക സംഗീതത്തിലും ലളിത സംഗീതത്തിലും മികവ് പുലർത്തുന്ന കുട്ടികൾക്ക് പ്രോത്സാഹനമായി കാഷ് അവാർഡുകൾ നൽകാൻ ഒരു സംഖ്യ മാസ്റ്റർ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. മ്യൂസിയത്തിൽ എല്ലാ ശനി, ഞായർ ദിവസങ്ങളിലും സംഗീത ക്ലാസുകൾ നടത്തിവരുന്നു.

ഫോട്ടോഗ്രാഫർ ജിജോ പരവൂർ സജ്ജീകരിച്ചിരിക്കുന്ന ഫോട്ടോ ഗാലറിയിലെ ഓരോ ഫ്രെയിമിനും പറയാൻ കഥകളേറെ. മാസ്റ്ററുടെ സുദീർഘമായ സംഗീതയാത്രയിലെ അസുലഭ മുഹൂർത്തങ്ങൾ നിരവധി അവിടെ കാണാം. മറ്റൊരു വശത്ത് അടുക്കിവച്ചിരിക്കുന്നത് ജെസി ഡാനിയേൽ അവാർഡ് ഉൾപ്പെടെയുള്ള ഉന്നത ബഹുമതികളും മെമൻറോകളുമാണ്. ഓരോന്നിനും വ്യത്യസ്ത കഥകളാണ് പറയാനുള്ളത്. കേരള സംസ്ഥാന അവാർഡുകൾ ഒന്നും അവിടെ കാണാനില്ല. (1995 ൽ സർക്കാർ പ്രഖ്യാപിച്ച സംസ്ഥാന അവാർഡിൽ സംഗീത സംവിധായകൻറെ ഈണങ്ങൾ മൗലികമല്ലാത്തതിനാൽ അവാർഡിന് അർഹമല്ലെന്നു ചൂണ്ടിക്കാട്ടി പ്രതിഷേധസൂചകമായി അതുവരെ തനിക്ക് ലഭിച്ച സംസ്ഥാന പുരസ്കാരങ്ങൾ മാസ്റ്റർ സാംസ്കാരിക വകുപ്പിനെ തിരികെ ഏൽപിച്ചത് വലിയ വാർത്തയായിരുന്നു.) ഒരുവശത്ത് വിശാലമായ തടി അലമാരയിൽ സൂക്ഷിച്ചിരിക്കുന്ന സംഗീതോപകരണങ്ങളിലൂടെ സംഗീതസാഗരത്തിൻറെ നിഗൂഢവും മൃദുലവുമായ ആരവം മനസിൽ ഇരമ്പുന്നു. ഒരിക്കലും നിലയ്ക്കാത്ത സംഗീതപ്രവാഹം.



ദേവരാജനും എസ് രാജേന്ദ്രബാബുവും



മാസ്റ്ററുടെ സ്വന്തം രചനകളുൾപ്പെടെ സംഗീത സംബന്ധിയായ പുസ്തകങ്ങളുടെ ശേഖരമാണ് മറ്റൊരു വശത്ത്.

കർണാടക സംഗീതത്തിൻറെ ആധാരശിലകളായ പുരാതന ഗ്രന്ഥങ്ങളുടെ വിശദമായ ആസ്വാദനവും വസ്തുനിഷ്ഠമായ നിരീക്ഷണങ്ങളും വിയോജിപ്പുകളും വ്യാഖ്യാനങ്ങളും അടങ്ങുന്ന മാസ്റ്ററുടെ രചനയായ സംഗീതശാസ്ത്ര നവസുധ മാസ്റ്റർ സംവിധാനം ചെയ്ത ഗാനങ്ങളുടെ സാഹിത്യമേന്മയും ഓരോ ഗാനത്തിനും ഉപയോഗിച്ച രാഗവും അതിനുപയോഗിച്ച വാദ്യോപകരണത്തിൻറെ സന്ദർഭോചിതമായ സാംഗത്യവും ഓരോ വരിയുടെയും സ്വരപ്പെടുത്തലും ഒക്കെ വിശദമാക്കുന്ന ദേവഗീതികൾ, 1994-ൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ചലച്ചിത്ര സംഗീതം അമ്പതാം വർഷം എന്ന വിപുലമായ സംഗീത പരിപാടിയോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച ചലച്ചിത്രഗാന സ്മരണിക (ഇതിൻറെ വിഭവസമാഹരണത്തിന് മാസ്റ്ററെ ഞാനും സഹായിച്ചിരുന്നു), സംഗീത പണ്ഡിതന്മാർ പോലും കൈകാര്യം ചെയ്യാൻ ഭയപ്പെടുന്ന ഷഡ്കാല പല്ലവികളുടെ വിപുലവും വിശദവുമായ സ്വരപ്പെടുത്തലുകൾ ഉൾപ്പെടെയുള്ള മാസ്റ്ററുടെ രചനകൾ എന്നിവ ആ പുസ്തക ശേഖരത്തിൽ അടങ്ങിയിരിക്കുന്നു. അവിടമാകെ ഒന്നു ചുറ്റി നടന്നപ്പോൾ ആ സംഗീതകുലപതിയെ അടുത്തറിയാൻ ഇനിയും കാതങ്ങളേറെ യാത്ര ചെയ്യണമെന്ന യാഥാർത്ഥ്യം മനസ്സിൽ ബാക്കിയായി. ഒരിക്കലും അവസാനിപ്പിക്കാനാകാത്ത അന്വേഷണം ആവശ്യപ്പെടുന്ന യാത്ര! മറ്റു പലർക്കും സംഗീത സംവിധാനം ഒരു തൊഴിൽ മാത്രമായിരുന്നപ്പോൾ ദേവരാജൻ മാസ്റ്റർക്കാകട്ടെ അതൊരു കഠിന തപസ്സ് ആയിരുന്നു എന്ന യാഥാർത്ഥ്യമാണ് ഇവിടെ നമുക്ക് ബോധ്യപ്പെടുന്നത്.

> **വിശാലമായ തടി അലമാരയിൽ സൂക്ഷിച്ചിരിക്കുന്ന സംഗീതോപകരണങ്ങളിലൂടെ സംഗീത സാഗരത്തിൻറെ നിഗൂഢവും മൃദുലവുമായ ആരവം മനസിൽ ഇരമ്പുന്നു. ഒരിക്കലും നിലയ്ക്കാത്ത സംഗീതപ്രവാഹം. മാസ്റ്ററുടെ സ്വന്തം രചനകളുൾപ്പെടെ സംഗീത സംബന്ധിയായ പുസ്തകങ്ങളുടെ ശേഖരമാണ് മറ്റൊരു വശത്ത്.**

പിതാവ് പരവൂർ കൊച്ചുഗോവിന്ദനാശാൻറെ ശിക്ഷണത്തിൽ കുട്ടിക്കാലം മുതൽ കർണാടക സംഗീതത്തിൽ അവഗാഹം നേടിക്കൊണ്ടിരുന്ന ദേവരാജൻ മാസ്റ്റർ കടന്നുപോയ സംഗീത വഴികളുടെ നിർണായക ഘട്ടങ്ങൾ പരിശോധിക്കുന്നത് സംഗീത വിദ്യാർത്ഥികൾക്കും സംഗീതാരാധകർക്കും ഒരുപോലെ കൗതുകകരവും ആലോചനാമൃതവുമായിരിക്കും. നാലാം ക്ലാസ് വിദ്യാർത്ഥിയായിരിക്കെ പരവൂർ തെക്കുംഭാഗം സ്കൂളിലെ ക്ലാസ് ടീച്ചർ ആവശ്യപ്പെട്ടതനുസരിച്ച് വിദ്യാർത്ഥികളുടെ വെള്ളിയാഴ്ചകളിലെ പതിവ് കലാപരിപാടികൾക്കിടയിൽ ബാലനായ ദേവരാജൻ ഒരു പാട്ട് പാടി. ഉള്ളൂർ എസ് പരമേശ്വര അയ്യർ കുട്ടികൾക്കായി രചിച്ച ?കാക്കേ, കാക്കേ കൂടെവിടെ എന്ന ഗാനം പതിവായി കുട്ടികൾ പാടിവരുന്ന ഈണത്തിൽ നിന്ന് വ്യത്യസ്തമായി സ്വന്തമായി ഈണം പകർന്നാണ് ദേവരാജൻ അവതരിപ്പിച്ചത്.




സ്മരണികകളും അവാർഡുകളും

എല്ലാവരെയും ആശ്ചര്യപ്പെടുത്തിയ വ്യത്യസ്ത അനുഭവം! സംഗീതസംബന്ധിയായ ഏത് ഇടപെടലിലും മൗലികത ഉണ്ടായിരിക്കണമെന്ന നിലപാട് ചെറിയ വയസ്സിൽ തന്നെ അദ്ദേഹത്തിൻറെ മനസ്സിൽ ഉറച്ചിരുന്നുവെന്നതിൻറെ അനുഭവസാക്ഷ്യം.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളെജിലെ വിദ്യാഭ്യാസത്തിനൊപ്പം സംഗീത വിദ്യാഭ്യാസവും ഗൗരവമായി തന്നെ പരിശീലിച്ചിരുന്ന ദേവരാജൻ പതിനെട്ട് വയസ് മുതൽ വേദികളിൽ കച്ചേരികൾ അവതരിപ്പിച്ചു തുടങ്ങി. അക്കാലത്തെ സീനിയർ ഗായകരുടെ പ്രഭാവത്തിൽ നിന്ന് അണുകിട വ്യതിചലിക്കാതെ അതേ നിലവാരത്തിൽ തന്നെ ദേവരാജനും കച്ചേരി കൾ അവതരിപ്പിച്ചു. മറ്റു ഗായകർ പട്ട് ജൂബയും തിളങ്ങുന്ന മേൽമുണ്ടും കസവ് വേഷ്ടിയും ധരിച്ച്, സ്വർണാഭരണങ്ങളണിഞ്ഞ് രാജകീയ പ്രൗഢിയിൽ വേദികൾ അലങ്കരിച്ചപ്പോൾ വെള്ളമുണ്ടും ഷർട്ടും മാത്രം ധരിച്ച് ഏറ്റവും ലളിതമായ വേഷത്തിലാണ് ദേവരാജൻ വേദികളിൽ പ്രത്യക്ഷപ്പെട്ടിരുന്നത്. ആലാപനവൈശിഷ്ട്യത്തിലൂടെ തൻറെ പ്രൗഢി മുഴുവൻ അദ്ദേഹം പ്രകടിപ്പിക്കുകയും ചെയ്തു. ശ്രോതാക്കളിലെ പ്രമാണിമാർക്കായി ഈടുറ്റ കീർത്തനങ്ങളും രാഗാലാപനവും മനോധർമ്മ സ്വരവുമൊക്കെ പാടിക്കഴിഞ്ഞ് സാധാരണ ശ്രോതാക്കൾക്കായി കച്ചേരിയുടെ അവസാന ഘട്ടത്തിൽ താരതമ്യേന നിലവാരം കുറഞ്ഞ ചില ഗാനങ്ങളും സംഗീത പണ്ഡിതന്മാർ അവതരിപ്പിച്ചിരുന്നു.

**അവിടമാകെ ഒന്നു ചുറ്റി നടന്നപ്പോൾ ആ സംഗീതകുലപതിയെ അടുത്തറിയാൻ ഇനിയും കാതങ്ങളേറെ യാത്ര ചെയ്യണമെന്ന യാഥാർത്ഥ്യം മനസ്സിൽ ബാക്കിയായി. ഒരിക്കലും അവസാനിപ്പിക്കാനാകാത്ത അന്വേഷണം ആവശ്യപ്പെടുന്ന യാത്ര! മറ്റു പലർക്കും സംഗീത സംവിധാനം ഒരു തൊഴിൽ മാത്രമായിരുന്നപ്പോൾ ദേവരാജൻ മാസ്റ്റർക്കാകട്ടെ അതൊരു കഠിന തപസ്സ് ആയിരുന്നു എന്ന യാഥാർത്ഥ്യമാണ് ഇവിടെ നമുക്ക് ബോധ്യപ്പെടുന്നത്.**

തമിഴ്, തെലുങ്ക് ഭാഷകളിലെ ഈ അർദ്ധശാസ്ത്രീയ ഗാനങ്ങൾ തുക്കഡാ പാട്ടുകൾ എന്നാണ് അറിയപ്പെട്ടിരുന്നത്. സാധാരണക്കാർക്കായി പാടുന്ന ഗാനങ്ങൾ എന്തുകൊണ്ട് മലയാള ഗാനങ്ങൾ ആയിക്കൂടാ എന്ന വേറിട്ട ചിന്തയിൽ നിന്ന് ദേവരാജൻ ജി ശങ്കരക്കുറുപ്പ്, പുത്തൻകാവ് മാത്തൻ തരകൻ, ചങ്ങമ്പുഴ തുടങ്ങിയ കവികളുടെ ലളിതസുന്ദര ഗാനങ്ങൾ തെരഞ്ഞെടുത്ത് സ്വയം ചിട്ടപ്പെടുത്തി അവതരിപ്പിച്ചു. അത് ശ്രോതാക്കൾ ഹൃദയത്തോട് ചേർത്തു. കാവ്യഭംഗി ഒട്ടും ചോർന്നുപോകാതെ ലളിത ഗാനങ്ങൾ ചിട്ടപ്പെടുത്തി അവതരിപ്പിക്കാനുള്ള ദേവരാജൻറെ സാമർത്ഥ്യം പ്രകടമായത് അങ്ങനെയാണ്.

കൊല്ലത്ത് എസ്എൻ കോളെജ് പരിസരത്ത് താമസിച്ചിരുന്ന വിദ്യാർത്ഥി സുഹൃത്തുക്കൾക്കിടയിലാണ് ഒഎൻവിയെ ദേവരാജൻ പരിചയപ്പെ

ടുന്നത്. അദ്ദേഹത്തിൻറെ കവിതാ സമാഹാരത്തിൽ നിന്നൊരു ഗാനത്തിന് ദേവരാജൻ ഈണം നൽകി. ലളിത സുന്ദരവും ഭാവതീവ്രവുമായ പൊന്നരിവാൾ അമ്പിളിയില് കണ്ണെറിയുന്നോളേ എന്ന ഗാനം മലയാളക്കരയിലെ ലളിതസംഗീത ശാഖയുടെ കൈത്തിരി നാളമായും പിന്നീട് കേരളത്തിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻറെ ശീർഷകഗാനമായും വളർന്നത് ലളിത സംഗീത ചരിത്രത്തിൻറെ സുവർണ അധ്യായം.

ബ്രിട്ടീഷുകാരുടെ തടവറയിൽ നിന്ന് സ്വാതന്ത്ര്യാനന്തരം ജയിൽമോചിതനായ എകെജിക്ക് എസ്എൻ കോളെജ് പരിസരത്ത് വിദ്യാർത്ഥികൾ ഒരുക്കിയ സ്വീകരണച്ചടങ്ങിലാണ് ദേവരാജൻ ആദ്യമായി ആ ഗാനം ആലപിച്ചത്. കെപിഎസി അവതരിപ്പിച്ച നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി എന്ന നാടകത്തിനു വേണ്ടി സംഗീതമൊരുക്കാൻ ദേവരാജന് ഒഎൻവിയുടെ ശുപാർശ പ്രകാരം തോപ്പിൽ ഭാസി അവസരമൊരുക്കി. മറ്റ് ഗാനങ്ങൾക്കൊപ്പം നാടകത്തിൽ പൊന്നരിവാളും ഉപയോഗിച്ചു. ആ നാടകത്തിലൂടെ മാത്രം രണ്ടായിരത്തിലേറെ വേദികളിലാണ് തുടർന്ന് ആ ഗാനം ആലപിക്കപ്പെട്ടത്. നാടകരംഗത്തെന്ന പോലെ കാലം മാറുന്നു എന്ന ചിത്രത്തിലൂടെ സിനിമാ രംഗത്തും ഒഎൻവിയാണ് ദേവരാജനെ പരിചയപ്പെടുത്തിയത്.

**തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളെജിലെ വിദ്യാഭ്യാസത്തിനൊപ്പം സംഗീത വിദ്യാഭ്യാസവും ഗൗരവമായി തന്നെ പരിശീലിച്ചിരുന്ന ദേവരാജൻ പതിനെട്ട് വയസ് മുതൽ വേദികളിൽ കച്ചേരികൾ അവതരിപ്പിച്ചു തുടങ്ങി. അക്കാലത്തെ സീനിയർ ഗായകരുടെ പ്രഭാവത്തിൽ നിന്ന് അണുകിട വ്യതിചലിക്കാതെ അതേ നിലവാരത്തിൽ തന്നെ ദേവരാജനും കച്ചേരികൾ അവതരിപ്പിച്ചു**

ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യ സമരത്തിൻറെ (1857) നൂറാം വാർഷികം ആഘോഷിച്ചപ്പോൾ ഇഎംഎസ് മന്ത്രിസഭയുടെ നിർദ്ദേശ പ്രകാരം വയലാർ രചനയും ദേവരാജൻ സംഗീതവും നിർവഹിച്ച ബലികുടീരങ്ങളെ എന്ന ഗാനം തിരുവനന്തപുരം രക്തസാക്ഷി മണ്ഡപത്തിൽ അവതരിപ്പിച്ചപ്പോൾ സമ്മേളനത്തിൻറെ മുഖ്യാതിഥി രാഷ്ട്രപതി ഡോക്ടർ രാജേന്ദ്രപ്രസാദ് ആയിരുന്നു. കേരളത്തിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനം കത്തിപ്പടരാൻ തുടർന്ന് ആ ഗാനം വഹിച്ച പങ്ക് ചെറുതല്ല. ആ ഗാനം പകർന്നു നൽകുന്ന വിപ്ലവജ്വാലകൾ ഇന്നും സമരമുഖങ്ങൾക്ക് ആവേശമാണ്.

സംഗീത രംഗത്ത് വയലാർ – ദേവരാജൻ കൂട്ടുകെട്ടിൻറെ തേരോട്ടത്തിനും അതോടെ തുടക്കമായി.

സംഗീതക്കച്ചേരികളുടെ വേദിയിൽ നിന്ന് ലളിതസംഗീത ശാഖയിൽ ചുവടുറപ്പിക്കുന്ന ദേവരാജനെയാണ് പിന്നീട് നമുക്ക് കാണാൻ സാധിക്കുന്നത്. കഥാസന്ദർഭത്തിന് അനുയോജ്യമായി ഗാനങ്ങളുടെ അർത്ഥതലങ്ങൾ വളരെ ആഴത്തിൽ




ഗായകരും ഹാർമോണിയവും




**എച് എം വി യുടെ ഗോൾഡ് ഡിസ്ക്**

പരിശോധിച്ച് അന്വർത്ഥമായ ഈണം കണ്ടെത്തുന്നതിൽ ദേവരാജൻ പ്രകടിപ്പിച്ച ആത്മാർത്ഥത അനന്യസാധാരണമാണ്. രചനയിൽ തന്നെ അതിൻറെ ഈണം അടങ്ങിയിട്ടുണ്ടാവും.

അത് കണ്ടെത്തുകയാണ് സംഗീത സംവിധായകൻറെ കർത്തവ്യം എന്ന് പല സന്ദർഭങ്ങളിലും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. അമൂർത്തമായ ശിലയിൽ നിന്ന് ശിൽപി മനോഹരമായ ശിൽപം കടഞ്ഞെടുക്കുന്നതുപോലെ. ഒരു ഗാനത്തിന് ഈണം ചിട്ടപ്പെടുത്തിക്കഴിഞ്ഞാൽ അദ്ദേഹം എഴുന്നേറ്റ് മറ്റ് കാര്യങ്ങളിൽ ഇടപെടും.

മണിക്കൂറുകൾക്കു ശേഷം വീണ്ടും വന്നിരുന്ന് ചിട്ടപ്പെടുത്തിയ ഗാനം ഓർത്തെടുക്കാൻ ശ്രമിക്കും. ഒരു തടസ്സവുമില്ലാതെ ഓർക്കാൻ കഴിഞ്ഞാൽ മാത്രമേ ആ ഈണം അദ്ദേഹം സ്ഥിരപ്പെടുത്തുകയുള്ളു. ഓർമ്മ വന്നില്ലെങ്കിൽ അതോർത്തെടുക്കാൻ ശ്രമിക്കാതെ മറ്റൊരീണം

**ഈണം പറഞ്ഞു കൊടുക്കുന്നതിനൊപ്പം വാക്കുകളുടെ ഉച്ചാരണവും അർത്ഥവും യേശുദാസിനും തനിക്കും മറ്റ് ഗായകർക്കുമൊക്കെ ദേവരാജൻ മാസ്റ്റർ കൃത്യമായി പറഞ്ഞു തന്നിരുന്നത് പല സന്ദർഭങ്ങളിലും ഗായകൻ ജയചന്ദ്രൻ തൻറെ അഭിമുഖങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.**

നൽകുകയാണ് അദ്ദേഹത്തിൻറെ പതിവ്. ഞാൻ നൽകിയ ഈണം എനിക്കു പോലും ഓർക്കാൻ കഴിയുന്നില്ലെങ്കിൽ സാധാരണക്കാരൻ എങ്ങനെ ഓർക്കാനാണ്? അതാണ് അദ്ദേഹത്തിൻറെ നിലപാട്.

ഈണം പറഞ്ഞു കൊടുക്കുന്നതിനൊപ്പം വാക്കുകളുടെ ഉച്ചാരണവും അർത്ഥവും യേശുദാസിനും തനിക്കും മറ്റ് ഗായകർക്കുമൊക്കെ ദേവരാജൻ മാസ്റ്റർ കൃത്യമായി പറഞ്ഞു തന്നിരുന്നത് പല സന്ദർഭങ്ങളിലും ഗായകൻ ജയചന്ദ്രൻ തൻറെ അഭിമുഖങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. മലയാള ഭാഷ എഴുതാനും വായിക്കാനും കൃത്യമായി ഉച്ചരിക്കാനും പഠിച്ചുവന്നാൽ മാത്രം പാട്ടുകൾ നൽകുന്ന കാര്യം പരിഗണിക്കാമെന്നാണ് മാധുരിക്ക് ആദ്യകാലത്ത് അദ്ദേഹം നൽകിയ കർക്കശമായ നിർദ്ദേശം. നിലവാരം കുറഞ്ഞതോ സന്ദർഭോചിതമല്ലാത്തതോ ആയ രചനകൾ നിർദ്ദാക്ഷിണ്യം തിരസ്കരിക്കാൻ അദ്ദേഹം വൈമനസ്യം കാണിച്ചിരുന്നില്ല. സംഗീത ബോധമില്ലാത്ത നിർമ്മാതാവിനെയോ സംവിധായകനെയോ താൻ ചിട്ടപ്പെടുത്തിയ ഗാനങ്ങൾ കേൾക്കാനും അനുവദിച്ചിരുന്നില്ല. അവർ എല്ലാ വാദ്യോപകരണങ്ങളുടെയും സന്നാഹത്തോടെ സ്റ്റുഡിയോയിൽ കേട്ടാൽ മതിയെന്ന് അദ്ദേഹം ശഠിച്ചിരുന്നു. സംഗീത സംവിധാനച്ചുമതല എന്നെ ഏൽപിക്കുന്നത് എന്നിലുള്ള വിശ്വാസം കൊണ്ടാണല്ലോ. അതുകൊണ്ടു തന്നെ

ഗാനങ്ങൾ ഏറ്റവും മികച്ചതായിരിക്കണമെന്ന നിർബന്ധം അവരേക്കാൾ കൂടുതൽ എനിക്കായിരിക്കും.

ഈ കർക്കശ നിലപാട് തന്നെയാണ് ആ ഗാനങ്ങളൊക്കെ ഇന്നും നമുക്ക് കർണാമൃതമായിരിക്കാൻ കാരണം. ഏറ്റവുമധികം മലയാള ചിത്രങ്ങൾക്ക് സംഗീതം നിർവഹിച്ചതിനും ഏറ്റവുമധികം ഗാനങ്ങൾ യേശുദാസിനെ കൊണ്ട് പാടിച്ചതിനും ഉള്ള സർവകാല റെക്കോഡ് ഇന്നും ദേവരാജൻ മാസ്റ്ററുടെ പേരിൽ തന്നെ.

തൊണ്ണൂറുകളുടെ അവസാനത്തോടെ ചലച്ചിത്ര സംഗീത മേഖലയ്ക്ക് ഘടനാപരമായി പല വ്യതിയാനങ്ങളും സംഭവിച്ചു. ഗാനങ്ങൾ എഴുതി ചിട്ടപ്പെടുത്തുന്നതിനു പകരം ഈണത്തിനനുസരിച്ച് പാട്ടുകൾ എഴുതുന്ന രീതി നിലവിൽ വന്നു. കംപ്യൂട്ടറിൻറെ വരവോടെ എല്ലാ വാദ്യകലാകാരന്മാരും ഗായകരും ഒന്നിച്ചിരുന്ന് പാട്ടുകൾ റെക്കോഡ് ചെയ്തിരുന്ന പതിവ് അവസാനിച്ചു. ഉപകരണങ്ങൾ പല തവണയായി റെക്കോഡ് ചെയ്യുകയും ഏറ്റവുമൊടുവിൽ ഗായകനോ ഗായികയോ തനിയെ വന്ന് പാട്ട് മിക്സ് ചെയ്യുകയും പതിവായി. പാട്ട് മൊത്തത്തിൽ പാടുന്നതിനു പകരം ഓരോ വരിയും പ്രത്യേകം പാടിയാൽ മതിയെന്ന നില വന്നു. പൊതുവിൽ സംഗീത സംവിധാനം എന്ന മഹത്തായ കർമ്മം സംഗീത മിശ്രണം എന്ന കേവലമായ ചടങ്ങിനു വഴിമാറി. ഈ വ്യതിയാനങ്ങളിൽ ഒന്നിനോടുപോലും പൊരുത്തപ്പെടാൻ ദേവരാജൻ മാസ്റ്റർ തയാറായിരുന്നില്ല. പുതിയ മാറ്റങ്ങൾ ഗാനങ്ങളുടെ ആത്മാവ് നഷ്ടപ്പെടുത്തുന്നതാണെന്ന് അദ്ദേഹം വിലയിരുത്തി. അതോടെ സംഗീത സംവിധാന രംഗത്തു നിന്നു തന്നെ അദ്ദേഹം സാവകാശം പിന്മാറി. പക്ഷെ തൻറെ സംഗീതപ്രവർത്തനം അദ്ദേഹം അവസാനിപ്പിച്ചില്ല. കർണാടക സംഗീതത്തിലെ ഈടുറ്റ ഗ്രന്ഥങ്ങൾ പരിശോധിച്ച് കാലാനുസൃതമായ തിരുത്തലുകളോടെ പുതിയ വ്യാഖ്യാനം ചമയ്



**മധു വിശദീകരിക്കുന്നു**

ക്കാൻ അദ്ദേഹം സമയം കണ്ടെത്തി. ആലാപന രംഗത്തു നിന്ന് മൺമറഞ്ഞിരുന്നതും പ്രായോഗികമായി ക്ലേശകരവുമായിരുന്ന ഷഡ്കാല പല്ലവികളുടെ പ്രായോഗിക സാധ്യത കണ്ടെത്തി നിരവധി രചനകൾ നടത്തി.

താൻ ചമച്ച ഓരോ ഗാനത്തിൻറെയും നിർമ്മിതിക്കായി ഉപയോഗിച്ച രാഗങ്ങൾ, വാദ്യോപകരണങ്ങൾ തുടങ്ങിയവയുടെ പ്രസക്തിയും സാങ്കേതിക വശങ്ങളും ഒന്നൊന്നായി വിശദീകരിക്കുന്ന രചനകൾ അദ്ദേഹം നിർവഹിച്ചു. സംഗീത വിദ്യാർത്ഥികൾക്കും സംഗീത ചരിത്രാന്വേഷികൾക്കും അവലംബിക്കാവുന്ന വിലമതിക്കാനാവാത്ത കാലാതിവർത്തിയായ രചനകളാണ് അവയെല്ലാം.


**ഏറ്റവുമധികം മലയാള ചിത്രങ്ങൾക്ക് സംഗീതം നിർവഹിച്ചതിനും ഏറ്റവുമധികം ഗാനങ്ങൾ യേശുദാസിനെ കൊണ്ട് പാടിച്ചതിനും ഉള്ള സർവകാല റെക്കോഡ് ഇന്നും ദേവരാജൻ മാസ്റ്ററുടെ പേരിൽ തന്നെ.**


സംഗീത മേഖലയ്ക്ക് ഇത്രത്തോളം ഈടുറ്റ സംഭാവനകൾ നൽകിയ മറ്റൊരു സംഗീതകാരനെ കണ്ടെത്തുക പ്രയാസം. ഇനിയുമിനിയും കണ്ടെത്തപ്പെടാനുള്ള ആഴമേറിയ സംഗീതഖനികളാണ് ആ സംഗീത ചക്രവർത്തി നമുക്ക് സമ്മാനിച്ച് കടന്നു പോയത്. വരും തലമുറയ്ക്ക് എത്ര പഠിച്ചാലും പൂർത്തിയാക്കാനാവാത്ത വിധം ആഴവും പരപ്പുമേറിയതാണ് മാസ്റ്ററുടെ സംഗീത വിഹായസ്.

2026 സെപ്തംബർ 27-ന് തൊണ്ണൂറ്റി ഒമ്പത് വയസ് കടന്ന് ശതാബ്ദിയിലേക്ക് കടക്കുകയാണ് ദേവരാജൻ മാസ്റ്റർ. ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികളാണ് പരവൂർ ഫൈൻ ആർട്ട്സ് സൊസൈറ്റി വിഭാവനം ചെയ്തിരിക്കുന്നത്. ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് ലോകമെമ്പാടുമുള്ള മലയാളി സമൂഹം ദേവരാജ സംഗീതത്തിൻറെ വസന്തകാലം പുനഃസൃഷ്ടിക്കുമെന്നുറപ്പ്.

സംഗീത വിദ്യാർത്ഥികൾക്ക് കൂടുതൽ അന്വേഷണാത്മക യാത്രകൾ സാധ്യമാകും വിധം മാസ്റ്ററുടെ പേരിൽ ഒരു സംഗീത കലാശാലയുടെ അനിവാര്യത ഈ ബോധ്യങ്ങൾ നമ്മിൽ ഉണർത്തുന്നു.

പരവൂർ ഫൈൻ ആർട്ട്സ് സൊസൈറ്റി സ്ഥലം കണ്ടെത്തുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു കഴിഞ്ഞതായി സെക്രട്ടറി രാജു വ്യക്തമാക്കുന്നു.

അക്കാദമിക വിദഗ്ദരുടെയും സംഗീതപ്രേമികളുടെയും കൂട്ടായ പ്രവർത്തനമുണ്ടെങ്കിൽ സർക്കാരിൻറെ ഇടപെടലോടെ ഇത് സാധ്യമാക്കാവുന്നതേയുള്ളു.

അങ്ങനെ സംഭവിച്ചാൽ ആ സംഗീത സാർവഭൗമന് സമർപ്പിക്കാനാവുന്ന ഏറ്റവും ഉചിതമായ സ്മാരകമായിരിക്കും അത് – ദേവരാജൻ മാസ്റ്റർ ജന്മശതാബ്ദി മെമ്മോറിയൽ സംഗീത കലാശാല.

# നിറങ്ങൾ മാറിയെങ്കിലും... വിശ്വാസത്തിന് ഇന്നും ഒരേ നിറം

Pulimoottil SILKS

102 YEARS 1924 -2026

ഒരു വസ്ത്രം തിരഞ്ഞെടുക്കുമ്പോൾ ആളുകൾ അന്വേഷിക്കുന്നത് നിറവും ഡിസൈനും മാത്രമല്ല, ആ വസ്ത്രത്തോടൊപ്പം ലഭിക്കുന്ന വിശ്വാസവും കരുതലുമാണ്. അതുകൊണ്ടാണ് ചില സ്ഥാപനങ്ങൾ ഒരു സ്ഥാപനമായി മാത്രം നിൽക്കാതെ തലമുറകളുടെ ഓർമ്മകളുടെ ഭാഗമായി മാറുന്നത്. മലയാളികളുടെ മനസ്സിൽ അത്തരമൊരു സ്ഥാനമാണ് ഒരു നൂറ്റാണ്ടിലേറെയായി പുളിമൂട്ടിൽ സിൽക്സ് സ്വന്തമാക്കിയിരിക്കുന്നത്.

1916-ൽ ഉദയംപേരൂരിൽ നിന്ന് തൊടുപുഴയിലേക്ക് കുടിയേറിയ ചാക്കോ ഔസേഫ് കണ്ട സ്വപ്നത്തിന് ഇന്ന് 102 വർഷങ്ങളുടെ നിറവാണ്. 1924ൽ ആരംഭിച്ച ഒരു ചെറിയ ജൗളിക്കടയിൽ വിതച്ച വിശ്വാസത്തിന്റെ വിത്ത് ഇന്ന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി ശാഖകൾ വിരിച്ച പുളിമൂട്ടിൽ സിൽക്സ് എന്ന മഹാവൃക്ഷമായി വളർന്നിരിക്കുന്നു.

## കാലം മാറി... മൂല്യങ്ങൾ മാറിയില്ല

ഫാഷൻ മാറി, ജീവിതശൈലികൾ മാറി, ഉപഭോക്താക്കളുടെ പ്രതീക്ഷകൾ മാറി. എന്നാൽ ഗുണനിലവാരത്തിലും ആത്മാർത്ഥമായ സേവനത്തിലും ഉപഭോക്താവുമായുള്ള ബന്ധത്തിലും പുളിമൂട്ടിൽ സിൽക്സ് ഇന്നും അതേ മൂല്യങ്ങളാണ് പിന്തുടരുന്നത്. അതാണ് ഈ സ്ഥാപനത്തിന്റെ യഥാർത്ഥ പാരമ്പര്യവും ഏറ്റവും വലിയ ശക്തിയും.

## പാരമ്പര്യവും പുതുമയും കൈകോർക്കുമ്പോൾ

ഇന്ന് തൊടുപുഴ, കോട്ടയം, തൃശ്ശൂർ, കൊല്ലം, തിരുവല്ല, പാലാ, കൊച്ചി, അടൂർ എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന പുളിമൂട്ടിൽ സിൽക്സിന്റെ എല്ലാ ഷോറൂമുകളും സ്ഥാപകൻ ചാക്കോ ഔസേഫിന്റെ ചെറുമക്കളുടെ നേതൃത്വത്തിലാണ് മുന്നേറുന്നത്. മുൻതലമുറ കൈമാറിയ വിശ്വാസവും മൂല്യങ്ങളും അതേപടി കാത്തുസൂക്ഷിച്ചുകൊണ്ട്, പുതിയ തലമുറയുടെ ദീർഘദർശനവും ആധുനിക വ്യാപാരരീതികളും സാങ്കേതികവിദ്യയും കൂട്ടിച്ചേർത്ത് ബ്രാൻഡിനെ കൂടുതൽ ഉയരങ്ങളിലേക്ക് അവർ നയിക്കുകയാണ്.

## വിശ്വാസത്തിന്റെ തിരിച്ചുവരവ്

ഒരു കുടുംബത്തിലെ ആദ്യ വിവാഹത്തിനായി പുളിമൂട്ടിൽ സിൽക്സിൽ എത്തിയവർ, പിന്നീട് മക്കളുടെ വിവാഹത്തിനും കൊച്ചുമക്കളുടെ ആദ്യ ഓണത്തിനുമുള്ള വസ്ത്രങ്ങൾ വാങ്ങാനും വീണ്ടും അതേ സ്ഥാപനത്തിലേക്ക് എത്തുന്നു. ഈ തിരിച്ചുവരവിന് കാരണം വലിയ പരസ്യങ്ങളോ ഓഫറുകളോ അല്ല. തലമുറകളിലൂടെ കൈമാറപ്പെട്ട വിശ്വാസമാണ്.

## ഒരു സ്ഥാപനമല്ല... ഒരു കുടുംബം

102 വർഷങ്ങളുടെ ഈ യാത്രയിൽ 2000-ത്തിലധികം ജീവനക്കാർ പുളിമൂട്ടിൽ സിൽക്സ് കുടുംബത്തിന്റെ ഭാഗമായി മാറിയിട്ടുണ്ട്. ഇന്ന് പുളിമൂട്ടിൽ സിൽക്സ് ഒരു വ്യാപാരസ്ഥാപനം മാത്രമല്ല, ആയിരക്കണക്കിന് കുടുംബങ്ങളുടെ ഉപജീവനത്തിനും സ്വപ്നങ്ങൾക്കും കരുത്തേകുന്ന ഒരു പ്രസ്ഥാനമാണ്.

## ഓരോ ആഘോഷത്തിനും അനുയോജ്യമായത്

വിവാഹ പട്ടുകൾ മുതൽ ആഘോഷ വസ്ത്രങ്ങൾ വരെ... കേരളീയ പാരമ്പര്യം മുതൽ ആഗോള ഫാഷൻ ട്രെൻഡുകൾ വരെ... കുടുംബത്തിലെ ഓരോ അംഗത്തിനും അനുയോജ്യമായ മികച്ച തിരഞ്ഞെടുപ്പുകൾ ഒരേ കുടക്കീഴിൽ ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് പുളിമൂട്ടിൽ സിൽക്സ് മുന്നേറുന്നത്. ഗുണനിലവാരത്തിൽ വിട്ടുവീഴ്ച ചെയ്യാതെ ഓരോ ഉപഭോക്താവിനും സന്തോഷകരമായ ഷോപ്പിംഗ് അനുഭവം സമ്മാനിക്കുക എന്നതാണ് എന്നും സ്ഥാപനത്തിന്റെ പ്രതിബദ്ധത

"ഒരു സ്ഥാപനത്തിനെ വിജയത്തിലേക്ക് നയിക്കുന്നത് പുതിയ ഷോറൂമുകളുടെ എണ്ണം അല്ല... അത് വീണ്ടും വീണ്ടും തിരിച്ചെത്തുന്ന ഉപഭോക്താക്കളാണ്... ആ തിരിച്ചുവരവാണ് പുളിമൂട്ടിൽ സിൽക്സിന്റെ ഏറ്റവും വലിയ അംഗീകാരം!"


- LATE ഷെ. ഔസേപ്പ് ചാക്കോ പുളിമൂട്ടിൽ
& LATE ഔസേപ്പ് ജോൺ പുളിമൂട്ടിൽ
(ഞങ്ങളുടെ മാർഗ്ഗദർശകർ)



പ്രത്യേക അഭിമുഖം
**കെ. എ ബീന / പ്രദീപ് പനങ്ങാട്**



# കാഴ്ചയുടെ രാഷ്ട്രീയ മാനങ്ങൾ



**കെ എ ബീനയുടെ സർഗാത്മക നിയോഗങ്ങളിലൊന്നാണ് സഞ്ചാരം. നന്നെ ചെറുപ്പത്തിലെ യാത്ര തുടങ്ങി. അതോടൊപ്പം എഴുത്തും. വിവിധ ദേശങ്ങളിലെ സാമൂഹിക ജീവിതത്തിന്റെ വ്യത്യസ്ത തലങ്ങൾ അവതരിപ്പിച്ചു. സംസ്ക്കാരത്തിന്റെ അസാധാരണ അടരുകൾ കണ്ടെത്തി. ജനപദങ്ങളുടെ അതിജീവനങ്ങൾ പകർത്തി. ഒരു ജനത അഭിമുഖീകരിക്കുന്ന രാഷ്ട്രീയ പ്രതിസന്ധികൾ ആ വീഷ്ക്കരിച്ചു. യാത്രകളെ രാഷ്ട്രീയാന്വേഷണത്തിന്റെ സാധ്യതയാക്കി മാറ്റി. ഓരോ സഞ്ചാര കൃതിയും അനുഭവ സഞ്ചയങ്ങളാണ്. ഒരു കഥ എഴുത്തുകാരിയുടെ ഭാവനയും സഞ്ചാരിയുടെ കാഴ്ചാപഥങ്ങളും ചേർന്നതാണ് കൃതികൾ. ബീന യാത്ര തുടരുകയാണ്...**

**കെ. എ ബീനയുമായി പ്രദീപ് പനങ്ങാട് സംസാരിക്കുന്നു**

**? ദീർഘമായ എഴുത്തു ജീവിതം താങ്കൾക്കുണ്ട് ?ആ ജീവിതം എങ്ങനെ അടയാളപ്പെടുത്തുന്നു ?**

കുട്ടിക്കാലത്ത് എല്ലാവരും എഴുതുന്നത് പോലെ കവിതകളും ചെറിയ കഥകളും ഒക്കെ ബാല പ്രസിദ്ധീകരണങ്ങളിൽ എഴുതി എഴുത്തിന്റെ മേഖലയിൽ ചെറിയ രീതിയിലുള്ള സാന്നിധ്യം ഉണ്ടാക്കിയിരുന്നു. മാതൃഭൂമി ആഴ്ച പ്പതിപ്പിൽ ' ബീന കണ്ട റഷ്യ'' യാത്രാപരമ്പരയായി പ്രസിദ്ധീകരിക്കുന്നത് പത്താം ക്ലാസിൽ (1978 ) പഠിക്കുമ്പോഴാണ്. സ്ക്കൂൾ ജീവിത കാലത്ത് തന്നെ മാതൃഭൂമിയുടെ വാരാന്തപ്പതിപ്പിനും ഗൃഹലക്ഷ്മി മാസികക്കും വേണ്ടി എഴുതാൻ

അവസരം കിട്ടിത്തുടങ്ങി. കോളേജ് പഠനകാലത്ത് വിവിധ മാസികകളിൽ നിരന്തരമായി എഴുതിയിരുന്നു . ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദവും പത്രപ്രവർത്തനത്തിൽ ബിരുദാനന്തരബിരുദവും എടുത്ത് കേരളകൗമുദി /കലാകൗമുദി പ്രസിദ്ധീകരണങ്ങളിൽ ചേർന്നു. രണ്ട് വർഷത്തിന് ശേഷം മാതൃഭൂമി പബ്ലിക്കേഷൻസിലേക്ക് മാറി. 1991 ൽ കേന്ദ്ര ഗവണ്മെന്റ് സർവ്വീസായ ഇന്ത്യൻ ഇൻഫർമേഷൻ സർവ്വീസിൽ ചേർന്നു. ഡയറക്ടറേറ്റ് ഓഫ് അഡ്വെർടൈസിംഗ് ആന്റ് വിഷ്വൽ പബ്ലിസിറ്റി, പ്രസ് ഇൻഫർമേഷൻ ബ്യൂറോ, ആകാശവാണി, ദൂരദർശൻ , സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ തുടങ്ങി കേന്ദ്ര ഗവൺമെന്റിന് കീഴിലുള്ള നിരവധി മാധ്യമ സ്ഥാപനങ്ങളിൽ ജോലിയെടുത്തതിന് ശേഷം 2023 റിട്ടയർ ചെയ്തു.

1981 ലാണ് ഡിസി ബുക്സ് ''ബീന കണ്ട റഷ്യ'' പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നത് . പിന്നീട് ഏതാണ്ട് 25 വർഷത്തെ ഇടവേളയ്ക്ക് ശേഷം 2005 ൽ ''കൗമാരം കടന്നുവരുന്നത് ' എന്ന കഥാസമാഹാരവുമായിട്ടാണ് എഴുത്തിലേക്ക് മടങ്ങിയെത്തിയത്. ഔദ്യോഗികമായും കുടുംബപരമായും ഉള്ള തിരക്കുകളും ബാധ്യതകളും എഴുത്തിനെ പ്രതികൂലമായി ബാധിച്ചിരുന്നു .നീണ്ട ഇടവേളയ്ക്കു ശേഷം തിരിച്ചെത്തുമ്പോൾ എഴുത്തിന്റെ ലോകം മാറിപ്പോയിരുന്നു . മലയാളത്തിൽ പുസ്തക പ്രസിദ്ധീകരണ രംഗം സജീവമായ കാലം.എഴുതുന്നതിനപ്പുറം അത് മാർക്കറ്റ് ചെയ്യുന്ന ഉത്തരവാദിത്തം കൂടി എഴുതുന്നവർ ഏറ്റെടുക്കുന്ന സാഹചര്യം വന്നു തുടങ്ങി. എഴുത്ത് എന്നതിനപ്പുറം എഴുത്തുകാർ ആഘോഷിക്കപ്പെടുന്ന രീതിയും ആരംഭിച്ചു. ഞാനും സജീവമായി എഴുതാൻ തുടങ്ങി. ബ്രഹ്മപുത്രയിലെ വീട്, ചുവടുകൾ, നദി തിന്നുന്ന



**നീണ്ട ഇടവേളയ്ക്കു ശേഷം തിരിച്ചെത്തുമ്പോൾ എഴുത്തിന്റെ ലോകം മാറിപ്പോയിരുന്നു . മലയാളത്തിൽ പുസ്തക പ്രസിദ്ധീകരണ രംഗം സജീവമായ കാലം. എഴുതുന്നതിനപ്പുറം അത് മാർക്കറ്റ് ചെയ്യുന്ന ഉത്തരവാദിത്തം കൂടി എഴുതുന്നവർ ഏറ്റെടുക്കുന്ന സാഹചര്യം വന്നു തുടങ്ങി. എഴുത്ത് എന്നതിനപ്പുറം എഴുത്തുകാർ ആഘോഷിക്കപ്പെടുന്ന രീതിയും ആരംഭിച്ചു. ഞാനും സജീവമായി എഴുതാൻ തുടങ്ങി.**

ദ്വീപ്, ആ കസേര ആരുടേതാണ് ? തുടങ്ങിയ യാത്രാവിവരണങ്ങൾ, കൗമാരം കടന്നുവരുന്നത്, ശീതനിദ്ര, കഥകൾ, മാനി ക്വിൻ തുടങ്ങിയ ചെറുകഥാ സമാഹാരങ്ങൾ, അമ്മക്കുട്ടിയുടെ ലോകം, അമ്മക്കുട്ടിയുടെ സ്കൂൾ , അമ്മക്കുട്ടിയുടെ അത്ഭുതങ്ങൾ ,മിലിയുടെ ആകാശം ,റോസും കൂട്ടുകാരും , റിപ്പോർട്ടർ, കുട്ടിക്കാലം ,മാധ്യമങ്ങൾക്ക് പറയാനുള്ളത് , വാർത്തകൾ റിപ്പോർട്ട് ചെയ്യുന്നത് , ഓ മിഹ്റിൻ തുടങ്ങി കുട്ടികൾക്കായുള്ള പുസ്തകങ്ങൾ, പെരുമഴയത്ത് ,അതിർത്തിയുടെ അതിര് , കടന്നൽ , ഭൂതക്കണ്ണാടി, അമ്മമാർ അറിയാത്തത് ,സാനിറ്ററി പാഡിന്റെ അന്തിമ രഹസ്യം, ഉന്മാദിയുടെ മുന്നിലെ ആലീസ് തുടങ്ങിയ ലേഖന സമാഹാരങ്ങൾ, പത്രജീവിതങ്ങൾ, ഡേറ്റ് ലൈൻ, റേഡിയോ കഥയും കലയും , റേഡിയോ തുടങ്ങി മാധ്യമ പഠന പുസ്തകങ്ങൾ, നിരവധി വിവർത്തന പുസ്തകങ്ങൾ, വൈക്കം മുഹമ്മദ് ബഷീറുമായുള്ള ആത്മസൗഹൃദത്തെക്കുറിച്ച് ബഷീർ എന്ന അനുഗ്രഹം ,ബഷീറിന്റെ കത്തുകൾ -അങ്ങനെ പല മേഖലകളിലായി ഏതാണ്ട് 40 ഓളം പുസ്തകങ്ങൾ ഇതിനിടെ എഴുതാൻ കഴിഞ്ഞു. കഴിഞ്ഞ 45 വർഷമായി ''ബീന കണ്ട റഷ്യ'' പ്രസിദ്ധീകരിക്കപ്പെടുന്നു.എഴുതാൻ ആഗ്രഹിച്ചത് ഇനിയും ബാക്കിയാണ് . ഫിക്ഷൻ ആവശ്യപ്പെടുന്ന സമയവും ഏകാന്തതയും ഇനിയും കൈവന്നിട്ടില്ലാത്തതിനാൽ വലിയ എഴുത്തു സ്വപ്നങ്ങൾ ബാക്കിയാണ് .

**? നിരന്തര യാത്രകൾ നടത്തുന്നുണ്ടല്ലോ?അതിന്റെ പ്രേരണകൾ എന്താണ്?**


കുട്ടിക്കാലം മുതലേ ഈ വലിയ ലോകം എന്റെ വീട്ടിലേക്ക് വന്നി

രുന്നു. മർച്ചന്റ് നേവി ഉദ്യോഗസ്ഥ നായ അച്ഛൻ നിരന്തര യാത്രികൻ ആയിരുന്നു . ലോകത്തിന്റെ വിവിധ കോണുകളിൽ നിന്ന് അച്ഛൻ അയച്ചിരുന്ന കത്തുകളാണ് എന്റെ ആദ്യകാല വായനയിൽ ഉണ്ടായിരുന്നത്. പിന്നീടാണ് പുസ്തകങ്ങൾ വായിക്കാൻ തുടങ്ങിയത് .പത്രപ്രവർത്തകനായിരുന്ന അച്ഛൻ ''മാതൃക ' എന്ന മാസിക നടത്തി കടം കയറി നാടുവിട്ട് ബോംബെയിലെത്തി മർച്ചന്റ് നേവിയിൽ ചേരുകയായിരുന്നു .

1950 കളുടെ അവസാന കാലമായിരുന്നു അച്ഛൻ യാത്ര തുടങ്ങിയത്. അച്ഛന്റെ കത്തുകളിലൂടെ ആഫ്രിക്കയും ഫ്രാൻസും ചൈനയും സിംഗപ്പൂരും ഒക്കെ എന്റെ സ്വന്തം സ്ഥലങ്ങളായി മാറി . വിവിധ രാജ്യങ്ങളിലെ ഫോട്ടോകൾ, ചിത്രങ്ങൾ ,മാസികകൾ, സ്റ്റാമ്പുകൾ, നാണയങ്ങൾ ,വ്യൂ മാസ്റ്ററിലെ ചിത്രങ്ങൾ – ലോകം ഞങ്ങളുടെ വീട്ടിലേക്ക് വന്നുകൊണ്ടിരുന്ന കാലം. യാത്ര സ്വാഭാവികമായ ജീവിത രീതിയായി മാറുന്നതിന് മറ്റൊരു കാരണം ആവശ്യമില്ലായിരുന്നു. ഓരോ അവധിക്കാലത്തും അച്ഛൻ ഓരോ സ്ഥലങ്ങളിലേക്ക് ഞങ്ങളെ കൂട്ടിക്കൊണ്ടു പോയിരുന്നു. ഫോട്ടോഗ്രഫിയിൽ കമ്പം ഉണ്ടായിരുന്ന അച്ഛന് എക്കാലത്തും നല്ല നല്ല ക്യാമറകൾ ഉണ്ടായിരുന്നു. ഓരോ യാത്രയുടെയും ചിത്രങ്ങൾ വിദേശത്ത് കൊണ്ടുപോയി ഡെവലപ്പ് ചെയ്തു ആൽബങ്ങളിൽ നിറച്ച് അച്ഛൻ ഞങ്ങൾക്ക് കൊണ്ട് തരുമായിരുന്നു . അങ്ങനെ കുട്ടിക്കാലത്ത് തന്നെ യാത്രകൾ ജീവിതത്തിന്റെ ഭാഗമായി മാറി.

പത്തു വയസ്സുള്ളപ്പോഴാണ് തിരുവനന്തപുരത്ത് ബാലവേദി എന്ന കുട്ടികളുടെ സംഘടനയുമായി ചേർന്ന് പ്രവർത്തിക്കുവാൻ തുടങ്ങുന്നത്. തിരുവനന്തപുരം ജില്ലയിലും കേരളത്തിൽ എങ്ങും ബാലവേദി യൂണിറ്റുകൾ സംഘടിപ്പിക്കുന്നതിന് വേണ്ടി സ്കൂൾ ജീവിതകാലത്ത് തന്നെ ഒറ്റക്കും കൂട്ടായും ധാരാളം യാത്രകൾ ചെയ്യാൻ കഴിഞ്ഞു . പതിമൂന്നാം വയസ്സിലെ റഷ്യൻ യാത്രയും കൂടിയായപ്പോൾ ലോകം എന്റെ കാൽപാദങ്ങൾക്ക് എത്തിച്ചേരാൻ കഴിയുന്ന ഒന്നാണെന്ന ചിന്ത ഉറപ്പായി. കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ഇന്ത്യൻ ഇൻഫർമേഷൻ സർവീസിൽ ചേർന്നതോടെ ഔദ്യോഗികമായി തന്നെ നിരന്തരം യാത്ര ചെയ്യാനുള്ള അവസരം കിട്ടി. അതിനൊപ്പം കിട്ടാവുന്ന അവസരങ്ങളിൽ ഒക്കെ ഞാൻ യാത്ര ചെയ്തുകൊണ്ടേയിരുന്നു. ആദ്യകാലത്ത് ബന്ധുക്കളും സുഹൃത്തുക്കളും ഒക്കെ വിമർശനാത്മകമായി എന്റെ യാത്രകളെ പരിഹസിച്ചിട്ടുണ്ട് , വിമർശിച്ചിട്ടുണ്ട്. ഒറ്റയ്ക്ക് യാത്ര

**വിവിധ രാജ്യങ്ങളിലെ ഫോട്ടോകൾ, ചിത്രങ്ങൾ ,മാസികകൾ, സ്റ്റാമ്പുകൾ, നാണയങ്ങൾ ,വ്യൂ മാസ്റ്ററിലെ ചിത്രങ്ങൾ – ലോകം ഞങ്ങളുടെ വീട്ടിലേക്ക് വന്നുകൊണ്ടിരുന്ന കാലം. യാത്ര സ്വാഭാവികമായ ജീവിത രീതിയായി മാറുന്നതിന് മറ്റൊരു കാരണം ആവശ്യമില്ലായിരുന്നു. ഓരോ അവധിക്കാലത്തും അച്ഛൻ ഓരോ സ്ഥലങ്ങളിലേക്ക് ഞങ്ങളെ കൂട്ടിക്കൊണ്ടു പോയിരുന്നു. ഫോട്ടോഗ്രഫിയിൽ കമ്പം ഉണ്ടായിരുന്ന അച്ഛന് എക്കാലത്തും നല്ല നല്ല ക്യാമറകൾ ഉണ്ടായിരുന്നു. ഓരോ യാത്രയുടെയും ചിത്രങ്ങൾ വിദേശത്ത് കൊണ്ടുപോയി ഡെവലപ്പ് ചെയ്തു ആൽബങ്ങളിൽ നിറച്ച് അച്ഛൻ ഞങ്ങൾക്ക് കൊണ്ട് തരുമായിരുന്നു . അങ്ങനെ കുട്ടിക്കാലത്ത് തന്നെ യാത്രകൾ ജീവിതത്തിന്റെ ഭാഗമായി മാറി.**





ചെയ്യുന്നത് അസാന്മാർഗികമാണ് എന്ന ചിന്തകളും പങ്കുവെച്ചിട്ടുണ്ട്. എന്നിട്ടും ഞാൻ യാത്ര ചെയ്തു കൊണ്ടേയിരുന്നു .എനിക്ക് കാണാവുന്ന സ്ഥലങ്ങൾ, എന്റെ ബജറ്റിൽ ഒതുങ്ങുന്ന യാത്രകൾ, കിട്ടിയിരുന്ന ഒഴിവുസമയങ്ങളിലൊക്കെ ഞാൻ ബാഗും തൂക്കി എങ്ങോട്ടേക്കൊക്കെയോ പൊയ്ക്കൊണ്ടേയിരുന്നു.

**? യാത്രകളുടെ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനം എന്താണ് ?**

ആദ്യകാലത്ത് ടൂറിസ്റ്റ് കേന്ദ്രങ്ങളും പ്രധാന കാഴ്ച കേന്ദ്രങ്ങളും ഒക്കെ കണ്ടിരുന്നു. കൂടുതലായും ഇന്ത്യയാണ് അക്കാലത്ത് കണ്ടിരുന്നത്. കേന്ദ്ര ഗവൺമെന്റിലെ ഉദ്യോഗം വിദേശരാജ്യങ്ങളിലേക്കുള്ള യാത്രകൾക്ക് പലപ്പോഴും തടസ്സമായി . ഡൽഹിയിലെ വിവിധ മന്ത്രാലയങ്ങളിൽ നിന്ന് യാത്രാനുമതി കിട്ടാൻ വൈകിയത് കൊണ്ട് മാറ്റിവെച്ച നിരവധി വിദേശയാത്രകൾ ഉണ്ട് .ഇന്ത്യയ്ക്കകത്തുള്ള യാത്രകളിൽ വിനോദസഞ്ചാര

**പതിമൂന്നാം വയസ്സിലെ റഷ്യൻ യാത്രയും കൂടിയായപ്പോൾ ലോകം എന്റെ കാൽപാദങ്ങൾക്ക് എത്തിച്ചേരാൻ കഴിയുന്ന ഒന്നാണെന്ന ചിന്ത ഉറപ്പായി. കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ഇന്ത്യൻ ഇൻഫർമേഷൻ സർവീസിൽ ചേർന്നതോടെ ഔദ്യോഗികമായി തന്നെ നിരന്തരം യാത്ര ചെയ്യാനുള്ള അവസരം കിട്ടി. അതിനൊപ്പം കിട്ടാവുന്ന അവസരങ്ങളിൽ ഒക്കെ ഞാൻ യാത്ര ചെയ്തുകൊണ്ടേയിരുന്നു. എനിക്ക് കാണാവുന്ന സ്ഥലങ്ങൾ, എന്റെ ബജറ്റിൽ ഒതുങ്ങുന്ന യാത്രകൾ, കിട്ടിയിരുന്ന ഒഴിവുസമയങ്ങളിലൊക്കെ ഞാൻ ബാഗും തൂക്കി എങ്ങോട്ടേക്കൊക്കെയോപൊയ്ക്കൊണ്ടേയിരുന്നു.**

കേന്ദ്രങ്ങളും ചരിത്രസ്മാരകങ്ങളും ഒക്കെ കണ്ടു കഴിഞ്ഞപ്പോൾ എനിക്ക് യഥാർത്ഥ ഇന്ത്യ കാണണമെന്ന് തോന്നി . ഇന്ത്യയിലെ മനുഷ്യരെ അടുത്തറിയണമെന്ന് തോന്നി. അങ്ങനെയാണ് ''ആ കസേര ആരുടേതാണ് ?''എന്ന പുസ്തകത്തിന് വേണ്ടി ഇന്ത്യൻ ഗ്രാമങ്ങളിലേക്ക് യാത്ര ചെയ്തത്. ഏതാണ്ട് 10 വർഷക്കാലം ആറോളം സംസ്ഥാനങ്ങളിലെ ഗ്രാമങ്ങളിലേക്ക് അവിടുത്തെ പഞ്ചായത്ത് മെമ്പർമാരെയും പഞ്ചായത്ത് പ്രസിഡന്റ്മാരെയുമൊക്കെ കാണാനായി നിരന്തരം യാത്ര ചെയ്തു പലപ്പോഴും അവരോടൊത്ത് ആ ഗ്രാമങ്ങളിൽ താമസിച്ചു. ഒരിക്കൽ കണ്ട മനുഷ്യരെ പത്ത് വർഷങ്ങൾക്ക് ശേഷം വീണ്ടും പോയി കണ്ടു. അങ്ങനെയാണ് ഞാൻ ഇന്ത്യയെ അടുത്തറിഞ്ഞത്. ഓരോ പഞ്ചായത്തും ഇന്ത്യയുടെ മിടിക്കുന്ന ഹൃദയമായി എനിക്ക് അനുഭവപ്പെട്ടു .വിമാനത്തിലോ കാറിലോ സഞ്ചരിച്ച് ഒന്നോ രണ്ടോ മണിക്കൂറുകൾ ചിലവഴിച്ച് മടങ്ങുന്ന യാത്രകൾക്ക് അപ്പുറത്ത് ലോക്കൽ ബസ്സിലും ട്രെയിനിലും കയറിയിറങ്ങി നടന്നു കണ്ട ഇന്ത്യ- അതൊരു അനുഭവമായിരുന്നു. രാഷ്ട്രീയ അധികാരം നമ്മുടെ രാജ്യത്ത് ദളിതർക്കും സ്ത്രീകൾക്കും ഏതുതരത്തിലുള്ള അനുഭവമാണ് നൽകിയത് എന്ന് ബോധ്യം ഉണ്ടാക്കിയ യാത്രകൾ ആയിരുന്നു അവ.

ഏറ്റവും അവസാന യാത്ര ചെയ്തത് ചൈനയിലേക്ക് ആയിരുന്നു . തികച്ചും അത്ഭുതകരമായ ഒരു നാട് ,നാട്ടുകാർ. ചൈനയിലേയ്ക്കുള്ള യാത്രകൾ തുടരേണ്ടി വരുമെന്ന് തോന്നുന്നു.


**? യാത്രകളെ എഴുത്തിലേക്ക് സംക്രമിപ്പിക്കുമ്പോൾ നേരിടുന്ന പ്രതിസന്ധി എന്താണ്?**

വെറുതെ യാത്ര ചെയ്യുന്നതും എഴുതണം എന്ന് കരുതി യാത്ര ചെയ്യുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഒരു ഫോട്ടോ എടുക്കുന്നത് അല്ലെങ്കിൽ ഒരു വീഡിയോ എടുക്കുന്നത് പോലും യാത്രയുടെ അനുഭവത്തെ മറ്റൊന്നാക്കും.

പലപ്പോഴും ഫോട്ടോയും വീഡിയോയും ഒക്കെ എടുത്തു കഴിഞ്ഞ് ശൂന്യമായ കൈകളോടെ, മനസ്സോടെ, അത്ഭുതം നിറഞ്ഞ കണ്ണുകളോടെ ഞാൻ ഓരോ സ്ഥലത്തെയും കാണാൻ ശ്രമിക്കാറുണ്ട്. ഉള്ളിലേക്ക് ആവാഹിക്കാൻ ശ്രമിക്കാറുണ്ട്.

എഴുതാൻ വേണ്ടി ചെയ്യുന്ന യാത്രകൾ വലിയ സംഘർഷം തന്നെ ഉണ്ടാക്കും. യാത്ര ചെയ്യുന്നതിന് മുമ്പ് തന്നെ ആ സ്ഥലത്തെക്കുറിച്ച് നല്ല ധാരണ ഉണ്ടാക്കേണ്ടി വരും. യാത്ര ചെയ്യുമ്പോൾ എഴുതാനായിട്ടുള്ള വിഭവങ്ങൾ ശേഖരിക്കുക എന്നത് തന്നെ ഒരു ഉത്തരവാദിത്വമായി തന്നെ മാറും . ഞാൻ അവിടെ പോയി , ഞാൻ ഇവിടെ പോയി എന്ന് എഴുതിയാൽ യാത്രാവിവരണം വായനാക്ഷമമാവില്ല. അതുകൊണ്ടുതന്നെ പ്രത്യേകതയുള്ള മനുഷ്യരെ കാണാൻ , പ്രത്യേക കഥകൾ കണ്ടെത്താൻ ശ്രമിക്കേണ്ടി വരും. ഇത് യാത്രയുടെ രസ ചരട് പലപ്പോഴും പൊട്ടിച്ചു കളയും . യാത്ര പുഴ പോലെ ഒഴുകലാണ്. ഏതു ശ്രമവും ആ ഒഴുക്കിന് തടസ്സമാവും.

**വിനോദസഞ്ചാര കേന്ദ്രങ്ങളും ചരിത്രസ്മാരകങ്ങളും ഒക്കെ കണ്ടു കഴിഞ്ഞപ്പോൾ എനിക്ക് യഥാർത്ഥ ഇന്ത്യ കാണണമെന്ന് തോന്നി . ഇന്ത്യയിലെ മനുഷ്യരെ അടുത്തറിയണമെന്ന് തോന്നി. അങ്ങനെയാണ് "ആ കസേര ആരുടേതാണ് ?" എന്ന പുസ്തകത്തിന് വേണ്ടി ഇന്ത്യൻ ഗ്രാമങ്ങളിലേക്ക് യാത്ര ചെയ്തത്. ഏതാണ്ട് 10 വർഷക്കാലം ആറോളം സംസ്ഥാനങ്ങളിലെ ഗ്രാമങ്ങളിലേക്ക് അവിടുത്തെ പഞ്ചായത്ത് മെമ്പർമാരെയും പഞ്ചായത്ത് പ്രസിഡന്റ്മാരെയുമൊക്കെ കാണാനായി നിരന്തരം യാത്ര ചെയ്തു പലപ്പോഴും അവരോടൊത്ത് ആ ഗ്രാമങ്ങളിൽ താമസിച്ചു. ഒരിക്കൽ കണ്ട മനുഷ്യരെ പത്ത് വർഷങ്ങൾക്ക് ശേഷം വീണ്ടും പോയി കണ്ടു.**



യാത്രാ വിവരണം എഴുതുന്നത് പല തരത്തിലും പ്രയാസകരമാണ്. വസ്തുനിഷ്ഠമായി സത്യസന്ധതയോടെ കാര്യങ്ങൾ കണ്ടെത്തുകയും എഴുതുകയും വേണമല്ലോ. ഒരു ഫിക്ഷൻ റൈറ്ററുടെ സ്വാതന്ത്ര്യം യാത്രാവിവരണം എഴുതുന്ന ആൾക്ക് ഇല്ല. അതുകൊണ്ടുതന്നെ എനിക്ക് ഏറ്റവും വലിയ വെല്ലുവിളി യാത്രാവിവരണം എഴുത്താണ് .

### ❓ താങ്കൾ ഒരു ഫിക്ഷൻറൈറ്റർ കൂടിയാണല്ലോ ?ആ പശ്ചാത്തലം യാത്രയെഴുത്തിനെ എങ്ങനെ സ്വാധീനിക്കുന്നു ?

യാത്രകളിൽ എന്നിലെ സർഗ്ഗാത്മക വ്യക്തി ഉണർന്ന് മറ്റൊരാളായി പകർന്നാട്ടം നടത്തുന്നത് എനിക്ക് മാത്രം അറിയുന്ന ഒരു രഹസ്യമാണ്. ഓരോ നാടും എന്നിലെ കഥയെഴുത്തുകാരിക്ക് ഒരുപാട് സാധ്യതകൾ തുറന്നിട്ടു തരുന്നു . വഴിയരികിലെ കച്ചവടക്കാരും നിരത്തുകളിലൂടെ തിരക്കിട്ട് പോകുന്ന മനുഷ്യരും, എല്ലാവരും തന്നെ ഭാവനയ്ക്ക് അതിരില്ലാതാക്കുന്നു.

പലപ്പോഴും ഞാൻ ചിന്തിക്കാറുണ്ട് ഞാൻ ചെയ്ത യാത്രകൾ എന്റെ കഥകളിലേക്ക് യഥാർത്ഥത്തിൽ സംക്രമിപ്പിച്ചിട്ടുണ്ടോ എന്ന് കുറവാണ്. യാത്ര എഴുത്തിന്റെ സാധ്യതകൾ കഥയെഴുത്തിന്റെ സങ്കേതങ്ങളുമായി യോജിപ്പിച്ച് എഴുതാൻ ശ്രമിച്ച പുസ്തകമാണ് ''ബ്രഹ്മപുത്രയിലെ വീട്'' . അതിലെ എഴുത്ത് രീതി ഒരു കഥാകൃത്തിന്റെ എഴുത്തു രീതിയാണ്. എന്നാൽ സംഭവങ്ങൾ ഒക്കെ യാത്രയുടെ അനുഭവങ്ങളും .

പിന്നീട് ''ആ കസേര ആരുടേതാണ് ? ''എഴുതുമ്പോഴും ഞാൻ കണ്ട അത്ഭുതകരമായ ജീവിതങ്ങൾ കഥകൾ പോലെയാണ് എഴുതിയത്. അറിയാതെ സംഭവിച്ചതാണത്.

**? കാഴ്ചകളിലും അനുഭവങ്ങളിലും സ്ത്രീ വീക്ഷണം പുലർത്താറുണ്ടോ ?**

സ്ത്രീയായി ജീവിക്കുമ്പോൾ കാഴ്ചകളിലും അനുഭവങ്ങളിലും സ്ത്രീവീക്ഷണം വരുന്നത് സ്വാഭാവികമാണ്.യാത്രയിൽ പ്രത്യേകിച്ചും .ഏറ്റവും ഒടുവിലത്തെ യാത്രയിൽ ചൈനയിൽ കണ്ട ഓരോ സ്ത്രീ മുഖത്തിലും ഞാൻ ഓരോ സ്ത്രീ അനുഭവം കണ്ടെത്താൻ ശ്രമിച്ചിട്ടുണ്ട്. സുരക്ഷയും പൊതുഗതാഗത സംവിധാനങ്ങളിലെ സ്ത്രീകൾക്കുള്ള സംവിധാനങ്ങളും എന്നു വേണ്ട ചെറിയ പെൺകുട്ടികൾക്ക് മുതിർന്നവർ നൽകുന്ന പ്രാധാന്യമൊക്കെ ഞാൻ ശ്രദ്ധിച്ചുകൊണ്ടിരുന്നു.

ഏതു യാത്രയിലും ഇതൊക്കെ അങ്ങനെ തന്നെയാണ്. യാത്രയിലാണ് സ്ത്രീ എന്ന അനുഭവം ഏറ്റവും ആഴത്തിൽ സ്വാധീനിക്കാറുള്ളത്. നമ്മുടെ ട്രെയിനുകളിലും ബസുകളിലും വിവിധ പ്രായങ്ങളിൽ അനുഭവിച്ച അപമാനങ്ങൾ, അസ്വസ്ഥതകൾ അതൊക്കെ മറ്റു നാടുകളിലെ കാഴ്ചകളെ സ്ത്രീപക്ഷത്തിലൂടെ വിലയിരുത്താൻ പ്രേരണ നൽകുന്നത് സ്വാഭാവികമല്ലേ ?

സ്ത്രീകളുടെ ജീവിതാനുഭവങ്ങൾ മനസ്സിലാക്കാൻ പുരുഷമാർക്ക് പ്രയാസമാണ്. ഓരോ അശ്ലീല വാക്കും , നോട്ടവും സ്പർശവും എത്ര ആഴത്തിലാണ് മുറിവുണ്ടാക്കുന്നതെന്ന് പറഞ്ഞു മനസ്സിലാക്കാൻ പ്രയാസമാണ്.

**? പാർശ്വവൽക്കരിക്കപ്പെട്ടവർക്കിടയിലൂടെ, ജാതി കേന്ദ്രീകൃത സമൂഹങ്ങൾക്കിടയിലൂടെ**



**യാത്ര എഴുത്തിന്റെ സാധ്യതകൾ കഥയെഴുത്തിന്റെ സങ്കേതങ്ങളുമായി യോജിപ്പിച്ച് എഴുതാൻ ശ്രമിച്ച പുസ്തകമാണ് "ബ്രഹ്മപുത്രയിലെ വീട്" . അതിലെ എഴുത്ത് രീതി ഒരു കഥാകൃത്തിന്റെ എഴുത്തു രീതിയാണ്. എന്നാൽ സംഭവങ്ങൾ ഒക്കെ യാത്രയുടെ അനുഭവങ്ങളും . പിന്നീട് "ആ കസേര ആരുടേതാണ് ? "എഴുതുമ്പോഴും ഞാൻ കണ്ട അത്ഭുതകരമായ ജീവിതങ്ങൾ കഥകൾ പോലെയാണ് എഴുതിയത്. അറിയാതെ സംഭവിച്ചതാണത്. –**

**യാത്ര ചെയ്യുമ്പോൾ നേരിടുന്ന രാഷ്ട്രീയാനുഭവങ്ങൾ എന്താണ്?**

രാഷ്ട്രീയ അധികാരത്തിന്റെ ഗുണഭോക്താക്കളായ സ്ത്രീകളെയും ദളിതരെയും ആദിവാസികളെയും കാണാനായി നടത്തിയ യാത്രകൾ എന്നെ പലപ്പോഴും നൊമ്പരപ്പെടുത്തിയിട്ടുണ്ട് . സ്വാതന്ത്ര്യം കിട്ടി ഏതാണ്ട് എട്ട് ദശാബ്ദത്തോളമാകുമ്പോഴും നമ്മൾ എവിടെയും എത്തിയില്ല എന്ന അറിവ് വേദനയുണ്ടാക്കും. തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ ഇങ്ങനെ ഒട്ടല്ലഹോ ജാതി കോമരങ്ങൾ എന്ന കവിവചനം പലയിടത്തും ഇപ്പോഴും യാഥാർത്ഥ്യമാണ്. ജാതിയും ലിംഗവും എത്ര വിഷമകരമായ സാഹചര്യങ്ങളാണ് നമ്മുടെ നാട്ടിൽ സൃഷ്ടിക്കുന്നത് എന്ന് നേരിട്ട് കണ്ടപ്പോൾ അമ്പരപ്പ് തോന്നിപ്പോയി. ജാതിയുടെ , ലിംഗ ബോധത്തിന്റെ നിരവധി അടരുകൾ നമ്മുടെ സമൂഹത്തെ ഇന്നും നൂറ്റാണ്ടുകൾക്ക് പിന്നിൽ തളച്ചിടുക തന്നെയാണ്. എന്തുകൊണ്ടാണ് നമ്മുടെ നാട് വികസനത്തിന്റെ ശരിയായ ദിശ കൈവരിക്കാത്തത് എന്നു ചിന്തിക്കുമ്പോൾ പല തട്ടുകളിൽ മനുഷ്യരെ പ്രതിഷ്ഠിച്ചിരിക്കുന്നത് പ്രധാന കാരണമാണെന്ന് എനിക്ക് തോന്നുന്നു. പിന്നെ രാഷ്ട്രീയം അധികാരത്തിന്റെ കൂടെ നിൽക്കുന്ന ഒരു സംവിധാനമാണ്. ഒരിക്കൽ കിട്ടിയ അധികാരം വേണ്ടെന്നു വയ്ക്കാൻ തയ്യാറാകുന്നവർ വളരെ കുറവാണ് . നൂറ്റാണ്ടുകളായി സഹനജീവനം നടത്തിക്കൊണ്ടിരുന്ന സ്ത്രീകളെയും ദളിതരെയും കസേരകളിൽ ഇരുത്തുവാൻ അത്ര എളുപ്പമൊന്നുമല്ല. പലർക്കും രാഷ്ട്രീയം നാടിന്റെയോ നാട്ടുകാരുടെയോ നന്മ ലക്ഷ്യമാക്കിയുള്ളതല്ലല്ലോ . പല രാഷ്ട്രീയക്കാരും അവർക്കും അവരുടെ പാർട്ടിക്കും മാത്രം ഗുണം

കാംക്ഷിക്കുന്നവരാണ് .ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വലിയൊരു ശതമാനത്തെ കുറിച്ച് ആർക്കാണ് ചിന്തയുള്ളത് ?

**? നമ്മുടെ പ്രധാന എഴുത്തുകാരൊക്കെ യാത്രികർ കൂടിയാണ്.അത്തരം എഴുത്തുകാരുടെ സഞ്ചാരവഴികൾ പ്രചോദനമായിട്ടുണ്ടോ ?**

യാത്രയും എഴുത്തും തമ്മിലുള്ള മനോഹരമായ സംയോജനം ഏറ്റവും കൂടുതൽ പ്രതിഫലിച്ചിട്ടുള്ളത് വൈക്കം മുഹമ്മദ് ബഷീറിന്റെ കൃതികളിലാണ്. അദ്ദേഹം കണ്ട ജീവിതം , അനുഭവിച്ച ജീവിതം വളരെ തന്മയത്വത്തോടെ, സ്വാഭാവികമായി അവതരിപ്പിച്ചപ്പോൾ ഉജ്ജ്വലമായ സാഹിത്യമായി മാറി. നമുക്ക് പരിചിതമായ ജീവിത പരിസരങ്ങൾക്കപ്പുറത്ത് വ്യത്യസ്തമായ ഭൂമികകളെയും മനുഷ്യരെയും കാണാനാണ് നമ്മൾ യാത്ര ചെയ്യുന്നത്. വായനയിലൂടെ ഇത്തരമൊരു തേടൽ നടക്കുന്നുണ്ട്. അത് മനസ്സിന്റെ ഉള്ളിലേയ്ക്കാണെങ്കിലും മറ്റു സ്ഥലങ്ങളിലേക്കുള്ള വഴികളിലൂടെയാണെങ്കിലും നമുക്ക് ഇഷ്ടമാണ്. ബംഗാളി സാഹിത്യവും സോവിയറ്റ് സാഹിത്യവും വായിച്ചു വളർന്നവരാണ് നമ്മൾ . കൊൽക്കൊത്തയിൽ ചെന്നിറങ്ങുമ്പോൾ കാളിഘാട്ടിൽ പോകണമെന്നും മോസ്കോയിൽ ചെന്നാൽ ലെനിനെ കാണണമെന്നും റഷ്യൻ യാത്രകളിൽ മഞ്ഞുപെയ്യുന്നത് മനസ്സിലേക്ക് ആവാഹിക്കണം എന്നും ഒക്കെ നമ്മളെ ശീലിപ്പിച്ചത് പുസ്തകങ്ങളാണ്. അങ്ങനെ നോക്കുമ്പോൾ സഞ്ചാര വഴികൾ എഴുത്തുമായി ഒരുമിപ്പിക്കുന്നത് തീർത്തും സഹജമാണെന്ന് തോന്നുന്നു.

> **യാത്രയിലാണ് സ്ത്രീ എന്ന അനുഭവം ഏറ്റവും ആഴത്തിൽ സ്വാധീനിക്കാറുള്ളത്. നമ്മുടെ ട്രെയിനുകളിലും ബസുകളിലും വിവിധ പ്രായങ്ങളിൽ അനുഭവിച്ച അപമാനങ്ങൾ, അസ്വസ്ഥതകൾ അതൊക്കെ മറ്റു നാടുകളിലെ കാഴ്ചകളെ സ്ത്രീപക്ഷത്തിലൂടെ വിലയിരുത്താൻ പ്രേരണ നൽകുന്നത് സ്വാഭാവികമല്ലേ ?സ്ത്രീകളുടെ ജീവിതാനുഭവങ്ങൾ മനസ്സിലാക്കാൻ പുരുഷമാർക്ക് പ്രയാസമാണ്. ഓരോ അശ്ലീല വാക്കും , നോട്ടവും സ്പർശവും എത്ര ആഴത്തിലാണ് മുറിവുണ്ടാക്കുന്നതെന്ന് പറഞ്ഞു മനസ്സിലാക്കാൻ പ്രയാസമാണ്.**

**? വരാനിരിക്കുന്ന യാത്രകളെ എങ്ങനെ വിഭാവനം ചെയ്യുന്നു ?**


50 വർഷം മുമ്പാണ് മോസ്കോയിലേക്ക് ആദ്യ യാത്ര നടത്തിയത് . ഒരിക്കൽ കൂടി ആ കാഴ്ചകളിലേക്ക് മടങ്ങിച്ചെന്ന് ''ബീന കണ്ട റഷ്യ''യിലെ പതിമൂന്നുകാരി പെൺകുട്ടി കണ്ട കാഴ്ചകൾ ഇപ്പോൾ എങ്ങനെയാണെന്നും മുതിർന്ന സ്ത്രീയായ ഞാൻ ഇപ്പോൾ എങ്ങനെയാണ് ആ കാഴ്ചകൾ കാണുന്നതെന്നും അറിയണമെന്നുണ്ട് . അതൊരു പ്രതീക്ഷ തന്നെയാണ്.

ഞാൻ പരിശീലിക്കുന്ന ധ്യാന വഴിയുടെ ആസ്ഥാനമായ ജപ്പാനിലെ ക്യോട്ടോ ബക്കറ്റ് ലിസ്റ്റിലുള്ള മറ്റൊരു സ്ഥലമാണ്. ഈ പ്രപഞ്ചം മുഴുവൻ എന്റേതാണെന്ന ബോധമാണ് യാത്രകൾ എന്നിൽ നിറയ്ക്കുന്നത്. യാത്ര ചെയ്യണം , യാത്ര ചെയ്തു കൊണ്ടേയിരിക്കണം .

ഇനിയുള്ള യാത്രകൾ എഴുതാനുള്ള യാത്രകൾ ആകരുത് എന്നുള്ളതാണ് സ്വാർത്ഥമായ ചിന്ത . (പക്ഷേ ഓരോ യാത്രയും കഴിഞ്ഞു വരുമ്പോൾ യാത്രയെക്കുറിച്ച് എഴുതാൻ ആവശ്യപ്പെടുന്ന എഴുത്തുസാഹചര്യങ്ങൾ പലപ്പോഴും ആഗ്രഹത്തിന് എതിരാകുന്നതാണ് അനുഭവം. )

ഒന്നിനും ഒന്നിനും അല്ലാതെ ലോകം മുഴുവൻ ഉള്ള കാഴ്ചകൾ കണ്ടുകൊണ്ടേയിരിക്കണം. അച്ഛൻ നടന്ന വഴികളിലൂടെ നടന്നു കൊണ്ടേയിരിക്കണം. സ്വപ്നമാണ്. സ്വപ്നങ്ങളാണല്ലോ ജീവിതത്തെ സമ്പന്നമാക്കുന്നത്.








**Abel's Garden PVT LTD Karimannoor P.O.**
**Thodupuzha, Idukki, Kerala, India PIN. 685581**
**Email: hello@abelsgarden.in**
**Phone: +917034413000, +917034643000, +919778050077**

● ചെറുകഥ



ശ്രീകുമാരൻ
ഭാസ്കരൻ



# മേരിയമ്മ

"ഈ മേരിയമ്മയെക്കൊണ്ട് മടുത്തു''.

ഈർഷ്യയോടെ സായി പറഞ്ഞു. ഞാൻ ഒന്നും പറഞ്ഞില്ല. കാരണം മഞ്ഞൾപ്പൊടിയും ഉപ്പും മാത്രമിട്ട് പുഴുങ്ങിയെടുത്ത അമരയ്ക്ക തോരൻ എങ്ങനെ അകത്താക്കാം എന്ന ഗവേഷണത്തിലായിരുന്നു ഞാനപ്പോൾ.

''ഇങ്ങനെ എത്ര നാൾ'' വീണ്ടും സായി പിറുപിറുത്തു. അപ്പോഴും ഞാൻ ഒന്നും പറഞ്ഞില്ല. കാരണം അത് ഒരു ആത്മഗതമായി ഞാൻ വരവു വെച്ചു. പക്ഷേ അവൻ എന്നിൽ നിന്നും ഒരു മറുപടി പ്രതീക്ഷിക്കുന്നു. അതിനു കാരണമുണ്ട്. അത് ന്യായവുമാണ്.

''നിനക്കൊന്നും പറയാനില്ലേ.'' പെട്ടെന്ന് സായി ദേഷ്യത്തോടെ എന്നോടു ചോദിച്ചു.

**ഫാദർ പുനക്കുളം ഞങ്ങളുടെ പ്രിൻസിപ്പലായിരുന്നു. സുന്ദരൻ സുമുഖൻ പിന്നെ ലക്ഷണമൊത്ത ഒരു നന്മമരം. അവിടെയാണെനിക്ക് തെറ്റു പറ്റിയത്. എല്ലാ ദുരന്തത്തിന്റെയും തുടക്കം സ്നേഹബന്ധത്തിൽ നിന്നാണല്ലോ. എനിക്കും അതങ്ങനെതന്നെയായിരുന്നു.**

''ഞാൻ എന്തു പറയാൻ. നീ കഴിക്കുന്നത് തന്നെയല്ലേ ഞാനും കഴിക്കുന്നത്''

ഞാൻ ന്യായം കണ്ടെത്തി.

''എന്നോടല്ല അച്ഛനോട്.''

''നിനക്കെന്താ പറഞ്ഞാല്''

ഞാൻ ശുണ്ഠിയെടുത്തു.

''ഓ. അത് ശരി. ഇപ്പോ അങ്ങനെയായി കാര്യങ്ങൾ. വല്യ കു

ഴപ്പമില്ലാതെ ഹോട്ടലിൽ നിന്നും ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന എന്നെ നല്ല ഭക്ഷണമാണ് മേടയിലെ എന്നൊക്കെപ്പറഞ്ഞ് ഈ കുടുക്കിൽ ചാടിച്ചത് നീയല്ലേ''

സത്യമാണ്. എനിക്ക് ഉത്തരം മുട്ടി.

അപ്പോൾ ഫാദർ പുനക്കുളത്തിനെ എനിക്കു കിട്ടിയിരുന്നു എങ്കിൽ ഞാനാ മനുഷ്യനെ കൊന്നേനെ.

ഫാദർ പുനക്കുളം ഞങ്ങളുടെ പ്രിൻസിപ്പലായിരുന്നു. സുന്ദരൻ സുമുഖൻ പിന്നെ ലക്ഷണമൊത്ത ഒരു നന്മമരം. അവിടെയാണെനിക്ക് തെറ്റു പറ്റിയത്.

എല്ലാ ദുരന്തത്തിന്റെയും തുടക്കം സ്നേഹബന്ധത്തിൽ നിന്നാണല്ലോ. എനിക്കും അതങ്ങനെതന്നെയായിരുന്നു.

ഒരു ദിവസം പ്ലസ് ടുവിന് ക്ലാസ് എടുത്തിട്ടു വരുന്ന എന്നോട് ഫാദർ പുനക്കുളം സ്നേഹപൂർവ്വം ചോദിച്ചു.

''സാറെന്തിനാണ് പുറത്തു നിന്നും ഭക്ഷണം കഴിക്കുന്നത്. നമുക്കിവിടെ മേടയിൽ നിന്നാകാം ഭക്ഷണം. ഇപ്പോൾ ഞങ്ങൾ രണ്ടു പേരല്ലേയുള്ളൂ. രണ്ടു പേരു കൂടെ കൂടിയാൽ നമുക്ക് ഒരു മെസ്സ് പോലെ തുടങ്ങാം. ഡിവിഡന്റ് സിസ്റ്റം. എല്ലാവർക്കും ലാഭമായിരിക്കുമത്. നമ്മൾ ഭക്ഷണച്ചിലവ് മാത്രം നോക്കിയാൽ മതി. കുക്കിന്റെ ശമ്പളം പള്ളിക്കൽ നിന്നും കൊടുത്തു കൊള്ളും.''

ആലോചിച്ചപ്പോൾ എനിക്കും അത് നല്ലതാണെന്നു തോന്നി. ഹോട്ടലിൽ ചിലവാകുന്നതിന്റെ പകുതി ചിലവ് വരില്ല. മാത്രമല്ല നല്ല രുചികരമായ ഭക്ഷണവും കഴിക്കാം.

മെസ്സിൽ ആളു കൂടിയാൽ ചിലവ് കുറയും. അതാണ് ഡിവിഡന്റ് സിസ്റ്റത്തിന്റെ മെച്ചം.

അതുകൊണ്ടാണ് ഞാൻ സായിയെക്കൂടെ മെസ്സിലേക്ക് കൂട്ടിയത്.

ഞങ്ങൾ മെസ്സ് തുടങ്ങിയതിന്റെ ഐശ്വര്യം കൊണ്ടാകാം അതുവരെ അടുക്കളയിൽ ഉണ്ടായിരുന്ന സ്കറിയ ചേട്ടൻ ആയുർവേദ ട്രീറ്റ്മെൻടിലായി. പാചകം വിട്ടു. പിന്നെ ഏതാനും ദിവസം ഞങ്ങളിൽ ആരെങ്കിലും ഒക്കെക്കേറി പാചകം ചെയ്യും. ഒരാഴ്ച കഴിഞ്ഞപ്പോൾ പുതിയ ഒരാൾ പാചകത്തിനെത്തി.

അതായിരുന്നു മേരിയമ്മ.

പള്ളിയുടെ ഖജാൻജി വർഗ്ഗീസ് പുളിങ്കുന്നിൽ കൊണ്ടുവന്ന കുക്കാണ് മേരിയമ്മ.

ആദ്യ ദിനം തന്നെ മേരിയമ്മ ഞങ്ങളെ ഞെട്ടിച്ചു കളഞ്ഞു.

**ഇതിനോടകം മേരിയമ്മയുടെ പാചകവൈഭവം തിരിച്ചറിഞ്ഞ ഞങ്ങൾ മേരിയമ്മയ്ക്ക് നൂറിൽ നൂറു മാർക്കും കൊടുത്തു. ഒട്ടും പിശുക്കിയില്ല. ഭാവിയിലുണ്ടാകാൻ സാധ്യതയുള്ള നല്ല കറികളുടെ സ്മരണ മുൻനിർത്തിയാണ് ഞങ്ങൾ അങ്ങനെ ചെയ്തത്. പക്ഷേ ഞങ്ങൾക്ക് തെറ്റി.**

തെങ്ങിന്റെ ഇളം കൂമ്പ് അരിഞ്ഞ് തേങ്ങ കൊത്തിട്ട് കുടമ്പുളി ചേർത്തൊരു പെരട്ട്. നല്ല മീൻ കറിയുടെ ടേസ്റ്റ്. മീൻ ഇല്ലാത്ത മീൻ കറി. ആ കറി എല്ലാവരുടേയും മനസ്സ് കീഴടക്കി.

ഫെറോന പള്ളി വികാരിയും സ്കൂൾ മാനേജരുമായ ഫാദർ തോമസ് വട്ടക്കുന്നിലെന്ന ശുദ്ധ സസ്യഭുക്കും അതിൽ വീണു. അദ്ദേഹത്തിനും പെരട്ട് നന്നേ ബോധിച്ചു.

അങ്ങനെ മേരിയമ്മ ഞങ്ങളുടെ ആസ്ഥാന കുക്കായി അവരോധിക്കപ്പെട്ടു.

പെരട്ടിൽ നിന്നും ഊർജ്ജമുൾക്കൊണ്ട വട്ടക്കുന്നിൽ 'ഒരു മെനു തയ്യാറാക്കി മേരിയമ്മയ്ക്ക് കൊടുക്കണം' എന്ന് എന്നോടു പറഞ്ഞു.

'ഉടൻ വേണം. താമസിക്കരുത്.''

അച്ചൻ കർക്കശമായി താക്കീത് ചെയ്തു. കൂടാതെ ഒരു കാര്യം അച്ചൻ എടുത്തു പറഞ്ഞു.

''എല്ലാ തിങ്കളാഴ്ചയും നൂലപ്പവും കിഴങ്ങുകറിയും ഉണ്ടാവണം.''

ഇതിനോടകം മേരിയമ്മയുടെ പാചകവൈഭവം തിരിച്ചറിഞ്ഞ ഞങ്ങൾ മേരിയമ്മയ്ക്ക് നൂറിൽ നൂറു മാർക്കും കൊടുത്തു. ഒട്ടും പിശുക്കിയില്ല. ഭാവിയിലുണ്ടാകാൻ സാധ്യതയുള്ള നല്ല കറികളുടെ സ്മരണ മുൻനിർത്തിയാണ് ഞങ്ങൾ അങ്ങനെ ചെയ്തത്. പക്ഷേ ഞങ്ങൾക്ക് തെറ്റി.

പ്രണയ കാലത്ത് തേനൊലിപ്പിച്ചു നടന്നവൻ വിവാഹം കഴിയുമ്പോൾ കാണിക്കുന്ന തനിനിറം പോലെ മേരിയമ്മ തനിനിറം കാണിച്ചു. അതും ഒറ്റ ദിവസം കൊണ്ട്.

മെനു തയ്യാറാക്കി ആദ്യദിനം വൈകിട്ട് ഞാനതുമായി മെസ്സിലേക്ക് പോയി. വൈകിട്ട് വിവഭസമൃദ്ധമായ അത്താഴം പ്രതീക്ഷിച്ച എനിക്ക് പക്ഷേ നിരാശപ്പെടുത്തുന്ന വിവഭമായിരുന്നു കിട്ടിയത്. ഓട്ടടയും പഞ്ചസാരയും. കൂടെ ജീരകവെള്ളവും.

ഓട്ടടയും ജീരകവെള്ളവും. ആ ഒരു കോമ്പിനേഷന്റെ യുക്തി എത്ര ആലോചിച്ചിട്ടും എനിക്കു മനസ്സിലായില്ല.

ദേഷ്യം തോന്നിയെങ്കിലും ഞാൻ ഒന്നും മിണ്ടിയില്ല. എന്തായാലും നാളെ മുതൽ ഇതാവില്ല അവസ്ഥ എന്നു മാത്രം ഞാൻ മനസ്സിൽ കരുതി. കാരണം അതിനു പറ്റിയ മെനുവായിരുന്നു എന്റെ കൈവശം ഉണ്ടായിരുന്നത്. അല്ലെങ്കിൽ ഞാനുണ്ടാക്കിയിരുന്നത്.

ഭക്ഷണം കഴിക്കുമ്പോൾ മേരിയമ്മ എന്റെ അരുകിൽ വന്ന് ലോഹ്യം പറഞ്ഞു തുടങ്ങി. അല്പസമയത്തിനുള്ളിൽ അവർ അവരുടെ ജീവചരിത്രത്തിന്റെ ഭാണ്ഡകെട്ടഴിച്ചു.

1960കളിൽ കുട്ടനാട്ടിൽ നിന്നും ഇടുക്കി മലനിരകളിൽ വന്ന് കാട്



വെട്ടിത്തെളിച്ച് കൃഷി ചെയ്തു ജീവിതം തുടങ്ങിയ വ്യക്തിയാണ് മേരിയമ്മ. ഒരു ഒന്നൊന്നര പുരുഷന് തുല്യമായ ശക്തിയുള്ള വ്യക്തി. ശരീര വലിപ്പവും അങ്ങനെ തന്നെ.

അന്ന് കാടു വെട്ടിത്തെളിച്ചു വളച്ചുകെട്ടി എട്ടേക്കറ് സ്ഥലം മേരിയമ്മ സ്വന്തമാക്കി. അതിനു പട്ടയവും കിട്ടി. എങ്കിലും ദരിദ്രമായിരുന്നു അവരുടെ ജീവിതം. അസുഖം മൂലം അവരുടെ ആറ് മക്കളിൽ നാലും മരിച്ചു പോയി.

പല ആവശ്യത്തിനായി പലപ്പോഴായി വസ്തുവിന്റെ നല്ല ഭാഗവും വിറ്റൊഴിഞ്ഞു. അവസാനം ഇപ്പോൾ കൈവശമുള്ളത് അവരുടെ ഒരു ചെറിയ വീടിരിക്കുന്ന പതിനഞ്ചു

**അന്ന് കാടു വെട്ടിത്തെളിച്ചു വളച്ചുകെട്ടി എട്ടേക്കറ് സ്ഥലം മേരിയമ്മ സ്വന്തമാക്കി. അതിനു പട്ടയവും കിട്ടി. എങ്കിലും ദരിദ്രമായിരുന്നു അവരുടെ ജീവിതം. അസുഖം മൂലം അവരുടെ ആറ് മക്കളിൽ നാലും മരിച്ചു പോയി. പല ആവശ്യത്തിനായി പലപ്പോഴായി വസ്തുവിന്റെ നല്ല ഭാഗവും വിറ്റൊഴിഞ്ഞു. അവസാനം ഇപ്പോൾ കൈവശമുള്ളത് അവരുടെ ഒരു ചെറിയ വീടിരിക്കുന്ന പതിനഞ്ചു സെന്റ് സ്ഥലം മാത്രം. ഇപ്പോൾ ഒരു കൃഷിയുമില്ല. അതിനുള്ള സ്ഥലമില്ല.**

സെന്റ് സ്ഥലം മാത്രം. ഇപ്പോൾ ഒരു കൃഷിയുമില്ല. അതിനുള്ള സ്ഥലമില്ല.

''അതിയാനെക്കൊണ്ട് യാതൊരു പ്രയോജനവും ഉണ്ടായിരുന്നില്ല. കുടി തന്നെ കുടി''.

കെട്ടിയോനെപ്പറ്റിയാണ് മേരിയമ്മ പറയുന്നത്.

മേരിയമ്മ ഒരു നിമിഷം മൌനം പൂണ്ടു. പിന്നെ പതുക്കെപ്പറഞ്ഞു.

''അതിയാനെ അറുപത് തികയ്ക്കുന്നതിന് മുൻപ് ദൈവം കൈക്കൊണ്ടു''.

മേരിയമ്മ മൌനത്തിലായി.

''എന്തായിരുന്നു. അസുഖം വല്ലതും''.

പോക്കറ്റിലിരുന്ന മെനു പേപ്പർ

എടുക്കുന്നതിനിടയിൽ ഞാൻ ചോദിച്ചു.

''ഓ. അങ്ങനൊന്നുമില്ല. ഒരു ദിവസം ഞാൻ അമ്മിക്കല്ലിൽ തേങ്ങ അരച്ചുകൊണ്ടിരിക്കുമ്പോൾ മുറ്റത്തു നിന്നു പല്ലുതേച്ചു കൊണ്ടിരുന്ന അതിയാൻ എനിക്കു പിടിക്കരുതാഴ്ക എന്തോ ഒന്ന് പറഞ്ഞു. ഞാനപ്പോൾ അരച്ചുകൊണ്ടിരുന്ന അരകല്ലിന്റെ കൊഴവി എടുത്ത് ഒരേറു വെച്ചു കൊടുത്തു. അതു നെഞ്ചിൽ കൊണ്ട് അതിയാൻ വീണു. അങ്ങനെ രണ്ടു ദിവസം കിടന്നു. എന്തു പറയാനാ സാറേ. മൂന്നാം പക്കം അതിയാനങ്ങ് പോയി.''

ഒരു ദീർഘനിശ്വാസത്തോടെ മേരിയമ്മ പറഞ്ഞു നിർത്തി.

ഞാനൊന്ന് ഞെട്ടി. കെട്ടിയോനെ അമ്മിക്കല്ലുകൊണ്ടെറിഞ്ഞു കൊന്ന പാർട്ടിയാണ് മുന്നിൽ നിൽക്കുന്നത്.

നമ്മളോട് വല്ല പിടിക്കരുതാഴ്കയും തോന്നിയാൽ ആഹാരത്തിൽ വിഷം ചേർത്തു തരാൻ മടിക്കാത്തത്ര കരളുറപ്പുള്ള ഒരു കഥാപാത്രമാണ് പാചകം ചെയ്യുന്നത്. അവരോട് ആഹാരം ഇന്നത് ഉണ്ടാക്കണം എന്നു പറയുന്നത് ബുദ്ധിശൂന്യതയാണ്.

ഞാൻ പുറത്തെടുത്ത മെനുപേപ്പർ പതുക്കെ പോക്കറ്റിനുള്ളിലേക്ക് തിരുകി. മേരിയമ്മ കാണാതെ.

''മെനു കൊടുത്തില്ലേ?''

അടുത്ത ദിനം മെനുവിലെ വിഭവം കാണാത്തതുകൊണ്ട് വല്യച്ചൻ ഫാദർ തോമസ് വട്ടക്കുന്നിൽ എന്നോട് അന്വേഷിച്ചു.

''ഇല്ല''

''അതെന്താ''

''എനിക്ക് അല്പനാളുകൂടി ജീവിച്ചിരിക്കാൻ താല്പര്യമുണ്ട്''


അച്ചൻ എന്നെ രൂക്ഷമായി നോക്കി.

ഞാൻ മേരിയമ്മ ചരിതം ചുരുക്കി അച്ചനെ ധരിപ്പിച്ചു. പിന്നെ ഭരതവാക്യം പറഞ്ഞു നിർത്തി.

''അമ്മിക്കല്ലുകൊണ്ട് ഏറുവാങ്ങി ചാവാൻ എനിക്കു താല്പര്യമില്ലച്ചോ അതുകൊണ്ടാ''

ഒരു നിമിഷം. അച്ചൻ പൊട്ടിച്ചിരിച്ചു.

''ഈ ഒഴിയാബാധ ഒഴിഞ്ഞു പോകാൻ വല്ല നൊവേനയും നോക്കേണ്ടി വരും എന്നാണ് എനിക്കു തോന്നുന്നത്.'' ഞാൻ പറഞ്ഞു.



**ഞാൻ മേരിയമ്മ ചരിതം ചുരുക്കി അച്ചനെ ധരിപ്പിച്ചു. പിന്നെ ഭരതവാക്യം പറഞ്ഞു നിർത്തി. "അമ്മിക്കല്ലുകൊണ്ട് ഏറുവാങ്ങി ചാവാൻ എനിക്കു താല്പര്യമില്ലച്ചോ അതുകൊണ്ടാ" ഒരു നിമിഷം. അച്ചൻ പൊട്ടിച്ചിരിച്ചു.**

അച്ചൻ ചിരിച്ചു കൊണ്ട് കൈ കഴുകാൻ എണീറ്റു.

ഒരാഴ്ചയ്ക്കുള്ളിൽ ഞങ്ങളുടെ ക്ഷമയെ പരീക്ഷിച്ചുകൊണ്ട് മേരിയമ്മ ആ കലാപരിപാടി തുടങ്ങി. അമരയ്ക്ക തോരൻ പരീക്ഷണം.

അമരയ്ക്ക അരിഞ്ഞ് ഉപ്പും മഞ്ഞൾ പൊടിയുമിട്ട് പുഴുങ്ങി എടുക്കുന്ന വിഭവം. അതുമാത്രം. എന്നും.

ഈ കലാപരിപാടി സഹിച്ച് രണ്ടു മാസം കഴിഞ്ഞപ്പോൾ ഒരു ദിനം സായി പൊട്ടിത്തെറിച്ചു.

ഇതിനോടകം വല്യച്ചൻ ചോറിനോട് വിട പറഞ്ഞു കഴിഞ്ഞിരുന്നു. ആഹാരം നാലു പീസ് ബിസ്കറ്റിലൊതുക്കി. നാലു പീസ് ബിസ്കറ്റിൽ അദ്ദേഹം തന്റെ സ്വർഗ്ഗരാജ്യം തീർത്തു. പക്ഷേ ഞങ്ങൾക്കത് പറ്റുമായിരുന്നില്ല.

സഹികെട്ടപ്പോഴാണ് സായി എന്നോടു പൊട്ടിത്തെറിച്ചത്.

സായിയെ തൃപ്തിപ്പെടുത്താൻ അച്ചന്റെ മുറിയിൽ പരാതിയുമായി ഞാൻ ചെന്നപ്പോൾ അച്ചൻ രണ്ടു പീസ് ബിസ്ക്കറ്റ് സ്നേഹപൂർവ്വം എനിക്ക് എടുത്തു നീട്ടി.

''പിണ്ണാക്ക് ഞാൻ കഴിക്കാറില്ല''.

ഒട്ടും മയമില്ലാതെ വളരെ പരുഷമായി അച്ചനോട് അങ്ങനെ പറഞ്ഞിട്ട് ഞാൻ പുറത്തേക്ക് നടന്നു. ആ മറുപടിയിൽ മേരിയമ്മയോടുള്ള എന്റെ പ്രതിഷേധം തിളച്ചുനിന്നു.

മേടയിലെ ഭക്ഷണം സാമാന്യ ജനം കരുതുന്നത് പോലെ അത്ര മികച്ചതായിരുന്നില്ല. കാരണം അച്ചന്മാരിൽ ചിലരെങ്കിലും രുചിരഹിത ഭക്ഷണം എന്ന ആശയത്തോട് ചേർന്നു നിൽക്കുന്നവരായിരുന്നു.

മേടയിൽ പൊതുവേ ആണുങ്ങളാണ് പാചകത്തിനായി വരാറുള്ളത്. അല്ലെങ്കിൽ നിയമിക്കാറുള്ളത്. പാചകക്കാർക്ക് മിക്കവാറും തുച്ഛമായ ശമ്പളവും ആയിരിക്കും. അതുകൊണ്ട് തന്നെ നല്ല പാചകക്കാരാരും മേടയിൽ പാചകത്തിന് വരില്ല.

ആ സാഹചര്യത്തിൽ എത്തപ്പെട്ട വ്യക്തിയാണ് മേരിയമ്മ.

അന്ന് കുശലപ്രശ്നത്തിന് ശേഷം മേരിയമ്മ എന്നോടു ചോദിച്ചു.

''സാർ എങ്ങനെയുണ്ടായിരുന്നു ഉച്ചഭക്ഷണം''

''ഗംഭീരം'' ഞാൻ പറഞ്ഞു.

മേരിയമ്മയെ പ്രോത്സാഹിപ്പിക്കുന്നതിൽ ഞാൻ ഒട്ടും പിശുക്ക് കാട്ടിയില്ല.

''എന്നാലേ ഇനി ഇതുപോലെ ഞാൻ വെച്ചുതരില്ല''

> **"കണ്ണീരും കൈയ്യുമായേ ഈ ഇടവകയിൽ നിന്നും എല്ലാ പുരോഹിതരും പോയിട്ടുളളു. അതാണ് ഇവിടുത്തെ കൈക്കാരന്മാരുടെ കൈയ്യിലിരിപ്പ്. എനിക്കു മുൻപ ്ഇവിടെ ഉണ്ടായിരുന്ന അച്ചന്റെ കഴുത്തിൽ കത്തിവെച്ച് കുർബാന നടത്തിയിട്ടുള്ളവരാണ് ഇവിടുത്തെ കേമന്മാർ". പള്ളിയുടെ കൈക്കാരന്മാരെപ്പറ്റിയാണ് അദ്ദേഹം പറഞ്ഞത്.**

ഉടൻ വന്നു മേരിയമ്മയുടെ മറുപടി. കൂടെ ഒരു വിശദീകരണവും. ''നല്ല ഭക്ഷണം വെച്ചുതന്നാലേ നിങ്ങൾ എന്നും അതുപോലെ വേണമെന്ന് പറയും. അതുകൊണ്ട് വെച്ചു തരത്തില്ല.''

ഞാൻ ആശങ്കയോടെ അവരെ നോക്കി. പക്ഷേ അവരുടെ മുഖത്ത് യാതൊരു കൂസലും ഉണ്ടായിരുന്നില്ല.

'പാചകക്കാരിയെ നിയമിക്കുന്നതിന്റെ ഉദ്ദേശ്യംതന്നെ നല്ല ഭക്ഷണം ഉണ്ടാക്കലല്ലേ'.

എനിക്ക് അങ്ങനെ ന്യായമായ ഒരു സംശയം തോന്നി. പക്ഷേ ഞാനാ സംശയം മേരിയമ്മയോട് പറഞ്ഞില്ല.

എങ്കിലും ഒരു സ്ത്രീ എന്ന നിലയിൽ അവരിൽ നിന്നും ഒരു ഉദാരത ഞാൻ പ്രതീക്ഷിച്ചു.

പക്ഷേ എന്റെ പ്രതീക്ഷയ്ക്ക് വിപരീതമായി അവർ പറഞ്ഞ വാക്കുപാലിച്ചു. ഉപ്പും മഞ്ഞൾ പൊടിയുമിട്ട് പുഴുങ്ങിയ അമരയ്ക്ക തോരനായി പിന്നെ സ്ഥിരം. കൂടെ രസം എന്ന പേരിൽ ഒരു പുളിവെള്ളവും കൊണ്ടൊഴിക്കും.

ഒരു ദിവസം ഞാൻ മേടയിൽ ഭക്ഷണത്തിന് ചെല്ലുമ്പോൾ അടുക്കള പൂട്ടിയിട്ടിരിക്കുന്നു.

സമീപമുള്ള മേരിയമ്മയുടെ കിടപ്പുമുറിയിലേക്ക് നോക്കിയപ്പോൾ മേരിയമ്മ നല്ല ഫോമിലായിരുന്നു.

ആരോ കൊണ്ടുക്കൊടുത്ത ഏലക്കയിട്ട് വാറ്റിയെടുത്ത നാടൻ ചാരായം അടിച്ചു കിന്റാ യിട്ടിരിക്കുകയായിരുന്നു മേരിയമ്മ. കൂട്ടത്തിൽ നന്നായി പാടുന്നുമുണ്ട്.

പ്രാർഥന കേൾക്കണമേ....

കർത്താവേ എൻ യാചന കേൾക്കണമേ.....

എന്നെ കണ്ടപ്പോൾ മേരിയമ്മ പാട്ട് നിർത്തി. പിന്നെ വഴുതിപ്പോയ വാക്കുകൾ പെറു ക്കിയെടുത്ത് പറഞ്ഞു.

''അല്പമദ്യം ബോധത്തെ ഉണർത്തും എന്നു ബൈബിളിൽ പറഞ്ഞിട്ടുണ്ട്.''

'ബൈബിളിൽ പറഞ്ഞപോലൊക്കെത്തന്നെയാണോ നിങ്ങളുടെ ജീവിതം' എന്നു തിരിച്ചു ചോദിക്കണമെന്നുണ്ടായിരുന്നു. പക്ഷേ ചോദിച്ചില്ല. ആരോടു ചോദിക്കാൻ. അപ്പോൾ മേരി യമ്മ തൃശങ്കു സ്വർഗ്ഗത്തിലായിരുന്നു.

''ഇങ്ങനെ എത്ര നാളാണച്ചോ പുഴുങ്ങിയ അമരയ്ക്ക മാത്രം തിന്നുന്നത്.''

ഒരു ദിവസം സായി അച്ചനോട് പൊട്ടിത്തെറിച്ചു.

മേരിയമ്മയെ മേടയിൽ നിന്നും പറഞ്ഞു വിടാൻ അധികാരമുള്ളത് അദ്ദേഹത്തിനു മാത്രം. അതുകൊണ്ടാണ് സായി അച്ചനോട് പൊട്ടിത്തെറിച്ചത്.

അച്ചൻ ദയനീമായി സായിയെ നോക്കി. പിന്നെ സാവകാശം പറഞ്ഞു.

''അവരെ അങ്ങനെ പറഞ്ഞു വി ടാൻ കഴിയില്ല''.

ആ പറച്ചിലിൽ ഒരു നിസ്സഹാ യത ഉണ്ടായിരുന്നു. കാരണം അവ രെ കൊണ്ടുവന്നത് പ്രബലനായ ഒരു കൈക്കാരനായിരുന്നു.

ഒരിക്കൽ ഒരു സ്വകാര്യ സംഭാഷ ണത്തിനിടയിൽ അദ്ദേഹം എന്നോ ടു പറഞ്ഞത് അപ്പോൾ ഞാൻ ഓർത്തു.

''കണ്ണീരും കൈയ്യുമായേ ഈ ഇടവകയിൽ നിന്നും എല്ലാ പുരോ ഹിതരും പോയിട്ടുള്ളു. അതാണ് ഇവിടുത്തെ കൈക്കാരന്മാരുടെ കൈയ്യിലിരിപ്പ്. എനിക്കു മുൻപ് ഇവിടെ ഉണ്ടായിരുന്ന അച്ചന്റെ കഴുത്തിൽ കത്തിവെച്ച് കുർബാന നടത്തിയിട്ടുള്ളവരാണ് ഇവിടുത്തെ കേമന്മാർ''.

പള്ളിയുടെ കൈക്കാരന്മാരെപ്പ റ്റിയാണ് അദ്ദേഹം പറഞ്ഞത്.

''പിതാവിന് വരെ ഇവരെ പേ ടിയാ. നല്ല പണമുള്ള ടീംസല്ലേ. എന്തു ചെയ്യാൻ''.


'പണത്തിന് മീതെ പരുന്തും പറക്കില്ല' എന്ന പഴമൊഴി അപ്പോൾ ഞാനോർത്തു.

പണത്തിന് മീതെ പരുന്ത് മാത്ര മല്ല പള്ളിയുമില്ല പട്ടക്കാരുമില്ല.

''പള്ളിക്കാര്യത്തിന് കൂടുന്ന എല്ലാ മീറ്റിങ്ങുകളും കലഹിച്ചാണ് പിരിയുന്നത്. ഒരു ദിവസം പോലും എനിക്കു വേദന ഇല്ലാത്തതായി ഇല്ല. ഒന്നുമില്ലെങ്കിൽ പുറത്തേക്കി റങ്ങുമ്പോൾ ഉമ്മറപ്പടിയിൽ കാലു തട്ടും. എന്നും വേദന തന്നെ. മറ്റേ അച്ചനെ ഒരുപാട് ദ്രോഹിച്ചിട്ടുണ്ട് ഇവർ. ആ അച്ചൻ ഒരു പാവമായിരു ന്നു. അതിന്റെ ശാപമാകാം. അതി ന്റെ ഒരു പങ്ക് എനിക്കും കിട്ടുന്നു''.

പകുതി ആത്മഗതം എന്ന നില യിൽ അദ്ദേഹം പറഞ്ഞു നിർത്തി.

സാഹചര്യം എന്തുതന്നെയാ യാലും മേരിയമ്മയെ എങ്ങനെ എങ്കിലും മേടയിൽ നിന്നും ഒഴിവാ ക്കണമെന്ന് ഞാൻ ആത്മാർഥമായി ആഗ്രഹിച്ചു.



അല്പം കഴിഞ്ഞ് എന്റെ മനസ്സ് വായിച്ചിട്ടെന്നപോലെ അച്ചൻ പറ ഞ്ഞു.

''ഞാൻ മനസ്സിൽ കരുതാം.''

പ്രാർഥനാ വേളകളിൽ മേരിയമ്മ ഒഴിഞ്ഞുപോകാൻ ഞാൻ പ്രാർഥി ക്കാം എന്നർഥം.

എനിക്ക് ആവക പ്രാർഥനക ളിൽ വലിയ വിശ്വാസമുണ്ടായിരു ന്നില്ല.

ഒരു അടിയുണ്ടാക്കി എങ്ങനെ മേരിയമ്മയെ ഒഴിവാക്കാം എന്നായി എന്റ ചിന്ത. ഒരു അദ്ധ്യാപകനായ തുകൊണ്ടും സ്കൂൾ പള്ളിയങ്ക

ണത്തിൽ ആയിരുന്നതുകൊണ്ടും മേരി യമ്മയുടെ അടുത്ത് ഒരു കവല ച്ചട്ടമ്പി കളിക്കാൻ എനിക്ക് പറ്റുമാ യിരുന്നുമില്ല.

എന്റെ മുഖഭാവം കണ്ടിട്ടാകണം അച്ഛൻ എന്നെ സമാധാനിപ്പിക്കു ന്നപോലെ  വീണ്ടും പറഞ്ഞു.

''ഞാൻ മനസ്സിൽ കരുതാം. ഞാൻ മനസ്സിൽ കരുതാം''

പിന്നീടദ്ദേഹം ആൾത്താരയിലേ ക്ക് പോയി.

ഒരു ഞായറാഴ്ച ദിവസം ഉച്ചയ് ക്ക് ഞാൻ കുട്ടികളുടെ പേപ്പർ വാ ല്യൂ ചെയ്തു  കൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് രാജീവ് സാർ എൻറെ മുറിയിലേക്ക് ഓടി വന്നു. രാജീവ് മാത്തൻ സ്കൂളിലെ മാത്തമാറ്റി ക്സ് അധ്യാപകനും പള്ളിയുടെ കണക്കപ്പിള്ളയുമായിരുന്നു.

അദ്ദേഹം വളരെ പരിഭ്രമത്തോ ടെ എന്നോടു പറഞ്ഞു.

''സർ പെട്ടെന്ന് ഒന്നു വന്നേ. മേ രിയമ്മയ്ക്ക് എന്തോ വലിയ പ്രശ്ന മുണ്ട്. അവര് നെഞ്ചു  തിരുമ്മിക്കൊ ണ്ട് വിളിച്ചു കൂവുന്നു. അവരെ ഉടൻ ഹോസ്പിറ്റലിൽ എത്തിക്കണം.''

പെട്ടെന്ന് ഞാൻ മേടയിലേക്ക് ചെന്നു. അപ്പോൾ ഞാൻ കാണുന്ന കാഴ്ച, മേരിയമ്മ നെഞ്ച് പൊത്തി പ്പിടിച്ചിരുന്നു കരയുന്നു.

ഉടൻ തന്നെ ഞാൻ ഒരു ഓട്ടോ വരുത്തി അവരെ സമീപത്തുള്ള ഹോസ്പിറ്റലിൽ എത്തിച്ചു.

പിന്നീടുള്ള രണ്ടു ദിവസം അവ ധി ആയിരുന്നതുകൊണ്ട് ഞാൻ നാട്ടിലേക്ക് പോന്നു. മേരിയമ്മയെ ഹോസ്പിറ്റലിൽ എത്തിച്ച സ്ഥിതി ക്ക് ഇനി അവർ  സുരക്ഷിതയായിരു ക്കുമെന്ന് എനിക്കറിയാമായിരുന്നു.

അടുത്ത ദിവസം വൈകിട്ട് വീ ടിനടുത്തുള്ള പൊതുകുളത്തിൽ നീരാടി മറിഞ്ഞിട്ട് അല്പം വൈകി വീട്ടിലെത്തുമ്പോൾ എന്നെ കാത്ത് ഒരു വിശേഷമുണ്ടായിരുന്നു.

''ഒരു സായി നിന്റെ സ്കൂളിൽ നിന്ന് വിളിച്ചിരുന്നു. മേരിയമ്മ പോയി എന്നു പറയാൻ പറഞ്ഞു.'' അമ്മ പറഞ്ഞു.

''ഹോ. കർത്താവിന് സ്തുതി. അവസാനം അവർ പോയി. അച്ഛ ന്റെ പ്രാർത്ഥന ഫലിച്ചു. അവർ മാറിപ്പോയല്ലോ. അവർക്കങ്ങനെ സ്വയം തോന്നിയല്ലോ. അങ്ങനെ അവരെ തോന്നിപ്പിച്ച കർത്താവിന് ഒരായിരം നന്ദി പറഞ്ഞുകൊണ്ട് ഞാൻ സായിയെ തിരിച്ചു വിളിച്ചു.

അവൻ ഫോൺ എടുത്ത പാടേ ഞാൻ ആവേശത്തോടെ ചോദിച്ചു.

''അവര് എപ്പോൾ പോയി. പോ വുംനേരം പള്ളിക്കൽ വന്നിരുന്നോ. അച്ഛനോട് യാത്ര പറയാൻ''.

**പിന്നീടുള്ള രണ്ടു ദിവസം അവ ധി ആയിരുന്നതുകൊണ്ട് ഞാൻ നാട്ടിലേക്ക് പോന്നു. മേരിയമ്മയെ ഹോസ്പിറ്റലിൽ എത്തിച്ച സ്ഥിതി ക്ക് ഇനി അവർ  സുരക്ഷിതയായി രുക്കുമെന്ന് എനിക്കറിയാമായി രുന്നു.**

ഒരു നിമിഷത്തെ നിശ്ശബ്ദതയ്ക്ക് ശേഷം അവൻ യന്ത്രികമായി പറ ഞ്ഞു.

''അവർ ഉച്ചയായപ്പോൾ പോയി. ഹോസ്പിറ്റലിൽ വെച്ച്  ഇന്ന് ഉച്ചയ് ക്ക് ഒരു സിവിയർ ഹാർട്ട് അറ്റാക്ക് വന്നു. ഡോക്ടർമാർക്ക്  ഒന്നും ചെ യ്യാൻ പറ്റിയില്ല.''

അതു കേട്ട് ഞാൻ സ്തംഭിച്ചു പോയി.

അല്പം കഴിഞ്ഞ് അവൻ പതു ക്കെപ്പറഞ്ഞു.

''നാളെ രാവിലെ പതിനൊന്നു മണിക്ക് അവരുടെ അടക്കാണ്''

മേരിയമ്മയുടെ അടക്കിന് സെ മിത്തേരിയിൽ വലിയ ആൾക്കൂട്ടം ഉണ്ടായിരുന്നില്ല. മേരിയമ്മയ്ക്ക് അധികം ബന്ധുക്കളില്ല. ഒരു മകൾ മാത്രം. പിന്നെ വീടിനടുത്ത് ഒരു പാട് അയൽക്കാരുമില്ല. കല്ലറയ്ക്ക് സമീപം അച്ഛനൊപ്പം എല്ലാ ശവമ ടക്കിനും പങ്കെടുക്കുന്ന ഏതാനും കൈക്കാരന്മാർ മാത്രം.

ഞാൻ സെമിത്തേരിയുടെ കവാ ടത്തിൽ കാത്തു നിന്നു. അച്ഛൻ വരുന്നതും നോക്കി.

ചടങ്ങുകൾ കഴിഞ്ഞ് കഴുത്തിൽ നിന്നും ഉറാറ എടുത്തു കൈയ്യിലി ട്ടു കൊണ്ട് ഫാദർ തോമസ് വട്ടക്കു ന്നിൽ പുറത്തേക്ക് വന്നു.

എനിക്ക് ഒരുപാട് കാര്യങ്ങൾ അച്ഛനോട് ചോദിച്ചറിയണമായി രുന്നു. പക്ഷേ അദ്ദേഹത്തിനൊപ്പം കൈകാരന്മാർ ഉണ്ട്.

ഞാൻ അല്പം മാറി നിന്നു. അദ്ദേഹം അടുത്തു വന്നപ്പോൾ. ഞാൻ അദ്ദേഹത്തിന്റെ മുഖത്തേക്ക് ഉറ്റു നോക്കി. നിസ്സംഗമായിരുന്നു അദ്ദേഹത്തിന്റെ മുഖം.

അദ്ദേഹം എന്നെ കണ്ടു. എന്റെ സമീപത്തു കൂടെ നടന്നു പോകു മ്പോൾ ഫാദർ  എനിക്കു കേൾ ക്കാൻ മാത്രം പാകത്തിൽ മന്ത്രിച്ചു.

''ഞാൻ ഒന്നും മനസ്സിൽ കരുതി യില്ല. സത്യം. ഞാനൊന്നും മന സ്സിൽ കരുതിയില്ല.''

ഞാൻ മേരിയമ്മയുടെ കല്ലറയി ലേക്ക് നോക്കി. പിന്നെ മനസ്സിൽ പറഞ്ഞു.

'ഫാദർ മനസ്സിൽ ഒന്നും കരു തിയിട്ടുണ്ടാവില്ല. പക്ഷേ ദൈവം മനസ്സിൽ കരുതിയിട്ടുണ്ടാവണം. കാര്യങ്ങൾ അറിഞ്ഞവൻ പ്രവർത്തി ക്കുന്നു.'

ഞാൻ മേരിയമ്മയുടെ കല്ലറയ് ക്ക് മുന്നിൽ അല്പ നേരം നിന്നു.


'കൊണ്ടു നടക്കുന്നതും നീ. കൊണ്ടു പോകുന്നതും നീ. എല്ലാം നിന്റെ തീരുമാനം.'

ഞാൻ ഒരുപിടി മണ്ണു  വാരി മേരിയമ്മയുടെ ആത്മാവിന് നിത്യശാന്തി ഉണ്ടാകട്ടെ എന്നു മനസ്സിൽ കരുതി അത് കല്ലറയ്ക്ക് മുകളിൽ വിതറി. പിന്നെ തിരിഞ്ഞു നടന്നു.

പക മരണം വരയേ പാടുള്ളു. മരണത്തോടൊപ്പം പക അലിഞ്ഞു തീരണം.


Shirley A.
Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us | www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
Specializing in investment sales and
advisory services in Long Island, New York City,
and the entire State of New York.

● ചെറുകഥ



◉ സാംജീവ്

# കുടത്തിലെ ഭൂതം



*വര:*
**പി ആർ രാജൻ**

ഉച്ചയ്ക്ക് ഊണും കഴിഞ്ഞ് ചാരുകസേരയിൽ അർദ്ധസുഷുപ്തിയിലായിരുന്ന ശമുവേൽ വാദ്ധ്യാരെ ഭാര്യ അച്ചാമ്മടീച്ചർ തട്ടിയുണർത്തി. അവരുടെ കൈയിൽ നീട്ടിപ്പിടിച്ച ദിനപ്പത്രവുമുണ്ടായിരുന്നു.

"നിങ്ങളിത് കണ്ടോ മനുഷ്യനേ?"

"എന്ത്?"

"ഗോപി ബിഷപ്പിന്റെ കല്പന. ഇനി ഗോപികമാർക്കും ആഭരണം ധരിക്കാമെന്ന്."

"അങ്ങനെ അദ്ദേഹം കല്പിച്ചോ? അങ്ങനെ വരാൻ വഴിയില്ലല്ലോ. ഗോപിയുടെ അടിസ്ഥാനപ്രമാണമല്ലേ ആഭരണവർജ്ജനം?"

ആഭരണം ധരിക്കുന്നവരല്ല ഗോപി സമുദായക്കാർ. 'God's Own People in India" എന്ന ഇംഗ്ലിഷ് പദങ്ങളുടെ ചുരുക്കെഴുത്താണ് GOPI അഥവാ ഗോപി. ഗോപി സമുദായത്തിലെ പെൺകുട്ടികളെ ഗോപികമാർ എന്ന് നാട്ടുകാർ വിളിക്കുവാൻ തുടങ്ങി, തമാശരൂപേണ. ഗോപി ബിഷപ്പിന്റെ പുതിയ കല്പനയാണ് ഇവിടെ പരാമർശിക്കപ്പെട്ടത്.

"അതു മാറ്റിയെന്നാ ഇപ്പറേന്നെ. ഏതായാലും വലിയൊരു ഭാരം ഇറങ്ങിക്കിട്ടി."

"ഭാരമോ? എന്തു ഭാരം?"

ശമുവേൽ വാദ്ധ്യാർ ചോദിച്ചു.

"മനോഭാരം, ഹൃദയഭാരം. മറ്റ് പെമ്പിള്ളാർ താലീം മാലേമിട്ട് വിലസുമ്പോൾ ഇവിടുത്തെ പെമ്പിള്ളാർക്ക് അതിനുള്ള യോഗമില്ലല്ലോ എന്ന ഹൃദയഭാരം."

"അതൊരു ഭാരമാണോ? ആഭരണം വാങ്ങുന്നതും ധരിക്കുന്നതുമല്ല്യോ ഭാരം? ആദ്യം അതിനുള്ള പണം കണ്ടുപിടിക്കണം. അതുതന്നെ ഭാരം."

"മനുഷ്യൻ പണമുണ്ടാക്കുന്നത് അവന് ഉപയോഗിക്കാനാ. അല്ലാ



'അല്ല, ഞാൻ അറിയാണ്ട് ചോദിക്കുവാ. ഈ ഗോപിസമുദായം കേരളത്തിൽ മാത്രമേയുള്ളോ? നോർത്ത് ഇൻഡ്യയിൽ ഇല്ലേ? ദൈവത്തിന്റെ ആളുകൾ അമേരിക്കയിൽ ഇല്ലേ? അവിടെല്ലാം പെണ്ണുങ്ങൾ ആഭരണം ധരിക്കുമല്ലോ. അവരാരും സ്വർഗ്ഗത്തിൽ പോകത്തില്ല്യോ? അല്ല ഞാൻ അറിയാണ്ട് ചോദിക്കുവാ, സ്വർഗ്ഗരാജ്യം മലയാളിക്ക് തീറെഴുതിക്കൊടുത്തിരിക്കയാണോ?" അമേരിക്കക്കാർ കഴുത്തിലും കാതിലും മാത്രമല്ല, ചുണ്ടിലും പുരികത്തും, എന്നുവേണ്ട, നാക്കിലും പൊക്കിളിനു വട്ടവും ആഭരണം ധരിക്കുന്നവരാ." കിറ്റി പറഞ്ഞു.

തെ കെട്ടിവച്ച് കണ്ടോണ്ടിരിക്കാനാണോ?''

തീർന്നില്ല, അച്ചാമ്മടീച്ചറിന്റെ അഭിപ്രായപ്രകടനം.

''അല്ല, ഞാൻ അറിയാണ്ട് ചോദിക്കുവാ. ഈ ഗോപിസമുദായം കേരളത്തിൽ മാത്രമേയുള്ളോ? നോർത്ത് ഇൻഡ്യയിൽ ഇല്ലേ? ദൈവത്തിന്റെ ആളുകൾ അമേരിക്കയിൽ ഇല്ലേ? അവിടെല്ലാം പെണ്ണുങ്ങൾ ആഭരണം ധരിക്കുമല്ലോ. അവരാരും സ്വർഗ്ഗത്തിൽ പോകത്തില്ല്യോ? അല്ല ഞാൻ അറിയാണ്ട് ചോദിക്കുവാ, സ്വർഗ്ഗരാജ്യം മലയാളിക്ക് തീറെഴുതിക്കൊടുത്തിരിക്കയാണോ?''

''അമേരിക്കക്കാർ കഴുത്തിലും കാതിലും മാത്രമല്ല, ചുണ്ടിലും പുരികത്തും, എന്നുവേണ്ട, നാക്കിലും പൊക്കിളിനു വട്ടവും ആഭരണം ധരിക്കുന്നവരാ.''

കിറ്റി പറഞ്ഞു. അവൾ ആ വീട്ടിലെ മരുമകളാണ്. അവൾക്ക് ഗോപികളോട് പ്രതിപത്തിയൊന്നുമില്ല. ബാബുക്കുട്ടൻ അവളെ കല്യാണം കഴിക്കുന്നതിനുമുമ്പ് അവൾ മറ്റൊരു 'സമുദായക്കാരി' ആയിരുന്നു. ബാബുക്കുട്ടന് കനത്ത സ്ത്രീധനം കിട്ടി. അതുകൊണ്ടുമാത്രമാണ് ശമുവേൽ വാദ്ധ്യാർ അവരുടെ വിവാഹത്തിന് സമ്മതം മൂളിയത്. എന്നിട്ടും കിറ്റിക്ക് മാലയും കമ്മലും ഊരേണ്ടിവന്നു.

''ഇനി അതിന്റെ കുറവേയുള്ളു. നെനക്കും വേണമാരിക്കും നാക്കിലും പൊക്കിളിലുമൊക്കെ ആഭരണം?''

ബാബുക്കുട്ടനും സംഭാഷണത്തിൽ പങ്കുചേർന്നു.

''അല്ല, ഞാൻ അറിയാണ്ടു ചോദിക്കുവാ, ഈ നാക്കും പൊക്കിളുമൊക്കെ കുത്തിക്കിഴിക്കുമ്പോൾ നോവത്തില്ല്യോ?''

ബാബുക്കുട്ടന്റെ ജിജ്ഞാസ കലർന്ന ആ ചോദ്യത്തിന് ആരും മറുപടി നല്കിയില്ല.

''പെണ്ണായാൽ ആഭരണം ഇടണം. അത് ഒരു പെൺകുട്ടിയുടെ മൗലികമായ ആഗ്രഹവും അവകാശവുമാണ്. എന്തിന്റെ പേരിലായാലും അത് നിഷേധിക്കുന്നത് ക്രൂരതയാണ്.''

കിറ്റിമോളുടെ നിരാശയും പ്രതിഷേധവും വാക്കുകളായി പുറത്തുവന്നു. ശമുവേൽ വാദ്ധ്യാർ ആദർശങ്ങളുടെ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യുന്ന ആളല്ല.

''പിതാക്കന്മാർ ഇട്ട അതിരുകൾ മാറ്റരുത്.''

അദ്ദേഹം ബൈബിൾ സൂക്തം ഉരുവിട്ടു. പരമ്പരാഗത മൂല്യങ്ങൾ സംരക്ഷിക്കണമെന്നാണ് ആ വാക്യത്തിന്റെ അർത്ഥം.

''കേരളീയ സഭാപിതാക്കന്മാരുടെ കണ്ടുപിടിത്തമൊന്നുമല്ല ആഭരണവർജ്ജനം. എ.ഡി. 1525ൽ ആരംഭിച്ച അനാബാപ്റ്റിസ്റ്റ് (Anabaptists) പ്രസ്ഥാനം ആഭരണം ഉപേക്ഷിച്ചവരായിരുന്നു. പതിനേഴാം നൂറ്റാണ്ടിലെ ക്വൈക്കേഴ്സ് (Quakers), പത്തൊൻപതാം നൂറ്റാണ്ടിലെ പ്ലിമത്ത് ബ്രദറൺ (Plymouth Brethren); ഇവരെല്ലാം ആഭരണം വർജ്ജിച്ചവരായിരുന്നു. ഈ അടുത്ത സമയത്ത് ഞാൻ ബ്രസീലിലെ ഉണർവിനെപ്പറ്റി വായിച്ചു. അവിടത്തെ കാരിസ്മാറ്റിക്ക് വിശ്വാസികൾ ആഭരണം ധരിക്കാത്തവരായിരുന്നു.''

ശമുവേൽ വാദ്ധ്യാർ ക്രൈസ്തവസഭാചരിത്രത്തിൽ തനിക്കുള്ള വിജ്ഞാനം വെളിപ്പെടുത്തി.

''എന്തിനേറെ പറയുന്നു, 1860ലെ ക്രിസ്ത്യൻപേട്ട ഉണർവെന്ന് നീ കേട്ടിട്ടില്ലേ, അരുളപ്പൻ ഉപദേശിയുടെ കാലത്ത്? അവിടെയും സ്ത്രീകൾ ആഭരണം ഉപേക്ഷിച്ചിരുന്നു.''

ശമുവേൽ വാദ്ധ്യാർ ഭാര്യയോടായി പറഞ്ഞു.

''നമ്മള് പോയിട്ടില്ല്യോ ക്രിസ്ത്യൻ പേട്ടയിൽ?''

അച്ചാമ്മടീച്ചർ ചോദിച്ചു. അവൾ ഭർത്താവിനെ ചിലപ്പോൾ 'നമ്മൾ' എന്ന് അഭിസംബോധന ചെയ്യും. പൂജകബഹുവചനമാണ്.

''ഉണ്ട്. ഇപ്പോഴും ഞാൻ ഓർക്കുന്നുണ്ട്, ഒരു കല്യാണം കൂടാൻ പോയതാണ് എന്റെ ബാല്യകാലത്തിൽ.''

''നിങ്ങൾ കണ്ട ക്രിസ്ത്യൻ പേട്ടയിലെ സ്ത്രീകളെല്ലാം ആഭരണം ഉപേക്ഷിച്ചവരായിരുന്നോ? ഉണർവ് നടന്ന പള്ളിയിലെ കാര്യമാ ഞാൻ ചോദിച്ചത്.''

അച്ചാമ്മടീച്ചറുടെ കുറിക്കുകൊള്ളുന്ന ചോദ്യം.

''ആഭരണം ധരിക്കാത്ത ഒരു സ്ത്രീയെപ്പോലും ക്രിസ്ത്യൻ പേട്ടയിലെ ഗ്രാമത്തിലോ പള്ളിയിലോ ഞാൻ കണ്ടില്ല.''

ശമുവേൽ വാദ്ധ്യാർ കള്ളം പറയുന്ന ആളല്ല.

''ക്രിസ്ത്യൻ പേട്ടയിലെ പെൺകുട്ടികൾ ആടിപ്പാടാൻ മിടുക്കരായിരുന്നു. പള്ളിയിലെ കൂട്ടായ്മായോഗത്തിന്റെ കാര്യമാണേ ഞാൻ പറയുന്നത്. അവർ ആടിപ്പാടുമ്പോൾ അവരുടെ കാതുകളും പാട്ടിനൊത്ത് താളം പിടിക്കുമായിരുന്നു.''

**"സ്റ്റെപ്പിമോളേ, ഇങ്ങു വന്നേ. നീ അപ്പച്ചന് ഒരു ഉമ്മ തന്നേ." കാളേജിൽ പഠിക്കുന്ന സ്റ്റെപ്പിമോൾ മുത്തച്ഛന് ചുംബനം കൊടുക്കാൻ മടിച്ചു. "അത് ഹൈജീനിക്ക് അല്ല അപ്പച്ചാ." എല്ലാവരും ചിരിച്ചു.**

ശമുവേൽ വാദ്ധ്യാർ ബാല്യകാലസ്മരണകൾ അയവിട്ടു.

''മനസ്സിലായില്ല.''

''കാതുകളിൽ തൂങ്ങിയാടുന്ന ആഭരണങ്ങളുടെ കാര്യമാ ഞാൻ പറഞ്ഞത്.''

ശമുവേൽ വാദ്ധ്യാരുടെ കലാബോധം അച്ചാമ്മടീച്ചർക്കില്ല.

''അരുളപ്പൻ സ്വാമിയുടെ കാലത്ത്, ഉണർവ്വിന്റെ കാലത്ത് ഉണ്ടായിരുന്ന ആദർശങ്ങളൊക്കെ പിന്നീട് മാറി.''



ശമുവേൽ വാദ്ധ്യാർ നെടുവീർപ്പിട്ടു. ''അതുതന്നെയാണ് കേരളത്തിലും സംഭവിക്കുന്നത്. കാലത്തിനൊത്ത് കോലം മാറും. ഗോപിയും മാറും.''

അച്ചാമ്മടീച്ചർ പറഞ്ഞു.

2

പിന്നെ, നമ്മുടെ സാറാ വന്നിട്ടുണ്ട്. അവളുടെ മൂത്ത പെണ്ണും വന്നിട്ടുണ്ട്. അവൾക്ക് ഡാഡിയോട് ഏതാണ്ട് പറയണമെന്ന് പറഞ്ഞ് വന്നിരിക്കുവാ.

''ഹാ, സ്റ്റെപ്പിമോള് വന്നിട്ടുണ്ടോ? ഇങ്ങു വരാൻ പറ.''

ശമുവേൽ വാദ്ധ്യാരുടെയും അച്ചാമ്മടീച്ചറിന്റെയും ആദ്യത്തെ പേരക്കുട്ടിയാണ് സ്റ്റെപ്പിമോൾ. അതുകൊണ്ട് മുത്തച്ഛന്റെയും മുത്തശ്ശിയുടെയും പ്രത്യേക ലാളന അവൾക്ക് ലഭിച്ചിട്ടുണ്ട്.

''സ്റ്റെപ്പിമോളേ, ഇങ്ങു വന്നേ. നീ അപ്പച്ചന് ഒരു ഉമ്മ തന്നേ.''

കാളേജിൽ പഠിക്കുന്ന സ്റ്റെപ്പിമോൾ മുത്തച്ഛന് ചുംബനം കൊടുക്കാൻ മടിച്ചു.

''അത് ഹൈജീനിക്ക് അല്ല അപ്പച്ചാ.''

എല്ലാവരും ചിരിച്ചു.

''ഹാ, നീ അത്രയും പറയാനൊക്കെ വളർന്നല്ലോ.''

ശമുവേൽ വാദ്ധ്യാർ മനസ്സിൽ തോന്നിയ വൈക്ലബ്യം പുറത്തു കാണിക്കാതെ പറഞ്ഞു.

മുത്തച്ഛൻ സ്റ്റെപ്പിമോളെ പണ്ടത്തെപ്പോലെ ആലിംഗനം ചെയ്തില്ല. ഇപ്പോൾ അവൾ ചെറിയ കുട്ടിയല്ല മടിയിലിരുത്തി ലാളിക്കാൻ. അവൾ സർവ്വകലാശാലയിൽ പഠിക്കുന്ന യുവതിയാണ്.

''നിനക്കെന്താടി എന്നോടു പറയാനുള്ളത്?''

ശമുവേൽ വാദ്ധ്യാർ സാറായോട് ചോദിച്ചു.

''ഡാഡി അറിഞ്ഞില്യോ നമ്മുടെ ബിഷപ്പിന്റെ പുതിയ കല്പന? പെണ്ണുങ്ങളെല്ലാം ആഭരണം ധരിച്ചോളാൻ പറഞ്ഞത്?''

''അങ്ങനെ അദ്ദേഹം പറഞ്ഞോ? സ്ത്രീകൾ ആഭരണം ധരിക്കുന്നതിൽ വചനവിരുദ്ധമായി ഒന്നുമില്ലെന്നല്ലേ അദ്ദേഹം പറഞ്ഞത്?''

''അതുതന്നെ ഞാനും പറഞ്ഞത്. ഞാൻ പറഞ്ഞത് പച്ചമലയാളം. ബിഷപ്പിനെപ്പോലെ വാചകക്കസർത്ത് എനിക്ക് ശീലമില്ലല്ലോ.''

''ഇപ്പോൾ നിനക്ക് എന്താണ് പറയാനുള്ളത്?''

ശമുവേൽ വാദ്ധ്യാർ ചോദിച്ചു.

''ഞങ്ങൾ പഠിച്ചപ്പോഴും വളർന്നപ്പോഴും ഡാഡി ഒരു മാല വാങ്ങി തന്നിട്ടില്ല. ചാങ്ങേലെ ഓമനയും മാങ്കൂട്ടത്തിലെ തങ്കമ്മയുമൊക്ക മാലയും കമ്മലുമൊക്കെ ധരിച്ച് പള്ളിക്കൂടത്തിൽ വന്നപ്പം ഈ വീട്ടിലെ പെമ്പിള്ളാര് മുഴുവൻകാളകളെപ്പോലാ നടന്നത്, നഗ്നമായ കഴുത്തും നീട്ടി. ഡാഡിയുടെ വിശ്വാസത്തിന് വില കൊടുത്തത് ഞങ്ങളാ. ഗോപികമാരെന്ന പേരും ഞങ്ങൾക്ക് കിട്ടി.''

**''ഇപ്പോൾ നിനക്ക് എന്താണ് പറയാനുള്ളത്?'' ശമുവേൽ വാദ്ധ്യാർ ചോദിച്ചു. ''ഞങ്ങൾ പഠിച്ചപ്പോഴും വളർന്നപ്പോഴും ഡാഡി ഒരു മാല വാങ്ങി തന്നിട്ടില്ല. ചാങ്ങേലെ ഓമനയും മാങ്കൂട്ടത്തിലെ തങ്കമ്മയുമൊക്ക മാലയും കമ്മലുമൊക്കെ ധരിച്ച് പള്ളിക്കൂടത്തിൽ വന്നപ്പം ഈ വീട്ടിലെ പെമ്പിള്ളാര് മുഴുവൻകാളകളെപ്പോലാ നടന്നത്, നഗ്നമായ കഴുത്തും നീട്ടി. ഡാഡിയുടെ വിശ്വാസത്തിന് വില കൊടുത്തത് ഞങ്ങളാ. ഗോപികമാരെന്ന പേരും ഞങ്ങൾക്ക് കിട്ടി.'' സാറ പരാതിപെട്ടി തുറന്നു**

''മുഴുവൻകാളയല്ല ചേച്ചി, മുഴുവൻ പശു.''

ബാബുക്കുട്ടന്റെ തമാശ കലർന്ന കമന്റ്. പക്ഷേ ആരും ചിരിച്ചില്ല.

''അതിന് നിനക്ക് എന്തെങ്കിലും കുഴപ്പം പറ്റിയോ?''

''പറ്റിയോന്ന്. ഞങ്ങൾ അപമാനം സഹിച്ചു. ശമുവേൽസാറിന്റെ പെൺമക്കൾ മാത്രം സൌന്ദര്യമില്ലാത്തവരായി കാളേജിൽ പോയി.''

സാറായുടെ പരിവേദനം.

''സൌന്ദര്യം സ്വർണ്ണാഭരണത്തിലാണെന്ന് ആരാ പറഞ്ഞത്?

''നീ പഠിച്ചിട്ടില്ലേ, കാളിദാസന്റെ കവിത?

'ഫുല്ലാബ്ജത്തിന് രമ്യതയ്ക്കു കുറവോ
പായൽ പതിഞ്ഞീടിലും?
ചൊല്ലാർന്നോരഴകല്ലയോ
പനിമതിക്കങ്കം കറുത്തെങ്കിലും?'

വലിയ കോയിത്തമ്പുരാന്റെ പരിഭാഷയാണ്.''

ശമുവേൽ വാദ്ധ്യാർ പദ്യം ആസ്വദിച്ചു ചൊല്ലി. അദ്ദേഹം അനേക വർഷങ്ങൾ മലയാളം അദ്ധ്യാപകനായിരുന്ന ആളാണ്. ഇടയ്ക്കിടയ്ക്ക് സംഭാഷണത്തിനിടയിൽ പദ്യഭാഗങ്ങൾ തിരുകിക്കയറ്റുന്നത് അദ്ദേഹത്തിനറെ പ്രത്യേകതയാണ്.

''ഹേ മനുഷ്യാ, ആ കവിത ഇവിടെ പ്രസക്തമാകുന്നതെങ്ങനെയാണ്?''

അച്ചാമ്മടീച്ചർ ചോദിച്ചു. അവരും പല വർഷങ്ങൾ അദ്ധ്യാപികയായിരുന്ന ആളാണ്. നീരസം പ്രകടിപ്പിക്കാൻ അവർ ഭർത്താവിനെ 'മനുഷ്യാ' എന്ന് അഭിസംബോധന ചെയ്യാറുണ്ട്.

''ലാളിത്യവും ആഭരണത്തിന്റെ അഭാവവും എന്റെ പെൺമക്കളുടെ സൌന്ദര്യത്തിന് കുറവ് വരുത്തുന്നില്ല എന്നാണ് ഞാൻ ഉദ്ദേശിച്ചത്.''

ശമുവേൽ വാദ്ധ്യാർ വിശദീകരിച്ചു.

''ഓഹോ, നിങ്ങൾ അതുമിതും പറയാതെ കാര്യത്തിലേയ്ക്ക് വാ മനുഷ്യാ. സാറായ്ക്ക് പറയാനുള്ളത് മുഴുവൻ കേൾക്ക്. പദ്യപാരായണവും കവിതാവിളയാട്ടവുമൊക്കെ പിന്നീടാകാം.''

അച്ചാമ്മടീച്ചർ പറഞ്ഞു.

''എന്താണവൾക്ക് പറയാനുള്ളത്? അവൾക്ക് ഒരു മാല വേണമെന്നാണോ?''

''അവൾക്ക് വേണ്ടായിരിക്കാം. പക്ഷേ അവളുടെ മകൾക്ക് വേണമായിരിക്കും.''

അച്ചാമ്മടീച്ചറുടെ അവ്യക്തമായ മറുപടി. ''എന്ത്? സ്റ്റെപ്പിക്ക് മാല വേണമെന്നാണോ? അവൾ മാനസാന്തരപ്പെട്ട പൈതലല്ലേ?''



''മാനസാന്തരവും ആഭരണധാരണവുമായി ബന്ധമൊന്നുമില്ലെന്നല്ലേ ബിഷപ്പിന്റെ കല്പന?''

''സ്റ്റെപ്പിമോൾക്ക് മാലയിടാൻ ആഗ്രഹമുണ്ടെങ്കിൽ അവളുടെ തന്ത വാങ്ങിച്ചുകൊടുക്കട്ടെ. അല്ലാതെ ഞാനെന്തു ചെയ്യാനാണ്? ഞാൻ മുത്തച്ഛനല്ലേ?'' ശമുവേൽ വാദ്ധ്യാർ ഈർഷ്യയോടെ പറഞ്ഞു.

''ഡാഡി, അത് പറയാൻ തന്നെയാണ് ഞാൻ വന്നത്. ഞങ്ങള് സ്കൂളിലും കാളേജിലുമൊക്ക പോയപ്പം കാൽ കാശിന്റെ ആഭരണം ഡാഡി ഞങ്ങൾക്ക് വാങ്ങി തന്നിട്ടില്ല. ആഭരണം ധരിക്കാൻ ആഗ്രഹമില്ലാഞ്ഞിട്ടല്ല, ഡാഡിയുടെ വിശ്വാസം ഞങ്ങളുടെയും വിശ്വാസമാണെന്ന് ഞങ്ങൾ അഭിനയിച്ചു. ഡാഡിയുടെ കൂടെ ജോലിചെയ്ത കുറുപ്പുസാറിന്റെ മകൾ ഗീത എന്റെ ക്ലാസ്മേറ്റായിരുന്നല്ലോ. അവളുടെ കല്യാണത്തിന് കുറുപ്പുസാർ എന്താണ് കൊടുത്തതെന്ന് അറിയാമോ? സ്ത്രീധനവും അമ്പതു പവന്റെ ആഭരണവും.''

''പനന്തയ്യത്ത് കുറുപ്പിന്റെ സാമ്പത്തികസ്ഥിതി എനിക്കറിയാം. കിടപ്പാടം പണയം വച്ചാ അയാൾ പെണ്ണിനെ കെട്ടിച്ചുവിട്ടത്. അതോടെ അയാൾ കുത്തുപാള എടുത്തു. ഇനി ആ കടമെല്ലാം എന്നയാൾ കൊടുത്തുതീർക്കും? രണ്ട് പെൻഷൻകാശ് കിട്ടുന്നതുകൊണ്ട് അയാളും ഭാര്യയും കഞ്ഞികുടിച്ചു കിടക്കുന്നു.''

ശമുവേൽ വാദ്ധ്യാർ ആത്മഗതമെന്നോണം പറഞ്ഞു.

''എനിക്ക് കഴിവുള്ളതുപോലൊക്കെ ഞാൻ ചെയ്തു. നിനക്കും സ്ത്രീധനം തന്നല്ല്യോ കെട്ടിച്ചുവിട്ടത്?''

അയാൾ മകളോട് ചോദിച്ചു.

**''ഡാഡി, സ്ത്രീധനത്തിന്റെ കാര്യമൊന്നും പറയേണ്ട. പെൺമക്കൾക്ക് നാമമാത്രമായ സ്ത്രീധനം തന്നിട്ട് സ്വത്തെല്ലാം ആൺമക്കൾക്കുവേണ്ടി ചരതിച്ചുവച്ചു.''''നീ അങ്ങനൊന്നും പറയേണ്ട. ആഭരണം തന്നില്ലേലും അതിന്റേം കൂടി കാശ് തന്നാ നിന്നെ കെട്ടിച്ചുവിട്ടത്. അല്ലാതെ ധർമ്മക്കല്യാണമൊന്നുമല്ല ഞങ്ങള് നടത്തിയത്.''അച്ചാമ്മടീച്ചറും കാര്യത്തിൽ ഇടപെട്ടു.**

''ഡാഡി, സ്ത്രീധനത്തിന്റെ കാര്യമൊന്നും പറയേണ്ട. പെൺമക്കൾക്ക് നാമമാത്രമായ സ്ത്രീധനം തന്നിട്ട് സ്വത്തെല്ലാം ആൺമക്കൾക്കുവേണ്ടി ചരതിച്ചുവച്ചു.''

''നീ അങ്ങനൊന്നും പറയേണ്ട. ആഭരണം തന്നില്ലേലും അതിന്റേം കൂടി കാശ് തന്നാ നിന്നെ കെട്ടിച്ചുവിട്ടത്. അല്ലാതെ ധർമ്മക്കല്യാണമൊന്നുമല്ല ഞങ്ങള് നടത്തിയത്.''

അച്ചാമ്മടീച്ചറും കാര്യത്തിൽ ഇടപെട്ടു.

''മമ്മീ, ഞങ്ങള് മൂന്നു പെമ്പിള്ളാർക്കു വേണ്ടി നിങ്ങൾ തന്നത് അമ്പതിനായിരം ഉലുവാ. നിങ്ങടെ മോന് സ്ത്രീധനം വാങ്ങിയത് രണ്ടുലക്ഷവും.''

''അതവന് അതിനൊള്ള യോഗ്യത ഉണ്ടായിട്ടാണെന്ന് കണ്ടോ. നിന്നെ കെട്ടിച്ചെടത്ത്, അവർക്ക് എന്തുണ്ടായിരുന്നു? കറന്റ് പോലുമില്ലായിരുന്നു ആ വീട്ടിൽ. വൈകുന്നേരം മണ്ണെണ്ണവിളക്ക് കത്തിക്കും. മണ്ണെണ്ണവിളക്കുമെടുത്തുകൊണ്ടാ ഒരു മുറിയിൽ നിന്നും മറ്റേ മുറിയിലേയ്ക്കു പോകുന്നത്.''

അച്ചാമ്മടീച്ചർ അല്പം നീരസത്തോടെ പറഞ്ഞു.

''ദീപം ദീപം എന്നു പറഞ്ഞുകൊണ്ട്. അല്ലേ ചേച്ചി?

പിന്നെ ഞങ്ങടെ അളിയന് ഒരു കൊമ്പൻമീശ ഉണ്ടായിരുന്നു.''

അത് ബാബുക്കുട്ടന്റെ കമന്റായിരുന്നു. അവന് നല്ല നർമ്മബോധമുണ്ട്.

''അങ്ങനെയുള്ള വീട്ടിൽ എന്നെ കെട്ടിച്ചുവിട്ടത് എന്തിനാ? അപ്പോൾ കാശ് ലാഭിക്കാൻ.''

സാറാ പൊട്ടിത്തെറിച്ചു.

''അവളുടെ മോൾക്ക് ഇപ്പോൾ നമ്മളൊരു മാല വാങ്ങിച്ചുകൊടുക്കണം. അതിനുവേണ്ടിയാ അവൾ പെണ്ണിനെയും കൊണ്ട് വന്നത്. അവൾ പറയുന്നതിലും കാര്യമുണ്ടെന്നു കണ്ടോ? അവൾക്ക് മാലയിട്ടു നടക്കാനുള്ള ഭാഗ്യമുണ്ടായില്ല. ഇനി അവളുടെ മോളെങ്കിലും ഇട്ട് നടക്കട്ടെ.''

അച്ചാമ്മടീച്ചർ വീണ്ടും മകളുടെ പക്ഷം ചേർന്നു.

''എനിക്ക് പേരിന് ഒരു മാല മാത്രം പോരാ. എന്റെ കൂട്ടുകാരികൾക്ക് ഉള്ളതുപോലെയുള്ള ജുവൽറി എനിക്കും വേണം.''സ്റ്റെപ്പിമോൾ അവളുടെ ആഗ്രഹം അറിയിച്ചു.

''എന്തൊക്കെയാ നിനക്കു വേണ്ടതെന്നൊക്കെ അങ്ങോട്ടു പറഞ്ഞുകൊട് മോളേ. പൂത്ത കാശ് കൈയിലൊണ്ട്.''

സാറാ മകളെ പ്രോത്സാഹിപ്പിച്ചു.

''ഒരു നാഗപടത്താലി, മൾട്ടി ലെയർ, എന്റെ കൂട്ടുകാരി അമൃതയ്ക്കുള്ളതുപോലെയൊന്ന്.

പിന്നെ ഇയർ റിംഗ്സ്, റൂബി സ്റ്റോൺ പതിച്ചത്.

പിന്നെ ഒരു മൂക്കുത്തി, ഡയമൺഡ് ഒട്ടിച്ചത്. എന്റെ കൂട്ടുകാരി മീനുവിന് അതുപോലെ ഒന്നുണ്ട്.

പിന്നെ സ്വർണ്ണ പാദസരം. എന്റെ ഫ്രണ്ട് വർഷയ്ക്ക് അവളുടെ ബർത്ത് ഡേയ്ക്ക് അവളുടെ മുത്തച്ഛൻ വാങ്ങിക്കൊടുത്തതുപോലെയുള്ള ഒന്ന് എനിക്കും വേണം. അവള് അതിട്ട് ഡാൻസ് ചെയ്യുന്നതു കാണാൻ എന്ത് ചന്തമാ.''

''അതിന് നിനക്ക് ഡാൻസ് അറിയാമോ?''

അച്ചാമ്മടീച്ചർ ചോദിച്ചു.

> **''എനിക്ക് പേരിന് ഒരു മാല മാത്രം പോരാ. എന്റെ കൂട്ടുകാരികൾക്ക് ഉള്ളതുപോലെയുള്ള ജുവൽറി എനിക്കും വേണം.''സ്റ്റെപ്പിമോൾ അവളുടെ ആഗ്രഹം അറിയിച്ചു.''എന്തൊക്കെയാ നിനക്കു വേണ്ടതെന്നൊക്കെ അങ്ങോട്ടു പറഞ്ഞുകൊട് മോളേ. പൂത്ത കാശ് കൈയിലൊണ്ട്.''സാറാ മകളെ പ്രോത്സാഹിപ്പിച്ചു.**

''അവള് പഠിക്കും. അവളും ഡാൻസ് ക്ലാസിൽ ചേർന്നിട്ടുണ്ട്. തിരുവാതിരയും ഭരതനാട്യവും മോഹിനിയാട്ടവും കുച്ചിപ്പുടിയുമൊക്കെ അവൾ ചെയ്യും. മോഹിനിയാട്ടത്തിന്റെ അരങ്ങേറ്റത്തിന് ഗ്രാന്റ് പേരൻസിനെ ക്ഷണിക്കണമെന്ന് പറയുന്നതു കേട്ടു.''

സാറാ മകളെ പിൻതാങ്ങി. മകളുടെ കലാനിപുണതയിൽ സാറാ അഭിമാനം കൊണ്ടു.

അച്ചാമ്മടീച്ചർ ശമുവേൽ വാദ്ധ്യാരെ ഇടങ്കണ്ണുകൊണ്ട് നോക്കി; അർത്ഥഗർഭമായ നോട്ടം.

''എന്റെ കർത്താവേ, ഞാനെന്താ ഈ കേൾക്കുന്നത്? നമ്മളും അവിശ്വാസികളും തമ്മിൽ പിന്നെന്താണ് വ്യത്യാസം?''

ശമുവേൽ വാദ്ധ്യാർ നിരുദ്ധകണ്ഠനായി ചോദിച്ചു.

''അതല്ല്യോ മനുഷ്യനെ നമ്മടെ ബിഷപ്പ് കല്പിച്ചത്? നമ്മടെ പിള്ളേർക്കും ഇതൊക്കെയാകാമെന്നാ അദ്ദേഹം കല്പിച്ചത്.''

അച്ചാമ്മടീച്ചർ പ്രിയതമനോട് ഉപദേശരൂപത്തിൽ മൊഴിഞ്ഞു.

''എനിക്ക് ഡാഡി ആഭരണമൊന്നും വാങ്ങിത്തന്നിട്ടില്ലല്ലോ. ഇനി എന്റെ മോൾക്കെങ്കിലും വാങ്ങിക്കൊടുക്ക്. അവൾക്കും ദഹിക്കുന്ന ചോറാ ഈ വീട്ടിലുള്ളത്.''

സാറായുടെ അവകാശവാദം. എന്നാൽ ആ അവകാശവാദം ബാബുക്കുട്ടന് ഇഷ്ടപ്പെട്ടില്ല. അവൻ പറഞ്ഞു.

''ചേച്ചി ദഹിക്കുന്ന ചോറിന്റെ കാര്യമൊന്നും പറയണ്ടാ. ചേച്ചിക്കും അതുപോലെതന്നെ മറ്റ് രണ്ടു ചേച്ചിമാർക്കും തരേണ്ടതൊക്കെ തന്നാ കെട്ടിച്ചയച്ചത്. വിറ്റ പശുവിന് ആരെങ്കിലും പുല്ലു പറിക്കുമോ? പിന്നെ കേറിവന്നാൽ നല്ല പുളിശേരി കാച്ചി ചോറുവച്ചുതരും, ചിന്നക്കൊച്ചമ്മ. അതൊക്കെ ദഹിച്ചാൽ മതി.''

ചിന്നക്കൊച്ചമ്മ വേലക്കാരിയാണ്.

''നീ ശബ്ദമുയർത്തണ്ടാ. ക്രിസ്ത്യൻ കുടുംബങ്ങളിൽ ആണുങ്ങളെപ്പോലെ പെണ്ണുങ്ങൾക്കും പിതൃസ്വത്തിൽ അവകാശമുണ്ടെന്നാ കോടതിവിധി. മേരിറോയി കേസ് അറിയാമല്ലോ. അതിന്റെ കണക്കൊന്നും പറയാൻ വന്നതല്ല ഞങ്ങൾ. എന്റെ മോൾക്ക് അവളുടെ മുത്തച്ഛനോട് ചിലതൊക്ക പറയാനുണ്ട്, ചോദിക്കാനുണ്ട്. അതിനു വന്നതാ ഞങ്ങൾ. പുന്നാര പേരക്കുട്ടിയല്ല്യോ? കുടുംബത്തിലെ ആദ്യത്തെ പേരക്കുട്ടിയല്ല്യോ സ്റ്റെപ്പിമോൾ? പക്ഷേ അണ്ടിയോടടുക്കുമ്പോൾ അറിയാം മാങ്ങയുടെ പുളി.''

സാറാ പറഞ്ഞുനിറുത്തി. കുത്തുവാക്കുകൾ പ്രയോഗിക്കാൻ സാറയ്ക്ക് പ്രത്യേക കഴിവുണ്ട്.

''എന്റെ കൈയിലെവിടുന്നാ കാശ്, എന്റെ പൊന്നുമോളേ? ഞാൻ രണ്ട് പെൻഷൻകാശ് കൊണ്ട് ജീവിക്കുന്നവനാ.''

ശമുവേൽ വാദ്ധ്യാർ പതം പറഞ്ഞു.

അച്ചാമ്മടീച്ചർ ഇടപെട്ടു. അവർ പറഞ്ഞു.

''എന്നാൽ ഞാനൊരു പോംവഴി പറയട്ടെ. നമ്മുടെ പറങ്കിമാംവിളയിലെ ഒരേക്കർ സ്ഥലമുണ്ടല്ലോ. അത് നമ്മു



ടെ പേരിലാണല്ലോ. ആർക്കും ഭാഗം വച്ച് കൊടുത്തിട്ടില്ലല്ലോ. അതങ്ങ് വില്ക്കാം. എന്നിട്ട് മൂന്ന് പെൺപിള്ളാർക്കും കൂടി വീതിച്ചുനല്കാം. ഇപ്പോൾ സാറാ അവകാശം പറഞ്ഞു വന്നല്ലോ. ഇനി അന്നയും മറിയയും എപ്പഴാ വരുന്നതെന്ന് ആർക്കറിയാം? അവരുടെയും പെമ്പിള്ളാര് വളർന്നുവരികയല്യോ?''

''വസ്തു വിറ്റ് പെൺമക്കൾക്ക് കൊടുക്കാനോ? അത് നടക്കത്തില്ല. അതിനുള്ള വെള്ളമങ്ങ് വാങ്ങിവച്ചേര്.'' ബാബുക്കുട്ടൻ ക്ഷുഭിതനായി.

''നീ അത്ര ക്ഷോഭിക്കുകയൊന്നും വേണ്ട. നിന്റെ സ്ത്രീധനമൊന്നും ഇവിടാരും ചോദിച്ചില്ല. ഡാഡിയുടെ സ്വത്തിന് എല്ലാവർക്കും അവകാശമുണ്ട്.''

സാറായും ചൂടായി.

''എന്റെ ഈ വാർദ്ധക്യത്തിൽ ഭവനത്തിൽ സ്വസ്ഥത നഷ്ടപ്പെട്ടല്ലോ. ഞാൻ രാജുക്കുട്ടനോടൊന്ന് സംസാരിക്കട്ടെ.''

ശമുവേൽ വാദ്ധ്യാർ വിലപിക്കുന്നതുപോലെ പറഞ്ഞു. രാജുക്കുട്ടൻ ശമുവേൽ വാദ്ധ്യാരുടെയും അച്ചാമ്മ ടീച്ചറുടെയും മൂത്ത പുത്രനാണ്. അമേരിക്കയിൽ താമസിക്കുന്നു. രാജുക്കുട്ടന്റെ പ്രതികരണം പരുക്കനായിരുന്നു.

''അവളുമാരെ മൂന്നുപേരെയും പഠിപ്പിച്ചത് ഞാനാ. മൂന്ന് പേരെയും കല്യാണം കഴിപ്പിച്ചത് എന്റെ കാശുകൊണ്ടാ. പക്ഷേ ആ നന്ദി അവളുമാർക്കില്ല. അതും പോരാഞ്ഞിട്ട്, ഇപ്പം അവളുമാരുടെ പെൺമക്കൾക്ക് മാലയും കൊലുസും വാങ്ങാൻ എന്റെ വക വസ്തു എഴുതിക്കൊടുക്കണം പോലും. അത് നടക്കത്തില്ല.''

ടെലിഫോൺ സംഭാഷണം മുറിയിലുണ്ടായിരുന്ന എല്ലാവരും കേട്ടു. സാറാ രൂക്ഷമായി പ്രതികരിച്ചു.

''ഡാഡിയെ പറഞ്ഞാൽ മതി. ഞങ്ങളുടെ പേരിൽ അയാളുടെ കാശ് വാങ്ങിയിട്ട് ഡാഡി ഇളയ മോന്റെ പേരിൽ സമ്പാദിച്ചുകാണും.''

''ചേച്ചി, അനാവശ്യം പറയരുത്.''

ബാബുക്കുട്ടൻ ക്ഷുഭിതനായി എഴുന്നേറ്റു.

''എന്റെ കർത്താവേ, ഈ വാർദ്ധക്യത്തിൽ സമാധാനത്തോടെ കടന്നുപോകാൻ ഇവന്മാരും ഇവളുമാരും സമ്മതിക്കുകയില്ലല്ലോ. അയാൾക്ക് എന്തിന്റെ കേടായിരുന്നു?''

ശമുവേൽ വാദ്ധ്യാർ വിലപിച്ചു.

''ഏത് അയാൾ?''

അച്ചാമ്മടീച്ചറിന്റെ ചോദ്യം.

''ബിഷപ്പ്.''

ശമുവേൽ വാദ്ധ്യാർ ഒരിക്കലും ബിഷപ്പിനെ അയാളെന്ന് വിളിച്ചിട്ടില്ല.

''അയാളല്യോ ഈ ഗുലുമാൽ എല്ലാം ഉണ്ടാക്കിവച്ചത്? അയാളല്യോ കുടത്തിൽ അടച്ചുവച്ചിരുന്ന ഭൂതത്തെ തുറന്നുവിട്ടത്?''

''ഇനി അവർ ശരീരം മുഴുവൻ പച്ചകുത്തും. റോമാലേഖനത്തിൽ പറഞ്ഞിരിക്കുന്ന പാപവും ചെയ്യും. ബിഷപ്പുമാർ അതിനൊക്കെ കുടപിടിക്കുകയും ചെയ്യും. നോഹയുടെ കാലം.''

ശമുവേൽ വാദ്ധ്യാർ ആലസ്യത്തോടെ ചാരുകസേരയിലേക്ക് ചാഞ്ഞു. ''ഈ ഭൂതം ഇനി കുടത്തിലേക്ക് തിരിച്ചു കയറുമെന്ന് തോന്നുന്നില്ല.''

അച്ചാമ്മടീച്ചർ പറഞ്ഞുനിറുത്തി.

''ഗോപിസമുദായം ഇനി ഗോപി വരച്ചതു തന്നെ.''

ആ അഭിപ്രായം കിറ്റി എന്ന മരുമകളുടേത് ആയിരുന്നു.




# Save $894.*
# Combine Home & Auto.

**Michael Tharian, Agent**

1855 Victory Blvd
Staten Island, NY 10314

**Toll Free:**
**888-644-7222**

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.


**We Serve These States**
**NY, NJ, PA, & CT.**

**StateFarm®**


***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**


State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489



ഉണ്ണികൃഷ്ണൻ പുതൂർ








# ഒറ്റയാന്റെ കഥാപ്രപഞ്ചം

**മലയാള കഥാസാഹിത്യത്തിൽ ആത്മാംശമുള്ള കഥകളെഴുതിയ ധിക്കാരിയായ ഒറ്റയാനായിരുന്നു, ഉണ്ണികൃഷ്ണൻ പുതൂർ**

**ഡി.പ്രദീപ് കുമാർ**

'ഇത് എന്റെ അവസാനത്തെ അഭിമുഖമായിരിക്കും' എന്ന് പറഞ്ഞായിരുന്നു,തുടക്കം.

2011 അവസാനം,ആകാശവാണിയുടെ കേരളത്തിലെ എല്ലാ നിലയങ്ങളും പ്ര ക്ഷേപണം ചെയ്യുന്ന ''സർഗ്ഗകേരളം'' എന്ന പ്രതിവാര സാഹിത്യപരിപാടിയിൽ ഉൾപ്പെടുത്താനായി ഉണ്ണികൃഷ്ണൻ പുതൂരുമായി അഭിമുഖം നടത്താനെത്തിയ ഞാൻ ആദ്യമൊന്ന് പകച്ചു. രോഗപീഡകൾ കഠിനമായി അലട്ടിയിട്ടും, അദ്ദേഹം തന്റെ ജീവിതാനുഭവങ്ങൾ തെളിമയോടെ പറഞ്ഞുതുടങ്ങി.....ആകാശ



വാണിയുടെ ശബ്ദശേഖരത്തിൽ അത് ഇന്നൊരു അമൂല്യചരിത്ര രേഖയാണ്. മലയാള കഥാസാഹിത്യത്തിൽ ആത്മാംശമുള്ള കഥകളെഴുതിയ ധിക്കാരിയായ ഒറ്റയാനായിരുന്നു,അദ്ദേഹം.എഴുതിയതെല്ലാം ജീവിതം.അവ വന്യവും തീക്ഷ്ണവുമായിരുന്നു.അതിന് കാരണം,അരക്ഷിതമായ ബാല്യവും യൗവവുമായിരുന്നുവെന്ന് ആ അഭിമുഖത്തിലും അദ്ദേഹം വിശദീകരിച്ചിട്ടുണ്ട്.ദരിദ്രനായ ഒരു തറവാടിയായിരുന്നു അക്കാലത്തെ പുതൂർ.ആരാലുംശ്രദ്ധിക്കപ്പെടാതെപോകുന്ന പാവങ്ങൾക്കിടയിലായിരുന്നു ആ ജീവിതം.തന്റേത് ശപിക്കപ്പെട്ട ഒരു ജന്മമാണെന്നു തോന്നിയ നാളുകൾ.ഉപദേശിച്ച്,നേർവഴിക്കു നയിക്കാൻ ശ്രമിച്ച അച്ഛനായിരുന്നു, ശത്രു.എല്ലാം അവസാനിപ്പിച്ച്,ആ



**ഉണ്ണികൃഷ്ണൻ പുതൂർ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയിൽ നിന്ന് സാഹിത്യ അക്കാദമി വിശിഷ്ട അംഗത്വം സ്വീകരിക്കുന്നു**

ത്മഹത്യ ചെയ്യാൻ വരെ നോക്കി. ജീവിതത്തിലെ പരാജയങ്ങൾ എഴുത്തിന് ഊർജ്ജം പകർന്നിരിക്കാം.ആദ്യമെഴുതിയ കഥ ചങ്ങമ്പുഴയുടെ അകാലമൃത്യുവിനെക്കുറിച്ചായത് യാദൃച്ഛികമാകാനിടയില്ല.ജീവിതത്തിൽ കാലിടറിവീണ മഹാപ്രതിഭയായിരുന്നുവല്ലോ,ചങ്ങമ്പുഴ .'മായാത്ത സ്വപ്നം' എന്ന ആ കഥ 1952ൽ പ്രസിദ്ധീകരിക്കപ്പെട്ട ''കരയുന്ന കാല്പാടുകൾ' എന്ന ആദ്യ കഥാസമാഹാരത്തിലുണ്ട്.19-ാം വയസിൽ ആ കഥാപുസ്തകവുമായി വീടുവിട്ടിറങ്ങി,അലഞ്ഞുനടന്നു. പുസ്തകം വിൽക്കാനുള്ള ആ യാത്രയിൽ പട്ടിണികിടന്നിട്ടുണ്ട്.കയ്പ്പേറിയതായിരുന്നു ,ഒരു വർഷക്കാലത്തെ ആ അനുഭവങ്ങൾ.സമൂഹത്തിൽ സ്വന്തം അസ്തിത്വം തെളിയിക്കാനുള്ള വഴികളായിരുന്നു,ഈ പുറപ്പാടെന്ന് അദ്ദേഹം നിരീക്ഷിച്ചിട്ടുണ്ട്.

കവിയായായിരുന്നു,ആ തുടക്കം.ആദ്യം പ്രദ്ധീകരിക്കപ്പെട്ട പുസ്തകം ''കൽപ്പകപ്പൂമഴ'' എന്ന കവിതാസമാഹാരമായിരുന്നു.അതിന് അവതാരിക എഴുതിയത്,വൈലോപ്പിള്ളി ശ്രീധരമേനോനും. 'ഇത്രമേൽ അനുഭവവും വികാരവും പുണർന്നു കിടക്കുന്ന ഒരു ഹൃദയവും അതിന്റെ തനിപ്പകർപ്പായ കാവ്യബന്ധങ്ങളും

> **ജീവിതം വന്യവും തീക്ഷ്ണവുമായിരുന്നു. അതിന് കാരണം,അരക്ഷിതമായ ബാല്യവും യൗവനവുമായിരുന്നു. ദരിദ്രനായ ഒരു തറവാടിയായിരുന്നു അക്കാലത്തെ പുതൂർ. ആരാലും ശ്രദ്ധിക്കപ്പെടാതെ പോകുന്ന പാവങ്ങൾക്കിടയിലായിരുന്നു ആ ജീവിതം. തന്റേത് ശപിക്കപ്പെട്ട ഒരു ജന്മമാണെന്നു തോന്നിയ നാളുകൾ. ഉപദേശിച്ച്,നേർവഴിക്കു നയിക്കാൻ ശ്രമിച്ച അച്ഛനായിരുന്നു, ശത്രു. എല്ലാം അവസാനിപ്പിച്ച്,ആത്മഹത്യ ചെയ്യാൻ വരെ നോക്കി.**

ഒരുപക്ഷേ, ചങ്ങമ്പുഴക്കവിതകളിൽ മാത്രമേ കാണുകയുള്ളൂ' എന്നായിരുന്നു അദ്ദേഹം ആ കവിതകളെ വിലയിരുത്തിയത്.

പക്ഷേ,കവിയാകാനല്ല,കഥാകാരനാകാനായിരുന്നു ,നിയോഗം.അതിന് കാരണമുണ്ടായിരുന്നു.'കവിതയെഴുതിയാൽ ജീവിക്കാൻ പറ്റില്ല;അതിനു കഥകളെഴുതണം' എന്ന കാരൂരിന്റെ ഉപദേശമാണ് വഴിത്തിരിവായത്. പിന്നെ, കഥകളുടെ പ്രവാഹമായിരുന്നു -സ്വാനുഭവങ്ങളുടെ ഖനിയിൽ നിന്ന് അവ വന്നു;എഴുന്നൂറോളം ചെറുകഥകൾ, 35 കഥാസമാഹാരങ്ങൾ, 18 നോവലുകൾ.അവസാന നാളുകളിലെഴുതിയത് ഭക്തിനിർഭരമായ കവിതകൾ.''ആത്മനിർവൃതി''എന്ന ആ കവിതാസമാഹാരത്തിലെ കവിതകൾ ഭക്തിനിർഭരമായിരുന്നു.''പൂന്താനത്തിനെ ഓർമ്മിപ്പിക്കുന്ന ഭക്തിയും ഭാവതരളതയും മൊഴിവഴക്കവുമാണ് പുതൂരിന്റെ ഈ രചനകളിലും കാണുന്നത്''എന്നാണ് ഡോ എം ലീലാവതി ഈ കവിതകളെ വിലയിരുത്തിയത്.

ജീവിതത്തെ എഴുതണമെന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ ഉപദേശമായിരുന്നു,അദ്ദേഹത്തിനെന്നും മാർഗ്ഗദീപമായത്.കാരൂർ,കേശവദേവ്,തകഴി എന്നിവരുടെ രചനാരീതികളുമായി ഒത്തുപോകുന്നതാണ്. അദ്ദേഹത്തിന്റെ ശൈലി.മനുഷ്യർ മാത്രമല്ല,ദൈവങ്ങളും ആനകളും ഭക്തിയും വിഭക്തിയും കാമക്രോധമോഹങ്ങളുമൊക്കെച്ചേർന്ന ഒരു കഥാപ്രപഞ്ചമായിരുന്നു,അത്. ദേവസ്വം മാനേജറായി ഗുരുവായൂരിൽ ജോലിചെയ്ത അച്ഛന്റെയും, ജീവനക്കാരനായും തൊഴിലാളി സംഘടനാനേതാവുമായി ആ ക്ഷേത്രനഗരത്തെ കർമ്മഭൂമിയാക്കിയ തന്റേയും അനുഭവങ്ങൾ എത്രയോ കഥകൾക്ക് നിദാനമായിട്ടുണ്ട്.1968ൽ കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ച 'ബലിക്കല്ല്'' മാത്രമല്ല,'ആനപ്പക''യും ഉത്തമോദാഹരണങ്ങൾ. ഇത്രയധികം ആത്മാംശം നിറഞ്ഞ കഥകളെഴുതിയവർ മലയാളസാഹിത്യരംഗത്തില്ല.''ആത്മാവിന്റെ നേർരേഖകൾ'' എന്ന,പുതൂരിന്റെ കഥാസമാഹാരത്തിന ഓടക്കുഴൽ പുരസ്ക്കാരം നൽകിക്കൊണ്ട് ഡോ. എം.ലീലാവതി പറഞ്ഞത് ഏറെ ശ്രദ്ധേയമാണ്:''പാശ്ചാത്യസൌന്ദര്യഭാവുകത്വം നിറഞ്ഞ കഥകളെഴുതിയതുകൊണ്ട് മുകുന്ദനെയും സക്കറിയയെയും പോലുള്ളവർ അംഗീകരിക്കപ്പെട്ടപ്പോൾ,മലയാളത്തിതിന്റെ സൌന്ദര്യബോധവും സ്വാനുഭവങ്ങളും പകർത്തിയ പുതൂരിനെപ്പോലുള്ളവർ മലയാളസാഹിത്യത്തിൽ

നിന്ദിക്കപ്പെട്ടു....പക്ഷേ,വിദേശ സൗന്ദര്യസ ങ്കൽപ്പം കത്തിക്കയറിയ കാലത്തും അദ്ദേഹം സ്വന്തം രചനാ ശൈലിയും ആത്മാനുഭവങ്ങളുടെ സാക്ഷാത്ക്കാരവും അടിയറവ് വച്ചില്ല.

'കൊടും ജീവിതദാഹമുള്ള ചിന്തകളാണ് പുതൂരിന്റേത്' എന്ന് അദ്ദേഹത്തിന്റെ ആദ്യകാലരചനക ളെ വിലയിരുത്തിയ മഹാകവി പി. കുഞ്ഞിരാമൻ നായരുടെ ദീർഘദർ ശിത്വം ഇവിടെ അനുസ്മരിക്കേണ്ടതു ണ്ടു.അതായിരുന്നു,അദ്ദേഹത്തിന്റെ ദർശനം.ആത്മീയാനുഭൂതികളായിരു ന്നു,ഓരോ രചനയും.അവ ലളിതസു ന്ദരങ്ങളായിരുന്നു.എഴുത്തിൽ മന പൂർവ്വം ദുരൂഹതകളും സമസ്യകളും കുത്തിനിറച്ച്, അവയെ നവീനഭാ വുകത്വത്തിന്റെ ഉത്തമമാതൃകക ളാക്കി ഭാഷ്യം ചമയ്ക്കുന്ന ചില നിരൂപകകേസരികൾക്ക് അവ ഒട്ടും രുചിച്ചില്ലന്നതിൽ അത്ഭുതമില്ല.അ വർ ഉയർത്തിക്കാട്ടിയ മിക്ക കൃതിക ളും വിസ്മൃതമായി.പക്ഷേ,പുതൂർ കഥകൾ വായിക്കപ്പെട്ടുകൊണ്ടിരി ക്കുന്നു.അവ ജീവൻ തുടിക്കുന്നവ യാണ്.അതുകൊണ്ടാണല്ലോ,ആ കാശവാണിയിലെ ആ അഭിമുഖം കേട്ട്,നാനാഭാഗത്തുനിന്നും നൂറു കണക്കിനാളുകൾ അദ്ദേഹത്തെ

**ഒരു മറയുമില്ലാതെ വ്യക്തിജീവിത ത്തിലെ എല്ലാം,പ്രണയവും കാമന കളും ബന്ധങ്ങളുമെല്ലാം, തുറന്നെഴുതിയ ആ ആത്മകഥ താൻ ജീവിച്ചിരിക്കുമ്പോൾ പ്രസി ദ്ധീകരിക്കരുതെന്നു അദ്ദേഹതി ന് നിർബന്ധമുണ്ടായിരുന്നു.അത് പലരെയും വേദനിപ്പിക്കും: പൊള്ളിക്കും.തനിക്ക് ശാന്തനായി മരിയ്ക്കാൻ കഴിയില്ലെന്ന് അദ്ദേ ഹം ഭയപ്പെട്ടു. യാഥാർത്ഥ്യങ്ങൾ ചിലപ്പോൾ കഥയെ വെല്ലും.കഥ കളുടെ ചട്ടക്കൂടുകൾക്കകത്ത് ഉൾക്കൊള്ളാത്ത ആ അനുഭ വങ്ങൾക്കും ദേശത്തിന്റെയും കാലത്തിന്റെയും പാദമുദ്രകളു ണ്ടാകും.**

വിളിച്ചത്.അത് പകർന്നു നൽകിയ ഊർജ്ജം, അതെക്കുറിച്ച് സംസാരി ക്കാൻ ഫോൺ ചെയ്തപ്പോൾ ആ ശബ്ദത്തിൽ നിറഞ്ഞു നിന്നത് ഞാ നോർക്കുന്നു. ആത്മാവുള്ള രചന കൾ കാലത്തെ അതിജീവിക്കുക തന്നെ ചെയ്യുമെന്ന് തെളിയിക്കപ്പെട്ടു കഴിഞ്ഞു.


ജീവിതത്തിലും എഴുത്തിലും തന്റെ നിലപാടുകൾ വളച്ചുകെട്ടില്ലാ തെ,ആരുടേയും മുഖം നോക്കാതെ തുറന്നുപറഞ്ഞ പുതൂർ,താൻ എഴു തിക്കൊണ്ടിരുന്ന ആത്മകഥയെക്കു റിച്ചായിരുന്നു,ആ അഭിമുഖത്തിൽ ഏറ്റവുമവസാനം വാചാലനായത്.ഒ രു മറയുമില്ലാതെ വ്യക്തിജീവിതത്തി ലെ എല്ലാം,പ്രണയവും കാമനകളും ബന്ധങ്ങളുമെല്ലാം,തുറന്നെഴുതിയ ആ ആത്മകഥ താൻ ജീവിച്ചിരിക്കു മ്പോൾ പ്രസിദ്ധീകരിക്കരുതെന്നു അദ്ദേഹതിന് നിർബന്ധമുണ്ടായിരു ന്നു.അത് പലരെയും വേദനിപ്പിക്കും: പൊള്ളിക്കും.തനിക്ക് ശാന്തനായി മരിയ്ക്കാൻ കഴിയില്ലെന്ന് അദ്ദേഹം ഭയപ്പെട്ടു.

യാഥാർത്ഥ്യങ്ങൾ ചിലപ്പോൾ കഥയെ വെല്ലും.കഥകളുടെ ചട്ടക്കൂ ടുകൾക്കകത്ത് ഉൾക്കൊള്ളാത്ത ആ അനുഭവങ്ങൾക്കും ദേശത്തിന്റെയും കാലത്തിന്റെയും പാദമുദ്രകളുണ്ടാ കും.

ഈ കുറിപ്പ് അവസാനിമ്പോൾ,നി റകണ്ണുകളുമായി,തന്റെ അച്ഛന്റെ ചെ രിപ്പുകൾ നിത്യവും പൂജാമുറിയിൽ വെച്ച് പൂജിക്കുന്നുവെന്ന് പറഞ്ഞ പുതൂരിന്റെ മുഖം തെളിഞ്ഞുവരു ന്നു.അച്ഛനെ കൊല്ലാൻ ശ്രമിച്ച ഒരു മകന്റെ പശ്ചാത്താപം.ജീവിതം എത്ര വിചിത്രവും ദുരൂഹവുമായ ഒന്നാണ്! അവസാനകാലത്ത്,ഭക്തിനിർഭരമാ യി ജീവിച്ച അദ്ദേഹമെഴുതിയ കഥക ളിലെല്ലാം ഈ പ്രായശ്ചിത്തത്തിന്റെ പ്രതിഫലനമുണ്ടായിരുന്നു.കഥയെഴു ത്തിന്റെ 52ആം വർഷത്തിൽ പു റത്തിറങ്ങിയ ''പിതൃയാനം'' എന്ന കഥാസമാഹാരത്തിൽ ഇത് അദ്ദേഹം തന്നെ വ്യക്തമാക്കിയിട്ടുണ്ട്;'' യൗ വനത്തിൽ റെയിൽ തെറ്റിയ എന്നെ നേർവഴിക്ക് ജീവിക്കാൻ നിരന്തരം പ്രേരിപ്പിച്ച,അകാലത്തിൽ നിര്യാ തനായ എന്റെ പ്രിയപ്പെട്ട അച്ഛന്റെ തപ്തസ്മരണകൾക്ക് പ്രണാമം''. മലയാള കഥാസാഹിത്യത്തിൽ തന്റേ തായ ഇടം സൃഷ്ടിച്ച ഒറ്റയാനായിരു ന്നു , അദ്ദേഹം.കാലാതിവർത്തിയാ യി നിലനിൽക്കും,പുതൂർ കഥകളിൽ ചിലതെങ്കിലും:തീർച്ച.



**എസ് പി സി എസിൽ നിന്നുള്ള കുടിശിക മന്ത്രി ജി സുധാകരനിൽ നിന്ന് സ്വീകരിക്കുന്നു**


'indescribable yet truthful'
Lord Shiva's
Visit to a Home
In Edison, New Jersey, USA
Abhishek Mishra
inspires people to recognize
the existence of a 'Divine Power'
The Mishra Family welcomes visitors to learn about and
experience the spiritual miracle. Contact 1-732-690-0404

● ചെറുകഥ



വിജയകുമാർ കളരിക്കൽ

# പിൻശീലക്കും പിന്നിൽ



വര: പി ആർ രാജൻ

ക്ഷണിക്കപ്പെട്ട അതിഥികൾക്കു വേണ്ടി ആയിരുന്നു പ്രദർശനം. ആദ്യ പ്രദർശനമായിരുന്നതു കൊണ്ട് പ്രേക്ഷകമണ്ഡപം വർണ്ണ വിളക്കുകളാലും തോരണങ്ങളാലും അലങ്കരിക്കപ്പെട്ടിരുന്നു.

പ്രദർശന സമയമെത്തിയപ്പോഴേക്കും അകത്തളം നിറഞ്ഞു. സംഘാടകർ അത്ര പ്രതീക്ഷിച്ചില്ലെന്ന് തോന്നും ചില സംഘാടക മുഖങ്ങൾ കണ്ടാൽ.

അകത്തളം നിറഞ്ഞു കഴിഞ്ഞപ്പോൾ ഒരു ആഘോഷത്തിൻറെ പ്രതീതി. ആഭരണ, വസ്ത്ര പ്രദർശനക്കാരുടെ, വീമ്പു പറച്ചിലുകാരുടെ ഒരു കൂട്ടായ്മ പിറന്നതു പോലെ.

നൂറു കണക്കിന് പൊയ് മുഖങ്ങൾ,

ആയിരക്കണക്കിന് പാഴ് വാക്കുകൾ......

കൂടുതൽ പാഴ് വാക്കുകൾ പിറക്കാതിരിക്കാനെന്നോണം തളത്തിലെ വിളക്കുകളെ അണച്ച്, സദസ്സിൻറെ കണ്ണുകളിൽ മാത്രം വെളിച്ചം നിലനിർത്തിക്കൊണ്ട് വേദി തെളിഞ്ഞു.

പുതിയ തിരശ്ശീല. പുതിയ ഒരു അവതാരക സംഘത്തിൻറെ പേരും മേൽവിലാസവും തിരശ്ശീലയിൽ.

സദസ്സ് ആകാംക്ഷയിലായി. സംസാരം നിർത്തി, നിർന്നിമേഷരായി.

തിരശ്ശീല ഉയരുമ്പോൾ അയാൾ മരിച്ചു കിടക്കുകയായിരുന്നു. ഏതാണ്ട് വേദിയുടെ നടുവിൽ. ആക്രമിക്കപ്പെട്ട് മരിച്ചതുപോലെ, രക്തം വാർന്ന്, ചുറ്റും അലങ്കോലമായിട്ട്.

നിറഞ്ഞ സദസ്സ് വിഹ്വലതയോടെ നോക്കിയിരുന്നു, നിശ്ശബ്ദം.

അല്ലാതെ പ്രതികരിക്കാനോ, പ്രതിവചിക്കാനോ കഴിയില്ല ഒരു സദസ്സിനും ഝടുതിയിൽ ഇതു പോലൊരു ദൃശ്യം കണ്ടാൽ.

പിൻ ശീലക്കും പിറകിൽ നിന്നും ഇനിയെന്തൊക്കെയാണാവോ വരുന്നതെന്ന് ചില മനസ്സുകളെങ്കിലും ചോദിച്ചിരിക്കും.

നിമിഷങ്ങൾ.....

നിമിഷങ്ങൾ കഴിഞ്ഞപ്പോൾ സദസ്സിൻറെ നിശ്ചലത നീങ്ങി, ശ്വാസോച്ഛ്വാസ ശബ്ദം കേട്ടു തുടങ്ങി. കൈകാൽ ചലനങ്ങൾ കണ്ടു തുടങ്ങി. ആദ്യ മരവിപ്പു മാറി.

പിൻ ശീലക്ക് പിന്നിൽ നിന്നും ആർത്തലച്ചൊരു സ്ത്രീയെത്തി. സ്ത്രീയെ തുടർന്ന് ഒരു ബാലനെത്തി. സ്ത്രീ അയാളുടെ ഭാര്യയാകാം, ബാലൻ മകനാകാം. അതോടൊപ്പം ഒരു ശോകരാഗം അകത്തളമാകെ നിറഞ്ഞു. വേദിയിലെ വെളിച്ചം മരിച്ചുകിടക്കുന്ന വ്യക്തിയിലേക്ക്, കെട്ടിപ്പിടിച്ചു കേഴുന്ന സ്ത്രീയിലേക്ക്, വിറങ്ങലിച്ച് ഒന്നു കരയാൻ പോലും കഴിയാത്ത ബാലനിലേക്ക് കേന്ദ്രീകരിച്ചു. ബാക്കിയെല്ലായിടവും ഇരുളിലാണ്. കാണുന്ന വെളിച്ചത്തിനും ഭീകരതയുടെ മുഖം.

അവർക്ക്, സ്ത്രീക്ക് ബാലന് ദുഃഖത്തിൻറെ നീർച്ചാലുകളെ തീർക്കാനേ കഴിയുകയുള്ളൂവെന്ന് സദസ്സിനറിയാം. സദസ്സ്യർ ഇതു പോലെ എത്രയോ രംഗങ്ങൾ കണ്ടിരിക്കുന്നു, വേദികളിൽ മാത്രമല്ല, ജീവിതത്തിലും.

കൂടുതൽ പ്രതീക്ഷകൾ തുടർന്നുള്ള രംഗങ്ങളിലാണ്, പ്രതീക്ഷിക്കാമല്ലോ, അതു കാണിക്കുന്നതിനു വേണ്ടിയാണല്ലോ ക്ഷണിക്കപ്പെട്ടിരിക്കുന്നത്, വന്നിരിക്കുന്നത്.

മൂർദ്ധന്യം കാണിച്ചശേഷം പൂർവ്വകഥ അവതരിപ്പിക്കുന്നത് ഒരു പഴയ തന്ത്രമാണ്. വിജയിക്കാം, വിജയിക്കാതിരിക്കാം. അതു രണ്ടും കാണികളെ സംബന്ധിച്ച് വിഷയങ്ങളേയല്ല. അവർക്ക് ഒരൊറ്റ

> **തിരശ്ശീല ഉയരുമ്പോൾ അയാൾ മരിച്ചു കിടക്കുകയായിരുന്നു. ഏതാണ്ട് വേദിയുടെ നടുവിൽ. ആക്രമിക്കപ്പെട്ട് മരിച്ചതുപോലെ, രക്തം വാർന്ന്, ചുറ്റും അലങ്കോലമായിട്ട്. നിറഞ്ഞ സദസ്സ് വിഹ്വലതയോടെ നോക്കിയിരുന്നു, നിശ്ശബ്ദം. അല്ലാതെ പ്രതികരിക്കാനോ, പ്രതിവചിക്കാനോ കഴിയില്ല ഒരു സദസ്സിനും ഝടുതിയിൽ ഇതു പോലൊരു ദൃശ്യം കണ്ടാൽ. പിൻശീലക്കും പിറകിൽ നിന്നും ഇനിയെന്തൊക്കെയാണാവോ വരുന്നതെന്ന് ചില മനസ്സുകളെങ്കിലും ചോദിച്ചിരിക്കും.**


വിഷയമേയുള്ളൂ, ലക്ഷ്യമേയുള്ളൂ. കാണുക എന്ന യാഥാർത്ഥ്യം. ആല്ലെങ്കിൽ യാഥാർത്ഥ്യം കാണുകയെന്നത്.


ആരെല്ലാമോ പ്രവേശിക്കുന്നു. പക്ഷെ, അവർക്കൊന്നും വ്യക്തമാക്കപ്പെട്ട മുഖങ്ങളില്ല. ഒരു പക്ഷെ, അവർക്ക് മുഖങ്ങളും ഛായകളും ആവശ്യമില്ലായിരിക്കാം.

പ്രവേശിച്ചവർ വേദിയിൽ, കേന്ദ്രീക്രിച്ചിരിക്കുന്ന വെളിച്ചത്തിൽ, മരണപ്പെട്ടവൻറെ വലതു വശത്ത്, സ്ത്രീക്കും ബാലനും പിൻതുടർന്ന് സദസ്സിനെ പ്രകമ്പനം കൊള്ളിച്ചു കൊണ്ട് തോറ്റം പാട്ടു തുടങ്ങി.

മരണപ്പെട്ടവൻറെ ഗുണകീർത്തനങ്ങൾ.....

ഇതിന് മുമ്പ് മരണപ്പെട്ടു പോയിട്ടുള്ളവരോട് സാദൃശ്യപ്പെടുത്തിക്കൊണ്ട്, വർണ്ണിച്ചു കൊണ്ട്, അവർക്കെല്ലാം തുല്യനാണ് പുതു മരണക്കാരനെന്നും വരുത്തി തീർത്തു





കൊണ്ട്, വിയോഗത്തിലുണ്ടായിരിക്കുന്ന നഷ്ടത്തിൻറെ കണക്കുകളെ നിരത്തിക്കൊണ്ട്, വിയോഗപ്പെട്ടില്ലായിരുന്നെങ്കിൽ ഉണ്ടാകുമായിരുന്ന നേട്ടങ്ങളെ അക്കമിട്ടു നിരത്തി പറഞ്ഞുകൊണ്ട്, പിതൃക്കളുടെ പേരുകൾ പറഞ്ഞു കഴിഞ്ഞപ്പോൾ ചാത്തൻ, മായ, മറുത, കരങ്കുട്ടി തുടങ്ങിയ വിശ്വാസങ്ങളോട് ബന്ധപ്പെടുത്തിയും പാട്ട് തുടർന്നു.

തോറ്റം നീളവെ,

ഇടതു വശത്തുകൂടിയും ആരെല്ലാമോ പ്രവേശിക്കുന്നു. അവർക്കും മുഖങ്ങളും, ഛായകളും ഇല്ല.

അവർ താമസിച്ചെത്തിയതിൻറെ കാരണങ്ങളും വിഷമതകളും അറിയിക്കുകയായിരുന്നു ആദ്യം. ശേഷം അവരും വേദിയിൽ, വെളിച്ചത്തിൽ, ഒഴിഞ്ഞു കിടന്നിരുന്നിടത്ത് കൂട്ടമായിരുന്നു, അവരുടേതായ തോറ്റം പാടി തുടങ്ങി.

അതും മരണപ്പെട്ടവനെ പ്രകീർത്തിച്ചു കൊണ്ടു തന്നെ. അല്ലറചില്ലറ താള, വൃത്ത, ഉപമ വ്യത്യാസങ്ങൾ ഉണ്ടെന്നത് ന്യായം.

**മൂർദ്ധന്യം കാണിച്ചശേഷം പൂർവ്വകഥ അവതരിപ്പിക്കുന്നത് ഒരു പഴയ തന്ത്രമാണ്. വിജയിക്കാം, വിജയിക്കാതിരിക്കാം. അതു രണ്ടും കാണികളെ സംബന്ധിച്ച് വിഷയങ്ങളേയല്ല. അവർക്ക് ഒരൊറ്റ വിഷയമേയുള്ളൂ, ലക്ഷ്യമേയുള്ളൂ. കാണുക എന്ന യാഥാർത്ഥ്യം. ആല്ലെങ്കിൽ യാഥാർത്ഥ്യം കാണുകയെന്നത്.**

രംഗം നീണ്ടു പൊയ്ക്കൊണ്ടിരിക്കുകയാണെങ്കിലും, മരണപ്പെട്ടവനാരെന്നോ, എങ്ങിനെ മരണപ്പെട്ടെന്നോ ഇതേ വരെ അറിയിക്കാതെ അഭിനയ പാടവങ്ങളുടെ പ്രകടന പരമ്പരയാണ് നടക്കുന്നത്.

മുഖങ്ങൾ വക്രിച്ചു കാണിച്ചും ബീഭത്സത പ്രദർശിപ്പിച്ചും കൊണ്ടുള്ള ചേഷ്ടകളിൽ സദസ്സ് ഭ്രമിച്ചുപോയി. അവർ രംഗത്തിൻറെ

തീവ്രതയെ മറന്ന് പ്രകടമായിക്കൊണ്ടിരിക്കുന്ന രസങ്ങൾ കണ്ട് രസിച്ചു കൊണ്ടിരിക്കുന്നു. അഭിനയ ന്യൂനതകളെ വിമർശിച്ചും, നിർവ്വചിച്ചും കൊണ്ടിരിക്കുന്നു. കൂടുതൽ ശ്രേഷ്ഠങ്ങളായ പ്രകടനങ്ങൾ എങ്ങിനെ വേണമെന്ന് വിശദീകരിച്ചും വിധിയെഴുതിയും ഇരിക്കുന്നു.

വളരെ പെട്ടന്നാണ് രംഗത്തേക്ക് മുഖങ്ങളും ഛായകളുമുള്ള കോലങ്ങൾ പ്രവേശിച്ചത്. അവർ വലതു വശത്തുകൂടി ആണ് എത്തിയത്. വേദിയിൽ വെളിച്ചം നിറഞ്ഞു. സദസ്സിനിപ്പോൾ വേദി മുഴുവൻ കാണാറായി.

കോലങ്ങളുടെ ശബ്ദങ്ങളും ആക്രോശങ്ങളും രംഗത്തെ ചൂടുപിടിപ്പിക്കുകയാണ്. തോറ്റങ്ങളുടെ സംഗീതത്തെ, ആശയ വൈപുല്യത്തെ കുറിച്ച് ചിന്തിച്ചും വിമർശിച്ചുമിരുന്ന സദസ്സ്യരുടെ ഞരമ്പുകൾ വീണ്ടും വലിഞ്ഞു മുറുകുകയാണ്.

'' മരിച്ചത് നമ്മുടെ കീചകനാണ്.'

കോലങ്ങൾ ഒറ്റ ശബ്ദത്തിൽ വിളിച്ചു പറഞ്ഞു.

'അതെ കീചകൻ തന്നെയാണ്, തലയെടുപ്പു കണ്ടില്ലെ, നെഞ്ചിൻറെ വിരിവ്, കൈകാലുകളിൽ ഉരുണ്ടുകൂടിയിരിക്കുന്ന പേശികൾ... അതെ ഇത് കീചകൻ തന്നെയാണ്.'

'എങ്കിൽ കൊന്നത് ഭീമനാണ്.'

'ശരിയാണ'എന്ന് സദസ്സ് പ്രതിവചിച്ചില്ല. എങ്കിലും മനസ്സുകളിൽ പറഞ്ഞു തീർച്ചയായും അത് അങ്ങിനെ തന്നയെ സംഭവിക്കൂ.... അതിനേ തരമുള്ളൂ...യുഗങ്ങളോളം നീണ്ടൊരു വിശ്വാസമാണത്, ആചാരമാണത്. അതിനെ മാറ്റാനാവില്ല. മാറ്റേണ്ട കാര്യമില്ല. മാറ്റുന്നത് തെറ്റാണ്. പണ്ട്, പണ്ട്, വളരെ പണ്ട്, ഭാരതമെന്നൊരു കാല്പനിക കഥയിൽ വ്യാസനെന്ന കവി പറഞ്ഞു വച്ചിട്ടുള്ളതാണെങ്കിലും, ഏതൊരു കവിയും ചെയ്യുന്നതു
പോലെ തന്നെയാണെങ്കിലും. ചത്തത് കീചകനെങ്കിൽ കൊന്നത് ഭീമൻ തന്നെ........ സദസ്സ് മനസ്സുകളിൽ ഉറപ്പിക്കുകയാണ്.

' അല്ല, അത് കീചകനല്ല'

ശീലക്ക് പിന്നിൽ നിന്നും ദൃഢമായൊരു ശബ്ദം. തുടർന്ന് ഒരു പറ്റം കോലങ്ങൾ രംഗത്തെത്തി. അവർ ഇടതു വശം ചേർന്നാണ് പ്രവേശിച്ചത്. അവർ ഇടതു കോലങ്ങളായി.

**നിമിഷങ്ങൾ പോകവെ, സദസ്സിൽ ചില അനക്കങ്ങൾ, തുള്ളി വിറച്ചുകൊണ്ട് അവിടവിടെ ചിലർ എഴുന്നേറ്റു നില്ക്കുന്നു. എഴുന്നേറ്റു നിന്നവർ രണ്ടു ചേരിയായി തിരിയുന്നു. സദസ്സ് രണ്ടു ചേരിയായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഉറഞ്ഞു തുള്ളാത്തവർ വിരലിലെണ്ണാവുന്നവരായി അവശേഷിക്കുന്നു.**

'കീചകനെന്നത് സങ്കല്പമാണ്. കീചകൻ സങ്കല്പമാണെങ്കിൽ ഭീമനോ, ഭീമനും സങ്കല്പമാണ്. അക്കഥ തന്നെ സങ്കല്പമാണ്. അല്ലെങ്കിൽ പാഞ്ചാലിയെവിടെ....?'

'പാഞ്ചാലിയോ.... ആരാണത്...?'

വലതു കോലങ്ങൾക്ക് സംശയമായി. അവർക്കറിയാവുന്നത് ഭീമനേയും കീചകനേയും മാത്രമാണ്.

' അപ്പോൾ നിങ്ങൾക്ക് പാഞ്ചാലിയെ അറിയില്ല. അക്കഥകളൊന്നുമറിയില്ല....?'

'വ്യാസൻ പറഞ്ഞ ഭാരത കഥയിലെ ഏറ്റവും പ്രധാനപ്പെട്ട കഥാപാത്രമായിരുന്നു പാഞ്ചാലി. പാഞ്ചാലി ആയിരുന്നു എല്ലാറ്റിനും കാരണം, കേന്ദ്രം. അവൾക്ക് അഞ്ചു ഭർത്താക്കന്മാരുണ്ടായിരുന്നു. അവരായിരുന്നു നായകന്മാർ. അന്ന് ഒരു സ്രതീക്ക് അഞ്ചും അതിലധിവും ഭർത്താക്കന്മാർ അനുവദനീയമായിരുന്നു. ഭർത്താവുണ്ടെങ്കിലും ഇഷ്ടമെങ്കിൽ മറ്റു പുരുഷന്മാരെയും സ്വീകരിക്കാമായിരുന്നു. അതിനെയാണ് ഉഭയകക്ഷി സമ്മതമെന്നു പറയുന്നത്. നായകന്മാരുടെ അമ്മ കുന്തി ഭർത്താവുണ്ടായിരുന്നിട്ടും മറ്റു പല പുരുഷന്മാരെയും സ്വീകരിച്ചിട്ടുണ്ട്. അതുപോലെ, പുരുഷന്മാർക്കും ഇഷ്ടമുള്ളിടത്തോളം ഭാര്യമാരെ അനുവദനീയമായിരുന്നു. അത് നാട്ടു നടപ്പായിരുന്നു. കീചകൻ, ദാസിയായി എത്തിയ പാഞ്ചാലിയോട് പ്രേമാഭ്യർത്ഥന നടത്തി. പലപ്രാവശ്യം. പിന്നീടത് കാമാഭ്യർത്ഥനയായി. അതൊരു തെറ്റായിരുന്നെന്നു പറയാനാവില്ല. എന്തോ അവൾക്കത് രുചിച്ചില്ലായിരിക്കാം. കീചകനെ നാട്യശാലയിലേക്ക് പാഞ്ചാലിയാൽ അനുനയിപ്പിച്ചു വരുത്തി ഭീമൻ കൊല്ലുകയായിരുന്നു.'

'അക്കഥക്ക് ഇവിടെ, ഇന്ന് എന്ത് സാംഗത്യമാണുള്ളത്....?''

സദസ്സിന് അങ്ങിനെ ചോദിക്കാമായിരുന്നു. പക്ഷെ, ചോദിച്ചില്ല. ചോദിക്കാൻ താല്പര്യമില്ലാത്തതുപോലെ നിർവ്വികാരമായിരുന്നു.

ഇപ്പോഴും ഇടതുവലതു കോലങ്ങൾ തോറ്റങ്ങൾ തുടർന്നു കൊണ്ടിരിക്കുന്നു. ഇരു കോലങ്ങളും പുതിയ, പുതിയ വാദമുഖങ്ങൾ നിരത്തിക്കൊണ്ടിരിക്കുന്നു. സദസ്സിനോട് അഭിപ്രായ രൂപീകരണം നടത്താൻ ആഹ്വാനം ചെയ്തു കൊണ്ടിരിക്കുന്നു. അപലപിക്കാൻ അവശ്യപ്പെടുന്നു.

പക്ഷെ, സദസ്സ്യർ കഥ അറിയാതെ ആട്ടം കാണുന്നവരെപ്പോലെയാണ്. ആട്ടവിളക്കിനു മുന്നിൽ തുള്ളി വിറക്കുന്ന ആട്ടക്കാരൻറെ വർണ്ണങ്ങളെയും, മുഖ, വിരൽ ആംഗ്യങ്ങളെയും മാത്രമേ അവർ കാണുന്നുള്ളൂ.

ഭൂരിപക്ഷം അങ്ങിനെയാണെങ്കിലും ചെറിയൊരു വിഭാഗം ചില ചോദ്യങ്ങൾ മനസ്സിൽ ഉന്നയിച്ചു കൊണ്ടിരിക്കുന്നുണ്ട്.

ഇക്കാണുന്നതെല്ലാം കേൾക്കുന്നതെല്ലാം സത്യങ്ങളാണോ....... അല്ലെങ്കിൽ ഇക്കാണുന്നതിലും

കേൾക്കുന്നതിലും ഏതെല്ലാമാണ് സത്യങ്ങൾ....

ഇതു വെറും നാടകമല്ലെ. നാടകം കഴിഞ്ഞ്, തിരശ്ശീല വീണു കഴിഞ്ഞ് എന്തായിരിക്കും സത്യമായി നിലനില്ക്കുന്നത്...

പക്ഷെ, അധികനേരം ആ നിസ്സംഗത നിലനിന്നില്ല.

തോറ്റങ്ങളുടെ താളവും ശബ്ദവും ഏറി വന്നു. കേൾവിക്കാരുടെ സിരകളെ ഉണർത്താൻ തക്കതായി,

**ഇപ്പോൾ നാടകമില്ല, നാടകക്കാരില്ല, അരങ്ങില്ല, അണിയറയില്ല, അണിയറക്കാരില്ല, സംഘാടകരില്ല. കീചകനില്ല, ഭീമനില്ല.... പ്രകമ്പനം കൊള്ളിക്കുന്ന ശബ്ദങ്ങൾ മാത്രം, വിറച്ചു തുള്ളുന്ന കോമരങ്ങൾ മാത്രം.**



ഉച്ചസ്ഥായി ആയി.

നിമിഷങ്ങൾ പോകവെ, സദസ്സിൽ ചില അനക്കങ്ങൾ, തുള്ളി വിറച്ചുകൊണ്ട് അവിടവിടെ ചിലർ എഴുന്നേറ്റു നില്കുന്നു. എഴുന്നേറ്റു നിന്നവർ രണ്ടു ചേരിയായി തിരിയുന്നു.

സദസ്സ് രണ്ടു ചേരിയായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഉറഞ്ഞു തുള്ളാത്തവർ വിരലിലെണ്ണാവുന്നവരായി അവശേഷിക്കുന്നു.

സദസ്സിനെ കീറി മുറിച്ചു നടുവിൽ വലിയൊരിടം വെറുതെയിട്ട്, വിരലിലെണ്ണാവുന്ന നിസ്സംഗരെ നടുവിൽ നിർത്തി ഉറഞ്ഞു തുള്ളവരുടെ ആക്രോശങ്ങൾ, അരുളപ്പാടുകൽ കൊണ്ട് തളവും, പ്രേക്ഷക മണ്ഡപവും പ്രകമ്പനം കൊണ്ടു തുടങ്ങിയിരിക്കുന്നു.

പെട്ടന്ന് തിരശ്ശീല വീണിരിക്കുന്നു, വേദിയിലെ വിളക്കുകൾ അണഞ്ഞിരിക്കുന്നു. അകത്തളത്തിൻ വെളിച്ചം നിറഞ്ഞിരിക്കുന്നു.

ഇപ്പോൾ നാടകമില്ല, നാടകക്കാരില്ല, അരങ്ങില്ല, അണിയറയില്ല, അണിയറക്കാരില്ല, സംഘാടകരില്ല. കീചകനില്ല, ഭീമനില്ല....

പ്രകമ്പനം കൊള്ളിക്കുന്ന ശബ്ദങ്ങൾ മാത്രം, വിറച്ചു തുള്ളുന്ന കോമരങ്ങൾ മാത്രം.

ആ ശബ്ദങ്ങൾ കേട്ട്, തുള്ളി വിറക്കുന്നവരുടെ അരുളപ്പാടുകൾ കേട്ട് ചെവി പൊട്ടി, ചെവി പൊത്തി, കണ്ണുകളടച്ച് നിലത്തിരുന്നു പോകുന്നു നിസ്സംഗർ.

പക്ഷെ, അവർക്കവിടെ ഇരിക്കാനായില്ല. ഇരു ചേരികളുടേയും ശത്രുവാക്കപ്പെട്ടുവെന്ന്, വേട്ട മൃഗമാക്കപ്പെട്ടുവെന്നു തോന്നിയ നിമിഷം അവർ ഓടിത്തുടങ്ങി, അകത്തളത്തിന് വെളിയിലേക്ക്.....

അവർ ഓടിക്കപ്പെടുകയായി, വേട്ടയാടപ്പെടുകയായി, തകർക്കപ്പെടുകയായി...

ഇപ്പോൾ തിരശ്ശീലയില്ല,

പിൻശീലയില്ല,

പിൻശീലക്കും പിന്നിലെ സത്യവുമില്ല.


'Making Memorials all over the USA, Canada and India'
MUKKUT
MONUMENTS INC.
Tel: 1-972-342-0041
www.mukkutmonuments.com
eMail: mukkutmonuments@gmail.com

# ജേക്കബ്ബിന്റെ പൊന്നുമകൾ



◉ അനിൽകുമാർ സി. പി.



വര:
പി ആർ രാജൻ

പോക്കുവെയിലിന്റെ കാഠിന്യം കുറഞ്ഞശേഷമാണ് വീട്ടിലേക്ക് നടന്നു തുടങ്ങിയത്. എന്നിട്ടും

കിതപ്പ് കൂടിക്കൂടി വരുന്നു. ഇതിപ്പോൾ പതിവാണ്. കടുത്ത കിതപ്പ്, നെഞ്ചിൻകൂടു പിളർന്ന് ഹൃദയം കൈയിലിരുന്ന് മിടിക്കുന്നതുപോലെയാണ്. വിയർക്കും, പിന്നെ തളർച്ചയിൽ

അടുത്ത ചുവടു വെച്ചാൽ കുഴഞ്ഞുവീഴും. വീഴട്ടെ. വീണാൽ എല്ലാം അവസാനിക്കണം. അല്ലാതെ തുടരരുതെന്നു മാത്രം. ആ ചിന്തയിൽ ഒന്നു നിന്ന് കിതപ്പാറ്റി അടുത്ത ചുവടുവെച്ചു. ഇല്ല, ഇപ്പോഴത്തെ അവസ്ഥയിൽ ഞാൻ കിടന്നുപോയാൽ സലോമി കൂടുതൽ ദുരിതത്തിലാകും. കർത്താവേ.... വേണ്ട. നീ സഹിച്ചതോളം ഇതായിട്ടില്ല. ഞാൻ പേറിക്കോളാം. ഒടുവിലെ ശ്വാസം വരെ. ഞാൻ മെല്ലെ അടുത്ത ചുവടുവെച്ചു നിന്നു കിതച്ചു.

റോഡിൽ നിന്നും ചെമ്മൺ പാതയിലൂടെ നടന്ന് പിന്നേം ഒരു കയറ്റം കയറി വേണം വീട്ടിലെത്താൻ. നെഞ്ചുവേദനയാണ്. അരിച്ചരിച്ച് കൈവിരൽ വരെ മരവിപ്പിക്കുന്ന വേദന. ആരോടും പറയാൻ വയ്യ. പറഞ്ഞാൽ ചോദിക്കും, മിഷനാശുപത്രി വരെ



ഒന്നുപോയി ആ തോമസ് ഡോക്ടറെ കണ്ടൂടേ എന്ന്. പോകുന്നേന് ഒന്നുമില്ല. ചിലപ്പോൾ ഫീസും വാങ്ങില്ല. പക്ഷേ മരുന്ന്.... അതിന് കാശിന് എവിടെപ്പോകും?

ഞാൻ ഒരുവിധം മുറ്റത്തു കയറി. വീട് മുൻഭാഗം മാത്രമേ ചെത്തി തേച്ചിട്ടുള്ളൂ. അകത്ത് പലയിടത്തും പായൽ കെട്ടിത്തുടങ്ങി. അല്ല, അതൊക്കെ ഇപ്പോൾ പറഞ്ഞിട്ടെന്തിനാ...

വയ്യ, ഒന്നിരിക്കട്ടെ.

'സലോമീ..... ' അകത്തേക്കു നോക്കി നീട്ടി വിളിച്ചു.

ഒന്നു കണ്ണടച്ചു ശ്വാസമെടുത്തു.

'ദാ, കട്ടൻ. പഞ്ചാരയില്ല. തത്കാലം ഇതു കുടിക്ക്.' വിളിച്ചത് എന്തിനെന്നു തിരിച്ചറിഞ്ഞ്

സലോമി നീട്ടിയ കട്ടൻ, ചൂട് നോക്കാതെ വലിച്ചുകുടിച്ചു. ഒരാശ്വാസം.

'എന്തായി?' സലോമിയുടെ കണ്ണിലെ ആകുലത കണ്ടറിയാനുണ്ട്.

'ഒന്നുമായില്ല.. കുറച്ച് ഒപ്പിച്ച് അയച്ചു. ബാക്കി......അറിയില്ല...'

'ഉം...'

സലോമി മറ്റൊന്നും മിണ്ടാതെ ഗ്ലാസുമായി അകത്തേക്ക് പോയി. മുന്നിൽ സൂര്യൻ അവശേഷിപ്പിച്ച നാട്ടുവെളിച്ചവും മങ്ങുകയാണ്, പ്രതീക്ഷകളും.

പെട്ടെന്ന് സ്ക്രീൻ പൊട്ടിയ പഴയ സാംസങ് ഫോണിൽ വാട്ട്സ്ആപ്പ് മെസേജ് ഒരു മിന്നൽ അയച്ചു.

അവളുടെതാവും. നോക്കി..

'അപ്പാ, ഞാൻ പറഞ്ഞതല്ലേ ജൂണിൽ കാശ് വേണമെന്ന്...

എനിക്ക് കാശ് കിട്ടണം. കിട്ടിയേ പറ്റൂ....'

മറുപടി കൊടുക്കേണ്ട. കഴിഞ്ഞ പതിനാറ് മാസങ്ങളിലും ആകെ സംസാരം ഇതൊന്നു മാത്രം. കാശ്, പിന്നെ അതിന്റെ അവസാന തീയതി. അത്രമാത്രം.

**റോഡിൽ നിന്നും ചെമ്മൺ പാതയിലൂടെ നടന്ന് പിന്നേം ഒരു കയറ്റം കയറി വേണം വീട്ടിലെത്താൻ. നെഞ്ചുവേദനയാണ്. അരിച്ചരിച്ച് കൈവിരൽ വരെ മരവിപ്പിക്കുന്ന വേദന. ആരോടും പറയാൻ വയ്യ. പറഞ്ഞാൽ ചോദിക്കും, മിഷനാശുപത്രി വരെ ഒന്നുപോയി ആ തോമസ് ഡോക്ടറെ കണ്ടൂടേ എന്ന്. പോകുന്നേന് ഒന്നുമില്ല. ചിലപ്പോൾ ഫീസും വാങ്ങില്ല. പക്ഷേ മരുന്ന്.... അതിന് കാശിന് എവിടെപ്പോകും?**

അപ്പനു വല്ലാത്ത നെഞ്ചുവേദനയാടീ എന്നു പറഞ്ഞതിന്, രോഗം വന്നാൽ ഹോസ്പിറ്റലിൽ പോകണം എന്ന തീർത്തും ഉദാസീന മറുപടിക്കുശേഷം, കുശലപ്രശ്നങ്ങൾ പോലും അവസാനിച്ചിരുന്നല്ലോ, അതും എന്നായിരുന്നു എന്ന് ഓർത്തെടുക്കാൻ കഴിയുന്നില്ല എന്നു മാത്രം!

അവൾ എന്റെ, അല്ല ഞങ്ങളുടെ ഏക മകൾ, അവൾക്കു ശാലിനി എന്ന പേരിട്ടത്, പഴയ ആ ഹിമശൈല സൈകത ഭൂമിയിൽ എന്ന

പാട്ടു കേട്ടുകേട്ട്, അതിനടിപ്പെട്ട്, 'റബേക്ക' എന്ന സലോമി പറഞ്ഞ പേര് നിഷ്കരുണം തള്ളിക്കളഞ്ഞിട്ടാണ്. റബേക്ക എന്ന പേര് ഇഷ്ടമല്ലാഞ്ഞിട്ടല്ല, അതിലും അല്പം കൂടുതലിഷ്ടം ശാലിനി എന്ന പേരിനോടു തോന്നിയിരുന്നതുകൊണ്ടാണ്. ഒറ്റക്കുഞ്ഞു മതി എന്ന തീരുമാനം അത്ര എളുപ്പമായിരുന്നില്ല. പുര നിറയെ പിള്ളേര് എന്ന സലോമിയുടെ തീരുമാനം മാറ്റിമറിക്കാൻ പെട്ട പാടും ചില്ലറ ആയിരുന്നില്ല.

എത്രയോ രാത്രികളിൽ നെഞ്ചിലെ മുടിയിഴകളിൽ വിരലോടിച്ച് സലോമി കൊഞ്ചിയിട്ടുണ്ട്,

'ദേ, ഇന്നും അമ്മച്ചി ചോദിച്ചു, എന്താ ഉദ്ദേശ്യമെന്ന്, കൊച്ചിനു പ്രായം അഞ്ചായി. ഇനിയും എന്തു പറയും. അവൾ സ്കൂളിലേക്ക് പോയിത്തുടങ്ങുകയായി. ഇനിയും എങ്ങനാ, പറ ജേക്കബേ...'

അവളുടെ ജേക്കബ്ബേ വിളിയിൽ അലിയാതെ, പൂണ്ടടക്കം ഒരു ഉമ്മയും കൊടുത്ത് മലർന്നുകിടന്ന് മച്ചിലെ കറങ്ങുന്ന ഫാൻ നോക്കി കിടക്കുമ്പോഴും ഉള്ളിലെ നിശ്ചയം ഉറച്ചതായിരുന്നു. ഒറ്റ കുഞ്ഞുമതി.അതിപ്പോൾ ആണായാലും പെണ്ണായാലും.

രണ്ടു മൂന്ന് പശുവും, വീട്ടിനു ചുറ്റുമുള്ള പത്തുനൂറു റബ്ബറും ഒക്കെയായി കഴിയുന്നതിനിടയിൽ പെണ്ണ് എന്ന ചിന്തയൊന്നും കടന്നു വന്നിട്ടേ ഇല്ല. അമ്പലക്കുളത്തിൽ കരണം മറിഞ്ഞ് ചാടിക്കുളിക്കുമ്പോൾ പോലും മറുത്തൊരു ചിന്ത ആരെക്കുറിച്ചും കടന്നു വന്നിട്ടില്ല. തുറന്നു പറഞ്ഞാൽ പെണ്ണുകെട്ടാൻ നിശ്ചയിച്ച് കാത്തിരുന്നു കെട്ടിയതൊന്നുമല്ല സലോമിയെ. റബ്ബറുവെട്ടും വാഴകൃഷിയും ഒക്കെയായി നടക്കുമ്പോൾ മൂത്തമ്മച്ചിയാണ് എല്ലാറ്റിനും തുടക്കമിട്ടത്.

ഒരു രഹസ്യം പറയാം, സലോമി എന്നേക്കാൾ ഒരു വയസു മൂത്തതാണ്. പെണ്ണിനിത്തിരി മൂപ്പ് കൂടുന്നതാ നല്ലതെന്ന മൂത്തമ്മച്ചിയുടെ കല്പനയിലാണ് സലോമിയെ ഞാൻ ഒരു ഞായറാഴ്ച കുർബാന സമയത്ത് ആദ്യമായി കാണുന്നതും, നോക്കുന്നതും പിന്നെ അവളെത്തന്നെ നെഞ്ചിൻ കൂടിനുള്ളിൽ പ്രതിഷ്ഠിച്ചതും.

പ്രായമൊന്നും പറയാനും വിശദീകരിക്കാനും ആരും മെനക്കെട്ടുമില്ല. എന്തുപണിക്കും അവൾ കൂടെ നിൽക്കും. റബ്ബറിനും തെങ്ങിനും വാഴകൾക്കും, തൊഴുത്തിനും അടുക്കളക്കുമിടയിൽ പറന്നു നടക്കു

**പെട്ടെന്ന് സ്ക്രീൻ പൊട്ടിയ പഴയ സാംസങ് ഫോണിൽ വാട്ട്സ്ആപ്പ് മെസേജ് ഒരു മിന്നൽ അയച്ചു. അവളുടെതാവും. നോക്കി..'അപ്പാ, ഞാൻ പറഞ്ഞതല്ലേ ജൂണിൽ കാശ് വേണമെന്ന്...എനിക്ക് കാശ് കിട്ടണം. കിട്ടിയേ പറ്റൂ....'**

മ്പോഴും മുറ്റത്തെ കോഴികളിൽ അവളുടെ കണ്ണെത്തിയിരുന്നു. അവൾ അങ്ങനെ നിന്നതുകൊണ്ടു മാത്രമാണ് നാലു മുറി വീടും രണ്ടേക്കർ റബ്ബറും ഒന്നരയേക്കർ കണ്ടവും ഒക്കെ വാങ്ങിയിട്ടതും ഒരു ചെറിയ വളക്കട തുടങ്ങിയതും ഒക്കെ. അവളാകട്ടെ ഞാൻ ജനിച്ചപ്പോൾ മുതൽ എനിക്കൊപ്പം ഉണ്ടെന്ന പോലാണ് അന്നുതൊട്ടിന്നു വരെ കൂടെ ജീവിക്കുന്നതും. പിന്നെ താലികെട്ടി കൃത്യം പത്താം മാസം

ഒറ്റ മകൾ, ശാലിനി പിറന്നതോടെ എല്ലാം അവളിലേക്കായി. കൈ വളരുന്നോ കാൽ വളരുന്നോ എന്നു നോക്കി, കാച്ചെണ്ണ തേപ്പിച്ചും താളി പതച്ചു മെഴുക്കിളക്കിയും തോളേൽ വെച്ചു വളർത്തി. ദോഷം പറയരുത്, കൊച്ചും അങ്ങനായിരുന്നു. അപ്പാ എന്നു തികച്ചും വിളിക്കില്ല. ഒരു പെൻസിൽ വേണമെങ്കിൽപ്പോലും ചോദിക്കും,

'അമ്മച്ചീ, അപ്പന്റെ കൈയിൽ കാശു കാണുമോ? എനിക്കൊരു പെൻസിൽ വാങ്ങിത്തരുമോ' എന്ന്.

സത്യത്തിൽ പലപ്പോഴും സലോമി എന്നോടു പറഞ്ഞിട്ടുണ്ട്, 'ഏതോ ജന്മത്തെ പുണ്യമാ ജേക്കബേ, നമ്മുടെ പൊന്നുമോൾ. അവൾ അപ്പന്റെ കൈയിലെ കാശ് നോക്കി മാത്രമേ പെൻസിൽ പോലും വാങ്ങിത്തരാൻ പറയൂ. ഇന്ന് അവളുടെ കൈയിലെ തേഞ്ഞ പെൻസിൽ കണ്ട് കഷ്ടം തോന്നിയിട്ടാണ് അപ്പയോടു പറയ് എന്നു ഞാൻ അവളോടു പറഞ്ഞത്. എന്നിട്ടും അവളാദ്യം ചോദിച്ചതെന്താ അപ്പന്റെ കൈയിൽ കാശുണ്ടോ എന്നല്ലേ.'

'അതെ സലോമീ, അതല്ലേ ഇനി ഒരു കൊച്ചും കൂടി വേണ്ട, ഒള്ള ഒന്നിനേ നന്നായി വളർത്താം എന്ന് ഞാൻ എപ്പഴും പറയുന്നത്?'

എന്റെ ആ പറച്ചിൽ കേട്ട് സലോമി ഒന്നുകൂടി എന്റെ അടുത്തേക്ക് ചേർന്നുകിടന്നു. മകരത്തണുപ്പിൽ സുഖകരമായ ചൂട് ഞങ്ങൾ രണ്ടാൾക്കും തോന്നി, ഉള്ളിലും പുറത്തും ഒരു പുഞ്ചിരി സ്വയമറിയാതെ നിറഞ്ഞു.

'അതേ, ചിന്തിച്ചു തീർന്നെങ്കിൽ ഒന്ന് അടുക്കളപ്പുറത്തേക്ക് വരാമോ? ഇരുട്ടു വീഴുന്നു. വേഗം ആ തേങ്ങ ഒന്ന് പൊതിച്ചു തരണം. എന്റെ കൈ അപ്പടി നീരാണ്.'

സലോമിയുടെ ഇടത്തേ കൈ തോളു മുതൽ താഴേക്ക് നീരാണ്. നീരുവന്ന് വീർത്തിട്ടുണ്ട്. ഇപ്പോൾ നീര് കല്ലിച്ച മട്ടാണ്. ആശുപത്രിയിൽ പോകണം, അതെ പോകണം, പക്ഷേ പോകാൻ കാശും വേണം.

ഞാൻ അടുക്കളയിലെത്തി ഒതുക്കു കല്ലു ചവിട്ടി മുറ്റത്തേക്കിറങ്ങി.

അപ്പടി ചളിയാണ് മുറ്റത്ത്.

'ചെരുപ്പിട്ടിട്ടുണ്ടോ? ചളിയിൽ ചവിട്ടി വളം കടി ഉണ്ടാക്കി വെക്കരുത്.' സലോമി വലതുകൈയിലെ പൊതിക്കാനുള്ള തേങ്ങ നെഞ്ചത്തോട്ടു ചേർത്തുപിടിച്ചു പുറത്തു വന്ന് മുറ്റത്തേക്ക് ഇട്ടുതന്നു. തേങ്ങ പൊതിച്ചെടുക്കുമ്പോൾ മുഴുവൻ

സലോമിയുടെ കൈയിലെ നീരും ആശുപത്രിയും ചികിത്സാ ചെലവും ശാലിനിയുടെ മെസേജും എന്റെ തലയിൽ ഏണിയും പാമ്പും കളി നടത്തി.

പൊതിച്ചെടുത്ത തേങ്ങ പൊട്ടിച്ച് അതിലെ വെള്ളവും വായിലേക്ക് ഒഴിച്ച് അകത്തു കയറിയപ്പോൾ സലാമിയുടെ ചോദ്യം പിന്നാലെ എത്തി.

‘എന്തു ചെയ്യും ജേക്കബേ നമ്മൾ?‘

‘പൊട്ടിച്ച തേങ്ങ ചിരകിത്തരാം, അതു പോരേ സലോമി’ എന്നു പറഞ്ഞു ഞാൻ വെറുതേ ഒന്നു ചിരിച്ചു.

‘ഒന്നു പോയേ, പെണ്ണിന്റെ മെസേജ് ഞാൻ കണ്ടു. ഇനി എന്തുണ്ട് വിൽക്കാൻ? അതാ ഞാൻ....‘

’ജനിപ്പിച്ചപ്പോ ഓർത്തില്ലേ’ എന്ന ചോദ്യം കൂടി അവൾ ചോദിച്ചിരുന്നുവെന്നും മക്കളെ വളർത്തുക മാതാപിതാക്കളുടെ ഉത്തരവാദിത്തമാണെന്നും കാശു ചോദിക്കുമ്പോൾ ’പെറ്റ കഥയും തിന്നാൻ തന്ന കഥയും കിടക്കാൻ ബെഡ് സ്പേസ് തന്ന കഥയുമല്ല പറയേണ്ടത്’ എന്നുശാസിക്കുന്ന അവളുടെ മെസേജ് സലോമി കാണാതിരിക്കാൻ അപ്പോൾത്തന്നെ ഡിലീറ്റ് ചെയ്തതാണെന്നും പറയാൻ നിന്നില്ല.

ചിരകിത്തീർന്ന ചിരട്ട, സൂക്ഷ്മതയോടെ അടുക്കളമൂലയിലെ ചാക്കിൽ എടുത്തിട്ട്, ചിരകിയത് സലോമിക്കും കൊടുത്ത് ഞാൻ ഷർട്ടും പാന്റും അഴിച്ച് ലുങ്കിയും ചുറ്റി കട്ടിലിൽ മലർന്നു കിടന്നു.

എന്തിനു ജനിപ്പിച്ചു? വളർത്താൻ പാങ്ങില്ലങ്കിൽ അതിനു നിൽക്കരുത്. ഇപ്പോൾ എനിക്കാവശ്യമുള്ള കാശ് തന്നേ പറ്റൂ എന്നു പറയുന്നത് സ്വന്തം മകളാണ്! ഇരുപത്തിയാറ് വയസ്സും കടന്ന മകൾ!

അവൾ പഠിക്കുന്നത് വിദേശ രാജ്യത്ത്. ഉള്ള സ്വത്തിൽ വീടും പറമ്പും വിറ്റാണ് അതിനുള്ള വഴി കണ്ടെത്തിയത്. പക്ഷേ ആദ്യത്തെ ഒരു വർഷത്തിനുള്ളിൽ തന്നെ പലവട്ടം കാശു ചോദിച്ചു വിളി വന്നു തുടങ്ങിയിരുന്നു. എങ്ങനെ കൊടുക്കാനാണ്?

കടയുടെ കാര്യം കഷ്ടത്തിലാണ്. പശുവും കോഴിയും, അത്യാവശ്യം നട്ടുനനച്ചുണ്ടാക്കുന്നതും ഒക്കെ ചേർത്താണ് കാര്യങ്ങൾ കൊണ്ടു പോയിരുന്നത്. ഇപ്പോൾ പശുവും, പറമ്പും വീടും വിറ്റ് ഒരു കൊച്ചു തേയ്ക്കാത്ത വീട്ടിലേക്ക് താമസം മാറ്റിക്കഴിഞ്ഞു. ഇനി എന്താണ് മാർഗം. പേഴ്സണൽ ലോൺ ചോദിച്ച് ബാങ്കിൽ ചെന്നപ്പോൾ കിട്ടിയത് ഉപദേശം. സുഹൃത്താണ് ബാങ്ക് മാനേജർ. അതിനാൽത്തന്നെ എന്റെ ജീവിതത്തിന്റെ കയറ്റിറക്കങ്ങൾ നന്നായി അറിയാം. അവൻ പറഞ്ഞത് സത്യമാണ്. തുടക്കത്തിൽ പറഞ്ഞ ഇരുപത്തഞ്ച് ലക്ഷം ഇപ്പോൾ അമ്പതു കടന്നിരിക്കുന്നു. പണയം വെക്കാവുന്നതൊക്കെ പണയത്തിലാണ്. ഒരിഞ്ചുപോലും ഇനി മുന്നോട്ടു പോകാനില്ല. ഒരു വർഷം പഠനം ഒപ്പം ജോലിയും. അപ്പോൾ തുടർപഠനം ബാധ്യതയാകില്ല. എന്നിട്ടോ? തുടർപഠനം മാത്രമല്ല തുടർ ജീവിതവും അപ്പന്റെ തലയിൽ ഇട്ടുതന്നിട്ട് മകൾ പറയുന്നു, ഇതൊക്കെ അപ്പന്റെ ഉത്തരവാദിത്തമല്ലേ എന്ന്.

**അവൾ എന്റെ, അല്ല ഞങ്ങളുടെ ഏക മകൾ, അവൾക്കു ശാലിനി എന്ന പേരിട്ടത്, പഴയ ആ ഹിമ ശൈല സൈകത ഭൂമിയിൽ എന്ന പാട്ടു കേട്ടുകേട്ട്, അതിനടിപ്പെട്ട്, ’റബേക്ക’ എന്ന സലോമി പറഞ്ഞ പേര് നിഷ്കരുണം തള്ളിക്കളഞ്ഞിട്ടാണ്. റബേക്ക എന്ന പേര് ഇഷ്ടമല്ലാഞ്ഞിട്ടല്ല, അതിലും അല്പം കൂടുതലിഷ്ടം ശാലിനി എന്ന പേരിനോടു തോന്നിയിരുന്നതുകൊണ്ടാണ്. ഒറ്റക്കുഞ്ഞു മതി എന്ന തീരുമാനം അത്ര എളുപ്പമായിരുന്നില്ല. പുര നിറയെ പിള്ളേര് എന്ന സലോമിയുടെ തീരുമാനം മാറ്റിമറിക്കാൻ പെട്ട പാടും ചില്ലറ ആയിരുന്നില്ല.**

അപ്പനെ സ്നേഹിച്ച, അപ്പന്റെ ആ മകൾ മരിച്ചതോ ഈ മകൾ?

‘മതി ചിന്തിച്ചുകൂട്ടിയത്. വന്ന് കഴിക്ക് വല്ലതും.‘

സലോമി വിളിച്ചാൽ ഇനി കിടക്കാൻ പറ്റില്ല. നിലത്ത് പലകയിട്ടിരുന്നു. വിഭവങ്ങൾ ഒന്നുമില്ല. കഞ്ഞിയും ഇത്തിരി തേങ്ങാചമ്മന്തിയും മുരിങ്ങയില തോരനും. മുരിങ്ങയുണ്ട് അതിരു നിറയെ. ചോറിനുള്ള അരിയുണ്ടേൽ മുരിങ്ങ ഒരു കറിക്കുള്ളത് നിത്യവും തരുന്നുണ്ട്. ഭാഗ്യം.

കഞ്ഞി കുടിക്കുമ്പോൾ സലോമിയോട് ബാങ്ക് മാനേജർ പറഞ്ഞ കാര്യം പറഞ്ഞു. ‘സലോമീ, അവൻ പറഞ്ഞത് എന്താണെന്ന് അറിയുമോ? ജേക്കബേ എടാ, നിങ്ങൾ 26 വർഷം നിക്ഷേപിച്ച ബാങ്ക് എട്ടു നിലയിൽ പൊട്ടിപ്പാളീസായിരിക്കുന്നു. അത് അംഗീകരിച്ചേ പറ്റൂ. യാഥാർത്ഥ്യം അതാണ്.‘

‘പക്ഷേ, സലോമീ നമ്മൾ നിക്ഷേപിച്ചിരുന്നത് പണമായിരുന്നില്ല, സ്നേഹവും കരുതലുമായിരുന്നു. പിൽക്കാലത്ത് പലിശ ചേർത്ത് തിരിച്ചെടുക്കാം എന്ന വ്യാമോഹത്തിൽ നിക്ഷേപിച്ചത് സ്വന്തം മകളിൽ ആയിരുന്നുവെന്നു മാത്രം.‘

‘നിങ്ങളെന്താണീ പറയുന്നത്? നിക്ഷേപമോ? മകളിലോ? ശാലു നമ്മുടെ മോളാണ് ജേക്കബേ, അവളുടെ കൈവളരുന്നോ കാൽ വളരുന്നോ എന്നു നോക്കിയത് നിക്ഷേപമെന്നാണോ പറയുന്നത്?അതെന്തൊരുപറച്ചിലാ?‘

‘അതെ, സലോമീ ഞാൻ ചിന്തിച്ചു. അവൻ പറഞ്ഞത് സത്യമല്ലേ, നമ്മൾ അവളെ സ്നേഹിക്കുമ്പോൾ അത് തിരിച്ചുകിട്ടും എന്ന് ഉറപ്പിച്ചു തന്നല്ലേ സ്നേഹിച്ചത്? എന്തിന് നിഷേധിക്കണം. ഞാൻ സ്വപ്നം കണ്ടിരുന്നു. അവൾ തിരിച്ചു നൽകുന്ന സ്നേഹം, പൊട്ടിപ്പോയി സലോമീ നമ്മുടെ ബാങ്ക് പൊട്ടിപ്പോയി.‘



അത്രയും പറഞ്ഞപ്പോഴേക്കും എന്റെ തൊണ്ട അടഞ്ഞു. സങ്കടം കുരുങ്ങി. കണ്ണു നിറഞ്ഞു.

നിറഞ്ഞ കണ്ണ് ഒഴുകട്ടെ. ഒന്നും മറയ്ക്കാനില്ല. സലോമിയും കരയുകയാണ്. കരയട്ടെ. ബാങ്ക് തകർന്നാൽ കരയണം. സ്നേഹത്തിന്റ ബാങ്ക് ആകുമ്പോൾ പൊട്ടിക്കരഞ്ഞാലും തരക്കേടില്ല.

കണ്ണുനീരു വീണു കലങ്ങിയിട്ടോ കഞ്ഞിയിൽ ഉപ്പു കൂടി. രണ്ടു സ്പൂൺ കൂടി വലിച്ചുകുടിച്ച് അവശേഷിച്ച വറ്റും വെള്ളവും അടുക്കളക്കതകു തുറന്നു പുറത്തേക്കു വീശിയൊഴിച്ചു. വായ കഴുകി അകത്തേക്കു നടക്കുമ്പോൾ മനസ് ശൂന്യമായി.

ഇനി എന്താണ് ബാക്കി?

ഒരു കൂരയുണ്ട്. അതു ഭാഗ്യം. രണ്ടു മനുഷ്യരുണ്ട്, കുറേ രോഗങ്ങൾ കൂട്ടുണ്ട്. എത്ര കാലം, അതും കൂടി അറിയാനാകുമായിരുന്നെങ്കിൽ എത്ര നന്നായേനെ.

**'ജനിപ്പിച്ചപ്പോ ഓർത്തില്ലേ' എന്ന ചോദ്യം കൂടി അവൾ ചോദിച്ചിരുന്നുവെന്നും മക്കളെ വളർത്തുക മാതാപിതാക്കളുടെ ഉത്തരവാദിത്തമാണെന്നും കാശു ചോദിക്കുമ്പോൾ 'പെറ്റ കഥയും തിന്നാൻ തന്ന കഥയും കിടക്കാൻ ബെഡ് സ്പേസ് തന്ന കഥയുമല്ല പറയേണ്ടത്' എന്നുശാസിക്കുന്ന അവളുടെ മെസേജ് സലോമി കാണാതിരിക്കാൻ അപ്പോൾത്തന്നെ ഡിലീറ്റ് ചെയ്തതാണെന്നും പറയാൻ നിന്നില്ല.**

ഞാൻ കണ്ണടച്ചു കിടന്നു.

ഉണർന്നത് ഒരു തീരുമാനമെടുത്തിട്ടാണ്. സമയം നാലു മണി ആയിട്ടേ ഉള്ളൂ. ഉറക്കം അല്ല. ആധി വിങ്ങി ഒരു മയക്കം. വീണ്ടുമൊരു ആധിയിൽ ഉണരൽ. ഫോൺ എടുത്തു നോക്കി.

അപ്പാ കാശ്..... വീണ്ടും, വീണ്ടും, വീണ്ടും....!

'മോളേ ഇനി അപ്പന് കഴിയില്ല. നാട്ടിൽ തിരിച്ചുവരാമെങ്കിൽ ഏതെങ്കിലും സൂപ്പർ മാർക്കറ്റിലോ തുണിക്കടയിലോ ഒരു ജോലി തരപ്പെടുത്തിത്തരാൻ അപ്പന് കഴിയും. അതാവും ഇനി നല്ലത്. കഴിഞ്ഞത് കഴിഞ്ഞു. അപ്പൻ ഇന്ന് അയച്ച കാശുകൊണ്ട് തിരികെ വരാൻ ടിക്കറ്റ് എടുക്കുക. അതേ അപ്പന് ഇനി ചെയ്യാനുള്ളൂ. കാശിനായി വിളിക്കേണ്ട. ഇവിടൊരു അപ്പനും അമ്മച്ചിയും ഉണ്ടെന്നു തോന്നിയാൽ മാത്രം വിളിക്കുക. നീ നന്നായി ജീവിക്കുക.'

മറുപടി അയച്ചുകഴിഞ്ഞ് മുറ്റത്തേക്കിറങ്ങി. നെഞ്ചിലെ പിടുത്തം ഇപ്പോൾ ഇല്ല. നന്നായി ശ്വാസമെടുക്കാൻ പറ്റുന്നുണ്ട്.

ദിവസങ്ങൾ കടന്നുപോകുന്നത് ഞാനും സലോമിയും അറിയുന്നുണ്ട്. ഇന്ന് പതിനഞ്ചു നാൾ കഴിഞ്ഞു, ഇന്ന് മുപ്പതുനാൾ കഴിഞ്ഞു എന്നൊക്കെ സലോമി പറയുന്നതു ഞാൻ കേൾക്കാറുണ്ട്. വേറൊന്നുമല്ല. ശാലു വിളിച്ചിട്ട് ദിനങ്ങൾ കൊഴിഞ്ഞുപോകുന്ന കണക്കെടുക്കുകയാണവൾ. പാവം.ഞാൻ അതു ശ്രദ്ധിക്കാറില്ല. ഇനി എവിടേം ഒന്നും നിക്ഷേപിക്കാൻ കൈവശം ഇല്ല. പണവും സ്നേഹവും സ്വന്തം ആവശ്യത്തിനുള്ളതേ ഉള്ളൂ.

ഇതിനിടയിൽ ഞാൻ വീടിനടുത്ത് പുതുതായി തുടങ്ങിയ സൂപ്പർ മാർക്കെറ്റിൽ പണിക്കു കയറി. ജീവിക്കണം, ഭക്ഷണം മാത്രമല്ല മരുന്നും വേണം. അതിന് എന്തു പണിയും ചെയ്യും എന്നതിനാൽ കുഴപ്പമില്ല. ശമ്പളം വന്നു തുടങ്ങിയതുകൊണ്ട് അമ്പതിനായിരം രൂപ ലോൺ തരാം

എന്നും ബാങ്ക് ഏറ്റിട്ടുണ്ട്. വീട് കുറച്ചു ഭാഗം ചെത്തിത്തേക്കണം. ആർക്കുവേണ്ടി എന്നാണോ? ഞങ്ങൾക്കു വേണ്ടി.

വൈകുന്നേരം വീട്ടിലേക്കു നടക്കുമ്പോൾ കവലയിൽ നിന്നും അയൽവക്കത്തെ ജെറിമോൻ നീട്ടി വിളിച്ചു.

'അച്ചായോ ഒന്നു നിന്നേ....'

'എന്നാടാ?'

'അച്ചായൻ പറഞ്ഞപോലൊന്നും അല്ലല്ലോ, നമ്മടെ ശാലിനി നല്ല നിലയിൽ ആയല്ലോ. ഇനിയിപ്പം ആ പഴയ വീടും സ്ഥലവും മാമച്ചന്റെ കൈയ്യേന്ന് തിരിച്ചു മേടിക്കാം അല്ലേ? ഇച്ചിരെ കൂടുതൽ കൊടുത്താലും നഷ്ടമാകത്തില്ലല്ലോ. നിങ്ങടെ വിയർപ്പു വീണ മണ്ണല്ലേ അത്?'

'നിനക്കെന്താ ജെറീ പ്രാന്തായോ? വിളിച്ചു നിർത്തി പ്രാന്ത് പറയുന്നോ?'

'എന്ത് പ്രാന്ത്! ദേ നോക്ക് ശാലു പോർച്ചുഗല്ലേലും സ്പെയിനിലും ഒക്കെ വെക്കേഷനിലാ. എന്തോരം ഫോട്ടോകളാ... നിങ്ങൾ ഇതൊന്നും കണ്ടില്ലേ?'

ശാലുവിന്റെ ഒരു മെസേജോ വിളിയോ വന്നിട്ട് കാലം എത്രയായി. ഒരു വർഷം എന്തായാലും കടന്നിരിക്കുന്നു.

അപ്പോ അവൾ യു കെയിൽ അല്ലേ ഇപ്പോൾ?

ഹാ, അറിഞ്ഞിട്ടെന്തിനാ? ജീവിക്കട്ടെ, നല്ല ജീവിതം കിട്ടട്ടെ. മകളാണ്, കർത്താവ് കാക്കട്ടെ.

ജെറി നീട്ടിയ ഫോണിലെ ചിത്രങ്ങൾ കാണാൻ നിന്നില്ല.

വീട്ടിലേക്ക് കയറുമ്പോൾ വീണ്ടും അതേ നെഞ്ചെരിപ്പ്. കുറേനാളിനു ശേഷമാണിത്. തിണ്ണയിലേക്ക് ഇരുന്നതിനൊപ്പം അറിയാതെ കരഞ്ഞുപോയി. ആ ശബ്ദം പുറത്തേക്ക് തെറിച്ചിരിക്കണം. സലോമി ഓടിയെത്തി.

എന്തു പറയണം?

കണ്ണു തുടച്ച് അകത്തേക്ക് കയറി.

'അന്നേ പറഞ്ഞതാണ് ഒന്നുകൂടി ഉണ്ടായിരുന്നെങ്കിൽ ഇങ്ങനെ വേദനിക്കണോ?'

'എന്റെ സലോമീ, ഇപ്പോൾ കേറിക്കിടക്കാൻ ഒരു കൂരയുണ്ട്. അതും വേണ്ടന്നായോ നിനക്ക്? ഞാൻ ചിലത് തീരുമാനിച്ചിട്ടുണ്ട്. നീ അടങ്ങ്.'

'ഞാൻ അടങ്ങാത്തതല്ലല്ലോ. ഇപ്പോൾ മാക്കുമാക്കാന്നു കരഞ്ഞത് ജേക്കബല്ലേ? ഇതു നല്ല കൂത്ത്.'

**'മോളേ ഇനി അപ്പന് കഴിയില്ല. നാട്ടിൽ തിരിച്ചുവരാമെങ്കിൽ ഏതെങ്കിലും സൂപ്പർ മാർക്കറ്റിലോ തുണിക്കടയിലോ ഒരു ജോലി തരപ്പെടുത്തിത്തരാൻ അപ്പന് കഴിയും. അതാവും ഇനി നല്ലത്. കഴിഞ്ഞത് കഴിഞ്ഞു. അപ്പൻ ഇന്ന് അയച്ച കാശുകൊണ്ട് തിരികെ വരാൻ ടിക്കറ്റ് എടുക്കുക. അതേ അപ്പന് ഇനി ചെയ്യാനുള്ളൂ. കാശിനായി വിളിക്കേണ്ട. ഇവിടൊരു അപ്പനും അമ്മച്ചിയും ഉണ്ടെന്നു തോന്നിയാൽ മാത്രം വിളിക്കുക. നീ നന്നായി ജീവിക്കുക.'മറുപടി അയച്ചുകഴിഞ്ഞ് മുറ്റത്തേക്കിറങ്ങി. നെഞ്ചിലെ പിടുത്തം ഇപ്പോൾ ഇല്ല. നന്നായി ശ്വാസമെടുക്കാൻ പറ്റുന്നുണ്ട്.**

സലോമി അരിശത്തിൽ തല വെട്ടിച്ച് അടുക്കളയിലേക്കു കടന്നു.

തീരുമാനം എടുത്തു കഴിഞ്ഞതാണ്. ഇനി വൈകണ്ട.ഫോൺ എടുത്ത് നമ്പർ തപ്പിയെടുത്തു.

'മോളേ.... നീ നാളെ രാവിലെ തന്നെ ഇങ്ങു പോരണം.'

ഞാനതു പറഞ്ഞ് ഫോൺ കട്ടു ചെയ്തു.

ഞാൻ പറഞ്ഞത് സലോമി കേട്ടു എന്ന് ഉറപ്പാണ്. അവളുടെ മുഖത്ത് കാർമേഘമൊഴിഞ്ഞ ആകാശത്തിന്റെ സമാധാനം കാണുന്നുണ്ട്. രാത്രി കഞ്ഞിക്കൊപ്പം ഒരു ചാള വറുത്തതും കൂടുതൽ കിട്ടി.

നേരം വെളുത്തു. സലോമി മുറ്റത്ത് വെണ്ടച്ചെടിയിൽ കുരുടിപ്പ് പരിശോധിക്കുമ്പോഴാണ് അവൾ വന്നത്.

കൈയിൽ ഒരു സഞ്ചിയും ഒരു ബാക്ക്പാക്കുമുണ്ട്. ചുവന്ന ചുരിദാറിൽ വിളറിയ അവളുടെ മുഖം ഒന്നു തിളങ്ങിയ പോലെ തോന്നി.

സലോമി തിരിഞ്ഞു നിന്ന് അവളെ നോക്കി. സംശയത്താൽ ഉയർന്ന സലോമിയുടെ പുരികക്കൊടികൾക്കിടയിൽ ഒരുമ്മ കൊടുക്കാനാണ് എനിക്കപ്പോൾ തോന്നിയത്.

'ജേക്കബേ, ഇതാ പള്ളിടെ തെക്കേതിലെ വണ്ടിയിടിച്ചു മരിച്ച കുഞ്ഞപ്പന്റെ മോൾ ആനി അല്ലേ?'

'അതെ. സലോമി അവൾ തന്നെ. കുഞ്ഞപ്പൻ പോയേപ്പിന്നെ ജോമിക്ക് മൂന്നു മക്കളെ പോറ്റാൻ വഴിയൊന്നും ഇല്ല. ഒന്നാമത് അവളുടെ വയ്യായ്ക. അപ്പോ ഞാനാ പറഞ്ഞത് ആനിക്കൊച്ചിനെ ഞാൻ കൂടെ നിർത്തി പഠിപ്പിച്ചോളാമെന്ന്. നീ അവളെ അകത്തേക്ക് വിളിക്ക്.'

ഒന്നു സംശയിച്ചു നിന്ന്, ആനിക്കൊച്ച് അകത്തേക്കു കടന്നപ്പോൾ സലോമി എന്നെ പിന്നിലേക്കു വലിച്ചിട്ടു ചോദിച്ചു,

'വീണ്ടും നിക്ഷേപം തുടങ്ങുവാണോ? ഈ ബാങ്കും പൊട്ടിയാലോ? എന്തു വിശ്വാസത്തിലാ?'

'പൊട്ടുന്നേൽ പൊട്ടട്ടെടീ, പിന്നെ, കർത്താവിന്റെ ബാങ്ക് പൊട്ടത്തില്ല. അതെനിക്ക് ഒറപ്പാ. ഇപ്പോ നമുക്ക് സ്നേഹിക്കാൻ ഒന്നിനെ വേണം. നമുക്ക് മുന്നോട്ടു ജീവിക്കാനും. അവൾക്കു വേണ്ടിയല്ല. നമുക്ക് വേണ്ടി. ഇനിയിപ്പം ഇവൾ നമ്മളെ സ്നേഹിച്ചില്ലേലും തള്ളിപ്പറഞ്ഞാലും കുഴപ്പമില്ല.'

ഞാനാ തിണ്ണയിൽ അമർന്നിരുന്നു.

യേശു ചിരിച്ചതുപോലെ പൊടുന്നനെ ആകാശത്തുനിന്നും വീണു ചിതറിയ വെള്ളത്തുള്ളികൾ എന്റെ മുഖത്തു തണുപ്പു പടർത്തി.

ഇല്ല, ഇപ്പോഴാ നെഞ്ചുവേദന തീരെയില്ല.

● നോവൽ




# നിഗൂഢതകളുടെ തടവറ

പി എസ് ജോസഫ്

## അധ്യായം 15
## മാലിനിയുടെ വീട്ടിൽ പരമാചാര്യ

മാലിനിയെ എന്തിനാണ് ഇപ്പോൾ ഓർക്കുന്നത് , പരമാചാര്യ മനസ്സിൽ പറഞ്ഞു . ജമുനയുടെ മകൾ മാലിനി. അദ്ദേഹം അവളെ കണ്ടുമുട്ടിയപ്പോൾ തനിക്കുണ്ടായിരുന്ന ഒരു യഥാർത്ഥ രഹസ്യത്തെക്കുറിച്ച് മാലിനി വീമ്പിളക്കി.അവൾ അവനോട് പറഞ്ഞു, നിങ്ങൾക്ക് ഈ പുസ്തകം മനസ്സിലാക്കാൻ കഴിയുമെങ്കിൽ, ഒറ്റരാത്രികൊണ്ട് നിങ്ങൾക്ക് ഒരു കോടീശ്വരനാകാം.

അവളുടെ വാക്കുകൾ കേട്ട് അദ്ദേഹം ചിരിച്ചു...

പുരുഷനെ വശീകരിക്കാൻ സ്ത്രീകൾ എന്തും പറയും. മറ്റൊരു ചൂണ്ട, അയാൾ ചിന്തിച്ചു.

അന്നു രാത്രി അദ്ദേഹം തന്റെ ബ്രഹ്മചര്യവും സന്യാസ ജീവിതവും പണയം വെച്ചു.

രാത്രിയിൽ അയാൾ ഒരു അവിശുദ്ധ സ്വപ്നം കണ്ടു. സന്യാസിയല്ല ഇപ്പോൾ അയാൾ .അയാൾ മാലിനിയുടെ സാന്നിധ്യത്തിലായിരുന്നു.

അവളുടെ ആശ്വസിപ്പിക്കുന്ന കൈകൾ അയാളുടെ ഇന്ദ്രിയങ്ങളെ സ്പർശിച്ചു .അയാൾ നല്ല മയക്കത്തിലായി . ഭാംഗ് അയാളുടെ വാക്കുകളെയും പ്രവൃത്തികളെയും ബാധിച്ചതായി തോന്നി.

അയാൾ അവളോട് ആക്രോശിച്ചു: ''പുസ്തകം എവിടെ, രഹസ്യ പുസ്തകം?''

വല്ലാതെ ഞെട്ടിയ അവൾ സാരിയിൽ മുഖം മറച്ചു.

''പറയൂ,'' അയാൾ അവളോടു ആജ്ഞാപിച്ചു..

'ഇമയ എല്ലാം എടുത്തു . എന്റെ ജീവിതം പോലും. ഞാൻ അവന്റെ കയ്യിലെ ഒരു പണയവസ്തു മാത്രമാണ്,'' അവൾ അയാളോട് പറഞ്ഞു.



അർദ്ധരാത്രിയിൽ അയാൾ വിയർത്തു ഉണർന്നു.

ഡി നഗരത്തിലല്ല, തൻറെ ആശ്രമത്തിലായിരുന്നു പരമാചാര്യ അപ്പോൾ .. ഹിരണ്യൻ സമാധാനമായി ഉറങ്ങുകയായിരുന്നു.

അയാൾ അവനെ രൂക്ഷമായി നോക്കി.

'അവനാണോ ആ വ്യക്തി ?'

അവൻറെ അടയാളങ്ങൾ പരമാചാര്യ ഉറ്റു നോക്കി .

ഭൂതകാലത്തിലെ രഹസ്യ നദികളെ സൂചിപ്പിക്കുന്ന ഇരുണ്ട വരകൾ നെറ്റിയിൽ തെറിച്ചു നിന്നു.

മാലിനിയുമായുള്ള തൻറെ ബന്ധം അവൻ എങ്ങനെ അറിഞ്ഞു ?

അത് ബ്രാഹ്മമുഹൂർത്തമായിരുന്നു

തന്റെ മുമ്പിലുള്ള എല്ലാ ഗുരുക്കന്മാരെയും അഷ്ടപാലകരെയും അല്ലെങ്കിൽ ദിക്പാലകരെയും മനസ്സിൽ ഓർത്ത്, അദ്ദേഹം കവടി നിരത്തി .ഒരു മനുഷ്യനും, പ്രത്യേകിച്ച് ഒരു സന്യാസി ഒരിക്കലും

**അവളുടെ ആശ്വസിപ്പിക്കുന്ന കൈകൾ അയാളുടെ ഇന്ദ്രിയങ്ങളെ സ്പർശിച്ചു . അയാൾ നല്ല മയക്കത്തിലായി . ഭാംഗ് അയാളുടെ വാക്കുകളെയും പ്രവൃത്തികളെയും ബാധിച്ചതായി തോന്നി. അയാൾ അവളോട് ആക്രോശിച്ചു: "പുസ്തകം എവിടെ, രഹസ്യ പുസ്തകം?" വല്ലാതെ ഞെട്ടിയ അവൾ സാരിയിൽ മുഖം മറച്ചു. "പറയൂ," അയാൾ അവളോടു ആജ്ഞാപിച്ചു..'ഇമയ എല്ലാം എടുത്തു . എന്റെ ജീവിതം പോലും. ഞാൻ അവന്റെ കയ്യിലെ ഒരു പണയവസ്തു മാത്രമാണ്," അവൾ അയാളോട് പറഞ്ഞു.**

ചെയ്യരുതാത്ത കണക്കുകൂട്ടലുകൾ അയാൾ നടത്തി .

ഹിരണ്യന്റെ വിധി വരയിലേക്കായിരുന്നു ആ കണ്ണുകൾ പതിഞ്ഞത് .

ഹിരണ്യന്റെ വഴിവിട്ട വഴികളിൽ പരിഭ്രാന്തനായി, അവന്റെ മാർഗദർശകനായ പരമാചാര്യ സ്വന്തം ധർമ്മത്തിനും ആഗ്രഹങ്ങൾക്കും വിരുദ്ധമായി അവന്റെ ജാതകം നോക്കി. പരമാചാര്യൻ പാപത്തിന്റെ നഗരമായ ഡി നഗരം സന്ദർശിച്ച ഒരു അശുഭദിനത്തിലാണ് ഹിരണ്യനെ ഗർഭം ധരിച്ചത്. വലിയ ഭ്രമണപഥത്തിൽ അകപ്പെട്ടതുപോലെ, പരമാചാര്യ അന്ന് മാലിനിയുടെ ജീവിതത്തിലേക്ക് ആകർഷിക്കപ്പെട്ടു. പൗരോഹിത്യ വേഷത്തിൽ കടന്നു വന്ന അയാളെ വശീകരിച്ച സ്നേഹവീഥിയിലെ കുപ്രസിദ്ധ സ്ത്രീ,അയാളെ ചൊല്പ്പടിയിൽ നിർത്തി . അത് മുൻകൂട്ടി നിശ്ചയിച്ചതാണ്, പരമാചാര്യക്ക് തോന്നി

തവിട്ടുനിറത്തിലുള്ള ആനക്കൊമ്പിന്റെ അലങ്കാര മുദ്രകൾ പതിപ്പിച്ച കസേരയിൽ ചാരിയിരുന്ന്, താൻ അനുഭവിച്ച അപകടങ്ങളിലേക്ക് പരമാചാര്യ തിരിഞ്ഞുനോക്കി. പ്രണയവീഥിയിൽ ബ്രഹ്മചര്യം മാത്രമല്ല, ഒരു അമൂ

ല്യഗ്രന്ഥവും നഷ്ടപ്പെട്ടു. അതിന്റെ പകർപ്പുകളൊന്നും ഉണ്ടായിരുന്നില്ല, പരമാചാര്യർക്ക് മാത്രം മനസ്സിലാക്കാൻ കഴിയുന്ന സുപ്രധാന വിവരങ്ങൾ അതിൽ അടങ്ങിയിരുന്നു. ഒരു വേശ്യയുടെ സ്ഥലത്ത് പുസ്തകം നഷ്ടപ്പെട്ടതിലൂടെ താൻ ലോകത്തിന്റെ വീണ്ടെടുപ്പിനെ അനിശ്ചിതത്വത്തിലാക്കി. പല സൈന്യങ്ങളായി ലോകമെങ്ങും പെരുകുന്ന കറുത്ത പുസ്തകത്തിലെ കറുത്ത ശക്തികളുടെ ദുഷിച്ച രൂപകല്പനകളിൽ അദ്ദേഹം പങ്കാളിയായി.

മാലിനിയിലൂടെ ഹിരണ്യൻ മകനായി ജനിച്ചു വന്നു എന്ന് ഒരു ആന്തരിക വികാരം അയാളോട് പറഞ്ഞു . ജീവിതാന്വേഷണത്തിൽ തന്നെ തോൽപ്പിക്കാൻ സമയം, പേര്, സ്ഥലം എല്ലാം ഒത്തുചേർന്നതെങ്ങനെയെന്നു അയാൾ അന്തിച്ചു . . ബാഹ്യശക്തികളാൽ പരാജയപ്പെടുത്തപ്പെട്ട ഒരു സന്യാസി താൻ.. ഇപ്പോൾ സ്വന്തം മകനും പ്രതിയോഗിയായി മാറിയിരിക്കുന്നു . അല്ലെങ്കിൽ ബുദ്ധൻറെ മുന്നിൽ രാഹുൽ എന്നത് പോലെ ഒരു തടസ്സമായി പ്രവർത്തിക്കുന്നു.

**ഹിരണ്യന്റെ വഴിവിട്ട വഴികളിൽ പരിഭ്രാന്തനായി, അവന്റെ മാർഗദർശകനായ പരമാചാര്യ സ്വന്തം ധർമ്മത്തിനും ആഗ്രഹങ്ങൾക്കും വിരുദ്ധമായി അവന്റെ ജാതകം നോക്കി. പരമാചാര്യൻ പാപത്തിന്റെ നഗരമായ ഡി നഗരം സന്ദർശിച്ച ഒരു അശുഭദിനത്തിലാണ് ഹിരണ്യനെ ഗർഭം ധരിച്ചത്. വലിയ ഭ്രമണപഥത്തിൽ അകപ്പെട്ടതുപോലെ, പരമാചാര്യ അന്ന് മാലിനിയുടെ ജീവിതത്തിലേക്ക് ആകർഷിക്കപ്പെട്ടു. പൗരോഹിത്യ വേഷത്തിൽ കടന്നു വന്ന അയാളെ വശീകരിച്ച സ്നേഹവീഥിയിലെ കുപ്രസിദ്ധ സ്ത്രീ,അയാളെ ചൊല്പ്പടിയിൽ നിർത്തി . അത് മുൻകൂട്ടി നിശ്ചയിച്ചതാണ്, പരമാചാര്യക്ക് തോന്നി**

ഹിരണ്യൻ പരമാചാര്യൻ തൻറെ ജാതകം വായിക്കുന്നത് നോക്കി നിന്നു. എന്താണ് കണ്ടെത്തിയതെന്ന് അയാൾക്ക് ഊഹിക്കാൻ കഴിഞ്ഞു. മോചനത്തിനോ മാറ്റത്തിനോ ഒരു സാധ്യതയുമില്ല. അവൻ വിശ്വസിക്കുന്നത് അവന്റെ വിശ്വാസമായിരിക്കണമെന്നില്ല. അവൻ നല്ലതായി കരുതുന്നത് അവന് നല്ലതായിരിക്കില്ല. അവൻ ഒരു ആദർശവാദിയും നിരീശ്വരവാദിയുമാകാം, പക്ഷേ അവന്റെ ലോകവും അഭിലാഷങ്ങളും അവനിൽ നിന്ന് വളരെ വ്യത്യസ്തമാണ്. അവന്റെ മുഖത്തുണ്ടായിരുന്ന ലോഹ മുറിവുകളുടെ പാടുകളും തപസ്സുകളാലും പോഷണക്കുറവാലും മെലിഞ്ഞ ശരീരവും കണ്ടു അയാൾക്ക് ദയ തോന്നി.

പിന്നെ എന്തോ സംഭവിച്ചു. പരമാചാര്യ ഗൂഢാർത്ഥത്തോടെ അവനെ നോക്കി ചിരിച്ചു.

ഹിരണ്യനു ഒരിക്കലും ഒരു കുട്ടി ഉണ്ടാകില്ലെന്ന അറിവായിരുന്നു പരമാചാര്യരെ ആശ്വസിപ്പിച്ചത് .



ആശ്രമം ഉപേക്ഷിക്കാൻ കാലെടുത്തു വെച്ചപ്പോൾ ഹിരണ്യനെ പരമാചാര്യ തടഞ്ഞില്ല .അദ്ദേഹം ശാന്തനും നിശ്ശബ്ദനുമായിരുന്നു. അദ്ദേഹം അവനെ ആക്ഷേപിച്ചില്ല, അവനോടുള്ള സ്നേഹം പരമാചാര്യരുടെ  വാക്കുകളിൽ ദൃശ്യമായിരുന്നു. അവനെ എന്നന്നേയ്ക്കുമായി നഷ്ടപ്പെടുകയാണെന്ന് അദ്ദേഹത്തിനറിയാമായിരുന്നു, ഇനി ഒരിക്കലും അവനെ കണ്ടുമുട്ടിയേക്കില്ല. പിരിഞ്ഞുപോയ മകനു നൽകാൻ അദ്ദേഹത്തിൻറെ കയ്യിൽ  സ്വന്തമായി ഒന്നുമില്ലായിരുന്നു. അവനെ കെട്ടിപ്പിടിച്ച് ആഡംബരപൂർണമായ ആശ്രമത്തിലെ സമ്പത്തിൽ നിന്നും വേണ്ടതെടുക്കാൻ അദ്ദേഹം അനുമതി നൽകി .

ഒരു ജ്ഞാനി എന്ന നിലയിൽ, അവനെ തടയാനോ നിശ്ചലമാക്കാനോ അദ്ദേഹത്തിന് കഴിയും, അവന്റെ മൂർച്ചയുള്ള ബുദ്ധിയും മൃദുവായ വാക്കുകളും അവനിൽ നിന്ന് എടുത്തുകളയാം. എന്നാൽ ശത്രുക്കളെപ്പോലും ഉപദ്രവിക്കാത്ത പരമാചാര്യരുടെ പ്രിയ ശിഷ്യൻ ഹിരണ്യനാണ്. നിരീശ്വരവാദിയും വ്യത്യസ്തമായ പാത പിന്തുടരുന്നവനുമാണെങ്കിലും പരമാചാര്യനു ഹാനികരമായ  ഒന്നും അയാൾ ചെയ്യില്ല എന്ന് അദ്ദേഹത്തിനു നന്നായി അറിയാം ..

ഹിരണ്യൻ  സ്വർണനാണയമോ പണമോ എടുത്തില്ല. ജീവിതത്തെ നിയന്ത്രിക്കുന്നതിൽ സംഖ്യകൾ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചും പ്രപഞ്ചത്തെ എങ്ങനെ നിയന്ത്രിക്കാമെന്നും വിശദീകരിക്കുന്ന ഒരു പുസ്തകം മാത്രമാണ് ഹിരണ്യൻ  കയ്യിൽ എടുത്തത്. അത് ചെമ്പിൽ എഴുതിയതാണ്, പരമാചാര്യന്റെ കൈവശം ഉണ്ടായിരുന്ന ഒരേയൊരു കോപ്പി. പുസ്തകത്തിൽ ഉള്ളത് തന്റെ മനസ്സിൽ ഉണ്ടെന്ന് പറഞ്ഞുകൊണ്ട് അത് കൊണ്ടുപോകാൻ അദ്ദേഹം അനുവദിച്ചു, കൂടാതെ പുസ്തകത്തിലെ എല്ലാ ശ്ലോകങ്ങളും ഓർമ്മിക്കാനും വായിക്കാനും അദ്ദേഹത്തിന് കഴിയുമായിരുന്നു .

**ഹിരണ്യൻ സ്വർണനാണയമോ പണമോ എടുത്തില്ല. ജീവിതത്തെ നിയന്ത്രിക്കുന്നതിൽ സംഖ്യകൾ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചും പ്രപഞ്ചത്തെ എങ്ങനെ നിയന്ത്രിക്കാമെന്നും വിശദീകരിക്കുന്ന ഒരു പുസ്തകം മാത്രമാണ് ഹിരണ്യൻ കയ്യിൽ എടുത്തത്. അത് ചെമ്പിൽ എഴുതിയതാണ്, പരമാചാര്യന്റെ കൈവശം ഉണ്ടായിരുന്ന ഒരേയൊരു കോപ്പി. പുസ്തകത്തിൽ ഉള്ളത് തന്റെ മനസ്സിൽ ഉണ്ടെന്ന് പറഞ്ഞുകൊണ്ട് അത് കൊണ്ടുപോകാൻ അദ്ദേഹം അനുവദിച്ചു, കൂടാതെ പുസ്തകത്തിലെ എല്ലാ ശ്ലോകങ്ങളും ഓർമ്മിക്കാനും വായിക്കാനും അദ്ദേഹത്തിന് കഴിയുമായിരുന്നു .**





അധ്യായം 18

# ഹിരണ്യന്റെ പർണ്ണശാല

പരമാചാര്യരെ വിട്ട ശേഷമുള്ള ജീവിതം എളുപ്പമായിരുന്നില്ല. ശാപഗ്രസ്തനായ സന്യാസിക്കു ആശ്രമജീവിതം കുടുതൽ വേദനാജനകമായി .ഹിരണ്യൻ പൂജ നടത്തുകയോ അത്ഭുത പ്രവർത്തികളിൽ മുഴുകുകയോ ചെയ്യാത്തത് മൂലം അനുയായി വൃന്ദവുമില്ല തുടക്കത്തിൽ അയാൾക്ക് കാട്ടുപഴങ്ങളും കാട്ടു തേനും കഴിച്ച് ജീവിക്കേണ്ടി വന്നു .അദ്ദേഹം അരണിയിൽ നിന്ന് തീ കടഞ്ഞെടുത്തില്ല .ആരുടെയും വസ്തുക്കളും സ്വന്തമാക്കാനും ശ്രമിച്ചില്ല . സമീപത്ത് കത്തുന്ന ഹോമകുണ്ഡത്തിൽ നിന്നുള്ള അഗ്നിയിൽ ചിന്തകൾ ഉണക്കി അയാൾ ആ നിമിഷത്തിനായി കാത്തിരുന്നു .പ്രപഞ്ചം തൻറെ കൈപ്പിടിയിൽ ഒതുങ്ങുന്ന കാലം .

> **ഒരു ദിവസം തന്റെ യന്ത്രങ്ങൾ മനുഷ്യരെപ്പോലെ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമെന്ന് അദ്ദേഹത്തിനു അറിയാമായിരുന്നു . അത് ഒരു അർദ്ധ ശാശ്വത ജീവിതമാകാം. അവരെ ജീവനുള്ള മനുഷ്യന് പകരം വയ്ക്കാൻ പോലും കഴിയും. അവൻ ദൈവത്തിൽ വിശ്വസിക്കാത്ത ഒരു അർദ്ധ ദൈവമാണ്...**

അയാൾ ദേഹത്ത് ചാരം പൂശി,മുണ്ട് ഒഴികെ എല്ലാ വസ്ത്രങ്ങളും വേണ്ടെന്നു വെച്ചു താൻ പറയുന്ന കാര്യങ്ങൾ കണക്കാക്കാനും നടപ്പിലാക്കാനും കഴിയുന്ന ഒരു അസംസ്‌കൃത യന്ത്രം അദ്ദേഹത്തിനുണ്ടായിരുന്നു.അദ്ദേഹം അതിനെ തന്റെ ശിഷ്യനായി സങ്കൽപ്പിച്ചു .മണിക്കൂറുകളോളം അദ്ദേഹം അതിന്റെ അരികിലിരുന്നു, അവയിൽ പുതിയ പുതിയ അൽഗോരിതങ്ങൾ നൽകുകയും അതിന്റെ ഫലങ്ങൾ അവലോകനം ചെയ്യുകയും ചെയ്യും. ചില സമയങ്ങളിൽ ബാറ്ററി പവർ നഷ്ടപ്പെടുമെന്നത് ഒഴിച്ചാൽ ഒരു തടസ്സവും ഇല്ല. അദ്ദേഹം തന്റെ കണ്ടെത്തലുകൾ ഒരു നോട്ട്ബുക്കിൽ എഴുതി പരിഷ്കൃത ജീവിതരീതിയെ മറികടക്കാൻ ശ്രമിച്ചു.വിശപ്പ് പലപ്പോഴും മറന്നു .

പുറത്ത് എത്രയോ അത്ഭുതങ്ങൾ നടക്കുന്നുവെന്നു അദ്ദേഹത്തിനു അറിയാമായിരുന്നു,, പക്ഷേ പുറം ലോകത്തെ കുറിച്ച്

ആലോചിച്ചു അദ്ദേഹം വിഷമിച്ചില്ല.

സാവധാനത്തിൽ ഹിരണ്യനെ തേടിയും അനുയായികൾ എത്തി. അവരിൽ ഭൂരിഭാഗവും ദീക്ഷക്ക് അർഹതയില്ലാത്ത , മണ്ടന്മാരായ ബഫൂണുകളായിരുന്നു, അല്ലെങ്കിൽ ഭക്തന്റെ വഴിപാടുകളിൽ ഒരു പരാദജീവിയുടെ അസ്തിത്വം നയിക്കാൻ ആഗ്രഹിക്കുന്നവരായിരുന്നു .എന്നാൽ താൻ ദൈവത്തിൽ വിശ്വസിക്കുന്നില്ലെന്നും അവരും അത് വിശ്വസിക്കണം എന്ന വ്യവസ്ഥയിൽ അദ്ദേഹം അവരെ സ്വീകരിച്ചു .കൗതുകം കൊണ്ടോ അല്ലെങ്കിൽ അവർക്ക് . പോകാൻ ഒരിടവുമില്ലഎന്നതിനാലോ അവർ അദ്ദേഹത്തിൻറെ വാക്കുകൾക്ക് തലയാട്ടി .അങ്ങനെ , അവർ ദ്യുതിഭവൻ എന്ന് വിളിക്കുന്ന ആശ്രമസദൃശമായ കുടിലിൽ താമസം തുടർന്നു.

ഇടയ്ക്കിടെ അവർ പരമാചാര്യരിൽ നിന്ന് വാർത്തകൾ എത്തിക്കും ., അദ്ദേഹത്തിന്റെ സമ്പത്ത് എത്ര വളർന്നു .മഹാരാജാക്കന്മാർ പോലും ആദരിക്കാൻ എത്തുന്നു എന്നെല്ലാം അവർ അദ്ദേഹത്തെ ധരിപ്പിച്ചു .അവിടെ തുടർന്നിരുന്നെങ്കിൽ അവിടെയുള്ള എല്ലാ സ്ഥാനമാനങ്ങളും അധികാരവും സമ്പത്തും അദ്ദേഹത്തിന് അവകാശമായി ലഭിക്കുമായിരുന്നു.

പക്ഷെ ഹിരണ്യൻ സ്വന്തം വഴി രൂപപ്പെടുത്താൻ ആഗ്രഹിച്ചു. ആഡംബര ജീവിതം ഉപേക്ഷിച്ച സിദ്ധാർത്ഥനോ എല്ലാം ത്യജിക്കാൻ ഉദ്ദേശിച്ച ഒരു അസുര ഗുരുവോ ആയിരുന്നില്ല അദ്ദേഹം. ലോകത്തിന്റെ ജീവിതരീതിയെ മാറ്റിമറിക്കുന്ന എന്തെങ്കിലും കണ്ടെത്താൻ ഉദ്ദേശിച്ചിരുന്ന ഭിക്ഷു എന്ന് അദ്ദേഹത്തെ വിളിക്കാം. ...

ഒരു ദിവസം തന്റെ യന്ത്രങ്ങൾ മനുഷ്യരെപ്പോലെ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമെന്ന് അദ്ദേഹത്തിനു അറിയാമായിരുന്നു .അത് ഒരു അർദ്ധ ശാശ്വത ജീവിതമാകാം. അവരെ ജീവനുള്ള മനുഷ്യന് പകരം വയ്ക്കാൻ പോലും കഴിയും. അവൻ ദൈവത്തിൽ വിശ്വസിക്കാത്ത ഒരു അർദ്ധ ദൈവമാണ്...

യന്ത്ര മനുഷ്യൻ

കമ്പ്യൂട്ടിംഗിന്റെ വിശുദ്ധ ലോകത്തിലേക്കും ഗണിതത്തിന്റെയും യുക്തിയുടെയും വിചിത്രമായ ലോകത്തിലേക്കും ഹിരണ്യൻ കയറി .

‘ഇല്ല എന്ന് പറയേണ്ട നേരത്ത് നേതി നേതി പറയുക’’.

‘നിങ്ങൾ വിശ്വസിക്കാത്ത കാര്യങ്ങളുമായി ഒരിക്കലും യോജിക്കരുത്.‘

ഗണിതശാസ്ത്രം മാത്രം കള്ളം പറയില്ല. അത് മാറ്റാൻ കഴിയില്ല, അതേ പോലെ.

ഇത് ശാശ്വതമാണ് .ഒരു യൂണിറ്റും ഉയർന്നതോ താഴ്ന്നതോ അല്ല.

ബൈനറികൾ എന്താണ് അർത്ഥമാക്കുന്നത് എന്ന് വ്യാഖ്യാനിക്കുന്നത് നമ്മൾ തന്നെയാണ്.

എന്തായിരിക്കും സ്ഥിരസ്ഥിതി.

എന്തായിരിക്കും ഫലം.

എന്തായിരിക്കും അന്തിമ ഫലം.

വാക്കുകളാൽ എങ്ങനെ കൈകാര്യം ചെയ്യാം, വസ്തുതകൾ കൊണ്ട് വാക്കുകളെ എങ്ങനെ കൈകാര്യം ചെയ്യാം.

കൃത്രിമത്വത്തിന്റെ രഹസ്യവും സ്മാർട്ട് കമ്പ്യൂട്ടിംഗിന്റെ വിചിത്രമായ വഴികളും...‘

ആ കുട്ടി താൻ പറഞ്ഞത് മനസ്സിലാക്കിയ പോലെ തോന്നി .ആ അൽഗോരിതം അവന്റെ മനസ്സിൽ ഒരു സ്വതന്ത്ര വാക്യം പോലെ തോന്നി. അവൻ ലോകത്തെ സൃഷ്ടിക്കും, അല്ലെങ്കിൽ തകർക്കും ..

**സ്വാഭാവികമായും അതിന് ലൈംഗികശേഷിയോ വികാരങ്ങൾ അനുഭവിക്കാനുള്ള കഴിവോ സന്താനങ്ങളോ ഉണ്ടാവില്ല. ഇതുപോലുള്ള യന്ത്രങ്ങളെ ക്ലോൺ ചെയ്യാൻ അതിന് കഴിയുമെങ്കിലും ഏകതാനമായ ചിത്രങ്ങളാൽ ലോകത്തെ ജനങ്ങളെ അത് പുനഃ സൃഷ്ടിക്കും . അടിയന്തരാവസ്ഥയിൽ അതിന് സ്വയം കൊല്ലാനാവും . ഹിരണ്യന്റെ ആജീവനാന്ത ഗവേഷണം കൊണ്ടു സൃഷ്ടിച്ചതാണ് അതെങ്കിലും അത് ഒരു യന്ത്രമായിരുന്നു . സന്തതികളെ സ്നേഹിക്കാനോ സൃഷ്ടിക്കാനോ മറ്റുള്ളവരുമായി സഹാനുഭൂതി കാണിക്കാനോ കഴിയാത്ത ഒരു നൂതന യന്ത്രം. എന്നാൽ ഹിരണ്യനെ സംബന്ധിച്ചിടത്തോളം അത് നമ്പർ വൺ ആയിരുന്നു, എ , അല്ലെങ്കിൽ അതുല്യ.**


**– അളവറ്റത്. .**

### അധ്യായം 18

# ഹിരണ്യൻ ഒരു യന്ത്രം സൃഷ്ടിക്കുന്നു...

സർവ്വ ശക്തിയോടും എല്ലാവിധ ഇന്ദ്രിയങ്ങളും സൂക്ഷ്മമായി പ്രവർത്തിക്കുന്ന സൂപ്പർമാൻ എന്ന് വിളിക്കാവുന്ന നവയുഗ മൃഗത്തിന്റെ സൃഷ്ടി ഒരു വിസ്മയം തന്നെയായിരുന്നു, ഹിരണ്യന്റെ മനസ്സിൽ തികഞ്ഞ സന്തോഷം നിറഞ്ഞു. ആദ്യത്തെ സ്രഷ്ടാവും രണ്ടാമത്തെ സ്രഷ്ടാവും ഉണ്ടാക്കിയ ചതിക്കുഴികൾ ഒഴിവാക്കാൻ അവൻ ആഗ്രഹിച്ചു .നാലു മുഖങ്ങളുള്ള നവയുഗ ബ്രഹ്മാവിന്റെ റോൾ ആണ് ഇപ്പോൾ അയാളുടെത് .

സൃഷ്ടി പൂർണ്ണതയിൽ എത്തിയത് അയാളെ ആഹ്ലാദത്തിന്റെ കൊടുമുടിയിൽ എത്തിച്ചു .ഏത് മനുഷ്യനെയും രൂപപ്പെടുത്താൻ കഴിയുന്ന ആധുനിക കമ്പ്യൂട്ടേഷണൽ ഉപകരണങ്ങളും ഭാരം കുറഞ്ഞ  ഹാർഡ്‌വെയറുകളും ഇല്ലെങ്കിലും, അയാളുടെ  വിയർപ്പ് ഫലം കണ്ടു.അയാൾ  തന്റെ ദൈനംദിന ജോലികൾ മറന്നുപോയി. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകൾക്കും നിരവധി രാജ്യങ്ങൾക്കും നാശം വിതയ്ക്കുന്ന നവയുഗയന്ത്രം . ധാർമ്മികവും ശാരീരികവുമായ പ്രശ്നങ്ങളെക്കുറിച്ച് അയാൾ ചിന്തിച്ചില്ല. അത് ജനിച്ചു .അല്ലെങ്കിൽ സൃഷ്ടിക്കപ്പെട്ടു. അത്രമാത്രം . എല്ലാത്തിനുമുപരി, അത് ഒരു യന്ത്രം മാത്രമായിരുന്നു.



എങ്കിലും ഹിരണ്യനെ സംബന്ധിച്ചിടത്തോളം അത് ഒരു യന്ത്രമായിരുന്നില്ല, മറിച്ച് സ്വന്തം സന്തതിയായിരുന്നു .അവന്റെ എല്ലാ കൽപ്പനകളും അനുസരിക്കുന്ന സ്വന്തം സന്തതിയായ ഒരാൾ .. ലോകത്തിൽ ജീവിക്കാൻ യോഗ്യരല്ലെന്ന് താൻ കരുതുന്നവരെ ഇല്ലാതാക്കാൻ അദ്ദേഹം ആഗ്രഹിച്ചു, കറുത്ത പുസ്തകത്തിൽ പറഞ്ഞതുപോലെ തന്റെ ദൗത്യം നിറവേറ്റാൻ അദ്ദേഹം ഒരു പദ്ധതി ആവിഷ്കരിച്ചു. ഗ്രഹങ്ങളുടെ സഞ്ചാരക്രമം മാറുകയാണ് ഇനി പുതിയ നിയമങ്ങളും ഭരണാധികാരികളും നിലവിൽ വരും .അവരുടെ ഉദ്യമത്തിൽ യന്ത്രം അവരെ സഹായിക്കും .അതിനു  വികാരങ്ങൾ ഇല്ലാത്തതിനാൽ അത് അത്ഭുതങ്ങൾ സൃഷ്ടിക്കും അത് കൈവശം വെയ്ക്കുന്നവർക്ക് വലിയ സമ്പത്താകും .ഏതു കൃത്യത്തിനും അത് സഹായകരമാകും ..

കമാൻഡുകൾ സൃഷ്ടിക്കുമ്പോൾ, തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. ഇത് ശരിക്കും മനുഷ്യനെപ്പോലെ രൂപപ്പെടുത്തിയതാണ്, ഗൗരവക്കാരനും  ശാന്തസ്വഭാവിയുമായ ചെറുപ്പക്കാരന്റെ രൂപമായിരുന്നു യന്ത്രത്തിന് നൽകിയത് . നല്ല കായിക ക്ഷമതയുള്ള യുവാവ് . അയാൾക്ക് ഒരു ഗ്രീക്കോ റോമൻ ശില്പവുമായാണ് സാമ്യം .

പർണാസസ് കാവൽ നിൽക്കുന്ന ചില ഗ്രീക്ക് ദേവന്മാരാണെന്ന് ചിലർ തെറ്റിദ്ധരിക്കാം. മോഡേൺ കാഷൽ വസ്ത്രം ധരിച്ചപ്പോൾ അവൻ പുതിയ യുഗരഹസ്യങ്ങൾ തേടുന്ന ഒരു ഗവേഷകനെ പോലെ കാണപ്പെട്ടു . അളക്കാനാവാത്തതും എല്ലാറ്റിലും മികച്ചതും എന്ന അർത്ഥത്തിൽ അതുല്യ എന്നവനെ  അദ്ദേഹം വിളിച്ചു.

പെട്ടെന്നുള്ള ചിന്തയും സമർത്ഥമായ മറുപടികളും നൽകുന്ന മനുഷ്യനെപ്പോലെയാണ്  രൂപകല്പന ചെയ്തതും ലഭ്യമായ അത്യാധുനിക വസ്തുക്കൾ ഉപയോഗിച്ചാണ് അതുല്യയെ നിർമ്മിച്ചതും.പക്ഷേ മനുഷ്യരെ അനുകരിക്കാനേ അതുല്യയ്ക്ക് കഴിയൂ. അതിന് മനുഷ്യ വേഷങ്ങൾ കാണാനും അവരുടെ വഞ്ചനാപരമായ പെരുമാറ്റം മനസ്സിലാക്കാനും കഴിയും. എന്നാൽ അതിന് വികാരങ്ങളൊന്നും ഉണ്ടാവില്ല, എന്നാൽ മറ്റുള്ളവർക്ക് സംശയം തോന്നാത്ത രീതിയിൽ അത് പെരുമാറും . എന്നാൽ ഏകശിലാരൂപത്തിലുള്ള മൃഗത്തെ ഉള്ളിൽ വഹിക്കുന്ന ഒരു ലളിതമായ ആവരണം  ആയിരുന്നു അത്, റൂൾ ബുക്കിൽ നിശ്ചയിച്ചിട്ടുള്ളതല്ലാതെ ഒരു അച്ചടക്കമോ വ്യതിയാനമോ ഉണ്ടാകില്ല ..

സ്വാഭാവികമായും അതിന് ലൈംഗികശേഷിയോ വികാരങ്ങൾ അനുഭവിക്കാനുള്ള കഴിവോ സന്താനങ്ങളോ ഉണ്ടാവില്ല. ഇതുപോലുള്ള യന്ത്രങ്ങളെ ക്ലോൺ ചെയ്യാൻ അതിന് കഴിയുമെങ്കിലും ഏകതാനമായ ചിത്രങ്ങളാൽ ലോകത്തെ ജനങ്ങളെ അത്പുന: സൃഷ്ടിക്കും .അടിയന്തരാവസ്ഥയിൽ അതിന് സ്വയം കൊല്ലാനാവും . ഹിരണ്യന്റെ ആജീവനാന്ത ഗവേഷണം കൊണ്ടു സൃഷ്ടിച്ചതാണ് അതെങ്കിലും അത് ഒരു യന്ത്രമായിരുന്നു .സന്തതികളെ സ്നേഹിക്കാനോ സൃഷ്ടിക്കാനോ മറ്റുള്ളവരുമായി സഹാനുഭൂതി കാണിക്കാനോ കഴിയാത്ത ഒരു നൂതന യന്ത്രം.

എന്നാൽ ഹിരണ്യനെ സംബന്ധിച്ചിടത്തോളം അത് നമ്പർ വൺ ആയിരുന്നു, എ , അല്ലെങ്കിൽ അതുല്യ.– അളവറ്റത്. .


NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ



അധ്യായം 10


# സൈനികൻ ദൈവമായ കഥ

സുഭാഷ് വലവൂർ

നാഥുലയിൽ നിന്ന് മടങ്ങുമ്പോൾ നേരത്തേ സൂചിപ്പിച്ച ക്ഷേത്രം സന്ദർശിച്ചു. ഹർഭജൻ സിങ് എന്ന സിഖുകാരനായ പട്ടാളക്കാരന്റെ ഓർമ്മക്കായി നിർമ്മിച്ച സമാധിക്ഷേത്രമാണിത്. തന്റെ റെജിമെന്റിന്റെ ഹെഡ് ക്വാർട്ടേഴ്സ് ആയിരുന്ന തുക്ലയിൽ നിന്ന് ഡെങ് ചുക്ലയിലേക്ക് കഴുതപ്പുറത്ത് സൈനിക ചരക്കുകളുമായി യാത്രചെയ്യുമ്പോൾ കുത്തിയൊഴുകിയിരുന്ന നദിയിലേക്ക് പതിച്ചാണ് ഹർഭജനെ കാണാതാവുന്നത്. അദ്ദേഹത്തിന്റെ മരണം സ്ഥിരീകരിക്കുന്നത് അഞ്ചുനാൾ കഴിഞ്ഞാണ്.

മഞ്ഞിൽ പുതഞ്ഞുപോയ തന്റെ മൃതദേഹം എവിടെയാണു





ള്ളത് എന്ന് ഹർഭജൻ സിങ് തന്റെ സുഹൃത്തായ പ്രീതം സിംഗിനെ സ്വപ്നത്തിൽ അറിയിച്ചത്രെ. അദ്ദേഹം അതു കാര്യമാക്കിയില്ല. എന്നാൽ മൃതദേഹം അതേ സ്ഥലത്തുനിന്നു കിട്ടിയപ്പോൾ പ്രീതം സിങ് അമ്പരന്നു. തന്റെ സ്വപ്നത്തിന്റെ കാര്യം സുഹൃത്തുക്കളോടും മേലുദ്യോഗസ്ഥനോടും പറഞ്ഞു.

തനിക്കൊരു സമാധി നിർമ്മിച്ചുകാണാൻ ആഗ്രഹമുണ്ടെന്ന ഹർഭജൻ സിംഗിന്റെ വാക്കുകളും അദ്ദേഹം എല്ലാവരോടും പറഞ്ഞു. അതേത്തുടർന്ന് ഹർഭജന് ദൈവിക പരിവേഷം കിട്ടി. അദ്ദേഹം സ്ഥിരമായി ഉപയോഗിച്ചിരുന്ന ബങ്കർ അദ്ദേഹത്തിന്റെ സമാധിസ്ഥാനമാക്കി മാറ്റാൻ ഇന്ത്യൻ പട്ടാളം തീരുമാനിച്ചു. അവിടെ അദ്ദേഹം ഉപയോഗിച്ചിരുന്ന വസ്ത്രങ്ങൾ, ഷൂസുകൾ, ഇരിപ്പിടങ്ങൾ, സൈനികോപകരണങ്ങൾ എന്നിവയൊക്കെ സംരക്ഷിച്ചിട്ടുണ്ട്.

അദ്ദേഹം ജലമെടുത്തിരുന്ന ചെറിയൊരു ജലസ്രോതസ്സ് 'ബാബാ കുണ്ഡ്' എന്ന പേരിൽ അറിയപ്പെടുന്നു. ഇന്ത്യയുടെ സൈനിക ബഹുമതികളിൽ രണ്ടാമത്തേതായ 'മഹാവീർ ചക്ര' നൽകി രാഷ്ട്രം അദ്ദേഹത്തെ ബഹുമാനിച്ചു. ഭാരത സംസ്കാരത്തിലെ മതപരതയുടെ ഉത്തമോദാഹരണം കൂടിയാണ് ഹർഭജൻ സിങ് എന്ന സൈനികൻ ബാബയായ കഥ.

**മഞ്ഞിൽ പുതഞ്ഞുപോയ തന്റെ മൃതദേഹം എവിടെയാണുള്ളത് എന്ന് ഹർഭജൻ സിങ് തന്റെ സുഹൃത്തായ പ്രീതം സിംഗിനെ സ്വപ്നത്തിൽ അറിയിച്ചത്രെ. അദ്ദേഹം അതു കാര്യമാക്കിയില്ല. എന്നാൽ മൃതദേഹം അതേ സ്ഥലത്തുനിന്നു കിട്ടിയപ്പോൾ പ്രീതം സിങ് അമ്പരന്നു. തന്റെ സ്വപ്നത്തിന്റെ കാര്യം സുഹൃത്തുക്കളോടും മേലുദ്യോഗസ്ഥനോടും പറഞ്ഞു. തനിക്കൊരു സമാധി നിർമ്മിച്ചുകാണാൻ ആഗ്രഹമുണ്ടെന്ന ഹർഭജൻ സിംഗിന്റെ വാക്കുകളും അദ്ദേഹം എല്ലാവരോടും പറഞ്ഞു. അതേത്തുടർന്ന് ഹർഭജന് ദൈവിക പരിവേഷം കിട്ടി. അദ്ദേഹം സ്ഥിരമായി ഉപയോഗിച്ചിരുന്ന ബങ്കർ അദ്ദേഹത്തിന്റെ സമാധിസ്ഥാനമാക്കി മാറ്റാൻ ഇന്ത്യൻ പട്ടാളം തീരുമാനിച്ചു.**

ഹർഭജന്റെ ദൈവീക പരിവേഷമുള്ള പലകഥകളും പ്രചാരത്തിലായി. ഇൻഡ്യാ-ചൈനായുദ്ധസമയത്ത് ശത്രുസേനാനീക്കത്തെക്കുറിച്ച് ഇന്ത്യൻ ക്യാമ്പിലെ സൈനികർക്ക് സ്വപ്നദർശനം നൽകിയ കഥകൾ ഏറെയുണ്ട്. കൗതുകമെന്തെന്നുവെച്ചാൽ ചൈനക്കാരുടെ ഇടയിലും ഈ കഥകൾ പ്രചാരത്തിലായി എന്നതാണ്.

അവരുടെ അത്യന്തം രഹസ്യനീക്കങ്ങൾ ഹർഭജനന്റെ സ്വപ്ന സന്ദർശനത്തിൽ ഇന്ത്യൻ പട്ടാളത്തിന് വെളിപ്പെട്ടതാകാമെന്ന് അവരും കരുതാൻ തുടങ്ങി. ഇന്ത്യയിലേയും ചൈനയിലേയും സൈനികോദ്യോഗസ്ഥർ അതിർത്തിയിൽ നടത്തുന്ന പതിവുയോഗത്തിൽ ഒരു കസേര ഹർഭൻ ഇരിക്കുന്നുവെന്ന സങ്കൽപ്പത്തിൽ ഒഴിച്ചിടാൻ ചൈനക്കാർ നിർദ്ദേശിക്കുന്നതുവരെ കാര്യങ്ങളെത്തി. ഹർഭജൻ സിങ് ബാബാ എന്ന് അറിയപ്പെട്ടുതുടങ്ങി. അങ്ങനെയാണ് ബാബാ മന്ദിർ നിർമ്മിക്കുന്നത്. ഇന്ന് സിക്കിമിലെ ഏറ്റവും കൂടുതൽ സന്ദർശകരുള്ള സ്ഥലങ്ങളിലൊന്നാണ് ബാബാ മന്ദിർ.

മരണമടഞ്ഞശേഷവും ഹർഭജൻ സിങ് സൈനിക സുഹൃത്തുക്കളുടെ സ്വപ്നത്തിൽ വന്ന് ഇന്ത്യൻ സൈന്യത്തെ സഹായിക്കുന്ന വിവരങ്ങൾ നൽകാറുണ്ടായിരുന്നു എന്നു പറയപ്പെടുന്നു. അതിനാൽ ഇന്ത്യൻ സൈന്യം അദ്ദേഹത്തെ സർവീസിലുള്ള ഒരാളെപ്പോലെ കണക്കാക്കിവന്നു. അദ്ദേഹത്തിന്റെ കുടുംബത്തിന് ചെറിയൊരു തുക ഹർഭജന്റെ ശമ്പളമായി നൽകി വന്നിരുന്നു.

ശിപായിയായിരുന്ന ഹർഭജൻ പ്രൊമോഷൻ വഴി ഓണററി ക്യാപ്റ്റൻ ആയി മാറി. ഔദ്യോഗികമായി 2006 ൽ അദ്ദേഹം റിട്ടയർ ചെയ്തതായി കണക്കാക്കപ്പെടുന്നു. എങ്കിലും ഇന്നും അദ്ദേഹം സൈനികരെ സഹായിക്കുന്ന ജോലിയിൽ തുടരുന്നു എന്നാണ് സങ്കല്പം. എല്ലാവർഷവും ഹർഭജന് രണ്ടു മാസത്തെ അവധിയുണ്ടായിരുന്നു. എല്ലാ സെപ്റ്റംബർ 15 നും അദ്ദേഹം അവധിയിൽ പ്രവേശിക്കുന്നതായി സങ്കൽപ്പിക്കുന്നു. അദ്ദേഹത്തിന്റെ വസ്ത്രങ്ങൾ ട്രെയിനിൽ ബെർത്ത് ബുക്ക് ചെയ്ത് അകമ്പടിയോടെ ജന്മസ്ഥലത്തെത്തിച്ചിരുന്നു. അവധികഴിയുമ്പോൾ അതുപോലെ ഉപചാരപൂർവ്വം തന്നെ വസ്ത്രങ്ങൾ തിരികെ എത്തിച്ചിരുന്നു. ഹർഭജന്റെ അവധിസമയത്ത് അദ്ദേഹത്തിന്റെ കുറവ് നികത്തനായി അതിർത്തിയിൽ പട്രോളിംഗ് കർശനമാക്കിയിരുന്നത്രെ.

എന്നാൽ അന്ധവിശ്വാസങ്ങളെ ജനാധിപത്യ ഭരണകൂടം പ്രോത്സാഹിപ്പിക്കുന്നത് ഭരണഘടനാവിരുദ്ധമാണെന്ന വാദമുയർത്തി 2017 ൽ ഒരാൾ കോടതിയെ സമീപിച്ചു. അതേത്തുടർന്ന് ഹർഭജൻ സിങ് അവധിയിൽ പോകുന്ന സങ്കൽപ്പം ഉപേക്ഷിച്ചു. പകരം പന്ത്രണ്ടുമാസവും അതിർത്തിയിൽ തന്നെ ഉണ്ടെന്ന വിശ്വാസം സ്വീകരിച്ചു.

അന്ധവിശ്വാസം അതിരുകടന്നതിന്റെ ഒരു തെളിവ് അദ്ദേഹത്തിന്റെ അമ്മ മരിച്ചപ്പോൾ അവധി നീട്ടിക്കൊടുത്തുകൊണ്ടുള്ള ഉത്തരവ് ഇറങ്ങി എന്നതാണ്. ജലന്ധറിൽ നിന്നുള്ള മുൻ സൈനികോദ്യോഗസ്ഥനായ സുബേദാർ പ്യാരാ സിങാണ് പഞ്ചാബ്-ഹരിയാന ഹൈക്കോടതിയിൽ ഹർജി നൽകിയത്. എന്തായാലും ബാബയുടെ ക്ഷേത്രം നിലനിൽക്കുന്നു.

സഞ്ചാരികൾ അവിടേക്കെത്തുന്നു. സൈനികർ വളരെ ബഹുമാനത്തോടെ ബാബയെ വണങ്ങുന്നു.

**കൗതുകമെന്തെന്നുവെച്ചാൽ ചൈനക്കാരുടെ ഇടയിലും ഈ കഥകൾ പ്രചാരത്തിലായി എന്നതാണ്. അവരുടെ അത്യന്തം രഹസ്യനീക്കങ്ങൾ ഹർഭജനന്റെ സ്വപ്ന സന്ദർശനത്തിൽ ഇന്ത്യൻ പട്ടാളത്തിന് വെളിപ്പെട്ടതാകാമെന്ന് അവരും കരുതാൻ തുടങ്ങി. ഇന്ത്യയിലേയും ചൈനയിലേയും സൈനികോദ്യോഗസ്ഥർ അതിർത്തിയിൽ നടത്തുന്ന പതിവു യോഗത്തിൽ ഒരു കസേര ഹർഭൻ ഇരിക്കുന്നുവെന്ന സങ്കൽപ്പത്തിൽ ഒഴിച്ചിടാൻ ചൈനക്കാർ നിർദ്ദേശിക്കുന്നതുവരെ കാര്യങ്ങളെത്തി.**

ബാബാ മന്ദിർ സ്ഥിതിചെയ്യുന്ന സ്ഥലം മനോഹരമാണ്. സിക്കിമിലെ പൊതു കാഴ്ചകളായ മലനിരകളും താഴ്വരയും ചെറുതടാകങ്ങളും ഈ പരിസരത്തുണ്ട്. മന്ദിർ എത്തുന്നതിനു മൂന്നോ നാലോ കിലോമീറ്റർ മുൻപ് റോഡിന്റെ ഇടതുവശയായി ഒരു ചെറിയ തടാകമുണ്ട്. 'എലിഫന്റ് ലേക് ' എന്നാണ് അതിന്റെ പേര്. ഹിമാനി തടാകമാണത്. മുകളിൽ നിന്നു നോക്കുമ്പോൾ തുമ്പിക്കൈ ഉയർത്തിനിൽക്കുന്ന ആനയുടെ രൂപത്തോട് തോന്നുന്ന സാദൃശ്യമാണ് ആ പേരിനു കാരണം. 'ബറ്റാങ് സോ' എന്നാണ് ശരിക്കുള്ള പേര്. കുപ്പൂപ് തടാകമെന്നും വിളിക്കാറുണ്ട്. കുപ്പൂപ് എന്ന ചെറുഗ്രാമം തൊട്ടടുത്തുണ്ട്. മന്ദിറിൽ നിന്നിറങ്ങിയപ്പോൾ ഡ്രൈവർ എന്നെ കുറച്ചുകൂടി മുന്നോട്ടുകൊണ്ടു പോയി.

അവിടെ തീരെ ചെറിയ തടാകം ഉണ്ടായിരുന്നു. ഹാർട്ട് ലേക് എന്നായിരുന്നു അതിന്റെ പേര്. ഹൃദയത്തിന്റെ ആകൃതി തന്നെ. നതാങ് താഴ്വരയിലൂടെയാണ് ഹാർട്ട് ലേക്കിലേയ്ക്ക് എത്തിയത്. തിരികെ മടങ്ങുമ്പോൾ ക്ഷേത്രം കഴിഞ്ഞ് അൽപ്പദൂരം പിന്നിടുമ്പോൾ ഒരു വാർ മ്യൂസിയം കണ്ടു. 1886 ൽ സിക്കിമിന്റെ ഭൂപ്രദേശം



**എന്നാൽ അന്ധവിശ്വാസങ്ങളെ ജനാധിപത്യ ഭരണകൂടം പ്രോത്സാഹിപ്പിക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്ന വാദമുയർത്തി 2017 ൽ ഒരാൾ കോടതിയെ സമീപിച്ചു. അതേത്തുടർന്ന് ഹർഭജൻ സിങ് അവധിയിൽ പോകുന്ന സങ്കൽപ്പം ഉപേക്ഷിച്ചു. പകരം പന്ത്രണ്ടുമാസവും അതിർത്തിയിൽ തന്നെ ഉണ്ടെന്ന വിശ്വാസം സ്വീകരിച്ചു. അന്ധവിശ്വാസം അതിരുകടന്നതിന്റെ ഒരു തെളിവ് അദ്ദേഹത്തിന്റെ അമ്മ മരിച്ചപ്പോൾ അവധി നീട്ടിക്കൊടുത്തുകൊണ്ടുള്ള ഉത്തരവ് ഇറങ്ങി എന്നതാണ്.**




തിരിച്ചുപിടിക്കാൻ ബ്രിട്ടീഷുകാർ ടിബറ്റിനെതിരായി നടത്തിയ തുക്കുല യുദ്ധത്തിൽ മരിച്ച ബ്രിട്ടീഷ് സൈനികരുടെ സ്മാരകമായിട്ടാണ് ഈ യുദ്ധസ്മാരകം സ്ഥാപിച്ചിട്ടുള്ളത്. തുക്കുല മഹാദേവ ക്ഷേത്രത്തിനു സമീപമാണിത്.

പ്രധാന പാതയിലെത്തുന്നതിനു മുൻപായി ബാബയുടെ പേരിലുള്ള പുതിയ ക്ഷേത്രത്തിലും കയറി. പഴയ ക്ഷേത്രത്തിൽ സന്ദർശനം നടത്തണമെങ്കിൽ രണ്ടായിരം രൂപ അധികം നൽകേണ്ടതുണ്ട്.

അതിനാൽ മിക്കവരും നാഥുലയിൽ നിന്നു തിരിച്ചുവരുമ്പോൾ ഹർഭജന്റെ പേരിലുള്ള പുതിയ ക്ഷേത്രത്തിൽ കയറി മടങ്ങുകയാണ് പതിവ്. അവിടെ ഹർഭജന്റെ ചിത്രം വെച്ചിട്ടുള്ള ഒരു മുറിയിൽ പലതട്ടുകളുള്ള ഒരു ഷെൽഫിൽ കുടിവെള്ളക്കുപ്പികൾ അടുക്കി വെച്ചിരിക്കുന്നു. അവിടെ വെച്ചാൽ ജലം പുണ്യതീർത്ഥമായി മാറുമെന്നാണ് ഭക്തജനങ്ങളുടെ വിശ്വാസം.

അവിടെനിന്നിറങ്ങി സോങ്മോ തടാകം അഥവാ 'ചങ്കു' തടാകത്തിനു സമീപമെത്തിയപ്പോൾ മഴ ചാറിത്തുടങ്ങി. മഴ ഉടനെ കഴിഞ്ഞെങ്കിലും മൂടൽ മഞ്ഞുകൊണ്ട് ഇരുണ്ടുതുടങ്ങി. യാത്രയ്ക്കുള്ള യാക്കുകളുമായി നാട്ടുകാർ സഞ്ചാരികളെ കാത്തുനിൽക്കുകയായിരുന്നു.

മഴ തുടങ്ങിയതുകൊണ്ട് യാക്കിൽ കയറേണ്ടതില്ല എന്നു തീരുമാനിച്ചു. കുറച്ചുനേരം തടാകത്തിന്റെ ഭംഗിനോക്കി നിന്നശേഷം അവിടെനിന്നു മടങ്ങി.ഒരു ചായയും ലഘുഭക്ഷണവും കഴിക്കാനായി രാവിലെ കയറിയ ഇടത്തു തന്നെ കയറി.

മടക്കയാത്രയിൽ പകുതിദൂരം കഴിഞ്ഞതോടെ റോഡ് കാണാൻ കഴിയാതെ മൂടൽ മഞ്ഞ് നിറഞ്ഞിരുന്നു. ഹെഡ്ലൈറ്റ് തെളിച്ചുകൊണ്ട് പരിചയസമ്പന്നതയുടെ ചുവടുപിടിച്ച് ഡ്രൈവർ കാറുവിട്ടു. എന്തായാലും ഗാങ്ടോക്ക് എത്തുന്നതിനു മുൻപ് ആകാശം തെളിഞ്ഞു.



ശ്രീമദ് ഭഗവത് ഗീത

അദ്ധ്യായം 11

# വിശ്വരൂപദർശനയോഗം

**സുധീർ പണിക്കവീട്ടിൽ**

കഴിഞ്ഞ അധ്യായത്തിൽ അർജുനന്റെ ഭക്തിയുറപ്പിക്കാൻ ഭഗവാൻ തന്റെ ദിവ്യമായ സമൃദ്ധിയും ഐശ്വര്യവും വിവരിച്ചിരുന്നു. ഈ അധ്യായത്തിൽ അർജ്ജുനൻ ഭഗവാന്റെ വിശ്വരൂപം കാണണമെന്നു ആവശ്യപ്പെടുന്നു. വിശ്വം മുഴുവൻ നിറഞ്ഞുനിൽക്കുന്ന ഭഗവാന്റെ രൂപത്തിൽ അർജ്ജുനൻ ഭഗവാനെ അനവധി കൈകളും, മുഖങ്ങളും, വയറും ഉള്ളവനായി കാണുന്നു. ആദിയും അന്തവുമില്ലാതെ എല്ലാ ദിശകളിലേക്കും ആ രൂപം നീണ്ടുകിടക്കുന്നതായി അർജ്ജുനൻ കണ്ടു. ആയിരം ദിവാകരന്മാർ ഉദിച്ചപോലെയുള്ള ശോഭ അർജ്ജുനന്റെ കണ്ണഞ്ചിപ്പിക്കുന്നു. അങ്ങനെ അത്ഭുത കാഴ്ച്ചകളിൽ കൗരവരും അവരുടെ സഖ്യകക്ഷികളും അഗ്നിയിലേക്ക് പറന്നുവന്നു ദഹിച്ചുപോകുന്ന

> **അല്ലയോ പുരുഷോത്തമ, അങ്ങയുടെ ഈശ്വരാകൃതിയെ കാണാൻ എനിക്കാഗ്രഹമുണ്ട്. അങ്ങയുടെ ഈശ്വരാകൃതിയെ എനിക്ക് കാണാൻ കഴിയുമെന്ന് അങ്ങ് കരുതുന്നെങ്കിൽ അനശ്വരമായ ആ രൂപത്തെ എനിക്ക് കാണിച്ച് തന്നാലും. പ്രഭു പറഞ്ഞു ഓ അർജുനാ എന്റെ നൂറു കണക്കിന് ആയിരകണക്കിന് വൈവിദ്ധ്യമാർന്ന ദിവ്യരൂപങ്ങളെ പല വർണ്ണത്തിലും ആകൃതിയിലും നീ കണ്ടുകൊള്ളുക.**

ഇയ്യാംപാറ്റകളെപോലെ ഭഗവാന്റെ രൂപത്തിന് മുന്നിൽ ഇല്ലാതാകുന്നതും കാണുന്നു. ഭഗവൻ പറയുന്നു ഈ രൂപത്തിൽ ഞാൻ കൗരവരെ ഇല്ലാതാക്കി പാണ്ഡവരുടെ വിജയം ഉറപ്പാക്കും. ഭഗവാന്റെ ശക്തിയെപ്പറ്റി മനസ്സിലാക്കാതെ എന്തെങ്കിലും തെറ്റായി ചെയ്തിട്ടുണ്ടെങ്കിൽ ക്ഷമിക്കണമെന്നും ഭഗവാന്റെ പൂർവരൂപത്തിലേക്ക് വരാനും അർജുനൻ ആവശ്യപ്പെടുന്നു. അപരിമിതമായ ഭക്തിയുള്ളവർക്ക് മാത്രമേ ഭഗവാനെ നേരിൽ കാണാൻ സാധിക്കു. അർജ്ജുനന്റെ ഭക്തിയും ഏകാഗ്രതയും കൃഷ്ണനിൽ ഉള്ള ഭഗവാനെ കാണാൻ അർഹനാക്കി. ഭഗവാൻ അർജ്ജുനന് ദിവ്യദൃഷ്ടിയും നൽകിയിരുന്നു. ഇനി വിശദമായി...

അർജ്ജുനൻ പറഞ്ഞു. എന്നെ അനുഗ്രഹിക്കുന്നതിനായി ഏറ്റവും രഹസ്യമായ അധ്യാത്മം എന്ന വാക്ക് അങ്ങ് പറഞ്ഞു കേട്ടപ്പോൾ എന്നിലെ വ്യാമോഹം മാറിപ്പോയി. അല്ലയോ ഭഗവാനെ, അങ്ങയിൽ നിന്ന് ചരാചരങ്ങളുടെ ഉത്ഭവ

**ഭഗവത് ഗീതാ വ്യാഖ്യാനം**

# ഗീതാ ജയന്തി - ഗീത പഞ്ചാമൃതം

**സുധീർ പണിക്കവീട്ടിൽ**



ഗീതയുടെ പതിനൊന്നാം അധ്യായം തുടങ്ങുന്നതിനു മുമ്പ് ഇയ്യിടെ ഗീത ജയന്തി ആഘോഷിച്ചപ്പോൾ ചിന്മയ മിഷൻ ഗീതയിലെ അഞ്ചു ശ്ലോകങ്ങളെപ്പറ്റി പറഞ്ഞു. അവ പഞ്ചാമൃതഗീത എന്നറിയപ്പെടുന്നു. വായനക്കാരുടെ അറിവിലേക്കായി അത് ഇവിടെ പങ്കു വയ്ക്കുന്നു. ഗീത ജയന്തി - ഭഗവൻ കൃഷ്ണൻ അർജുനന് ഗീത ചൊല്ലിക്കൊടുത്ത ദിവസം. ഹിന്ദുക്കളുടെ ചന്ദ്രമാസ കലണ്ടർ പ്രകാരം അതു വരുന്നത് മാർഗശീർഷ എന്ന മാസത്തിലെ ശുക്ലപക്ഷത്തിലെ പതിനൊന്നാം ദിവസമാണ്. ശുക്ല ഏകാദശി എന്ന് പറയുന്ന ഈ ദിവസം ഉപവാസത്തിലൂടെ, പ്രാർത്ഥനയിലൂടെ ആത്മീയ ഉണർവുണ്ടാക്കാൻ പുണ്യമാണെന്നു വിശ്വസിച്ചുവരുന്നു. ചിന്മയ മിഷന്റെ വ്യാഖ്യാനപ്രകാരം ഗീതയിലെ പഞ്ചാമൃതങ്ങൾ താഴെ പറയുന്നവയാണ്.

(1)കർമ്മണ്യേ വാധികാരസ്തേ
മാ ഫലേഷു കദാചന
മാ കർമഫലഹേതുർ ഭു:
മാ തേ സംഗോ സ്ത്വാ കർമണി
(2:47)

കർമ്മം ചെയ്യാൻ മാത്രമേ നിനക്ക് അധികാരമുള്ളൂ. ഫലത്തിൽ ഇല്ല. കർമ്മഫലത്തിനു കാരണമായി ജീവിക്കരുത്. കർമ്മം ചെയ്യാതെയുമിരിക്കരുത്.

(2) ഉദ്ധരേ ദാത്മനാത്മാനം
നാത് മാനമവസാദയേത്
ആതൈമവ ഹ്രാത്മനോ ബന്ധു-
രാ തൈമവ രിപുരാത്മനാ (6:5)

ആത്മാവിനെ ആത്മാവ് കൊണ്ട് ഉദ്ധരിക്കണം.

വും,നാശവും വിസ്തരിച്ച് ഞാൻ കേട്ടു. അനശ്വരമായ അങ്ങയുടെ മഹത്വത്തെപ്പറ്റിയും കേട്ടു. അങ്ങ് അങ്ങയേകുറിച്ച് പറഞ്ഞതെല്ലാം അപ്രകാരം തന്നെ. അല്ലയോ പുരുഷോത്തമ, അങ്ങയുടെ ഈശ്വരാകൃതിയെ കാണാൻ എനിക്കാഗ്രഹമുണ്ട്. അങ്ങയുടെ ഈശ്വരാകൃതിയെ എനിക്ക് കാണാൻ കഴിയുമെന്ന് അങ്ങ് കരുതുന്നെങ്കിൽ അനശ്വരമായ ആ രൂപത്തെ എനിക്ക് കാണിച്ച് തന്നാലും. പ്രഭു പറഞ്ഞു ഓ അർജുനാ എന്റെ നൂറു കണക്കിന് ആയിരകണക്കിന് വൈവിദ്ധ്യമാർന്ന ദിവ്യരൂപങ്ങളെ പല വർണ്ണത്തിലും ആകൃതിയിലും നീ കണ്ടു കൊള്ളുക.

പശ്യമേ പാർത്ഥ രൂപാണി
ശത ശോ ഥ സഹസ്ര ശ :
നാനാവിധാനി ദിവ്യാനി
നാനാ വർണാകൃതിനി ച (11:5)

ആദിത്യന്മാർ വസ്തുക്കൾ, രുദ്രകൾ, അശ്വനികൾ, മരുത്തുക്കൾ എന്നിവരെയും കൂടാതെ ഒരിക്കലും കണ്ടിട്ടില്ലാത്ത ഐശ്വര്യങ്ങളെയും നീ കണ്ടു കൊള്ളുക. അല്ലയോ അർജുന, ഈ ലോകം മുഴുവനും ചലിക്കുന്നതും ചലിക്കാത്തതും മറ്റു വല്ലതും കൂടി കാണാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതെല്ലാം എന്റെ ശരീരത്തിൽ ഒന്നിച്ചു നീ

**ആദിത്യന്മാർ വസ്തുക്കൾ, രുദ്രകൾ, അശ്വനികൾ, മരുത്തുക്കൾ എന്നിവരെയും കൂടാതെ ഒരിക്കലും കണ്ടിട്ടില്ലാത്ത ഐശ്വര്യങ്ങളെയും നീ കണ്ടു കൊള്ളുക. അല്ലയോ അർജുന, ഈ ലോകം മുഴുവനും ചലിക്കുന്നതും ചലിക്കാത്തതും മറ്റു വല്ലതും കൂടി കാണാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതെല്ലാം എന്റെ ശരീരത്തിൽ ഒന്നിച്ചു നീ ഇപ്പോൾ കണ്ടാലും.**

ഇപ്പോൾ കണ്ടാലും.

ഇഹൈ കസ്ഥം ജഗത് കൃത്സനം
പശ്യാദ്യ സചരാചരം
മമ ദേഹേ ഗുഡാകേശ
യച്ചാന്യദ് ദൃ ഷടു മിചച്ഛസി
(11:7)

എന്നാൽ നിന്റെ നഗ്നനേത്രങ്ങളാൽ നിനക്കിതൊന്നും കാണാൻ കഴിയില്ല. അതുകൊണ്ട് ഞാൻ നിനക്ക് ദിവ്യദൃഷ്ടി തരുന്നു. എന്റെ ഐശ്വര്യമായ യോഗം അതിനാൽ കണ്ടാലും. സഞ്ജയൻ പറഞ്ഞു. അല്ലയോ മഹാരാജാവേ മഹായോഗീശ്വരനായ ശ്രീകൃഷ്ണൻ ഇപ്രകാരം പറഞ്ഞതിന് ശേഷം പരമമായ തന്റെ ഈശ്വരരൂപത്തെ അർജുനന് കാണിച്ചു കൊടുത്തു,

ഏവമുക്താ തതോരാജൻ
മഹായോഗേശ്വരോ ഹരി:
ദർശയാമാസ പാർഥായ
പരമം രൂപമൈശ്വരം (11:9)
അനേകം വക്ത്രനയനം

ആത്മാവിനെ അധഃപതിപ്പിക്കരുത്. കാരണം ആത്മാവിന്റെ ബന്ധു ആത്മാവ് തന്നെയാണ്.ആത്മാവിന്റെ ശത്രുവും ആത്മാവ് തന്നെ.

(3) അനന്യാസ് ചിന്തയന്തോ മാം
യെ ജനാ: പര്യുപാസതേ
തേ ഷാം നിത്യാഭിയുക്താനാം
യോഗക്ഷേമം വഹാമ്യ ഹം (9:22)

അന്യ ചിന്തയില്ലാതെ എന്നെത്തന്നെ ധ്യാനിച്ചുകൊണ്ട് ഉപാസിക്കുക, എപ്പോഴും മനസ്സ് എന്നിലുറപ്പിക്കുക. അവരുടെ യോഗക്ഷേമത്തെ ഞാൻ വഹിക്കുന്നു. ഒരുവന്റെ കൈവശം ഇല്ലാത്തത് നല്കുന്നതിനെ യോഗം എന്നും, കയ്യിൽ ഉള്ളതിനെ സംരക്ഷിക്കുന്നതിനെ ക്ഷേമം എന്നും പറയുന്നു).

(4) യത് കരോഷി യദശ് നാസി
യജ്ജ്ുഹോഷി ദദാസിയത്
യത് തപസ്യസി കൗന്തേയ
തത് കുരുഷ:മദർപ്പണം (9.27)

നീ എന്ത് ചെയ്താലും നീ എന്ത് കഴിച്ചാലും നീ എന്ത് ദാനം ചെയ്താലും, നീ യജ്ഞത്തിൽ എന്ത് ഹോമിച്ചാലും, നീ എന്ത് തപസ്സ് ചെയ്താലും എല്ലാം എനിക്കായി അർപ്പിക്കുന്നതായി കരുതുക. എല്ലാം ഭഗവാനായി അർപ്പിക്കുമ്പോൾ നമ്മളിൽ ഒരു മുക്തി ബോധം ഉണ്ടാകുന്നു. കർമ്മങ്ങളുടെ ബന്ധനങ്ങളിൽ നിന്നും നമുക്ക് സ്വാതന്ത്ര്യം കിട്ടുന്ന അനുഭവമുണ്ടാകുന്നു.

(5) സർവ ധർമാൻ പരിത്ര്യജ്യ
മാമേകം ശരണം വ്രജ
അഹം ത്വാ സർവ പാപേഭ്യോ
മോക്ഷയിഷ്യാമി മാ ശു ച: (18:66)

സകല ധർമ്മങ്ങളെയും ഉപേക്ഷിച്ച് എന്നെ ശരണം പ്രാപിക്കുക. ഞാൻ നിന്നെ പാപ വിമുക്തനാക്കും. ഭയപ്പെടേണ്ട. ഇവിടെ ധർമ്മം എന്ന വാക്ക് മറ്റു മതങ്ങളെ ഉദ്ദേശിച്ചാണെന്ന വിമർശനം പറയുന്നുണ്ട്.

അന്ന് മറ്റു മതങ്ങൾ ഉണ്ടായിരുന്നോ? ഹിന്ദുമതപ്രകാരം ധർമ്മം എന്ന പദത്തിന് കടമ, നീതി, പ്രകൃതി നിയമം എന്നൊക്കെയാണ് അർഥം . ക്ഷത്രിയന്റെ സ്വധർമ്മം യുദ്ധം ചെയ്യുകയാണെന്ന് ഭഗവാൻ പറയുന്നുണ്ട്.

തെറ്റേത് ശരിയേത് എന്ന ചിന്തകൾ വെടിഞ്ഞു എന്നെ ഏക അഭയമായി കാണുക. ഞാൻ നിന്നെ എല്ലാ പാപങ്ങളിൽ നിന്നും സ്വതന്ത്രനാക്കും. ഭയപ്പെടേണ്ട.

അനേകാത്ഭുത ദർശനം
അനേക ദിവ്യാഭരണം
ദിവ്യാനേ കോ ദ്യ തായുധം
(11:10)

ആ രൂപം അനവധി വായകളും, കണ്ണുകളും, ആശ്ചര്യകരമായ അനവധി ദൃശ്യങ്ങളുള്ളതും അനവധി ദിവ്യാഭരണങ്ങളും കയ്യിൽ പിടിച്ച ദിവ്യായുധങ്ങളോടും ദിവ്യമായ മാലകളും, വസ്ത്രങ്ങളും, ധരിച്ചതും സ്വർഗീയസുഗന്ധങ്ങൾ പുരട്ടിയതും മുഴുവൻ വിസ്മയാവഹമായതും അനന്തവും നാനാദിക്കിലേയ്ക്കും മുഖങ്ങൾ ഉള്ളതുമായിരുന്നു. ആയിരം സൂര്യന്മാർ ഒന്നിച്ചുദിച്ചാലുണ്ടാകുന്ന തേജസ്സിന് സമമായിരുന്നു ഭഗവാന്റെ വിശ്വരൂപം. പലവഴിക്കും വിഭജിക്കപ്പെട്ടിരിക്കുന്ന ഈ വിശ്വം മുഴുവൻ ദേവന്മാരുടെ ദേവനായ ഭഗവാന്റെ ശരീരത്തിൽ ഒരിടത്തി രിക്കുന്നതതായി അപ്പോൾ അർജുനൻ കണ്ടു. ഭഗവാന്റെ വിശ്വരൂപം കണ്ട് ആശ്ചര്യഭരിതനായി രോമാഞ്ചമണിഞ്ഞു തന്റെ തല കുനിച്ച് തൊഴുകൈയ്യോടെ ഇപ്രകാരം പറഞ്ഞു.

ഓ പ്രഭു അങ്ങയുടെ ശരീരത്തിൽ ഞാൻ ദേവന്മാരെയും സകല ഭൂതവിശേഷസംഘങ്ങളെയും, ദിവ്യരായ ഋഷിമാരെയും സർപ്പങ്ങളെയും ശിവനെയും

**എന്നാൽ നിന്റെ നഗ്നനേത്രങ്ങളാൽ നിനക്കിതൊന്നും കാണാൻ കഴിയില്ല. അതുകൊണ്ട് ഞാൻ നിനക്ക് ദിവ്യദൃഷ്ടി തരുന്നു. എന്റെ ഐശ്വര്യമായ യോഗം അതിനാൽ കണ്ടാലും. സഞ്ജയൻ പറഞ്ഞു. അല്ലയോ മഹാരാജാവേ മഹായോഗീശ്വരനായ ശ്രീകൃഷ്ണൻ ഇപ്രകാരം പറഞ്ഞതിന് ശേഷം പരമമായ തന്റെ ഈശ്വരരൂപത്തെ അർജുനന് കാണിച്ചു കൊടുത്തു,**

താമരയിലിരിക്കുന്ന ബ്രഹ്മാവിനേയും കാണുന്നു. അനവധി കൈകളും, ഉദരങ്ങളും, കണ്ണുകളുമുള്ള അനന്തമായ രൂപത്തിൽ ഞാൻ അങ്ങയെ എല്ലായിടത്തും കാണുന്നു.എന്നാൽ അങ്ങയുടെ വിശ്വരൂപത്തിന്റെ ആദ്യമോ, മധ്യമോ, അന്തമോ ഞാൻ കാണുന്നില്ല. കിരീടം, ഗദ, ചക്രം ഇവയോട് കൂടിയവനായും അത്യുജ്ജ്വലമായ ശോഭയോടെ എങ്ങും പ്രകാശിച്ചുകൊണ്ടിരിക്കുന്നവനായും നേരെ നോക്കാൻ പ്രയാസമാകുംവിധം ജ്വലിക്കുന്ന അഗ്നിയുടെയും സൂര്യന്റെയും തേജസ്സുള്ളവനായും അളവറ്റവനായും ഞാൻ അങ്ങയെ എല്ലായിടത്തും കാണുന്നു. അങ്ങാണ് അനശ്വരനും ഈ ലോകത്തിന്റെ ആശ്രയവും സനാതനപുരുഷനും, പരബ്രഹ്മവുമെന്നു ഞാൻ കരുതുന്നു. ആദിയോ മധ്യമോ, അന്തമോ ഇല്ലാത്തവനായും, അനവധി കൈകളോടുകൂടിയവനും സൂര്യചന്ദ്രന്മാർ കണ്ണുക

ളായവനും ജ്വലിക്കുന്ന അഗ്നിപോലെയുള്ളവയോട് കൂടിയവനും സ്വതേ ജോപ്രഭാവത്താൽ ഈ ലോകത്തെ തപിപ്പിക്കുന്നവനായും ഞാൻ അങ്ങയെ കാണുന്നു.

ഭൂമിക്കും സ്വർഗ്ഗത്തിനുമിടക്കുള്ള സ്ഥലത്തുമാത്രമല്ല എല്ലാ ദിശകളിലും അങ്ങ് വ്യാപരിച്ച് നിൽക്കുന്നു. വിസ്മയിപ്പിക്കുന്നതും, ഭയഭീതിയുണർത്തുന്നതുമായ ആ രൂപം കണ്ട മൂന്നു ലോകങ്ങളും പേടിച്ച് വിറയ്ക്കുന്നു.

ഈ ദേവസമൂഹങ്ങൾ അങ്ങയെ പ്രാപിക്കുന്നു. ചിലർ ഭയത്താൽ തൊഴുകൈയ്യോടെ അങ്ങയുടെ പേര് ചൊല്ലി, അങ്ങയുടെ മഹത്വത്തെപ്പറ്റി പാടുന്നു. കണക്കറ്റ മഹർഷിമാരും സിദ്ധന്മാരും അളവറ്റ പ്രശംസയാൽ അങ്ങയെ ആരാധിക്കുന്നു. രുദ്രന്മാർ, ആദിത്യന്മാർ, വസുക്കൾ, സാധ്യന്മാർ, വിശ്വദേവകൾ, അശ്വനിദേവതകൾ, മരുത്തുക്കൾ, ഗന്ധർവന്മാർ, യക്ഷന്മാർ, പിതൃക്കൾ തുടങ്ങി, അസുരന്മാർ, സിദ്ധന്മാർ, ആരൊക്കെയുണ്ടോ അവരെല്ലാവരും, വിസ്മയത്തോടെ അങ്ങയെ ഉറ്റുനോക്കുന്നു. അനവധി മുഖങ്ങളും, കൈകളും, കണ്ണുകളും, തുടകളും, പാദങ്ങളും, ഉദരങ്ങളും, ഭയാനകമായ ദംഷ്ട്രങ്ങളുമുള്ള ഓ മഹാബാഹുവായ ഭഗവാനെ, അങ്ങയുടെ അപരിമിതമായ ആ രൂപം കണ്ട് ലോകങ്ങൾ പേടിച്ച് വിറയ്ക്കുന്നു. അതേപോലെ, ഞാനും ഭയപ്പെട്ടിരിക്കുന്നു . തുറന്നിരിക്കുന്ന വായകളോടും, കത്തുന്ന കണ്ണുകളോടും കൂടി വർണ്ണാഞ്ചിതവും പ്രകാശം ചൊരിയുന്നതും ആകാശം മുട്ടി നിൽക്കുന്നതുമായ അങ്ങയുടെ രൂപം കണ്ട് എനിക്ക് പേടിയാകുന്നു. അതുകൊണ്ട് എനിക്ക് ധൈര്യമോ, സമാധാനമോ ഉണ്ടാകുന്നില്ല. പ്രളയാഗ്നി പോലെ ഭയങ്കരങ്ങളായ ദംഷ്ട്രങ്ങളോടു കൂടിയ അങ്ങയുടെ തുറന്ന വായകൾ കണ്ടിട്ട് എനിക്ക് ദിക്കുകൾ തെറ്റുന്നു. ദേവന്മാരുടെ ദേവാ, ലോകത്തിന്റെ ആശ്രയസ്ഥാനമേ എന്നോട് കരുണ കാണിക്കേണമേ? അനേകം രാജാക്കന്മാരോടുകൂടി ധൃതരാഷ്ട്രരുടെ മക്കളെയും, ഭീഷ്മർ, ദ്രോണർ, കർണ്ണൻ, ഞങ്ങളുടെ ഭാഗത്തുള്ള മുഖ്യയോദ്ധാക്കളായും ഭയാനകമായ പല്ലുകളുള്ള അങ്ങയുടെ വായിലേക്ക് തിടുക്കംപൂണ്ട് കടക്കുന്നതായി കാണുന്നു. അവരിൽ ചിലരുടെ തകർന്ന തലകൾ അങ്ങയുടെ പല്ലിനിടയിൽ പറ്റിപ്പിടിച്ചിരിക്കുന്നതായി കാണുന്നു. സമുദ്രത്തിലേക്ക് പ്രവേശിക്കുന്ന അനേ

**ആ രൂപം അനവധി വായകളും, കണ്ണുകളും, ആശ്ചര്യകരമായ അനവധി ദൃശ്യങ്ങളുള്ളതും അനവധി ദിവ്യാഭരണങ്ങളും കയ്യിൽ പിടിച്ച ദിവ്യായുധങ്ങളോടും ദിവ്യമായ മാലകളും, വസ്ത്രങ്ങളും, ധരിച്ചതും സ്വർഗീയസുഗന്ധങ്ങൾ പുരട്ടിയതും മുഴുവൻ വിസ്മയാവഹമായതും അനന്തവും നാനാദിക്കിലേയ്ക്കും മുഖങ്ങൾ ഉള്ളതുമായിരുന്നു. ആയിരം സൂര്യന്മാർ ഒന്നിച്ചുദിച്ചാലുണ്ടാകുന്ന തേജസ്സിന് സമമായിരുന്നു ഭഗവാന്റെ വിശ്വരൂപം**

കം നദികൾ പോലെ നശ്വരമായ ഈ ലോകത്തിലെ യോദ്ധാക്കൾ അങ്ങയുടെ ജ്വലിക്കുന്ന വായകളിലേക്ക് പ്രവേശിക്കുന്നു. ജ്വലിക്കുന്ന അഗ്നിയിലേക്ക് സ്വയം ദാഹിച്ച് ചാകാൻ ഈയാംപാറ്റകൾ പറന്നു വരുന്നപോലെ നാശത്തിനായി ഈ മനുഷ്യരെല്ലാം അങ്ങയുടെ വായിലേക്ക് തിടുക്കത്തിൽ ഓടിവരുന്നു. അങ്ങയുടെ ജ്വലിക്കുന്ന വായകൊണ്ട് സകല ലോകങ്ങളെയും അങ്ങ് വിഴുങ്ങിയിട്ട് അതാസ്വദിക്കുന്നപോലെ നുണയുന്നതായി കാണുന്നു. അങ്ങയുടെ ശക്തിമത്തായ തേജസ്സ് ഈ വിശ്വം മുഴുവൻ നിറഞ്ഞു നിൽക്കുന്നു. അത് ഈ വിശ്വത്തെ ദഹിപ്പിക്കുന്നു. ഇത്രയും ഉഗ്രരൂപനായ അങ്ങ് ആരാണ്? ദൈവങ്ങളിൽ പ്രമുഖനായ അങ്ങേക്ക് നമസ്കാരം. ആദി പുരുഷനായ അങ്ങയെ എനിക്കറിയാൻ ആഗ്രഹമുണ്ട്.

അങ്ങയുടെ ദൗത്യം എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ലോകനാശത്തെ ചെയ്യുന്ന ബലവാനായ കാലമാണ് ഞാൻ. നിന്റെ പങ്കാളിത്തമില്ലെങ്കിലും എതിർവശത്ത് നിരന്നുനിൽക്കുന്ന ശത്രു പക്ഷക്കാർ ഇല്ലാതെയാകും. അതുകൊണ്ട് നീ എഴുന്നേറ്റ് യുദ്ധം ചെയ്തു കീർത്തിനേടുക. ശത്രുക്കളെ കീഴടക്കി ഐശ്വര്യപൂർണ്ണമായ രാജ്യം അനുഭവിക്കുക. ഈ കാണുന്ന യോദ്ധാക്കളെല്ലാം എന്നാൽ സംഹരിക്കപ്പെട്ടവരാണ്. നീ ഒരു നിമിത്തം മാത്രമായി ഭവിക്കുക. ദ്രോണർ, ഭീഷ്മർ, ജയദ്രഥൻ, കർണ്ണൻ, യോദ്ധാക്കളെല്ലാം തന്നെ എന്നാൽ കൊല്ലപ്പെട്ട് കഴിഞ്ഞവരാണ്. നീ ഭയപ്പെടേണ്ട. നീ തീർച്ചയായും ശത്രുക്കളെ യുദ്ധത്തിൽ കീഴടക്കും. അതുകൊണ്ട് യുദ്ധം ചെയ്യുക. സഞ്ജയൻ പറഞ്ഞു. ശ്രീകൃഷ്ണന്റെ ഈ വാക്കുകൾ കേട്ടിട്ട് ഭയപ്പെട്ട് വിറച്ചുകൊണ്ട് ഭഗവാനെ തൊഴുതു നമസ്കരിച്ച് ഗദ്ഗദ് കണ്ഠനായി അർജുനൻ കൃഷ്ണനോട് പറഞ്ഞു. അല്ലയോ ഭഗവാനെ, അങ്ങയെ സ്തുതിക്കുമ്പോൾ ഈ ലോകം സന്തോഷിക്കയും ആഹ്ളാദിക്കുകയും ചെയ്യുന്നു. പേടിച്ചരണ്ട രക്ഷസ്സുകൾ നാലുപാടും ഓടുന്നു. സിദ്ധന്മാരുടെ ഒരു നിര അങ്ങയെ ആദരവോടെ നമിക്കുന്നു.

മഹാത്മാവേ എന്തുകൊണ്ട് അവർ അങ്ങനെചെയ്യാതിരിക്കില്ല. അങ്ങ് ശ്രേഷ്ഠനും ബ്രഹ്മാവിനും കൂടി ആദികാരണനുമാണല്ലോ? ഓ അപരിമേയമായ പ്രഭുവേ , ദൈവങ്ങളുടെ ദൈവമേ ലോകത്തിന്റെ ഇരിപ്പടമേ, നീ സത്തിനും അസത്തിനും അപ്പുറത്തുള്ള അനശ്വരമായ പരബ്രഹ്മമാണ്. അങ്ങ് ആദിദേവനും പുരാണപുരുഷനുമാണ്.

അങ്ങാണീ ലോകത്തിന്റെ പരമമായ രക്ഷാകേന്ദ്രം. അങ്ങ് അറിയുന്നവനും, അറിയപ്പെടേണ്ടവനും, പരമമായ സ്ഥാനവും ആണ്.

ഈ വിശ്വം മുഴുവൻ അങ്ങയാൽ വ്യാപിക്കപ്പെട്ടിരിക്കുന്നു. വായുവും, അഗ്നിയും, വരുണനും, ശശാങ്കനും, പ്രജാപതിയും, പ്രപിതാമഹനും അങ്ങ് തന്നെ. അങ്ങേക്ക് നമസ്കാരം. ആയിരം വട്ടം നമസ്കാരം. വീണ്ടും വീണ്ടും നമസ്കാരം. മുമ്പിലും, പിമ്പിലും എല്ലാ ഭാഗത്തും അങ്ങേക്ക് നമസ്കാരം, അനന്തമായ ശക്തിയോടും, അനന്തമായ വീര്യത്തോടുകൂടിയ അങ്ങ് എല്ലാറ്റിലും നിറഞ്ഞു നിൽക്കുന്നു. അതുകൊണ്ട് എല്ലാം അങ്ങ് തന്നെയാകുന്നു. ഒരു സുഹൃത്തായി കണക്കാക്കി അങ്ങയുടെ മാഹാത്മ്യമറിയാതെ അങ്ങയെ ഞാൻ കൃഷ്ണാ, യാദവാ, സുഹൃത്തെ എന്നൊക്കെ സംബോധന ചെയ്തത് അശ്രദ്ധമൂലവും, സ്നേഹത്താലുമാണ്. കളിയിലും,നേരമ്പോക്കിലും, ഭക്ഷണസമയത്തും, വിശ്രമവേളകളിലും, അല്ലെങ്കിൽ നമ്മൾ ഒറ്റക്കായിരുന്നപ്പോഴും, മറ്റുള്ളവരുടെ മുന്നിൽ വച്ചും ഞാനങ്ങയെ പരിഹസിച്ചിട്ടുണ്ട്.

അപ്രമേയനായ അങ്ങ് എനിക്ക് മാപ്പ് തരിക. സ്ഥാവരജംഗമങ്ങൾ ഉൾകൊള്ളുന്ന ഈ ലോകത്തിന്റെ പിതാവാണ് അങ്ങ്. അങ്ങ് ആരാധ്യനാണ്. അങ്ങ്ശ്രേഷ്ഠനായ ഗുരുവാണ്. അങ്ങ് അതുല്യാവനാണ്. ഈ മൂന്നു ലോകങ്ങളിലും അങ്ങേക്ക് തുല്യനായി ആരുമില്ല. അതുകൊണ്ട് ഞാൻ അങ്ങയുടെ മുന്നിൽ നമിക്കുന്നു. അങ്ങയുടെ കൃപയ്ക്കായി പ്രാർത്ഥിക്കുന്നു. പുത്രന്റെ കുറ്റങ്ങളെ പിതാവും, സ്നേഹിതന്റെ കുറ്റങ്ങളെ സ്നേഹിതനും ഭാര്യയുടെ കുറ്റങ്ങളെ ഭർത്താവും ക്ഷമിക്കുന്നപോലെ ആരാധ്യനായ ദൈവമേ അങ്ങും എന്റെ കുറ്റങ്ങളെ ക്ഷമിക്കുമാറാകണേ. മുമ്പ് കാണാതിരുന്ന അങ്ങയുടെ വിശ്വരൂപം കണ്ടതിൽ ഞാൻ സന്തോഷഭരിതനാണ്. എന്നിട്ടും എന്റെ ഹൃദയത്തിൽ പേടിയുണ്ട്. അതുകൊണ്ട് അങ്ങയുടെ പൂർവ്വരൂപം വീണ്ടും എനിക്ക് കാണിച്ചുതരിക. അങ്ങയെ മുമ്പ് കണ്ടതുപോലെ ഗദയോടും, ചക്രത്തോടും, കിരീടത്തോടും കൂടി കാണാൻ എനിക്ക് ആഗ്രഹമുണ്ട്.



സഹസ്രപാണിയായ വിശ്വമൂർത്തേ, ചതുർഭുജനായ അങ്ങയുടെ പഴയരൂപം കൈകൊണ്ടാലും. പ്രഭു പറഞ്ഞു.നിന്നിൽ പ്രസന്നനായതുകൊണ്ടാണ് , ഞാൻ എന്റെ വിശ്വരൂപത്തെ നിനക്ക് കാണിച്ചുതന്നത്.

അനന്തമായ പ്രകാശമയമായ, വിശ്വാത്മകമായ, ആദികാരണമായ ഈ രൂപം നീയല്ലാതെ മറ്റാരും കണ്ടിട്ടില്ല. വേദം പഠിച്ചതുകൊണ്ടോ, ത്യാഗങ്ങൾ ചെയ്തതുകൊണ്ടോ, ധർമ്മശാസ്ത്രാദി പഠനങ്ങൾകൊണ്ടോ, ദാനധർമ്മങ്ങൾ കൊണ്ടോ, ഉഗ്രതപസ്സുകൾ കൊണ്ടോ, ഈ ലോകത്തിൽ നീ ഒഴികെ ആർക്കും എന്നെ ആ രൂപത്തിൽ കാണാൻ സാധിക്കുകയില്ല,

ന വേദ യജ്ഞാ ധ്യയ നൈ ർന്ന ദാനൈർ

ന ച ക്രിയാ ഭി ർ ന തപോഭിരുഗ്രൈ

ഏവം രൂപ: ശക്യ അഹം നൃലോകേ

ദ്ര ഷ് ടും ത്വ ദ ന്യേന കുരുപ്രവീര (11:48)

എന്റെ ഗംഭീരമായ ഈ രൂപം നോക്കി അധികം ഭയപ്പെടുകയും അന്ധാളിക്കുകയും വേണ്ട. ഭയം മാറ്റുക, മനസ്സ് ശാന്തമാക്കുക, എന്നിട്ട് എന്നെ പൂർവരൂപത്തിൽ വീണ്ടും കണ്ടുകൊള്ളുക. സഞ്ജയൻ പറഞ്ഞു. വാസുദേവൻ അങ്ങനെ അർജുനനോട് പറഞ്ഞിട്ട് അദ്ദേഹത്തിന്റെ പൂർവരൂപത്തെ അർജുനന് കാണിച്ചുകൊടുത്തു. വീണ്ടും തന്റെ കാരുണ്യരൂപം ധരിച്ച് പേടിച്ചിരിക്കുന്ന അർജുനനെ സമാധാനിപ്പിച്ചു. അർജുനൻ പറഞ്ഞു. അങ്ങയുടെ മനുഷ്യരൂപം വീണ്ടും കണ്ട ഞാൻ സന്തുഷ്ടനായി, സാധാരണ നിലയിലായി. പ്രഭു പറഞ്ഞു.എന്നെ നീ കണ്ട രൂപം നോക്കി കാണാൻ വളരെ പ്രയാസമാണ്. ദേവന്മാർകൂടി എന്റെ ആ രൂപം കാണാൻ ആഗ്രഹിച്ചിരിക്കുന്നവരാണ്. വേദങ്ങൾ പഠിച്ചത് കൊണ്ടോ തപസ്സിനാലോ, ദാനധർമ്മങ്ങളാലോ, ത്യാഗങ്ങളാലോ, ആർക്കും നീ കണ്ട എന്റെ രൂപം കാണാൻ സാധ്യമല്ല. എന്നാൽ ഏകാഗ്രമായ ഭക്തികൊണ്ട് എന്നെ ഈ രൂപത്തിൽ കാണുകയും അറിയുകയും ചെയ്യുക സാധ്യമാണ്. എനിക്കായി കർമ്മങ്ങൾ ചെയ്യുന്നവർ, എന്നെ ലക്ഷ്യമാക്കി വച്ചിരിക്കുന്നവർ എന്റെ ഭക്തന്മാർ, ബന്ധങ്ങൾ വിഛേദിച്ചവർ, ദ്വേഷബുദ്ധിയില്ലാത്തവർ അവർ എന്റെ അടുത്ത് വരുന്നു.

*അദ്ധ്യായം പതിനൊന്ന് സമാപ്തം*

അടുത്തതിൽ **'ഭക്തിയോഗം'**

ശുഭം

NRS PAY

# TAP, DIP, SWIPE OR KEY!



## ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.





## अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।

- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

**GET STARTED TODAY!**
Call **(877) 202-8112**
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.



സ്വാതി കൃഷ്ണ

# ഇവരൊക്കെ ആരാ



വര:
മറിയം ജാസ്മിൻ

കേട്ടിട്ട് കൊള്ളാം എന്ന് തോന്നുന്നു മോളെ എന്നായാലും വേണ്ടതല്ലേ പഠിത്തമൊക്കെ ഇതിന്റെ കൂടെ അങ്ങ് നടന്നോളും

ഇതുപോലൊന്ന് ഒത്തു വരുവോ ഇനി അവർക്ക് വലിയ ചോദ്യം ഒന്നുമില്ല

എല്ലാവരും തന്റെ ഉത്തരത്തിനായി കാത്തു നിന്നു, ഒരു മൂളലിൽ ഒരു ജീവിതം ഭൂതവും മറ്റൊന്ന് ഭാവിയുമായി മാറുന്ന അവസ്ഥ. എന്താ വേണ്ടത് ഒന്ന് ആലോചിക്കട്ടെ..

ശരി കാര്യം വിളിച്ചു പറഞ്ഞാൽ മതി,

എന്താ ആലോചിക്കേണ്ടത്?

ഇതാരാ, എവിടുന്നാ.. ഇതേവരെ കണ്ടിട്ടില്ലാത്ത ഒരാൾ, അറിയാത്ത നാട്, ആരോ പറയുന്നത് കേട്ട് ഒരു വിശ്വാസത്തിന്റെ മേൽ ഉറപ്പിക്കാൻ നിൽക്കുന്ന ജീവിതം. ഇതൊക്കെ ചോദിച്ചാൽ പറയും ഇതുവരെ ആരും കല്യാണം കഴിച്ചിട്ടില്ലേ എന്ന്. പിന്നെ നിനക്കെന്താ ഒരു പുതുമ.

അതെ, നമുക്ക് പുതുമയുള്ള കാര്യം തന്നെ ആണല്ലോ. വിവാഹത്തെപ്പറ്റി ഒന്നും ചിന്തിച്ചിട്ടില്ല. കോളേജ് പഠിത്തം മ്യൂസിക് ക്ലാസ് അങ്ങനെയങ്ങു പോയ മതി എന്നൊരു തോന്നൽ. അപ്പോഴേക്കും വല്ല ഫാമിലി ഫങ്ക്ഷനും

**ഹോ.. ഇവർക്കൊക്കെ എന്താ ഇത്ര വെപ്രാളം ? പിന്നെ നമ്മുടെ കെട്ട് കഴിഞ്ഞു കണ്ണടക്കാൻ ഇരിക്കുന്ന കാർനോവന്മാരും. ചിലർക്ക് അതും പോരാ. പേരക്കുട്ടിയെയും കാണണം പോലും. അവർക്കു നടക്കാതെ പോയ ആഗ്രഹങ്ങൾ ഒക്കെ നമ്മളിലൂടെ തീർക്കണം. ആ ഡയലോഗ് ആണ് തീരെ പിടിക്കാത്തത്.**

വന്ന തീർന്നു, താഴെയുള്ള അനിയത്തിയും തീരാത്ത പഠിത്തം കിട്ടാത്ത ജോലി കൂടണ പ്രായം. ഹോ..ഇവർക്കൊക്കെ എന്താ ഇത്ര വെപ്രാളം ? പിന്നെ നമ്മുടെ കെട്ട് കഴിഞ്ഞു കണ്ണടക്കാൻ ഇരിക്കുന്ന കാർനോവന്മാരും. ചിലർക്ക് അതും പോരാ. പേരക്കുട്ടിയെയും

കാണണം പോലും. അവർക്കു നടക്കാതെ പോയ ആഗ്രഹങ്ങൾ ഒക്കെ നമ്മളിലൂടെ തീർക്കണം. ആ ഡയലോഗ് ആണ് തീരെ പിടിക്കാത്തത്. ആരും തങ്ങളുടെ ഇഷ്ടം മറ്റൊരാളിലൂടെ നേടിയെടുക്കാൻ ശ്രമിക്കരുത്. എല്ലാർക്കും ഉണ്ട് ഓരോ ജീവിതവും സ്വപ്നങ്ങളും. മറ്റുള്ളവരുടെ സ്വപ്നങ്ങൾ സാധിച്ചുകൊടുത്തു നമ്മുടെ ജീവിതം ആർക്കെങ്കിലും വേണ്ടി ജീവിച്ചാൽ മതിയോ ? ഇങ്ങനെയൊക്കെ ഉള്ള ചിന്തകൾ ആണെങ്കിൽ ഓക്കേ. എങ്ങാനും വായീന് വെല്ലോം വീണാലോ, അഹങ്കാരി, തർക്കുത്തരം. ഓ ഒന്നും മിണ്ടണില്ല

ഡും ഡും ഡും ...


മേളം മുറുകി

പട്ടിന്റെ കൊട്ടാരം എന്ന പരസ്യവാചകം പോലെ ചുറ്റിനും എന്തോരം നിറമുള്ള പട്ടുസാരികളാ അപ്പോഴും ചോദ്യം അങ്ങനെ വരും, ഇവരൊക്കെ ആരാ..?

കെട്ടി. ദോഷം പറയരുത് പാർലറിലെ ചേച്ചി നല്ലോണം ഒരുക്കിട്ടുണ്ട്, കൊള്ളാം. പിന്നീടുള്ള ജീവിതത്തിൽ ഒരിക്കലും ഇത്രത്തോളം അണിഞ്ഞൊരുങ്ങാൻ സാധിക്കില്ലല്ലോ എന്ന് അപ്പോൾ ഓർത്തില്ല.

യാത്ര പറഞ്ഞു ഇറങ്ങിക്കോ. റോസാ പൂക്കൾ കൊണ്ട് അലങ്കരിച്ച കാർ നീങ്ങി. ദേ പോണു പിന്നിലേക്കു ഒന്ന് നോക്കി. ഒരു ഭൂതകാലം കഴിഞ്ഞു പോകുകയാണ്. ദേ ഈ മുന്നോട്ടു പോകുന്നത് എന്തെന്നറിയാത്ത എല്ലാ സസ്പെൻസുകളും ഒളുപ്പിച്ചുവെക്കുന്ന ഒരു ഭാവിയും.

അറിയപ്പെടാത്ത മനുഷ്യർക്കിടയിലേക്കു ഒരേ ഒരാളെ മാത്രം വിശ്വസിച്ചു അതിനപ്പുറം കുട്ടൻ ജ്യോത്സ്യരുടെ രാശിപ്പലകയെയും ഏതോ കളത്തിലിരുന്നു ഭാവി പറഞ്ഞു പൊരുത്തം നോക്കിത്തന്ന രാഹുവും ഗുളികനും. അവർ ഓക്കേ പറഞ്ഞാൽ പിന്നെ അടിപൊളി ആണല്ലോ. ഏതായാലും കാർ മുന്നോട്ടു പോകും തോറും എന്റെ അത്രേം പ്രിയപ്പെട്ട ദിനങ്ങളെക്കൂടി പിന്നിലേക്ക് ഓടിച്ചുകൊണ്ടിരുന്നു.



**പട്ടിന്റെ കൊട്ടാരം എന്ന പരസ്യവാചകം പോലെ ചുറ്റിനും എന്തോരം നിറമുള്ള പട്ടുസാരികളാ അപ്പോഴും ചോദ്യം അങ്ങനെ വരും, ഇവരൊക്കെ ആരാ.. കെട്ടി. ദോഷം പറയരുത് പാർലറിലെ ചേച്ചി നല്ലോണം ഒരുക്കിട്ടുണ്ട്, കൊള്ളാം. പിന്നീടുള്ള ജീവിതത്തിൽ ഒരിക്കലും ഇത്രത്തോളം അണിഞ്ഞൊരുങ്ങാൻ സാധിക്കില്ലല്ലോ എന്ന് അപ്പോൾ ഓർത്തില്ല.**

പുതിയ വീട്, നിറയെ ആൾക്കാർ. ഇതുവരെ കാണാത്ത അറിയാത്തവരൊക്കെ നമ്മളോട് ഓരോന്ന് ചോദിക്കുന്നു കല്പിക്കുന്നു. ശ്ശെടാ...എന്നാലും ഇവരൊക്കെ...? വീണ്ടും ചോദ്യം തികട്ടിവരുന്നു. വേണ്ട വേണ്ട അടങ്ങി നില്ല്. നിറവും തൂക്കവും മുടിയു

ടെ അറ്റം വരെയും ഓരോരുത്തരും കണ്ണുകൊണ്ടു അളക്കുന്നു. പരസ്പരം നോക്കുന്നു. ശോ ഒരു വാക്കുപോലും പറയാതെ എത്ര മനോഹരമായി ആളുകൾ ആശയങ്ങൾ കൈമാറുന്നു. വീടൊക്കെ ഇഷ്ടായോ ഓ ഇല്ലെന്ന് പറയാൻ പറ്റില്ലല്ലോ അത് മനസ്സിൽ ഓർത്തതാ എല്ലാവരെയും നോക്കി ചിരിച്ചു കവിള് വേദനക്കുന്നു . ചിരിക്കാതിരുന്ന മുഖം ഇറക്കിവെച്ചേക്കുന്നു എന്ന് പറയും. എന്താ ചെയ്യ . ചിരിക്കണോ വേണ്ടയോ എന്ന് പോലും തീരുമാനിക്കാൻ ആളുണ്ടാകുന്നത് ഇത്തിരി കഷ്ടംതന്നെയാണെ...

ആ അടുത്ത പരിപാടി ഉടൻ തുടങ്ങും.

ദേണ്ടെ നീണ്ട നീണ്ട നിര ആളുകൾ. ആരെയെങ്കിലും എവിടെയെങ്കിലും വെച്ച് കണ്ട പരിചയം ഉണ്ടോ, നിറയെ അപരിചിതരായ മുഖങ്ങൾക്കു നടുവിൽ പരിചയമുള്ള ഒരു മുഖത്തിനായി പരതി. എവിട്ന്ന്...

എന്റെ വിവാഹഫോട്ടോയിലുള്ള പകുതി പേരെയും എനിക്ക് അറിഞ്ഞൂടല്ലോ

ഇവരൊക്കെ..., ഓ ആയിക്കോട്ടെ ...

പൊടിപൂരവും സെന്റർ ഓഫ് അക്ട്രാക്ഷനും ആ ഒരു ദിവസത്തേക്കല്ലേ ഉള്ളു പിന്നെ കഴിഞ്ഞു. പിറ്റേന്നു കാലത്തു എച്ചിൽ പാത്രങ്ങൾക്കിടയിൽ മോതിരം ഊരിപ്പോകാതെ ഇരിക്കാൻ പാടുപെട്ടു കൊണ്ടു ആരോ കഴിച്ച വേസ്റ്റ് പാത്രം കഴുകി കമഴ്ത്തി. വീട്ടിൽ സ്വന്തം കപ്പിൽ മാത്രം ചായ കുടിച്ചു ശീലിച്ച ഞാൻ ആരോ തന്ന ഗ്ലാസ്സിലെ ചായ വാങ്ങി മൊത്തി.

അമ്മേ മധുരം ഇച്ചിരീം കൂടി ഇട്ടു താ പ്ളീസ്.. പഴേത് എന്തോ ഓർത്തു. അല്ലേലും ഒന്നും ഓർക്കാതിരിക്കുന്നതാ നല്ലത്.

എന്റെ പാത്രത്തില് മാത്രേ ഇഡ്ഡലി കഴിക്കൂ താ...

**മനസ് പെട്ടെന്ന് കോളേജിലേക്ക് പോയി, ദൈവമേ .. എത്ര ദിവസാ ക്ലാസ്സു മുടങ്ങിയത്..നോട്ടിസ് എന്ന് എഴുതിതീരുവോ ആവോ. മ്യൂസിക് ക്ലാസ് ഇവിടെ വല്ലോം കണ്ടുപിടിക്കണം. എന്റെ വയലിൻ എടുത്തോണ്ട് വരാൻ പറഞ്ഞിട്ട് ആരും അത് എടുത്തില്ല. വീട്ടീന്ന് എടുത്തിട്ട് വരണം.**

ശെടാ ഈ പെണ്ണ് .. ഇന്ന നിന്റെ പാത്രം, നോക്കിക്കോ കെട്ടിച്ചുവിടുമ്പോ എല്ലാം പഠിച്ചോളും . ഓ എന്തോന്ന് പഠിക്കാൻ . പൊതിഞ്ഞു കയ്യിൽ തന്ന

ചോറ്റു പത്രം എടുത്തോണ്ട് കോളേജിലേക്ക് ബസ്സു പിടിക്കാനോടുന്ന ഒരു മെലിഞ്ഞു നീണ്ട പെൺകുട്ടി മനസിലൊന്നു മിന്നി. പോട്ടെ അതൊക്കെ ആരോർക്കാൻ.

അവനു രാവിലെ പോണം. ഇനിയെല്ലാം കണ്ടും കേട്ടും ചെയ്തോണം ആഹാരത്തില് ഇഷ്ടങ്ങളൊക്കെ ഇത്തിരി വ്യത്യസ്ത . ഇല്ലേങ്കിപ്പിന്നെ വീട് തല കീഴാക്കി



വെക്കും . ഒക്കെ ശ്രദ്ധിച്ചു വേണം. പിന്നെ വീട്ടിലെ രീതികളൊക്കെ മനസിലാക്കി വെക്കണം .

ഹാ അതൊക്കെയങ്ങ്? ശെരിയാകുമെടി.. ഏതോ വല്യമ്മേടെ കൗണ്ടറടി. ചുറ്റിനും ഏതൊക്കെയോ മനുഷ്യർ ഓരോരുത്തർക്കും പറയാൻ ഓരോ കാര്യങ്ങൾ.

മനസ് പെട്ടെന്ന് കോളേജിലേക്ക് പോയി, ദൈവമേ .. എത്ര ദിവസാ ക്ലാസ്സു മുടങ്ങിയത്..നോട്ടിസ് എന്ന് എഴുതിതീരുവോ ആവോ. മ്യൂസിക് ക്ലാസ് ഇവിടെ വല്ലോം കണ്ടുപിടിക്കണം. എന്റെ വയലിൻ എടുത്തോണ്ട് വരാൻ പറഞ്ഞിട്ട് ആരും അത് എടുത്തില്ല. വീട്ടീന്ന് എടുത്തിട്ട് വരണം.

ഓ നിന്ന് സ്വപ്നം കാണ?വാ അവൾ ... ഉം ...

അമർത്തിയ ഒരു മൂളൽ

അതെ, അതൊക്കെ എന്റെ സ്വപ്നങ്ങൾ തന്നെയാണ്. അതിനിത്ര ചിരിക്കാൻ എന്താണാവോ.

പെട്ടെന്നൊരു ദിവസം എന്റെ കാര്യത്തിലൊക്കെ ഇടപെടാൻ ഇതെവിടുന്ന ഇത്രേം പേർ . അവനു നല്ല എരിവ് വേണം, അച്ഛന് തീരെ വേണ്ട. മധുരവും അങ്ങനെ തന്നെ, മാറി പോകണ്ട. ദേണ്ടെ അടുത്ത ലിസ്റ്റ് . അസ്സൈൻമെൻറ്സും നോട്സും ഉണ്ടാക്കിയ ടെൻഷനിൽ നിന്നുമാറി ടെൻഷൻ പോലും വേറെ കാര്യങ്ങൾ തിരഞ്ഞു പോയി . കല്പനകൾ പുറപ്പെടുവിച്ചു ഓരോരുത്തരും ഓരോ വഴി പിരിഞ്ഞു . എച്ചിൽ പത്രങ്ങളും അടുപ്പിൽ വേവുന്ന കറികളും കുക്കറിന്റെ ഒച്ചയും അല്ലാതെ മറ്റൊന്നും അവിടെയില്ലായിരുന്നു . അപ്പോഴും ഉള്ളിൽ തികട്ടി വന്ന ചോത്യം കടിച്ചമർത്തി അരിയാനായി എടുത്തു വച്ച ഉരുളക്കിഴങ്ങിലേക്കു കത്തിയമർത്തി. ഉള്ളിൽ വേവുന്ന ചോദ്യം... ഇവരൊക്കെ ആരാ....? മറുപടിയായത് കുക്കറിന്റെ നീട്ടിയുള്ള ചൂളം വിളി ആയിരുന്നു

# Blue Ocean
Wealth Solutions

A member of the MassMutual Financial Group

## PHILIPOSE SAMUEL
30 Years of Service

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.



## BUSINESS NEEDS

**EMPLOYEE BENEFITS PRODUCTS**

Group Term Life Insurance

Group Whole Life Insurance

Short-term and Long-term Disability Insurance

Health Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998

**PHILIPOSE SAMUEL (SAM)**
30 Years of Service
Financial Services Representative Financial Advisor
O: (516) 326-7028 | C: (516) 312-2902
psamuel@financialguide.com | www.blueocean.us.com

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. *Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.



സ്വപ്ന അനു ബി ജോർജ്




# ഇന്നിന്റെ മുഖങ്ങൾ

ഇന്നത്തെയും പഴയകാലത്തെയും സ്ത്രീകൾ തമ്മിൽ വ്യത്യാസങ്ങൾ ഉണ്ടോ?എങ്കിൽ ആ വ്യത്യാസങ്ങൾ എങ്ങനെയുണ്ടായി, അവർ തമ്മിൽ പല മേഖലകളിലും ശ്രദ്ധേയമായ വ്യത്യാസങ്ങളുണ്ടാവാം.നമ്മുടെ അമ്മച്ചിമാരുടെയും മുത്തശ്ശിമാരുടെയും ഉമ്മുമ്മമാരുടെയും പ്രധാന ഉത്തരവാദിത്വം കുടുംബപരിപാലനത്തിലും ഗൃഹകാര്യങ്ങളിലും മാത്രമായിരുന്നു.വിദ്യാഭ്യാസം,തൊഴിൽ,സാമൂഹികയിടപെടൽ എന്നിവയിൽ അവർ കൈകടത്താറെ ഇല്ലായിരുന്നു,അതിനുള്ള സമയമില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനകാരണം.പിന്നെ മുതിർന്നവരും കുടുംബനാഥന്മാരും അതിനുള്ള അവസരങ്ങൾ കൊടുത്തിരുന്നില്ല,അഥവാ ഉണ്ടങ്കിൽത്തന്നെ അവ വളരെ പരിമിതമായിരുന്നു.

എന്നാൽ 21-ആം നൂറ്റാണ്ടിൽ സ്ത്രീകൾ വിദ്യാഭ്യാസം,തൊഴിൽ,ശാസ്ത്രം,സാങ്കേതികവിദ്യ,രാഷ്ട്രീയം, കായികം,സംരംഭങ്ങൾ തുടങ്ങിയ ധാരാളം മേഖലകളിൽ മികച്ച നേട്ടങ്ങൾ നേടിയിരിക്കുന്നു.സ്വന്തം കഴിവുകൾ വികസിപ്പിക്കാനും സാമ്പത്തികസ്വതന്ത്ര്യം നേടാനും സ്വയം തീരുമാനങ്ങൾ എടുക്കാനും സ്ത്രീകൾക്ക് അവസരങ്ങൾ ലഭിച്ചിട്ടുണ്ട്.ഈ മാറ്റങ്ങൾക്ക് പ്രധാന കാരണങ്ങൾ വിദ്യാഭ്യാസം,നിയമങ്ങൾ, സാങ്കേതികവിദ്യയുടെ വളർച്ച,സാമൂഹികസാമ്പത്തിക ബോധവൽകരണം,സ്ത്രീ-പുരുഷ സമത്വത്തെക്കുറിച്ച് സമൂഹത്തിൽ വന്ന വ്യത്യസ്തമായ കാഴ്ചപ്പാട് എന്നിവയാണ്. കൂടാതെ അവരവരുടെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും പിന്തുണ ഈ മാറ്റത്തിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്.

എന്നാൽ,21-ആം നൂറ്റാണ്ടിലെ സ്ത്രീകൾക്ക് പഴയകാലത്തെക്കാൾ കൂടുതൽ സ്വാതന്ത്ര്യവും അവസരങ്ങളും ഉത്തരവാദി




ത്വങ്ങളും ലഭിച്ചിട്ടുണ്ടെങ്കിലും സമൂഹത്തിലെ എല്ലാ മേഖലകളിലും ഇന്നും പൂർണമായ സമത്വം കൈവരിക്കാൻ സാധിച്ചിട്ടില്ല,തീർച്ച!ഇന്നത്തെ സ്ത്രീകൾ വിദ്യാഭ്യാസം,തൊഴിൽ, നേതൃസ്ഥാനങ്ങൾ എന്നീ മേഖലകളിൽ പ്രശംസനീയമായ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്.പഴയകാലങ്ങളെ അപേക്ഷിച്ച് തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് ബോധമുള്ളവരും തീരുമാനങ്ങൾ എടുക്കാൻ ഉത്സുകരും ധൈര്യശാലികളുമാണ് ഇന്നത്തെ തലമുറ.

**മികച്ച പോസിറ്റീവ് സ്വഭാവഘടകങ്ങൾ**

സ്ത്രീകൾക്ക് ജൈവികമായും മാനസികമായും പുരുഷന്മാരെക്കാൾ നിരവധി അന്തർലീനമായ പോസിറ്റീവ് വ്യത്യാസങ്ങളുണ്ട്. ശാസ്ത്രീയവും മനശ്ശാസ്ത്രപരവുമായ പഠനങ്ങൾ  ഇതിനെക്കുറിച്ച് തെളിയിക്കപ്പെട്ടുകഴിഞ്ഞു.അവയിൽ  പ്രധാനഗുണങ്ങൾ ഇവയാണ്...

സ്ത്രീകളുടെ 'ശക്തമായ പ്രതിരോധശേഷിക്കു' കാരണം അവരിലുള്ള ത ക്രോമസോമിലുള്ള 'മൈക്രോ ആർ.എൻ.എ' എന്ന തന്മാത്ര 'രോഗപ്രതിരോധശേഷിയെ' കൂടുതൽ ശക്തമാക്കുന്നു.ഇവ അണുബാധകളെയും രോഗങ്ങളെയും ചെറുക്കാൻ സ്ത്രീകളെ സഹായിക്കുന്നു.ലോകമെമ്പാടുമുള്ള കണക്കുകൾ കാണിക്കുന്നത് പുരുഷന്മാരെക്കാൾ കൂടുതൽ 'ആയുർദൈർഘ്യം' സ്ത്രീകൾക്കുണ്ടെന്നാണ്.

അതിനാൽ ഹൃദയസംബന്ധമായ രോഗങ്ങൾ വരാനുള്ള സാധ്യത പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളിൽ കുറവാണ്.മറ്റുള്ളവരുടെ 'വികാരങ്ങളെ അറിയാനും മനസ്സിലാക്കാനുമുള്ള' കഴിവ് ധാരാളമുണ്ട്.അതിനാൽ അനുകമ്പ പ്രകടിപ്പിക്കാൻ സ്ത്രീകൾക്കുള്ള കഴിവ് കൂടുതലാണെന്ന് ഗവേഷണങ്ങൾ വ്യക്തമാക്കുന്നു. ഈ ഒരു സ്വഭാവവിശേഷമാണ് മികച്ച സാമൂഹികബന്ധങ്ങൾ ഉണ്ടാക്കാൻ അവരെ സഹായിക്കുന്നത്. 'സഹിഷ്ണുതയും,ഊർജ്ജവും' സ്വതവേ സ്ത്രീകളിൽ കൂടുതലാണ്.

വ്യത്യസ്തമായ ആശയങ്ങളോടും വിശ്വാസങ്ങളോടും അഭിപ്രായങ്ങളോടും യോജിക്കുന്നില്ലെങ്കിലും അവയെ ബഹുമാനിക്കാനും അതിലൂടെ സമാധാനപരമായ സഹവർത്തിത്വം നിലനിർത്താനും സഹായിക്കുന്നു.'ശാരീരികമായി ഏതുതരം പ്രതിസന്ധികളെയും അതിജീവിക്കാനുള്ള ശേഷി' സ്ത്രീകളിൽ കൂടുതലുണ്ടെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. 'കുറഞ്ഞ കലോറിയും വെള്ളവും' ഉപയോഗിച്ച് കൂടുതൽ സമയം പിടിച്ചുനിൽക്കാൻ സ്ത്രീകളുടെ ശരീരത്തിന് പ്രത്യേകമായകഴിവുണ്ട്.

അതുപോലെ എടുത്തു പറയാനുള്ളത് 'നിറങ്ങളിലെ' ചെറിയ വ്യത്യാസങ്ങൾ പോലും കൃത്യമായി തിരിച്ചറിയാനുള്ള കഴിവ് സ്ത്രീകൾക്ക് കൂടുതലാണ്.പുരുഷന്മാരെ അപേക്ഷിച്ച് 'സന്തോഷം' ആസ്വദിക്കാനും പ്രകടിപ്പിക്കാനും സ്ത്രീകൾക്ക് കൂടുതൽ കഴിവുണ്ടെന്ന് പഠനങ്ങൾ പറയുന്നു.

സ്ത്രീകൾ പൊതുവെ പോസിറ്റീവായ ഗുണങ്ങൾ കാണുന്ന ഒരു സ്വാഭാവമുണ്ട്.ഇതിനെ 'വുമൺ-ആർ-വണ്ടർഫുൾ എഫക്ട്' എന്ന് വിളിക്കപ്പെടുന്നു.

ഇവയെല്ലാം പുരുഷന്മാരിൽ നിന്ന് സ്ത്രീകൾക്കുള്ള പ്രത്യേകതകളാണ്.ഇനി ഇന്നത്തെ നൂറ്റാണ്ടിന്റെ വ്യത്യാസങ്ങളിലൂടെ സ്ത്രീകൾക്ക് കിട്ടിയ സവിശേഷമായ കഴിവുകൾ എന്തൊക്കെയാണെന്ന് നോക്കാം...

**കാലാനുസൃതമായി വന്ന പോസിറ്റീവ് വ്യത്യാസങ്ങൾ**

ഇന്ന് സ്തീകൾക്ക് വിദ്യാഭ്യാസം,പലതരം കോച്ചിംഗ്ക്ലാസ്സുകൾ,ആശയവിനിമയങ്ങൾക്കുള്ള അവസരങ്ങൾ വളരെ വലുതാണ്. വിവിധരാജ്യങ്ങളിലും മേഖലകളിലും ഉയർന്ന പഠനം നേടാൻ സാധിക്കുന്നു.പഴയ കാലത്ത് പെൺകുട്ടികൾ വളർന്നുവരുമ്പോളും വീട്ടിലുംവീട്ടുകാര്യങ്ങളിലും മാത്രമായിരുന്നു ഒതുങ്ങിക്കൂടിയിരുന്നത്.

പ്രാഥമികവിദ്യാഭ്യാസംപോലും പലർക്കും ഉണ്ടായിരുന്നില്ല,എന്നു വേണം കരുതാൻ!ഇന്ന് അവർ വൈദ്യശാസ്ത്രം,സയൻസ്,സാങ്കേതികവിദ്യ,ബിസിനസ്, രാഷ്ട്രീയംതുടങ്ങിയ നിരവധി മേഖലകളിൽ വിദ്യാഭ്യാസം നേടുന്നു,ജോലി ചെയ്യുന്നു.

സാമ്പത്തികസ്വാതന്ത്ര്യം എന്താണെന്നുപോലും പലർക്കും അറിയില്ലായിരുന്നു എന്നുതന്നെ വേണം കരുതാൻ.ഇന്ന് സ്ത്രീകൾ

സ്വന്തമായി വരുമാനം കണ്ടെത്തുകയും സാമ്പത്തികതീരുമാനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങളും,പങ്കാളിത്തവും ഉറപ്പിക്കുന്നു. നിയമപരമായും സാമൂഹികമായും സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചുള്ള ഉൾബോധം എല്ലാവരിലും വന്നുചേർന്നിട്ടുണ്ട് എന്നത് പ്രശംസനീയമാണ്. പലരും സ്വന്തം അഭിപ്രായങ്ങൾ തുറന്നുപറയാൻ മടികാണിക്കുന്നില്ല എന്നുമാത്രമല്ല അതിനുള്ള അവസരങ്ങൾ നേടിയെടുക്കുകയും ചെയ്യുന്നു.പണ്ട്കാലത്ത് സ്ത്രീകൾക്ക് കുടുംബത്തിന്റെയും സമൂഹത്തിന്റെയും കർശനമായ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു. ലോകവും ചിന്താഗതിയും വളർന്നുവെങ്കിലും ചില സമൂഹങ്ങളിൽ ഇന്നും വ്യക്തിപരമായ സ്വാതന്ത്ര്യക്കുറവ് നിലനിൽക്കുന്നുണ്ടെങ്കിലും മാറ്റങ്ങൾ അനിവാര്യമാണ്.

അതേസമയം,ചില കാര്യങ്ങൾക്ക് അന്നും ഇന്നും മാറ്റം വന്നിട്ടില്ല...

സ്നേഹം,കരുതൽ,കുടുംബബന്ധങ്ങളുടെ പ്രാധാന്യം തുടങ്ങിയ മാനുഷികഗുണങ്ങൾ കാലത്തിനനുസരിച്ച് മാറേണ്ടവയല്ല.പല സ്ത്രീകളും കുടുംബത്തിനും ജോലിക്കുമിടയിൽ സന്തുലിതാവസ്ഥ കണ്ടെത്തി വളരെ വിജയകരമായി ജീവിതം മുന്നൊട്ടു കൊണ്ടുപോകുന്നുണ്ട്,അന്നും ഇന്നും. എന്നാൽ ലോകത്തിന്റെ പല ഭാഗങ്ങളിലും ഇന്നും അസമത്വവും വിവേചനവും നേരിടുന്നവർ ഇല്ലാതില്ല എന്ന് സോഷ്യൽമീഡിയ,വാർത്തകൾ എന്നിവയിലൂടെ നമുക്ക് അറിയാൻ സാധിക്കുന്നുണ്ട്.അതിനാൽ, വ്യത്യാസങ്ങൾ പ്രധാനമായും അവസരങ്ങളിലും സാമൂഹികവിവേചനങ്ങളിലുമാണ് ഉണ്ടാവേണ്ടത്. സ്ത്രീകളുടെ അടിസ്ഥാനമൂല്യങ്ങളിലോ വ്യക്തിത്വത്തിലോ അല്ല.ഓരോ വ്യക്തിയും വ്യത്യസ്തരാണ്.

'പഴയകാലത്തെ സ്ത്രീകൾ ഇങ്ങനെയായിരുന്നു, ഇന്നത്തെ സ്ത്രീകൾ അങ്ങനെയാണ്' എന്ന തരത്തിലുള്ള പൊതുവായ നിഗമനങ്ങൾ എല്ലായ്പ്പോളും ശരിയാകണമെന്നില്ല,പറയാനും പാടില്ല.

ഉന്നത വിദ്യാഭ്യാസരംഗത്തും,തൊഴിൽ മേഖലയിലും പെൺകുട്ടികൾ തങ്ങളുടെ സാന്നിദ്ധ്യവും കഴിവും വ്യക്തമായി പ്രകടിപ്പിച്ചുകഴിഞ്ഞു.ശാസ്ത്രം, സാങ്കേതികവിദ്യ, ബിസിനസ്സ്, രാഷ്ട്രീയം, ബഹിരാകാശഗവേഷണം

**സ്നേഹം,കരുതൽ,കുടുംബബന്ധങ്ങളുടെ പ്രാധാന്യം തുടങ്ങിയ മാനുഷികഗുണങ്ങൾ കാലത്തിനനുസരിച്ച് മാറേണ്ടവയല്ല.പല സ്ത്രീകളും കുടുംബത്തിനും ജോലിക്കുമിടയിൽ സന്തുലിതാവസ്ഥ കണ്ടെത്തി വളരെ വിജയകരമായി ജീവിതം മുന്നൊട്ടു കൊണ്ടുപോകുന്നുണ്ട്,അന്നും ഇന്നും. എന്നാൽ ലോകത്തിന്റെ പല ഭാഗങ്ങളിലും ഇന്നും അസമത്വവും വിവേചനവും നേരിടുന്നവർ ഇല്ലാതില്ല എന്ന് സോഷ്യൽമീഡിയ,വാർത്തകൾ എന്നിവയിലൂടെ നമുക്ക് അറിയാൻ സാധിക്കുന്നുണ്ട്.**

തുടങ്ങി ഒട്ടുമിക്കമേഖലകളിലും സ്ത്രീകൾ തങ്ങളുടെ കഴിവ് തെളിയിച്ചുകഴിഞ്ഞു.സ്വന്തമായുള്ള സമ്പാദ്യം അവരെ സ്വാതന്ത്ര്യമായി ചിന്തിക്കാനും കുടുംബത്തിനുവേണ്ടിയും സമൂഹത്തിനുവേണ്ടിയും പ്രവർത്തിക്കാനും ശക്തരാക്കുന്നു. സാമൂഹികമായ അനാചാരങ്ങളായ സ്ത്രീധനം, ലിംഗവിവേചനം തുടങ്ങിവക്കെതിരെ ശബ്ദമുയർത്താൻ ഇന്നത്തെ സ്ത്രീകൾ തയ്യാറാണ്. ലൈംഗികാതിക്രമങ്ങൾക്കെതിരെയും ലോകത്തെവിടെയും 'മീ ടൂ'പോലുള്ളവ ഇതിന് ഉദാഹരണമാണ്.ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വളർച്ച സ്ത്രീകളുടെ ജീവിതത്തെ കൂടുതൽ പ്രായോഗികമായ രീതികളിലെക്കെത്തിച്ചിട്ടുണ്ട്.

സോഷ്യൽ പ്ലാറ്റ്ഫോമുകളുടെ സഹായത്താൽ,പുതിയ സംരംഭങ്ങൾ തുടങ്ങാനും, തങ്ങളുടെ ആശയങ്ങൾ കൂടുതൾപേരിലേക്ക് എത്തിക്കാനും,ഇന്ന് അനായാസം സാധിക്കുന്നു. 'കുടുംബശ്രീ' പോലുള്ള കൂട്ടായ്മകൾ സ്ത്രീകളെ സ്വയംപര്യാപ്തരാക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നു. ഇവക്കെല്ലാം പുറമേ നിയമപരമായ വനിതാസംവരബില്ലുകൾ പോലെയുള്ള അവകാശങ്ങൾ ഭരണത്തിലും രാഷ്ട്രീയത്തിലും സ്ത്രീകളുടെ അവകാശങ്ങൾ ഉറപ്പാക്കുന്നുണ്ട്.

ധാരാളം പുരോഗതി കൈവരിച്ചെങ്കിലും ജോലിസ്ഥലങ്ങളിലെ അസമത്വം, സുരക്ഷിതത്വമില്ലായ്മ, ഗാർഹികപീഡനങ്ങൾ എന്നിവയെല്ലാം സ്ത്രീകൾക്ക് ഇപ്പോളും നേരിടുന്ന പ്രതിസന്ധികളാണ്.എങ്കിലും ഏതുതരം പ്രതിസന്ധികളെയും തരണംചെയ്ത് തങ്ങളടങ്ങുന്ന സമൂഹത്തെ മുന്നോട്ട് നയിക്കുന്നതിൽ 21-ആം നൂറ്റാണ്ടിലെ സ്ത്രീകൾ ശക്തമായ പങ്ക് വഹിക്കുന്നുണ്ട് എന്നതിൽ സംശയം വേണ്ടാ.

സ്ത്രീകളുടെ പുരോഗതിയെ വളർച്ചയെ ഇങ്ങനെ വ്യാഖ്യാനിക്കാം,അടുക്കളയുടെ നാലു ചുവരുകളിൽ തളച്ചിടപ്പെടാതെ, ശാസ്ത്രം, രാഷ്ട്രീയം, ബിസിനസ്സ്തുടങ്ങി എല്ലാ മേഖലകളിലും തങ്ങളുടെ സാന്നിദ്ധ്യം പ്രകടിപ്പിച്ചുകഴിഞ്ഞു.വിദ്യാഭ്യാസം ,കരിയർ,സ്വന്തം വ്യക്തിത്വം എന്നിവയ്ക്ക് സ്ത്രീകൾ കൂടുതൽ പ്രാധാന്യം നൽകുന്നു.പരമ്പരാഗതമായ അതിർവരമ്പുകൾ മറികടന്ന് എല്ലാ മേഖലകളിലും തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിച്ചുകഴിഞ്ഞു.

ഇന്നത്തെ സ്ത്രീകൾ തങ്ങൾക്കായി കണ്ടെത്തിയ പ്രായോഗികമായ സമീപനങ്ങൾ മനസ്സിലാക്കാൻ ഈ പ്രധാന കാര്യങ്ങളിലേക്ക് കൈ ചൂണ്ടുന്നു...

തങ്ങളുടെ വ്യക്തിപരമായ സ്വാതന്ത്ര്യത്തിനാണ് ഏറ്റവും പ്രാധാന്യം നൽകിയത്. സ്വന്തം അഭിപ്രായങ്ങൾ തുറന്നുപറയാനും, അവരവരുടെ ജീവിതത്തെക്കുറിച്ചുള്ള ശരിയായ തീരുമാനങ്ങൾ എടുക്കാനും അവർ ആഗ്രഹം അവർ നേടിയെടുത്തു. സാമ്പത്തികഭദ്രത തൊഴിൽമേഖലയിലെ ശക്തീകരണത്തികരണത്തിലൂടെ പുരുഷന്മാർക്ക് തുല്യമായ അവസരങ്ങളും തുല്യവേതനവും അവർ ഇന്ന് ആവശ്യപ്പെടുന്നു.

വിവാഹബന്ധത്തിലും തങ്ങളുടെ പങ്കാളികളുമായുള്ള ജീവിതത്തിൽ പരസ്പരബഹുമാനവും തുല്യതയും ഇന്നത്തെ സ്ത്രീകൾ പ്രതീക്ഷിക്കുന്നു.വീട്ടുജോലികളിലും കുട്ടികളുടെ സംരക്ഷണത്തിലും ഇതെ പങ്കാളിത്വവും സ്നേഹവും അവർ ആഗ്രഹിക്കുന്നു. ഡിജിറ്റൽ സാങ്കേതികവിദ്യയെ സ്വന്തം വളർച്ചയ്ക്കും ആശയവിനിമയത്തിനും ഫലപ്രദമായി ഉപയോഗിക്കുന്നവരാണ് ഇന്നത്തെ സ്ത്രീകൾ.

മാനസികസമ്മർദ്ദങ്ങൾ: കരിയറും കുടുംബവും ഒന്നുപോലെ കൊണ്ടുപോകുന്നതിൽ പലരും വലിയ മാനസിക സംഘർഷങ്ങൾ അനുഭവിക്കുന്നുണ്ട്.അവസ്ഥയെ മനസ്സിലാക്കി അതിന് പിന്തുണ നൽകുന്നതിന്റെ പ്രധാന്യം മനസ്സിലാക്കിപ്രവർത്തിക്കാൻ പലരും സന്നദ്ധതകാണിക്കുന്നു.സ്ത്രീകളെ മനസ്സിലാക്കാൻ ഏറ്റവും മികച്ച മാർഗ്ഗം അവരുടെ കാഴ്ചപ്പാടുകളെ ബഹുമാനിക്കുക,തുല്യമായ അവസരങ്ങൾ നൽകിയും സംസാരിക്കുകയുമാണ്.ലിംഗഭേദമില്ലാത്ത ഒരു സാമൂഹികാന്തരീക്ഷം കെട്ടിപ്പെടുക്കുക എന്നതാണ് ഇതിന്റെ അടിസ്ഥാന പരിഹാരം.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ സ്ത്രീകൾ സമൂഹത്തിന് നൽകുന്ന പ്രധാനവാഗ്ദാനങ്ങൾ



**ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ സ്ത്രീകൾ സമൂഹത്തിന് നൽകുന്ന പ്രധാനവാഗ്ദാനങ്ങൾ വിദ്യാഭ്യാസം,സാമൂഹികം,സാംബത്തികം,സാംസ്കാരികം എന്നീ മൂല്യങ്ങളിൽ കണ്ടെത്തിയ മാറ്റങ്ങൾ,സമൂഹം അംഗീകരിച്ചുതുടങ്ങി എന്നതാണ്. അതെ, പൊതുവെ നോക്കുമ്പോൾ 21–ആം നൂറ്റാണ്ടിലെ സ്ത്രീകളും പഴയകാലത്തെ സ്ത്രീകളുംതമ്മിൽ പല മേഖലകളിലും വ്യത്യാസങ്ങളുണ്ട്.**

വിദ്യാഭ്യാസം,സാമൂഹികം,സാംബത്തികം,സാംസ്കാരികം എന്നീ മൂല്യങ്ങളിൽ കണ്ടെത്തിയ മാറ്റങ്ങൾ,സമൂഹം അംഗീകരിച്ചുതുടങ്ങി എന്നതാണ്.അതെ, പൊതുവെ നോക്കുമ്പോൾ 21-ആം നൂറ്റാണ്ടിലെ സ്ത്രീകളും പഴയകാലത്തെ സ്ത്രീകളുംതമ്മിൽ പല മേഖലകളിലും വ്യത്യാസങ്ങളുണ്ട്.എന്നാൽ എല്ലാ സ്ത്രീകളെയും ഒരേ രീതിയിൽ പൊതുവായി വിലയിരുത്താനാവില്ല, കാരണം കാലഘട്ടം, സംസ്കാരം, കുടുംബം, വിദ്യാഭ്യാസം, സാമ്പത്തിക സാഹചര്യം എന്നിവയും എല്ലാ കാലങ്ങളിലും വലിയ സ്വാധീനം ചെലുത്തിയിരുന്നു.

പണ്ട് കാലങ്ങളിൽ മാത്രമല്ലേ 'മലയാളത്തിന്റെ മഹിളകൾ,വീട്ടമ്മ അഥവാ housewife' എന്നു കേട്ടാൽ നമ്മുടെ മനസ്സിൽ അത്ര മതിപ്പില്ല. ''ആ''നെറ്റി ചുളിച്ച ഒരു സ്വാഗതം ആയിരിക്കും കിട്ടുക. ഇത് ബുദ്ധിഹീനതയല്ലേ?തികച്ചും അഭ്യസ്ത വിദ്യരായ വീട്ടമ്മമാർ ധാരാളമുള്ള ഒരു കാലത്താണ് ഇന്ന് നമ്മൾ ജീവിക്കുന്നത്. ഇതിനെ ഒരു കാരണമായി ഊന്നിപ്പറയാവുന്നത് വിവാഹംവരെ പെൺകുട്ടികളെ പഠിപ്പിക്കുക എന്ന നമ്മുടെ ചിന്താഗതി തന്നെയാണ്.ഒരു സർവ്വെ കേരളത്തിൽ ഇപ്പോൾ നടത്തിയാൽ 8% ത്തിൽ കൂടുതൽ ബിരുദാനന്തര ബിരുദധാരികളായ സ്ത്രീകളാണെന്നു മനസ്സിലാക്കാൻ സാധിക്കും. ജോലിതേടിയാണ് ഇന്നത്തെ പെൺകുട്ടികൾ മറ്റു സംസ്ഥാനങ്ങളിലേക്കും വിദേശത്തേക്കും,പോകുന്നത്. എല്ലാം നല്ലതിനുതന്നെ,കാരണം,സ്ത്രീകൾ അഭ്യസ്തവിദ്യർ അല്ലെങ്കിൽ നമ്മുടെ ഇപ്പോളത്തെ പഞ്ചായത്തുളുടെകാര്യം എന്താകുമായിരുന്നു? പറഞ്ഞു വന്നത്,വീട്ടമ്മമാർ അഭ്യസ്തവിദ്യരെങ്കിലും സമൂഹം അവരെ കാണുന്നത് അങ്ങനെയല്ല.ഈ സ്ഥിതിവിശേഷം മാറണമെങ്കിൽ അഥവാ മാറ്റണമെങ്കിൽ സ്ത്രീകളുടെ വൈവിധ്യമാർന്ന കലാവിരുതുകളും പാണ്ഡിത്യവും നമ്മൾ അംഗീകരിച്ചാൽമാത്രമേ സാധിക്കൂ, അംഗീകരിക്കണം,അംഗീകരിച്ചേ മതിയാകൂ.

● ചെറുകഥ



◉ കിരൻ വിൻസന്റ്

# ഇടം




വര:
മറിയം ജാസ്മിൻ

കൗൺസിലിംഗ് ഡെസ്ക്കിന്റെ മുന്നിൽ അന്യോന്യം വീക്ഷിക്കാതെ അവർ തലകുനിച്ചിരുന്നു . ആ വലിയ മുറിയിലെ പരിപൂർണ്ണ നിശബ്ദതയിൽ ഭിത്തിയിൽ തൂക്കിയ ഘടികാരത്തിന്റെ സെക്കന്റ് സൂചിയുടെ ശബ്ദം അവിടമാകെ മുഴങ്ങി കേട്ടു

മനു അവിടെ നടക്കുന്നതൊന്നുമറിയാതെ ആ നിമിഷത്തെ അവന്റെ ഹൃദയത്തിനുള്ളിൽ നിന്നും പുറപ്പെടുവിച്ച നിർദോഷകരമായ പുഞ്ചിരികൾ തൂകി പാറി നടന്നു. ആശ അവനെ അടുത്തേക്ക് വിളിച്ചു വാരിപ്പുണർന്നു. നെറ്റിത്തടത്തിന്മേൽ ചുംബിച്ചു. ആ ചുംബനത്തിൽ ചുണ്ടിൽ നിന്നും, ശീതകാറ്റിനെപ്പോലും നിർവീര്യമാകത്തക്കവണം ചൂട് അവന്റെ കവിളുകളിൽ ആഴ്ന്നിറങ്ങി. അവന്റെ നിഷ്കളങ്കമായ കണ്ണുകൾ അവളെ നോക്കി തിരിച്ചും ചുംബനങ്ങൾ നൽകി.

പതിവ് ജോലിത്തിരക്കുകൾക്കിടയിൽ മനുവിന്റെ ക്ലാസ് ടീച്ചർ ഉച്ചതിരിഞ്ഞൊരു സമയം ഫോണിലേക്കു വിളിച്ചു. 'ഹലോ.... ശരത് അല്ലേ.'

'അതെ.'

'സ്കൂളിൽ നിന്നും മനുവിന്റെ ടീച്ചർ ആണ്.'

'ടീച്ചർ ഞാനൊരല്പം ജോലിത്തിരക്കിലാണ് അവന്റെ അമ്മയെ വിളിച്ചോളാമോ.'

ഇത്തവണത്തെ വിളിയിൽ മറുതലക്കൽ നിന്നും കോൾ എടുത്തത് ആശയാണ്.

'മാഡം ഞാൻ ഫീൽഡ് വർക്കിലാണ് വൈകുന്നേരം വിളിച്ചാൽ മതിയാകുമോ.'

'ഇത് സ്കൂൾ പ്രിൻസിപ്പൽ ഓഫീസിൽ നിന്നുമാണ് വിളിക്കുന്നത്. മിസ്റ്റർ ശരത്തിനെ വിളിച്ചപ്പോൾ നിങ്ങളെ വിളിക്കാൻ പറഞ്ഞു. സമയം പോലെ നാളെയോ മറ്റന്നാളോ മനുവിന്റെ രക്ഷിതാക്കൾ ഇവിടം വരെ ഒന്ന് വരണം, അധികം വൈകരുത്.'

മറുതലക്കൽ നിന്നും സംഭാഷണം അവസാനിപ്പിച്ചതിനു ശേഷവും എന്റെ മസ്തിഷ്കത്തിൽ അവർ പറഞ്ഞ പദാവലി ക്ഷമ നശിച്ച വെരുകിനെപ്പോലെ ഉരുവിട്ടു കൊണ്ടേയിരുന്നു.

'സമയം പോലെ നാളെയോ മറ്റന്നാളോ ഒന്ന് വരണം, അധികം വൈകരുത്.'

എന്താവും കാരണം. മനസ്സിനൊരു സമാധാനവുമില്ല. വീട്ടിലെത്തിയതും മനുവിന്റെ ബാഗ് പരിശോധിച്ചു. അനിഷ്ടകരമായി ഒന്നും തന്നെയില്ല. ഹോംവർക്കുകളെല്ലാം വിശകലനം ചെയ്തു. എല്ലാം കാലികം. യൂണിഫോം വൃത്തിയും വെടിപ്പുള്ളവയുമാണ്. ഷൂസും ടൈയുമെല്ലാം അനുയോജ്യമായവ.

ഉള്ളിലെ പുകയുന്ന ഞെരുപ്പ് ആളിക്കത്തിയാണ് പിറ്റേന്നു കാലത്തെ അവർ സ്കൂളിൽ ചെന്നത്. പ്രിൻസിപ്പലിന്റെ മുറിയിൽ അവർക്കൊപ്പം മനുവിന്റെ ക്ലാസ് ടീച്ചറും ഉണ്ടായിരുന്നു.

'മനു എന്താണ് സഹപാഠികൾക്കൊപ്പം കളിക്കാൻ കൂട്ടാക്കാത്തത്.'

എനിക്കുത്തരമുണ്ടായിരുന്നില്ല.

'മാസങ്ങൾക്കു മുന്നേ മികച്ച ആദ്യത്തെ അഞ്ചു കുട്ടികളിൽ ഇടം നേടിയിരുന്ന മനു ഇപ്പോൾ രണ്ടു വിഷയത്തിന് തോറ്റിരിക്കുന്നു.'

എന്റെ മുഖം വിളറി ഞാൻ ശരത്തിനെ നോക്കി.

'ക്ലാസ് എടുക്കുമ്പോൾ കിടന്നുറങ്ങുന്നു.'

'സമയത്തിന് മുറിയിൽ കയറുന്നില്ല.'

'എന്താ ഇവന് സംഭവിച്ചത്, വീട്ടിലും ഇങ്ങനെ തന്നെ ആണോ പെരുമാറ്റം.'

'കഴിഞ്ഞ മാസം നടത്തിയ പി ടി എ മീറ്റിംഗിൽ നിങ്ങൾ മാത്രമാണ് പങ്കെടുക്കാതിരുന്നത്.'

'എന്താണ് മിണ്ടാത്തത്.... ഒരു കാര്യം ചെയ്യൂ നിങ്ങൾ മനുവിനേം കൂട്ടി രണ്ടാളും ഒരു കൗൺസിലിങ്ങിന്റെ ഭാഗമാകൂ. ഒരുപക്ഷെ അത് സഹായകമായേക്കാം.'

അങ്ങനെയാണ് 'ബിക്കം പോസിറ്റീവി'ൽ എത്തുന്നത്. ചങ്ങനാശ്ശേരിക്ക് പോകുംവഴി ചിങ്ങവനത്തുനിന്നും ഇടത്തോട്ടു തിരിഞ്ഞാൽ വലതുവശത്തായി കോഫി ഹബ്ബിന്റെ മുകളിൽ നടകൾ കയറി രണ്ടാം നിലയിൽ ചെന്നെത്തുന്നത് ഇവിടെയാണ്. പ്രധാന വാതിലിനു മേൽ തങ്ക ലിപികളിൽ ഇത്തരത്തിൽ രേഖപ്പെടുത്തിയിരുന്നു 'നോ നെഗറ്റീവ് തോട്സ്സ്, സീ ഇറ്റ് പോസിറ്റിവിലി'

വാതിൽതുറന്ന് അകത്തു കടന്നതും തൂവെള്ളയിൽ ചാലിച്ച ചുവരുകളിൽ ഇളം പച്ചനിറത്തിലുള്ള ചുവർചിത്രങ്ങളും ചെടികളാലും നിറഞ്ഞിരുന്നു. വെയ്റ്റിംഗ് റൂമിന്റെ ചുവരുകളിലൊന്നിൽ കടും പച്ച പശ്ചാത്തലത്തിൽ ദൃഢഗാത്രമായ ഭീമാകാരനൊരു ബുദ്ധ പ്രതിമ സ്ഥാപിച്ചിരുന്നു. തേജോവലയം നിറഞ്ഞ മുഖത്തുനിന്നും ശാന്തതയുടെയും അനന്തതയുടെയും പ്രഭ അവിടമാകെ വ്യാപിച്ചതായി എനിക്കു തോന്നി. കുറച്ചു സമയത്തെ കാത്തിരിപ്പിനുശേഷം ഞങ്ങൾ ഉള്ളിലേക്ക് പ്രവേശിച്ചു. മൂലകൾ ചെറു ചെടികൾകൊണ്ടലങ്കരിച്ചും ചുമരുകൾ ചായങ്ങളാൽ നിറഞ്ഞും കാണപ്പെട്ടു. ഞങ്ങൾക്കൊപ്പം ചെറിയൊരു കസേരയിൽ മനുവും ഒപ്പമിരുന്നു.

**മറുതലക്കൽ നിന്നും സംഭാഷണം അവസാനിപ്പിച്ചതിനു ശേഷവും എന്റെ മസ്തിഷ്കത്തിൽ അവർ പറഞ്ഞ പദാവലി ക്ഷമ നശിച്ച വെരുകിനെപ്പോലെ ഉരുവിട്ടു കൊണ്ടേയിരുന്നു.'സമയം പോലെ നാളെയോ മറ്റന്നാളോ ഒന്ന് വരണം, അധികം വൈകരുത്.'**

'ഇന്നലെ വിളിച്ചു എത്രയും നേരത്തെയുള്ള അപ്പോയ്ന്റ്മെന്റ് വേണമെന്ന് നിർബന്ധം പറഞ്ഞതുകൊണ്ടാണ് കാലത്തെ വരാൻ പറഞ്ഞത്. നിങ്ങൾ എന്ത് ചെയ്യുന്നു.'

'ശരത്, ടീം ഹെഡ് ആണ്.'

'ആശ, പ്രൊജക്റ്റ് മാനേജർ ആണ് സിവിൽ എഞ്ചിനീറിങ്ങിൽ. ഇത് മനു'

'മനു ഏത് ക്ലാസ്സിൽ ആണ് പഠിക്കുന്നത്.'

നാല് എന്നവൻ ചെറിയൊരു കൊഞ്ചലോടെ ആംഗ്യം കാണിച്ചു.

'ആന്റി അച്ഛനോടും അമ്മയോടും കുറച്ചുനേരം സംസാരിക്കട്ടെ, മനു അവിടെ വെച്ചിട്ടുള്ള പുസ്തകങ്ങൾ നോക്കി ഇരിക്കില്ലേ അല്പസമയം.'

നിഷ്കളങ്കമായ അവന്റെ ചിരിയും കൈയിലൊതുക്കി നേഴ്സ് മനുവിനെ കൂട്ടികൊണ്ടു പോയി.

'നിങ്ങൾ പറയൂ, എന്താണ്നിങ്ങൾക്കിടയിലെ സ്വരച്ചേർച്ചകൾ. മറ്റൊരു സ്നേഹബന്ധം.'

'അല്ല.'

'വീട്ടിലുള്ളവരുമായുള്ള, ഐ മീൻ ശരത്തിന്റെ മാതാപിതാക്കളുമായുള്ള പ്രശ്നങ്ങൾ ആണോ.'

'അല്ല.'

'എന്തെങ്കിലും തെറ്റിദ്ധാരണകൾ.'

'അല്ല.'

'കുടുംബത്തിലുള്ളവരുടെ അമിതമായ ഇടപെടുകൾ അങ്ങനെ എന്തെങ്കിലും .'

'അല്ല.'

'പിന്നെന്താണ് കാരണം. എന്തുതന്നെയാണെങ്കിലും മറയില്ലാതെ തുറന്നു പറയണം.'

'ഞങ്ങൾക്ക് വിവാഹജീവിതത്തിൽ നാളുകൾ കഴിയുംതോറും സ്നേഹവും കരുതലും കുറഞ്ഞു വരുന്ന പോലെ.' ശരത്താണ് മറുപടി പറഞ്ഞത്.

'മകൻ ആകട്ടെ ഒറ്റപ്പെടുന്ന പോലെ. ജോലിത്തിരക്ക് മൂലം അവനെ ഞങ്ങൾക്കിടയിൽ നിന്ന് ഉപേക്ഷിച്ചപോലെ, ശ്രദ്ധിക്കാൻ പറ്റാത്ത പോലെ.' ഒപ്പം ആശയും കൂട്ടി ചേർത്തു.

അവർ അതുപറഞ്ഞവസാനിപ്പിക്കുമ്പോൾ പുസ്തകങ്ങളിലെ വർണ്ണാഭമായ ചിത്രങ്ങളെ അത്ഭുതത്തോടെ നോക്കി പുഞ്ചിരിക്കുന്ന മനുവിനെ നോക്കി സഹതപിച്ചു. അവന്റെ കാഴ്ചയും സ്പർശനവുമെല്ലാം അതിൽ മുഴുകി, ശരത്തിനെയും ആശയേയും മുഖമുയർത്തി നോക്കുവാൻ പോലും മനു മറന്നു.

'ഒരല്പസമയം മനുവുമായി ഞാനൊന്ന് സംസാരിക്കട്ടെ .നിങ്ങൾ ഇവിടെയിരുന്നോളൂ.'

വിശാലമായ മേശയുടെ എതിർവശത്ത് ഉയരം കൂടിയൊരു കസേരയിൽ അവൻ ഇരുന്നു. കണ്ണുകൾ അപ്പോൾ മേശപ്പുറത്തിരുന്ന, ആന്ദോളനം ചെയ്യുന്ന ഫുട്ബാളിൽ ആശ്ചര്യത്തോടെ വീക്ഷിച്ചു.

'മനുവിനേറ്റവും ഇഷ്ടമുള്ള വിഷയം ഏതാണ്.'

അവൻ തലകുനിച്ചിരുന്നു.

'കൂട്ടുകാരാരൊക്കെയാണ്.'

'ഏറ്റവും പ്രിയപ്പെട്ട ടീച്ചറോ.'

അവനിലേക്കു തൊടുത്ത ഈ ചോദ്യങ്ങൾക്കൊന്നും മറുപടി പറഞ്ഞതേയില്ല.

'പഠിച്ചു മിടുക്കനായി ആരാവാൻ ആണ് മനുവിനാഗ്രഹം.'

തല കുമ്പിട്ടിരുന്ന അവന്റെ മുഖം മെല്ലെ ഉയർന്നു. ശരത്തിനെയും ആശയേയും അവൻ മാറി മാറി നോക്കി.

'എനിക്കെന്റെ അച്ഛന്റെയും അമ്മയുടെയും ഫോൺ ആയാൽ മതി.'

തീവ്രമായ ഉൽക്കർഷേച്ഛകളെപ്പറ്റി, ജീവിതത്തിൽ ഉയർന്ന നേട്ടങ്ങൾ കൈവരിക്കാനും, വലിയ ലക്ഷ്യങ്ങൾ വെട്ടിപിടിക്കാനുമുള്ള സ്വപ്നങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന പ്രായത്തിൽ അവന്റെ മറുപടിയിൽ ആശ സ്തബ്ധയായി നിലകൊണ്ടു. ആ നിമിഷം തൊണ്ട വരളുന്നത് പോലെ, തലച്ചോറിലേക്ക് ഉറുമ്പുകൾ അരിച്ചിറങ്ങി കാർന്നുതിന്നുന്നതുപോലെയുള്ള അനുഭൂതി ആശയിൽ ഉടലെടുത്തു. ശാന്തമായ മുറിയാസകലം കൊടുകാറ്റിൽ ആടിയുലയുന്നപോലൊരു പ്രതിഭാസം. അത്രകണ്ട് ആ മറുപടിയിൽ അവരുടെ ലോകം നേരിയതായി മാറിയിരുന്നു.

വിവരണാതീതമായി അനേകായിരം നിമിഷത്തേക്ക് മുറിക്കുള്ളിൽ മൗനത്തിന്റെ ഭീതി പടർന്നു. ചുവരിലെ നാഴികമണിക്ക് കുതിരയുടെ കുളമ്പടി ശബ്ദത്തിന്റെ ഭയപ്പാട്. ഹൃദമിടിപ്പിന്റെ വേഗത ആ കുളമ്പടി ശബ്ദത്തോട് ലയിച്ചു ഭയത്തിന്റെ അഗാധമായ കറുത്തിരുണ്ട തുരുത്തുതന്നെ സൃഷ്ടിക്കപ്പെട്ടു.

'മനു എന്താ അങ്ങനെ പറയാൻ കാരണം.' സൈക്കോളജിസ്റ്റ് അവനെ ചേർത്ത് നിർത്തി മുടിയിഴകളിൽ മൃദുവായി തലോടിക്കൊണ്ട് ചോദിച്ചു.

'അവരെപ്പോഴും ഫോണിലാണ്. വീഡിയോ കണ്ടും സുഹൃത്തുക്കളോട് സംസാരിച്ചും, ഉറങ്ങുമ്പോഴും ഉണരുമ്പോഴും എപ്പോഴും ഫോണിലാണ്. എനിക്കായുള്ള നിമിഷങ്ങൾ വിരലിലെണ്ണാവുന്നതിലും ചുരുക്കം. വിശാലമായ മുറിയിൽ ഇരുട്ടിന്റെ ഭയാനകമായ കറുപ്പിൽ ഞാൻ ഒറ്റക്ക് ദിവസങ്ങളോളം ഉണർന്നു കിടന്നു. ലോകമുറങ്ങുമ്പോൾ ഞാൻ ഉണർന്നിരുന്നു. ആർത്തലച്ചു പെയ്യുന്ന മഴയിലും കാതടപ്പിക്കുന്ന ഇടിമുഴക്കത്തിലും പുതപ്പിന്റെ സംരക്ഷണയിൽ ശബ്ദമില്ലാതെ കരഞ്ഞു. കൂട്ടുകാർക്ക് 'അമ്മ ആഹാരം വാരി നൽകുമ്പോൾ ഞാൻ ഒറ്റക്കു




**'പഠിച്ചു മിടുക്കനായി ആരാവാൻ ആണ് മനുവിനാഗ്രഹം.' തല കുമ്പിട്ടിരുന്ന അവന്റെ മുഖം മെല്ലെ ഉയർന്നു. ശരത്തിനെയും ആശയേയും അവൻ മാറി മാറി നോക്കി. 'എനിക്കെന്റെ അച്ഛന്റെയും അമ്മയുടെയും ഫോൺ ആയാൽ മതി.'**

കഴിച്ചു വിശപ്പടക്കി. വൈകുന്നേരങ്ങളിൽ അവരെ അച്ഛൻ കൂട്ടിക്കൊണ്ടുപോകാൻ എത്തുമ്പോൾ ഞാൻ വീട്ടിൽ വന്നൊറ്റക്കിരുന്നു' അവനത് പറഞ്ഞവസാനിപ്പിക്കുമ്പോൾ നയനങ്ങളിൽ കണ്ണീരിന്റെ കണികകൾ തലോടിയതേ ഇല്ല.

ആശക്ക് അവന്റെ ഇളം മനസ്സിനേറ്റ വിങ്ങലിന്റെ വലിയുന്ന വേദന തന്റെ ശരീരത്തിൽ പടർന്ന ഭീതിയുടെ നാളം പോലെ അനുഭവപെട്ടു. എത്രയൊ നാളുകൾ ആ അവഗണന അവന്റെ ഹൃദയത്തിലാഴ്ന്നിറങ്ങി തങ്ങിനിന്നിട്ടുണ്ടാവാം. പറയാതെ പറയുന്ന ആയിരം സങ്കടങ്ങളുടെ അഗ്നിപടർപ്പുകൾ അവന്റെ കണ്ണുകളിൽ അപ്പോൾ കത്തിജ്വലിക്കുന്നുണ്ടായിരുന്നു.

ഒരാഴ്ചക്കു ശേഷം മനു വീണ്ടും വന്നു. ശരത്തിന്റെയും ആശയുടെയും കൈകളിൽ തൂങ്ങി ചെറു പുഞ്ചിരിയോടെ . മനു ആശയുടെ മടിയിൽ തന്റെ ഇരിപ്പിടം കണ്ടെത്തി. ഏതാനും ദിനങ്ങൾക്കു മുന്നേ മൗനമായ ചുണ്ടുകളോടും വിഷാദം തങ്ങി നിന്ന മുഖത്തോടും കൂടി നടന്നടുത്ത അവന്റെ കണ്ണുകൾ ഇന്ന് മാതൃത്വത്തിന്റെ കരുതലിൽ .

ജീവിതം പലപ്പോഴുമങ്ങനെയാണ്

# BIG ANNOUNCEMENT!

## THE WORLD JUST GOT BIGGER

# 6 BRAND NEW CHANNELS

**NOW STREAMING ON**

MediaAppUSA

THE TABERNACLE CHOIR AT TEMPLE SQUARE

NTD

Harmony Gospel Music TV

Diya TV

THE WALK

NJOY TV 21.2

Experience a whole new level of global entertainment, news, and culture — now expanded like never before.

## Why MediaAppUSA?

- Unlimited Global Live Channels
- Premium Video-On-Demand Content
- Integrated News & Media Platforms
- Multi-Device Streaming – Anytime, Anywhere
- Built for the Worldwide Audience

## More Content. More Diversity. More Power.

MediaAppUSA continues to redefine digital broadcasting, bringing the world closer to you.

**WATCH ANYTIME. ANYWHERE. ON ANY DEVICE.**

iPhone | android | ROKU TV | Samsung TV | Apple TV | Amazon fireTV | GoogleTV

Panasonic TV | Vizio TV | Sony TV | LGTV

Available on AppStore | Playstore


ANDROID APP ON Google play

Download on the App Store

**NO LIMITS. NO BOUNDARIES. JUST GLOBAL STREAMING.**

Call North America | UK | Europe: 1-917-900-2123


Gulf Region | India 91 999 561 1116 eMail: info@medialogistics.us





## സിനിമ : Le Locataire (1976 )

# ഭൂമിയിലെ വാടകക്കാരൻ



◉ മാത്യു സണ്ണി കെ.

**'ഞാനൊരു കൂടാണ്; എന്നിലടയ്ക്കാൻ ഒരു പക്ഷിയെ തിരയുകയാണ്.' – ഫ്രാൻസ് കാഫ്ക.**

റൊമാൻ പൊളാൻസ്കി സംവിധാനം ചെയ്ത 'ലെ ലോക്കാതേർ ' (Le Locataire / The Tenant) എന്ന വിഖ്യാത സൈക്കോളജിക്കൽ ത്രില്ലറിനെ കാഫ്കയുടെ ഈ ദാർശനിക വാക്യത്തിന്റെ അത്യുജ്ജ്വലമായ ചലച്ചിത്രാവിഷ്കാരമെന്ന് പറയാം.

അദൃശ്യമായ നിയമങ്ങളാൽ ബന്ധിതമായ ശൂന്യമായൊരു കൂടാണ് ഈ ഭൂമി; അതിലെ ശാസനകൾക്കനുസരിച്ച് ജീവിക്കാൻ ഒരു വാടകക്കാരനെ അത് നിരന്തരം അന്വേഷിച്ചുകൊണ്ടേയിരിക്കുന്നു എന്ന യാഥാർത്ഥ്യമാണ് ഈ ചിത്രം പ്രേക്ഷകന് മുൻപിൽ തുറന്നിടുന്നത്.

ചിത്രത്തിന്റെ പ്രാരംഭദൃശ്യം തന്നെ വരാനിരിക്കുന്ന മഹാദുരന്തത്തിന്റെ സൂചനകൾ നമുക്ക് നൽകുന്നുണ്ട്. ആ കെട്ടിടത്തിന്റെ മുറ്റത്തുനിന്നും ജനാലകളിലൂടെ

> **അദൃശ്യമായ നിയമങ്ങളാൽ ബന്ധിതമായ ശൂന്യമായൊരു കൂടാണ് ഈ ഭൂമി; അതിലെ ശാസനകൾക്കനുസരിച്ച് ജീവിക്കാൻ ഒരു വാടകക്കാരനെ അത് നിരന്തരം അന്വേഷിച്ചുകൊണ്ടേയിരിക്കുന്നു എന്ന യാഥാർത്ഥ്യമാണ് ഈ ചിത്രം പ്രേക്ഷകന് മുൻപിൽ തുറന്നിടുന്നത്.**

വൃത്തത്തിൽ ചലിക്കുന്ന ക്യാമറ, ഫ്രെയിമുകളിൽ തളയ്ക്കപ്പെട്ട പ്രതിമകളെപ്പോലെ നിശ്ചലരായ മനുഷ്യരെ നിർവികാരമായി ഒപ്പിയെടുക്കുന്നു. നിർജീവമായ ഒരു അപ്പാർട്ടുമെന്റ് , തന്റെ ഇരയെ കാത്തിരിക്കുന്ന ഒരു ഭീകരസത്വമായി പരിണമിക്കുന്ന കാഴ്ച ഇവിടെ തുടങ്ങുന്നു.

പാരീസിലെത്തുന്ന ട്രെൽക്കോവ്സ്കി എന്ന കുടിയേറ്റക്കാരൻ ഒരു അപ്പാർട്ട്മെന്റ് വാടകയ്ക്കെടുക്കുന്നതോടെയാണ് സിനിമ തുടങ്ങുന്നത്. തുടർന്നങ്ങോട്ട് ആ വാടകമുറി ജീവനുള്ള ഒരു അസ്തിത്വമായി മാറിക്കൊണ്ട് നായകനെ വല്ലാതെ ശ്വാസംമുട്ടിക്കുന്നു. നിശബ്ദതയിലൂടെയാണ് അത് ആദ്യമായി അവനെ വേട്ടയാടുന്നത്. സ്വന്തം മുറിയിലൂടെ സ്വതന്ത്രമായി നടക്കാൻ പോലുമാകാതെ

കഷ്ടപ്പെടുന്നു. തറയിലെ പലകക ളുടെ ഞരക്കങ്ങളും പൈപ്പിലൂടെ ഒഴുകുന്ന വെള്ളത്തിന്റെ ശബ്ദ വുംപോലും ട്രെൽക്കോവ്സ്കി യോട് ക്രോധം പ്രകടിപ്പിക്കുന്നതാ യി അനുഭവപ്പെടുന്നു. ഒടുവിൽ ജീവിക്കാൻ അവകാശമില്ലാത്ത ഒരുവനെപ്പോലെ, സ്വന്തം ശ്വാസ നിശ്വാസങ്ങളെപ്പോലും ഭയന്ന് ആ മുറിക്കുള്ളിൽ ചുരുണ്ടുകൂടുന്നു.

ഒരു മനുഷ്യനെ അപ്പാർട്ട്മെന്റ് എങ്ങനെയാണ് കാർന്നുതിന്നുന്ന ത് എന്നതിന്റെ ഏറ്റവും ശക്തമായ രൂപകമാണ് ചുമരിലെ ദ്വാരത്തിൽ ഒളിപ്പിച്ചുവെച്ച പല്ല്. ഇരയെ വിഴു ങ്ങിയിട്ട് അവശിഷ്ടങ്ങൾ തുപ്പിക്ക ളയുന്ന ഒരു ഹിംസ്രജന്തുവിനെ പ്പോലെ, മുൻ വാടകക്കാരിയായ സിമോണിന്റെ ഒരു അവശിഷ്ടം ആ അപ്പാർട്ട്മെന്റ് അതിന്റെ ചുമരിനു ള്ളിൽ സൂക്ഷിച്ചുവെച്ചിരിക്കുന്നു. സ്വന്തം പല്ല് നഷ്ടപ്പെടുമ്പോൾ, ആ കെട്ടിടം തന്നെയും വിഴുങ്ങിത്തുട ങ്ങിയെന്ന് നായകൻ തിരിച്ചറിയു ന്നു.

മുൻ താമസക്കാരി സിമോണെ യും ആ അപ്പാർട്ട്മെന്റ് ശ്വാസം മുട്ടി ച്ചിരുന്നു; ആ പീഡനം സഹിക്കവ യ്യാതെയാണ് അവൾ ജനലിലൂടെ ചാടി ആത്മഹത്യ ചെയ്യുന്നത്. പുതിയ വാടകക്കാരനായ ട്രെൽ ക്കോവ്സ്കിയെ തന്റെ വ്യക്തിത്വം സ്ഥാപിക്കാൻ ആ വാസ്തുവിദ്യ തെല്ലും അനുവദിക്കുന്നില്ല. പകരം, അവിടെയുള്ള ഭാരമേറിയ അലമാര യും അതിനുള്ളിലെ സിമോണിന്റെ വസ്ത്രങ്ങളും മേക്കപ്പ് സാധനങ്ങ ളും ഉപയോഗിച്ച് ആ മുറി അയാ ളെയും പഴയ വാടകക്കാരിയായി വാർത്തെടുക്കുന്നു. മുറിക്കുള്ളിലെ ഓരോ നിർജീവ വസ്തുവും ട്രെൽ ക്കോവ്സ്കിയെ സിമോൺ ആക്കി മാറ്റാൻ ഗൂഢാലോചന നടത്തുന്ന ത് കണ്ടിരിക്കുക അതീവ ഭീതി ദായകമാണ്.

പുറത്തിറങ്ങിയാലും ഇവിടെ രക്ഷയില്ല. സിമോൺ പോയി രുന്ന കഫേയിൽ എത്തുമ്പോൾ, അയാൾക്ക് താല്പര്യമില്ലെങ്കിൽ കൂടി അവൾ സ്ഥിരമായി കഴിച്ചി രുന്ന പ്രഭാതഭക്ഷണം മുന്നിലേക്ക് നീക്കിവെക്കുന്നു. പതിവ് ഗോ ലോയ്സ് സിഗരറ്റുകൾക്ക് പകരം സിമോൺ വലിച്ചിരുന്ന മാൾബറോ വലിക്കാൻ നിർബന്ധിതനാകുന്നു. ക്രമേണ അയാളുടെ ഇഷ്ടങ്ങളും ശീലങ്ങളും ശബ്ദവും വരെ സിമോ ണിന്റേതായി മാറുന്നു.

Je est un autre : ഞാൻ എന്നത് മറ്റൊരാളാണ്

ആർതർ റിംബോയുടെ വി ഖ്യാത വരികളുടെ ഭീകരത നായകൻ തിരിച്ചറിയുന്ന നിമിഷ ങ്ങൾ ഉണ്ട്. ഒരിക്കൽ ഉറക്കമുണർ ന്നപ്പോൾ, തന്റെ മുഖത്ത് ആരോ മേക്കപ്പ് ചെയ്തിരിക്കുന്നത് കാ ണുന്നു. സ്വയം അറിയാതെ സിമോ ണിന്റെ വസ്ത്രങ്ങളും വിഗ്ഗും ചെ രുപ്പുകളും അയാൾ അണിയാൻ തുടങ്ങുന്നു. അപ്പോഴാണ് ആ ഭയാ നകമായ സത്യം തിരിച്ചറിയുന്നത്: വ്യവസ്ഥിതി അയാളെ കൊല്ലാൻ ശ്രമിക്കുകയായിരുന്നില്ല, മറിച്ച് അയാളെ പൂർണ്ണമായും സിമോൺ ആക്കി മാറ്റുകയായിരുന്നു.

> **ഞാൻ എന്നത് മറ്റൊരാളാണ്; ആർതർ റിംബോയുടെ വിഖ്യാത വരികളുടെ ഭീകരത നായകൻ തിരിച്ചറിയുന്ന നിമിഷങ്ങൾ ഉണ്ട്. ഒരിക്കൽ ഉറക്കമുണർന്നപ്പോൾ, തന്റെ മുഖത്ത് ആരോ മേക്കപ്പ് ചെയ്തിരിക്കുന്നത് കാണുന്നു.**

എതിർവശത്തുള്ള ശുചിമുറി യാണ് അപ്പാർട്ട്മെന്റിന്റെ കണ്ണുക ളായി വർത്തിക്കുന്നത്. എപ്പോഴും ട്രെൽക്കോവ്സ്കിയെ നിരീക്ഷി ക്കാൻ അവിടെ അദൃശ്യനായ ഒരാളുണ്ട്. മുറിക്കുള്ളിൽ താൻ ഒരി ക്കലും ഏകാകിയല്ല എന്ന നിരന്ത രമായ ഭയം ആ കെട്ടിടം അത്യന്തം സൃഷ്ടിക്കുന്നു. ഒളിഞ്ഞുനോട്ടങ്ങൾ നിറഞ്ഞ ആ കെട്ടിടത്തിന്റെ ഘടന ഒരു തുറന്ന ജയിൽ പോലെയാ ണ് അനുഭവപ്പെടുന്നത്. നായകൻ അവിടെ ഒറ്റയ്ക്കായിരുന്നില്ല; അയാളെ നിരന്തരം നിരീക്ഷി ക്കുന്ന അയൽക്കാരും കെട്ടിടമുടമ മോൺസിയർ സിയും പ്രതിനിധീക രിക്കുന്നത് നായകനെ ശ്വാസംമുട്ടി ക്കുന്ന അസഹിഷ്ണുത നിറഞ്ഞ സാമൂഹിക വ്യവസ്ഥിതിയെയാണ്. സൗഹൃദങ്ങളും സംഗീതവും സ്വത ന്ത്രമായ കാലൊച്ചകളും മറ്റും ആ വ്യവസ്ഥിതിക്ക് അസഹനീയവും.

ചിത്രത്തിന്റെ ക്ലൈമാക്സിൽ, അപ്പാർട്ട്മെന്റ് അതിന്റെ യഥാർത്ഥ ഭീകരരൂപം പുറത്തെടുക്കുന്നു. ചതുരാകൃതിയിലുള്ള ആ മുറ്റം ഒരു വലിയ നാടകവേദിയായും ചുറ്റുമുള്ള ജനാലകൾ ഗാലറികളാ യും രൂപാന്തരപ്പെടുന്നു. അവിടെ യുള്ള അയൽക്കാരെല്ലാം ഒരുമിച്ചു കൂടി അയാളെ താഴേക്ക് ചാടാൻ പ്രേരിപ്പിച്ച് കയ്യടിക്കുകയാണ്. ലോ കം എന്ന വ്യവസ്ഥിതിക്ക് വഴങ്ങാ ത്തവനെ ആ വ്യവസ്ഥിതി തന്നെ ആത്മഹത്യയിലേക്ക് തള്ളിയിട്ട് ആഘോഷിക്കുന്നതിന്റെ ഏറ്റവും ഭീതിദായകമായ ദൃശ്യം.

ആരുമില്ലാത്ത, സർവ്വസ്വവും നഷ്ടപ്പെട്ട അയാൾ വീണ്ടും ആ പഴയ അപ്പാർട്ട്മെന്റിലേക്ക് തന്നെ വലിച്ചെറിയപ്പെടുകയും സിമോ ണിനെപ്പോലെ താഴേക്ക് പതി ക്കുകയും ചെയ്യുന്നു. ഒടുവിൽ ആശുപത്രിയിലെ കിടക്കയിൽ മുഖം മുഴുവൻ ബാൻഡേജ് ചുറ്റി കിടക്കുമ്പോൾ, തന്നെ കാണാൻ വരുന്ന പഴയ ട്രെൽക്കോവ്സ്കി യെ അയാൾ കാണുന്നു. താനി പ്പോൾ പൂർണ്ണമായും സിമോൺ ആയി മാറി എന്ന അന്തിമമായ തിരിച്ചറിവിൽ, അയാളുടെ തൊണ്ട യിൽ കുരുങ്ങിക്കിടന്ന ഭയം ഒരു അമാനുഷികമായ നിലവിളിയായി പുറത്തേക്ക് തെറിക്കുന്നു.

ശ്വാസംമുട്ടിക്കുന്നതും ഭയം നിറഞ്ഞതുമായ അപ്പാർട്ട്മെന്റിലെ ഇടങ്ങളെ പോളാൻസ്കി തികഞ്ഞ

ചലച്ചിത്രഭാഷയിലൂടെയാണ് ദൃശ്യവൽക്കരിച്ചിരിക്കുന്നത്:

സിനിമയുടെ തുടക്കം മുതൽ തന്നെ വളരെ ഇടുങ്ങിയ ഇടനാഴികളിലൂടെയും ചെറിയ മുറികളിലൂടെയുമാണ് ക്യാമറ സഞ്ചരിക്കുന്നത്. നായകനോട് ചേർന്നുനിൽക്കുന്ന ക്ലോസ്-അപ്പ് ഷോട്ടുകൾ, അയാൾ അനുഭവിക്കുന്ന വീർപ്പുമുട്ടലിനെ പ്രേക്ഷകരിലേക്കും നേരിട്ടെത്തിക്കുന്നു. ചെറിയ മുറികൾക്കുള്ളിൽ വൈഡ്-ആംഗിൾ ലെൻസുകൾ ഉപയോഗിച്ചാണ് പല പ്രധാന രംഗങ്ങളും ചിത്രീകരിച്ചിരിക്കുന്നത്. ട്രെൽക്കോവ്സ്കിയുടെ മാനസികനില തെറ്റുന്നതിനനുസരിച്ച്, ചുറ്റുമുള്ള ലോകത്തിന്റെ രൂപവും അസ്വാഭാവികമായി മാറുന്നതായി ഇത് അനുഭവപ്പെടുത്തുന്നു.

ചുരുക്കത്തിൽ, ചലച്ചിത്രത്തിന്റെ സൂക്ഷ്മമായ ദൃശ്യവ്യാകരണത്തിലൂടെ നിർജീവമായ ഒരു വാടകമുറിയെ ജീവനുള്ള ഭീകരസത്വമാക്കി മാറ്റാൻ പോളാൻസ്കിക്ക് കഴിഞ്ഞിട്ടുണ്ട്. ട്രെൽക്കോവ്സ്കിയുടെ വിഭ്രാന്തികളിലേക്ക് വഴുതിവീഴുന്ന മനസ്സിന്റെ ഭൗതികമായ പ്രതിരൂപമാണ് ആ അപ്പാർട്ട്മെന്റിലെ ഓരോ ഫ്രെയിമുകളും.

ചെറിയ മുറികൾക്കുള്ളിൽ വൈഡ് ആംഗിൾ ലെൻസുകൾ തീർക്കുന്ന വികലമായ ദൃശ്യങ്ങളിലൂടെ പോളാൻസ്കി നായകന്റെ തകർന്നുകൊണ്ടിരിക്കുന്ന മാനസികനിലയെ കൃത്യമായി വരച്ചുകാട്ടുന്നു. ട്രെൽക്കോവ്സ്കിയുടെ മാനസിക വിഭ്രാന്തികൾ വർദ്ധിക്കുന്നതിനനുസരിച്ച്, ചുറ്റുമുള്ള ലോകത്തെ നോക്കിക്കാണുന്നതിന്റെ അസ്വാഭാവികത ഈ ഫ്രെയിമുകളിൽ എല്ലാം പ്രകടമാണ്. ഈ ചിത്രത്തിലെ ഭയം പ്രധാനമായും ഉടലെടുക്കുന്നത് മറ്റുള്ളവരുടെ തുറിച്ചുനോട്ടങ്ങളിൽ നിന്നാണ്. നായകന്റെ കാഴ്ചപ്പാടിലൂടെയുള്ള ദൃശ്യങ്ങൾ, താൻ നിരന്തരം നിരീക്ഷിക്കപ്പെടുകയാണെന്ന അയാളുടെ അടങ്ങാത്ത പേടിയെ അരക്കിട്ടുറപ്പിക്കുന്നു.



**റൊമാൻ പൊളാൻസ്കി**

വ്യക്തിത്വം അഥവാ സ്വത്വം നഷ്ടപ്പെടുന്നതിന്റെ ഏറ്റവും മികച്ച ദൃശ്യരൂപകമായി ചിത്രത്തിൽ കണ്ണാടികളെ ഉപയോഗിച്ചിരിക്കുന്നു. ഒരു രംഗത്തിൽ, തന്റെ ജനാലയിലൂടെ എതിർവശത്തേക്ക് ബൈനോക്കുലറിലൂടെ നോക്കുന്ന നായകൻ, അവിടെനിന്ന് തന്നെത്തന്നെ തിരികെ നോക്കുന്ന സ്വന്തം രൂപത്തെ ദർശിക്കുന്നത് (Doppelgänger effect) സമാനതകളില്ലാത്ത ഒരു ഭയമാണ് സൃഷ്ടിക്കുന്നത്. ചിത്രത്തിന്റെ സിംഹഭാഗവും വളരെ മങ്ങിയ വെളിച്ചത്തിലാണ് ചിത്രീകരിച്ചിരിക്കുന്നത്.

മുറികൾക്കുള്ളിൽ എപ്പോഴും തളംകെട്ടിനിൽക്കുന്ന നീളമേറിയതും ഇരുണ്ടതുമായ നിഴലുകൾ കേവലമൊരു വെളിച്ചക്കുറവല്ല, മറിച്ച് നായകന്റെ മനസ്സിനെ പൂർണ്ണമായും വിഴുങ്ങാൻ പോകുന്ന ആസന്നമായ അന്ധകാരത്തിന്റെ സൂചനയാണ്.

ഫ്രഞ്ച് സാഹിത്യത്തിലെ 'പാനിക് മൂവ്മെന്റ്' എന്ന സർറിയലിസ്റ്റ് പ്രസ്ഥാനത്തിന്റെ സ്ഥാപകരിലൊരാളായ റോളണ്ട് ടോപോർ രചിച്ച 'Le Locataire chim-Wprique' എന്ന വിഖ്യാത നോവലിന്റെ അത്യുജ്ജ്വലമായ ചലച്ചിത്രാവിഷ്കാരമാണിത്. നോവലിൽ ഉടനീളമുള്ള ഇരുണ്ട ഹാസ്യവും സ്വത്വനഷ്ടത്തിന്റെ ഭീകരതയും യാതൊരു ചോർച്ചയുമില്ലാതെ അതേപടി സിനിമയിലും നിലനിർത്താൻ സംവിധായകന് കഴിഞ്ഞിട്ടുണ്ട്.

'ദ ടെനന്റ്' ലെ മാനസിക വിഭ്രാന്തി, സ്വത്വനഷ്ടം, ഇടങ്ങളുടെ അന്യവൽക്കരണം എന്നീ പ്രമേയങ്ങൾ ചിത്രികരിക്കുന്ന കുറെയേറെ ക്ലാസിക് സിനിമകൾ ഉണ്ട്. മനുഷ്യന്റെ വാസസ്ഥലം അവനെ എങ്ങനെ ഭ്രാന്തിലേക്ക് നയിക്കുന്നു എന്ന് അന്വേഷിക്കുന്ന പോളാൻസ്കിയുടെ തന്നെ വിഖ്യാതമായ 'അപ്പാർട്ട്മെന്റ് ട്രൈലോജി'യിലെ അവസാന ചിത്രമാണിത്. 'റിപ്പൾഷൻ' (Repulsion - 1965), 'റോസ്മേരീസ് ബേബി' (Rosemary's Baby - 1968) എന്നിവയാണ് ഈ പരമ്പരയിലെ മറ്റ് ചിത്രങ്ങൾ. കൂടാതെ, കോയൻ ബ്രദേഴ്സിന്റെ 'ബാർട്ടൺ ഫിങ്ക്' (Barton Fink), ഡാരെൻ അരോനോഫ്സ്കിയുടെ 'ബ്ലാക്ക് സ്വാൻ' (Black Swan), ബ്രാഡ് ആൻഡേഴ്സന്റെ 'ദി മെഷിനിസ്റ്റ്' (The Machinist) , മറ്റൊരാൾ' (KG ജോർജ് ), അനന്തരം (അടൂർ) തുടങ്ങിയ ചിത്രങ്ങളും ഇതേ മാനസിക സംഘർഷങ്ങളെ സമാനമായ ദൃശ്യവ്യാകരണത്തോടെ ആവിഷ്കരിച്ചവയാണ്.

കേവലമൊരു വാടകക്കെട്ടിടത്തെ മനുഷ്യനെ കാർന്നുതിന്നുന്ന സാമൂഹിക വ്യവസ്ഥിതിയുടെയും ഏകാന്തതയുടെയും ഏറ്റവും വലിയ രൂപകമാക്കി മാറ്റാൻ പോളാൻസ്കിക്ക് കഴിഞ്ഞിട്ടുണ്ടെന്നതാണ്ു ഈ സിനിമയെ ശ്രദ്ധേയമാകുന്നത്. അതിവിശാലമായ ഈ ഭൂമി എന്ന കെട്ടിടത്തിലെ അദൃശ്യമായ നിയമങ്ങൾക്ക് കീഴ്പ്പെട്ട് ജീവിക്കാൻ വിധിക്കപ്പെട്ട വാടകക്കാരൻ മാത്രമാണ് മനുഷ്യൻ എന്ന അസ്തിത്വവാദപരമായ ആശയത്തെ ഈ ചിത്രം കഴിഞ്ഞ 50 വർഷങ്ങളായി നമ്മളെ ഓർമ്മിപ്പിക്കുന്നു.




ഊറാറ
സിന്ധു തോമസ്
ലോഗോസ് ബുക്സ്. വില 180/ രൂപ



## ഊറാറ / സിന്ധു തോമസ്

# അതിജീവിക്കുന്ന ഇര

ഷിനോജ് മഞ്ചേരി

സിന്ധുവിന്റെ കഥാപാത്രങ്ങൾ *ഇരകളല്ല* അതിജീവിക്കുന്നവരാണ് ... എന്ന മൈന ഉമൈബാന്റെ കണ്ടെത്തൽ *ഉറാറ*യുടെ ആകെത്തുകയാണ്...

ഹൈറേഞ്ചിലെ കായികമായി അധ്വാനമുള്ള ജീവിതത്തിന്നിടയിൽ തന്റെ സർഗ്ഗാത്മകതക്ക് ഊറ്റം നൽകുന്ന അവസരങ്ങൾ വളരെ കുറവായിരിക്കും പിന്നെ അവരുടെ ജീവിതത്തോടൊട്ടി നിൽക്കുന്നത് സഭാ വിശ്വാസമാണ്.. കഥക്കുള്ള വിത്ത് കഥാകാരിയുടെ വിശ്വാസ ജീവിതത്തിന്റെ നേർസാക്ഷ്യപത്രം പോലെ അനുഭവപ്പെടുന്നു...

ഉറാറക്ക് അനുയോജ്യമായ അന്തരീക്ഷം രൂപം കൊള്ളുന്നത് ക്രിസ്തീയ ദേവാലയവും , കോൺവെന്റും പുരോഹിതനും, അടങ്ങുന്ന പരിസരങ്ങളിലാണ്..

അധികമാരും കൈവെക്കാൻ മടിക്കുന്ന മേഖലയാണിത് കയ്യും, മനസ്സും ലേശം പാളിയാൽ ഏറെ വിവാദങ്ങൾക്ക് സാന്നിധ്യമുള്ളയിടം ...

ഒരു പുരോഹിതന്റെ മനസ്സിന്റെ ഭാരങ്ങൾ അധികം പരത്തി പറയാതെ വായനക്കാരനിലേക്കെത്തിക്കുകയും , അലീന എന്ന നായികയുടെ ജീവിതത്തിന്റെ പിഴച്ചുപോയ ഏട് വിമോചകന്റെ ചോരയാൽ ഹിമം പോലെ വെളുക്കുന്നതും അനുഭവവേദ്യമാകുന്നു....വായനക്കാരന് ഒരുപാട് ചോദ്യങ്ങൾ അവശേഷിപ്പിച്ചു കൊണ്ടാണ് * അടയാളങ്ങൾ അവശേഷിപ്പിക്കുന്നത്* പക്ഷേ സ്വന്തം ജീവിതത്തിലും പൊതുവായ ദാമ്പത്യത്തിലും ഉത്തരങ്ങൾ മറഞ്ഞിരിക്കുന്നു എന്നത് ഒരു നഗ്നസത്യമാണ്...

താൻ ഭയക്കാൻ ഇടയാക്കിയവയേയെല്ലാം അവൻ ആരാധിച്ചിരുന്ന ഒരു ഭൂതകാലത്തിൽ നിന്നും നാഗരികനിലേക്കെത്തിയെന്ന് അവകാശപ്പെടാമെങ്കിലും ഇന്നും മനുഷ്യന്റെ അന്തവിശ്വാസങ്ങളെ മറികടക്കാൻ ജീവന്റെ ഉൽപ്പത്തിയെ അറിഞ്ഞു എന്നഹങ്കരിക്കുന്ന ശാസ്ത്രത്തിനോ , വിദ്യാഭ്യാസത്തിനോ ആവുന്നില്ല എന്നത് ഖേദകരമാണ് ഫലമോ മതവും,

വംശവും, പാരമ്പര്യവും, വിശ്വാസവും, ആചാരങ്ങളും എല്ലാം തന്നെ അവന്റെ താഴ്ചയിലും, വീഴ്ചയിലുമെല്ലാം അവന്റെ കച്ചിത്തുരുമ്പുകളാകുന്നു...

ഈ വായനയിൽ മനസ്സിൽ ഒരു പോറൽ ഏൽപ്പിച്ച കഥ എന്ന നിലക്ക് ചരിത്രവും, സംസ്കാരവും, രചിക്കുന്ന സാമ്രാജ്യത്വത്തിന്റെ കരാള ഹസ്തങ്ങളെ വീണ്ടും അടുത്തറിയാൻ 'ഓതം' ഇടയാക്കി...ഏറെ വൈവിധ്യമായ കഥക്കുള്ള വിത്തുകൾ തിരഞ്ഞെടുക്കുന്നതിൽ കഥാകാരി വിജയിച്ചിരിക്കുന്നു എന്ന് നിസ്സംശയം പറയാം...

കുടുംബബന്ധങ്ങളിൽ നിന്ന് പടിയിറങ്ങുന്ന പ്രണയം ആധാരമാക്കി എഴുതിയ സദ്യശ്യവാക്യങ്ങൾ ഏറെ ഹൃദയസ്പർശിയായിരുന്നു, വിവാഹത്തിന്റെ ആദ്യകാലങ്ങളിലെ മനസ്സിന്റെയും, ശരീരത്തിന്റേയും പ്രണയങ്ങൾ പോകെപ്പോകെ യാന്ത്രികമാകുന്ന കാഴ്ചകൾ നിത്യ സംഭവമാകുന്ന ദാമ്പത്യ ബന്ധങ്ങളുടെ ഉൾക്കാഴ്ചകളിൽ നായികാ-നായകൻമാരാകുന്ന സിന്ധു തോമസിന്റെ കഥാപാത്രങ്ങൾക്ക് നല്ല ഡെപ്ത്തുണ്ട്..

ലെലിയ-കഥാകാരിയുടെ ഭാഷയിൽ ഒരേ സമയം തന്നെ പ്രാവിന്റേ നിഷ്കളങ്കതയും, സർപ്പത്തിന്റെ വിവേകവും പുലർത്തേണ്ട ജോലി ചെയ്യേണ്ടി വരുന്ന ളോഹ ധരിച്ച സൈനികനായ മതപുരോഹിതന്റെ മാനസിക സംഘർഷങ്ങൾ വളരെ തന്മയത്വമായി അവതരിപ്പിക്കുന്ന ലെലിയ..

കഥാകാരിയുടെ കയ്യടക്കം കണ്ട കഥയായിരുന്നു വർക്കിച്ചേട്ടനും, ഏലമ്മയും, ജോസുകുട്ടിയും ചേർന്ന് വിപ്ലവം സൃഷ്ടിച്ച ' വർക്കിയുടെ സുവിശേഷം അവസാന അധ്യായം ..

മഗ്ദലക്കാരത്തിയായ ഏലമ്മ എന്ന സ്ത്രീയുടെ വിജയം സംഭവിക്കുന്നത് തനിക്കു വഴങ്ങാത്തതിനെ എതിർത്തപ്പോഴല്ല മറിച്ച് അതിനോട് ചേർന്നും താങ്ങായും നടന്നപ്പോഴാണ് കമ്യൂണിസ്റ്റ് ആയ വർക്കി തന്റെ പ്രത്യയശാസ്ത്രങ്ങളോടൊട്ടി നിന്നത്, ജന്മനാ ബുദ്ധിമാന്ദ്യമുള്ള ജോസുകുട്ടിക്ക് ഒരമ്മയെ കിട്ടുന്നത്..

തീർത്തും വിഭിന്നവും പ്രായോഗികമായി ഏറെ ഉന്നതിയിൽ നിൽക്കുന്ന ഒരു കഥയാണ് ' ഇമോഷണൽ ഇന്റലിജൻസ്'..

**കഥാകാരിയുടെ കയ്യടക്കം കണ്ട കഥയായിരുന്നു വർക്കിച്ചേട്ടനും, ഏലമ്മയും, ജോസുകുട്ടിയും ചേർന്ന് വിപ്ലവം സൃഷ്ടിച്ച ' വർക്കിയുടെ സുവിശേഷം അവസാന അധ്യായം .. മഗ്ദലക്കാരത്തിയായ ഏലമ്മ എന്ന സ്ത്രീയുടെ വിജയം സംഭവിക്കുന്നത് തനിക്കു വഴങ്ങാത്തതിനെ എതിർത്തപ്പോഴല്ല മറിച്ച് അതിനോട് ചേർന്നും താങ്ങായും നടന്നപ്പോഴാണ് കമ്യൂണിസ്റ്റ് ആയ വർക്കി തന്റെ പ്രത്യയശാസ്ത്രങ്ങളോടൊട്ടി നിന്നത്, ജന്മനാ ബുദ്ധിമാന്ദ്യമുള്ള ജോസുകുട്ടിക്ക് ഒരമ്മയെ കിട്ടുന്നത്..**

പല കുടുംബങ്ങളിലും ബന്ധങ്ങൾക്കിടയിൽ വെറുപ്പ് കുമിഞ്ഞു കൂടി സമൂഹത്തിനു മുമ്പിൽ അഭിനയിക്കുന്ന ദമ്പതികൾ എത്തിപ്പെടുന്ന അഭിനയമാണ്' മാരീഡ് ഗ്രാജുവേഷൻ' ... ഇത് സ്വയം മനസ്സിലാക്കി ഒരു കരാറിലെത്തുമ്പോൾ കുടുംബം ഒരു വിജയമാകും എന്ന് തന്നെയാണ് എനിക്കും തോന്നുന്നത്...

മനുഷ്യന്റെ സമൂഹജീവിതം അവസാനിക്കുന്നിടത്ത് അവൻ ഏകാകിയാവുന്നു, ഇണയിൽ നിന്നുള്ള അകൽച്ചയോ ? പരാജയമോ ? ഇനി വെറുമൊരു അഭിപ്രായ ഭിന്നത പോലും ഇത്രകാലം താൻ താലോലിച്ച തന്റെ ശരീരം നശിപ്പിക്കാൻ കാരണമാക്കുന്നു...ഹൂ വിൽ അവൾ രക്ഷപ്പെട്ടോടിയെത്തുന്നത് തന്റെ തന്നെ ഇഷ്ടങ്ങളിലേക്കാണ് എന്നതാണ്...പുതിയ തരം കരാറുകൾ ജീവിതത്തെ മുന്നോട്ടു നയിക്കും എന്നു പ്രത്യാശിക്കാം... സാന്ദ്രക്ക് ജീവിതം സന്തോഷകരമാവട്ടെ

നഷ്ടങ്ങളായി തോന്നുന്ന ജീവിതത്തിലേക്ക് ഇലകൊഴിയുന്ന ഞെട്ടിൽ നിന്നും പൂമൊട്ടുകൾ പിറവി കൊള്ളുന്ന പുഷ്കര മുല്ലയുടെ സുഗന്ധം ഒരു പ്രായശ്ചിത്തം പോലെ തിരികെയെത്തിക്കുന്ന ജീവിതഗന്ധിയായ കുഞ്ഞു കഥ...

തന്റെ പരിമിതമായ പ്ലാറ്റ്ഫോമിൽ നിന്നാണ് സിന്ധു തോമസ് കഥകൾ രചിക്കുന്നതെന്ന ഒരു തോന്നൽ ആദ്യത്തെ ഒന്നു രണ്ടു കഥകളിൽ അനുഭവപ്പെട്ടെങ്കിലും ശക്തമായ സ്ത്രീപക്ഷ രചനകളിലേക്ക് ചേക്കറാൻ അധികദൂരം മുന്നോട്ടു പോവേണ്ടി വന്നില്ല എന്നതാണ് സത്യം...

ശക്തമായ പുരുഷാധിപത്യത്തിൽ നില നിൽക്കുന്ന സെമിറ്റിക് മതങ്ങളുടെ പ്രധാന ശക്തികേന്ദ്രം സ്ത്രീ ഹൃദയങ്ങളാണല്ലോ  വിശ്വാസത്തിലൊട്ടി നിൽക്കുന്ന കഥകളിലുടെയും , അതിന്റെ ആചാരങ്ങളിലൂന്നിയ പേരുകൾ കഥക്ക് തലക്കെട്ടാക്കാനും കഥാകാരി ശ്രമിച്ചതിനു പിന്നിൽ ചിലപ്പോൾ വ്യത്യസ്തതക്കാകാം, അല്ലെങ്കിൽ കഥയിലേക്ക് അനുയോജ്യമായത് ഇതാണെന്നുള്ള കണ്ടെത്തലുകൾ കൊണ്ടുമാകാം...

അലീനയും, ടെസ്സയും, സാന്ദ്രയും,ഏലമ്മയും ആനും അടക്കമുള്ള കഥാപാത്രങ്ങൾ സമൂഹത്തിന്റെ പ്രധാന ശാഖയായ ഓട്ട വീണ ദാമ്പത്യത്തിലെ ഇരകൾ ആയി അല്ല മൈന ടീച്ചർ അവതാരികയിലെഴുതിയതു പോലെ 'ഇരകളല്ല അതിജീവിക്കുന്നവരാണിവർ'...



# ചുവരെഴുത്ത്

ജോഷി ജോർജ്




KALYAN SILKS
Dressing up India. Since 1909.
KING OF
KANCHIPURAM

MALABAR
GOLD & DIAMONDS

EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE

VISIT OUR SHOWROOM

**USA**

LOS ANGELES
NAPERVILLE
CHICAGO
NEW JERSEY
DALLAS
ATLANTA

**CANADA**
MISSISSAUGA

OPENING SOON IN SURREY